64
T36

പി. ഐ. തോമസ്

ഇവൻ ഹിറ്റ്ലറിന്റെ പുത്രൻ

NATIONAL
BOOK STALL

ഇവൻ എന്റെ പ്രിയപുത്രൻ



സി. ജെ. തോമ്മസ്സിന്റെ

കൃതികൾ

അവൻ വീണ്ടും വരുന്നു	(നാടകം)
ഉയരുന്ന യവനിക	(നാടകശാസ്ത്രം)
മതവും കമ്മൂണിസവും	
സോഷ്യലിസം	
വിലയിരുത്തൽ	(നിരൂപണങ്ങൾ)
ഇവൻ എന്റെ പ്രിയപുത്രൻ	(ലേഖനങ്ങൾ)

ഇവൻ എന്റെ പ്രിയപുത്രൻ

ഗ്രന്ഥകർത്താ:
സി. ജെ. തോമ്മസ്

T64
T36
DHARMARAM COLLEGE LIBRARY
4594
BANGALORE.
NATIONAL BOOK STALL
KOTTAYAM

നാഷനൽ ബുക്ക് സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം

വില 1 ക. 8 ണ.

ഒന്നാംപതിപ്പ്: കോപ്പി 1000
ഏപ്രിൽ 1953
പകർപ്പവകാശം
ഗ്രന്ഥകർത്താവിനു്

അച്ചടി:
ഇൻഡ്യാ പ്രസ്സ്, കോട്ടയം.

ഇവൻ എന്റെ പ്രിയപുത്രൻ.....

ഏതെങ്കിലും സനാതനസത്യത്തിലോ, സംഘനിയമാവലിയുടെ ചട്ടക്കൂട്ടിലോ ചെന്നെത്തുപറാത്ത ചിന്തകളാണ് ഇപ്പുസ്തകത്തിലുള്ളത്. എന്നു പറഞ്ഞാൽ, ഇവയെല്ലാം അനേപഷ ണങ്ങൾ മാത്രമാണെന്നു്. അതും ഒരു അപകടമനസ്സിന്റെ അനേപഷണം. അവയിൽ പലതും പരസ്പരവിരുദ്ധമായേക്കാം. ചിലതൊക്കെ തീരെ അനഗാധവും. പല ആശയങ്ങളും ഞാൻ കാലക്രമത്തിൽ കൈവെടിയുകയും ചെയ്തേക്കാം. ഇന്നതന്നെ അത്രയധികം ആത്മവിശ്വാസത്തോടെയല്ല ഞാനവയെ അവതരിപ്പിക്കുന്നതു്. എല്ലാ ഉപന്യാസങ്ങളും ഇന്നു് മാറ്റിയെഴുതാൻ കഴിയും. എങ്കിലും ഞാനതു് ചെയ്യുന്നില്ല. തെറ്റുകൾ തിരുത്താൻ വൈമുഖ്യമുണ്ടായിട്ടല്ല. തെറ്റുകൾ പ്രചരിപ്പിക്കണമെന്നു് വ്രതമെടുത്തിട്ടുമല്ല. അവ എഴുതിയപ്പോഴുള്ള സത്യസന്ധത പാലിക്കുവാൻവേണ്ടി മാത്രം. പോരെങ്കിൽ, എത്രയെല്ലാം തെറ്റുണ്ടെങ്കിൽതന്നെയും ചില മുക്കിലും മൂലയിലും അതു് വെളിച്ചംകാട്ടുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഈ ഉപന്യാസസമാഹാരം മനുഷ്യചിന്തയുടെ കൊട്ടുമുടിയല്ല. ഉയരത്തിലേക്കു് തപ്പിപ്പിടിച്ചു കയറുവാൻ ഉപയോഗപ്പെടുന്ന ചില കുത്തുകല്ലുകൾമാത്രമാണു്. ഞാനും അക്കൂട്ടത്തിൽ കയറാൻ ശ്രമിക്കുന്നുണ്ടു്. ഇതുവരെ എങ്ങും എത്തിയിട്ടില്ലെങ്കിലും!

ഈ ഉപന്യാസങ്ങളിൽ പലതിലും ആശയപരമായി അസാധാരണത്വം കാണും. പക്ഷേ അതൊന്നും "ഷേവിയൻ" സാങ്കേതികമാർഗ്ഗം പ്രയോഗിച്ചു് വലുതാവാൻവേണ്ടി ചെയ്തതല്ല. തലതിരിഞ്ഞ ജീവിതാനുഭവങ്ങളുടെ തികഞ്ഞഫലങ്ങൾ മാത്രമാണവ. അവ പുകഴ്ത്തപ്പെടുവാൻ ഞാനാവശ്യപ്പെടുന്നില്ല. പ്രതിപാദനരീതിയുടെ പ്രത്യേകതകൊണ്ടു് വസ്തുവിനെ വിട്ടുകളയണ്ട. അതിൽ ചിലതൊക്കെയുണ്ടു്.

ഒരു സാഹിത്യകാരന്റെ ധീരത ഈ ഗ്രന്ഥത്തിൽ കാണുകയില്ല. ഇന്നു് എഴുത്തുകാരൻ സ്വതന്ത്രനല്ല. (ഒരിക്കലും ആയിത്തീരുകയുമില്ല.) പലതും സൂത്രത്തിൽ പറയേണ്ടിവരും. ഞാനും അത്തരം ഭീരുത്വം കാണിച്ചിട്ടുണ്ടു്. വീരസാഹസികത്വത്തിനുവേണ്ടി രക്തസാക്ഷിയാകുന്നതിനെക്കാളും, പ്രസാധകനില്ലാതാകുന്നതിനെക്കാളും, തൊനിഷ്ടപ്പെട്ടതു് പൊതിഞ്ഞ രൂപത്തിലാണെങ്കിലും ചിലതൊക്കെ പറയാനാണു്.

മഹാന്മാർ പറഞ്ഞ പലതും ഇക്കൂട്ടത്തിൽ കാണും; അറിഞ്ഞുകൊണ്ടു് ഉദ്ധരിച്ചതും, അറിയാതെ കടന്നുകൂടിയതും. അതിനൊന്നിനും അഭിനന്ദനം വേണ്ട. ചോരണക്കുറ്റത്തിൽനിന്നു് ഒഴിവാക്കിക്കിട്ടിയാൽ മതി.

പണ്ഡിതമായ ഉപന്യാസങ്ങളല്ല ഇവ. അതുകൊണ്ടു് വ്യുല്പത്തി എനിക്കില്ല. പലപ്പോഴായി മനസ്സിൽ തോന്നിയവയും മറ്റുള്ളവരെ അറിയിക്കണമെന്നു് തോന്നിയവയുമാണു് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ആശയങ്ങൾ. അവയെ ബന്ധുവിനും ശത്രുവിനും യഥേഷ്ടം എടുത്തു് പങ്കാടാം. തല്ക്കാലം എനിക്കിതേ പറയാനുള്ളു, "ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."

ഗ്രന്ഥകാരൻ

ഉള്ളടക്കം

		പേജ്
1	തെറി	11
2	വേഷവും സദാചാരവും	19
3	സപത്നിയോ, വേശ്യയോ, കന്യാസ്ത്രീയോ?	26
4	പുരുഷനായാട്ട്	37
5	പ്രേമം ഒരു സിദ്ധിയാണ്	49
6	ചരിത്രവും വ്യക്തിയും	57
7	ഞാൻ	70
8	പിന്നെയോ?	81
9	ഒരു ചെറിയ കായ്യം	85
10	കുക്കുവഴികൾ	90
11	"അവനെ ക്രൂശിക്ക—ബാറബാസിനെ വിട്ടുതരിക"	98
12	ഏ. ബാലകൃഷ്ണപിള്ള എന്തുചെയ്യും?	105
13	എന്റെ ചങ്ങമ്പുഴ	123
14	മയാക്കോവ്സ്കിയെന്ന മനുഷ്യൻ	134
15	വാത്മീകിയും, ആശാനും, എൻ. എസ്. കൃഷ്ണനും	155

തെറി

പ്രൗഢമായ ഭാഷയിൽ അദ്ദേഹമങ്ങനെ തട്ടിവിട്ട കയാണു്, മലയാളഭാഷയിലെ തെറിസാഹിത്യത്തെപ്പ ററി. വണ്ടി ആലുവായിലെത്തുന്നതുവരെ ഞാനും സശ്ര ദ്ധം ശ്രദ്ധിച്ചു. തകഴിയുടെ ആത്മാവിന്റെ ദുഷ്ടത്തെ പററിയും, ദേവിന്റെ സ്വഭാവദൂഷ്യത്തെ പററിയും പല പുതിയ അറിവുകളും എനിക്കു സിദ്ധിച്ചു. ബഷീർ ജാ ത്യാചാരമനുസരിച്ചു് നാലു ഭാര്യമാരെ സംബന്ധം ചെ യ്യാതിരുന്നതു് അനാശാസ്യമാണെന്നും എനിക്കു മന സ്സിലായി. അവരുടെ പുസ്തകങ്ങളൊക്കെ തെറിയാ ണെന്നും, അവയൊക്കെ നിരോധിക്കേണ്ടതാണെന്നും എ നിക്കു് ബോദ്ധ്യമായി. എനിക്കാകപ്പാടെ ആ മനുഷ്യ നോട്ട വലിയ ആദരവു തോന്നി. ആലുവായിൽ വണ്ടിയി റങ്ങിയ ഉടനെ വളരെ വിനയത്തോടുകൂടി ഞാൻ അദ്ദേ ഹത്തെ സമീപിച്ചു. മഹജ്ജനപരിചയം എപ്പോഴും നല്ല താണല്ലോ.

"അങ്ങ് എങ്ങോട്ടാ?" ഉപക്രമമായി ഞാൻ ആരംഭിച്ചു.

"ഓ, പൂരക്കാലമല്ലേ- കൊട്ടങ്ങല്ലൂർവരെ."

ഞാൻ അല്പമൊന്നാമ്പരന്നു. പൊൻകുന്നത്തിന്റെറതെറിയെ ഭയന്ന് കൊട്ടങ്ങല്ലൂക്ക് പോകുന്ന അദ്ദേഹവുമായി അധികം നേരം സംഭാഷണം ചെയ്യണമെന്നെനിക്കു തോന്നിയില്ല. പക്ഷേ അന്നുമുതൽ എനിക്കൊരു സംശയമാണു്, ഈ തെറിയെന്ന വച്ചാലെന്താണു്. അവ്യക്തമായ ഒരാശയം അതിനെപ്പററിയുണ്ടായിരുന്നതു് ആ പൂരഭ്രമക്കാരൻ തകർത്തുകളഞ്ഞു. ഇനി ഈ വിഷയം ആകപ്പാടെ ഒന്നു പുനരാലോചന ചെയ്യാതെ നിവൃത്തിയില്ല.

മലയാളഭാഷയിൽ, ശരീരത്തിലെ ചില അവയവങ്ങളുടെ പേരുകളാണു് തെറി. ചിലപ്പോൾ ഒരാളിന്റെ പൂർവ്വീകരുടെ സ്വഭാവദൂഷ്യം ധ്വനിപ്പിക്കുന്നതും ആകാം. ഇനി ഇംഗ്ലീഷിലോ? ശരീരാവയവങ്ങളുടെ പേരുകൾ കൊണ്ടു് ഒരു തെറിയും ഇംഗ്ലീഷിലില്ല. പിശാചു്, മൂടിയുക, ശാപം, മുതലായി ചിലതൊക്കെയാണു് ഇംഗ്ലീഷിലെ തെറി. ഇവയൊക്കെ എങ്ങനെ തെറിയായിത്തീർന്നുവെന്ന ചോദ്യത്തിനു് ഒരുത്തരവുംകാണുന്നുമില്ല. പ്രത്യേകിച്ചും പല ഭാഷകളിലെ തെറികൾ തമ്മിൽ ഇങ്ങനെയൊരു വ്യത്യാസം കാണുന്നതുകൊണ്ടു്, ഈ വാക്കുകളിൽ തന്നെയുള്ള സ്വഭാവവിശേഷങ്ങൾകൊണ്ടാണു് അവ തെറിയായിത്തീർന്നതെന്നും ഗണിച്ചുകൂടാ. എന്തോ ചില ഉദ്ദേശ്യങ്ങൾക്കുവേണ്ടി ചില സന്ദർഭത്തിൽ പ്രയോഗിക്കപ്പെട്ടുന്ന ചില വാക്കുകളാണു് തെറി. ഒരു പ്രത്യേക ജനവിഭാഗം ഏതു വാക്കുകളാണു് തിരഞ്ഞെടുക്കുന്നതെ

ന്നുള്ളതു് ആ ജനതയുടെ പരിതസ്ഥിതികളെ ആശ്രയിച്ചിരിക്കും. അഥവാ, തെറി ആപേക്ഷികമാണു്.

മതത്തിലെ തെറിതന്നെ ആദ്യമെടുക്കാം. ആ പൂരഭ്രമക്കാരൻ തെറിയിൽ മുങ്ങിക്കുളിച്ചു രസിക്കാൻ പോവുകയാണു്. കൊട്ടങ്ങല്ലൂർ ഭഗവതിയെ ചേർത്തു പറയപ്പെട്ടന്ന തെറിക്കു് ഒരു ദിവ്യത്വമുണ്ടായിരിക്കാം. പക്ഷേ അതും തെറിതന്നെ. പിന്നെയെന്താണു് ആ തെറിയോടു് ഇത്ര പ്രതിപത്തികാണിക്കാൻ കാരണം? അതനേഷിച്ചുപോയാൽ ആര്യന്മാർ ഇന്ത്യ ആക്രമിച്ച കാലംവരെ പുറകോട്ടു പോകേണ്ടിവരും. പൂരപ്പാട്ടു് ഹിന്ദുമതത്തിലെ വർഗ്ഗസമരത്തിന്റെ ഒരു രൂപമാണു്. വെളുത്തു തടിച്ചു്, ദീർഘകായന്മാരായ ആര്യന്മാർ ഇന്ത്യ ആക്രമിച്ചപ്പോൾ ഇന്ത്യയിൽ, പൊക്കം കുറഞ്ഞു് കറുത്ത ഒരു തരം ആളുകളുണ്ടായിരുന്നു. ഈ രണ്ടു വർഗ്ഗക്കാർതമ്മിൽ സമരമുണ്ടായിയെങ്കിലും അതിൽ ആര്യന്മാർ ജയിച്ചു. ആദിമനിവാസികൾ ആര്യന്മാരുടെ ദാസ്യവൃത്തിയിലേക്കു് താണു. മറ്റു് ദാസ്യവർഗ്ഗങ്ങളെയുംപോലെ ആദിമനിവാസികൾക്കു് അവരുടെ പരാജയത്തിൽ കലശലായ അസൂയയുണ്ടായിരുന്നു. എതിർക്കാൻ കഴിഞ്ഞിടത്തെല്ലാം അവർ ആര്യന്മാരെ എതിർത്തു. മതത്തിന്റെ കായ്ത്തിലും ഈ സമരം ഉണ്ടായിരുന്നു. ക്രൂരതൽ സംസ്കാരസമ്പന്നരായ ആര്യന്മാക്കു് ആത്മീയസ്വഭാവം ക്രൂരതലുള്ള വിഷ്ണു, ശിവൻ, ബ്രഹ്മാവു് മുതലായ ദൈവങ്ങൾ ഉണ്ടായിരുന്നു. ആദിമനിവാസികൾ കൂടെക്കൂടി അപരിഷ്കൃതമായ ദൈവങ്ങളെയാണു് ആരാധിച്ചിരുന്നതു്, മാടൻ മുതലായ ദൈവങ്ങൾ അതിനു് ഉദാഹരണമാണു് ഈ

ദൈവങ്ങൾക്ക് മറെറാരു പ്രത്യേകതകൂടിയുണ്ടായിരുന്നു. അവയെല്ലാം കുറെക്കൂടി സാധാരണജനതയുടെ ജീവിതത്തോട്ട് ബന്ധപ്പെട്ടതായിരുന്നു. കാലക്രമത്തിൽ അയ്യൻദൈവങ്ങൾക്ക് ഇന്ത്യയിൽ ചിരപ്രതിഷ്ഠ ലഭിച്ചു. പക്ഷേ ഇടയ്ക്കിടയ്ക്ക് അവയോടനാട്ടുകാർക്കുള്ള പ്രതിഷേധം ഉണ്ടായിക്കൊണ്ടിരുന്നു. ഈ പ്രതിഷേധം പല രൂപങ്ങളുമെടുത്തിരിക്കണം. ചിലപ്പോൾ ക്ഷേത്രങ്ങൾ നശിപ്പിക്കുക, മറെറ ചിലപ്പോൾ ഭഗവതി മുതലായ ദേവികളോട് അഭാസമായി പെരുമാറുക, ഇങ്ങനെ പലതും. ലൈംഗികാസക്തിയും അഭാസമായ പെരുമാറ്റവും അപരിഷ്കൃതമനുഷ്യന്റെ പ്രാഥമിക വികാരങ്ങളിൽനിന്നുണ്ടാകുന്നവയാണ്. അതുകൊണ്ട് ഈ രൂപമായിരിക്കണം ഏറ്റവും പ്രചുരമായ പ്രതിഷേധസമ്പ്രദായം. ഈ അപകടത്തിൽനിന്നു രക്ഷനേടാൻ ആര്യൻ കണ്ടുപിടിച്ച വിദ്യ ഈ പ്രകടനങ്ങൾക്കൂടി മതാചാരമായിട്ടംഗീകരിക്കുക എന്നതായിരുന്നു. എതുക്കാൻ വരുന്ന എല്ലാ ചിന്താഗതിയേയും സ്വായത്തമാക്കുന്ന സമ്പ്രദായം ഹിന്ദുമതത്തിന്റെ അടിസ്ഥാനസ്വഭാവവുമാണല്ലൊ. പിന്നെ, ഈ പ്രകടനങ്ങളുടെ അഭാസസ്വഭാവം അവക്കൊരു ഗൗരവപ്രശ്നമായിരുന്നില്ല. ശിവലിംഗത്തെ, ആരാധിക്കുന്ന ഒരു മതത്തിന്, കുറച്ചു തെറിയ്ക്കുകൂടി സ്ഥാനം നൽകുന്നതിൽ വിപ്രതിപത്തിയുണ്ടാകുവാൻ ന്യായമില്ലല്ലോ. അങ്ങനെ ആര്യനും അനാര്യനും തമ്മിൽ നടന്ന വർഗ്ഗസമരത്തിന്റെ ഭാഗമായ പൂരപ്പാട്ടും ഹിന്ദുമതത്തിന്റെ ആചാരങ്ങളിലൊന്നായിത്തീർന്നു. ഈ ചിന്താഗതിതന്നെയായിരിക്കണം അയ്യപ്പസ്വാമിയുടെ ഉത്ഭവകാരണവും. ലോകത്തിൽ മറെറാരു സ്ഥലത്തും സോ

ദോമൃപാപത്തിൽനിന്നുത്ഭവിച്ച (പീനൽകോഡിലെ 377-ാംവകുപ്പ്) ഒരു ദൈവത്തെ കണ്ടുകൂടാൻ കഴിയുന്നില്ല. ദ്രാവിഡന്മാർ ഒരു ഹരിഹരസുതനെ സൃഷ്ടിച്ചതു് അയ്യന്റെ ദൈവങ്ങളായ ഹരിയേയും,ഹരനേയും അധിക്ഷേപിക്കാനായിരിക്കാം. (അതോ ഇനി, പ്രകൃതിവിരുദ്ധലൈംഗികകർമ്മങ്ങളെ പ്രോത്സാഹിപ്പിക്കാൻവേണ്ടിയാണോ, എന്തോ.)

പൂരപ്പാട്ടിനു് സമമായി മദ്ധ്യകാലങ്ങളിൽ യൂറോപ്പിലും ചില ഏറ്റുപ്പാട്ടുകളുണ്ടായിരുന്നു. ജർമ്മനിയിലെ പള്ളികളിൽ വർഷത്തിലൊരിക്കൽ ജനങ്ങൾ സ്ത്രീപുരുഷഭേദമെന്യേ നഗ്നത്വം ചെയ്യുകയും, മറ്റു് വികൃതികൾ കാണിക്കുകയും ചെയ്യുക പതിവായിരുന്നു. ഇതും സാമ്രാജ്യശക്തിയായ ഇറവലിക്കാരുടെ ക്രിസ്തുമതത്തോടു് ജർമ്മനിയിലെ അപരിഷ്കൃതരുടെ വെല്ലുവിളിയായിരുന്നുവെന്നാണു് ചരിത്രശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്.

ഇതിൽനിന്നെല്ലാം കാണുന്നതു് തെറി അശക്തനായ ഒരു പരാജിതന്റെ ആയുധമാണെന്നാണു്. അടിച്ചോ, വെട്ടിയോ, വിരോധം തീർക്കാനുള്ള കഴിവില്ലാതെയാകുമ്പോഴാണു് സാധാരണ തെറി പറയുന്നതു്. അഞ്ചോ അതോ പേർക്കൂടി ഒരാളെ മർദ്ദിക്കുമ്പോൾ തെറി പറയുകയല്ലാതെ അയാൾക്കൊന്നിനും കഴിവില്ല. ഇവിടെ പ്രത്യേകം ഒന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. തോൽവി ദുസ്സഹമാകുമ്പോൾ ഒരാൾ തെറി പറയുകയല്ല ചെയ്യുന്നതു്. നേരേമറിച്ചു് അത്തരംസന്ദർഭങ്ങളിൽ മർദ്ദിതൻ ഉയർത്തുന്ന പ്രതിഷേധസ്വരങ്ങളെയെല്ലാം തെറിയെന്നു് മർദ്ദകൻ മുദ്രയടിക്കയാണു് ചെയ്യുന്നതു്.

തെറി പലതരത്തിലുണ്ട്. രാഷ്ട്രീയനേതാവിന്റെ പ്രതിഷേധപ്രസംഗവും, ജനങ്ങളുടെ മുദ്രാവാക്യം വിളിയും സ്ത്രീയുടെ കരച്ചിലും, തൊഴിലാളിയുടെ പണിമുടക്കും, വെറും സാധാരണതെറിയും എല്ലാം തെറിതന്നെയാണ്. ഇക്കപിലാബ് സിന്താബാദ് എന്നതിനോളം വലിയ ഒരു തെറി തിരുവിതാംകൂറിലുണ്ടായിട്ടില്ല. തെറി നിഷ്ഫലമാണെന്ന് ധരിച്ചുവെച്ചിരിക്കുന്നതും പിശകാണ്. തെറി കേൾക്കുമ്പോൾ ദേഷ്യപ്പെടുന്നതും, വായ് മൂടിക്കെട്ടുന്നതും, മുദ്രാവാക്യവും പുസ്തകവും നിരോധിക്കുന്നതുമെല്ലാം തെളിയിക്കുന്നത് തെറിക്ക വലിയ ശക്തിയുണ്ടെന്നാണ്. എന്തെങ്കിലുമൊന്ന് തെറിയാണെന്ന മനസ്സിലാക്കുന്നതു തന്നെ അതു് ആരെഉദ്ദേശിച്ചു പ്രയോഗിക്കപ്പെട്ടുവോ ആ ആളിന്റെ ദേഷ്യം കണ്ടിട്ടാണ്. മറെറാരു തരത്തിൽ പറഞ്ഞാൽ എന്തിനെയെങ്കിലും തെറിയെന്നു പറഞ്ഞു് ഓടുന്നയാളെ സംബന്ധിച്ചിടത്തോളം ആ തെറിയ്ക്ക് എന്തോ വലിയ ശക്തിയുണ്ട്.

സാഹിത്യത്തിലെ ഇന്നത്തെ ഉച്ചനീചത്വങ്ങളും വർഗ്ഗസമരത്തിന്റെ പ്രതിഫലനങ്ങളും തന്നെയാണ്. പുരോഗമനപരമോ, അതിനോടടുത്തതോ ആയ എല്ലാറെറിനേയും ഇന്ന് തെറിസാഹിത്യം, ഓടസാഹിത്യം എന്നിങ്ങനെ പല പേരുകൾകൊണ്ട് തെറിയായി മുദ്രയടിക്കുന്നു. എന്തെങ്കിലും ലക്ഷ്യമുള്ള സാഹിത്യമെല്ലാം ഇന്ന് "തെറി"യാണ്. ദേശീയസമരം അങ്ങനെ തകൃതിയായി നടന്നുകൊണ്ടിരുന്ന കാലങ്ങളിൽ സാഹിത്യത്തിനു് ലക്ഷ്യമുണ്ടായിരുന്നു. പക്ഷേ ഭരണാധികാരം കൈയിൽ കിട്ടിയതോടുകൂടി അതേവർഗ്ഗംതന്നെ 'ശുദ്ധസാഹിത്യം'

എന്ന ജല്പിച്ചുതുടങ്ങി. ആ പൊളിഞ്ഞ വാദത്തെ ഒന്നൊ ട്ടുത്താവത്തിക്കുകയല്ല ഇവിടെ ചെയ്യുന്നതു്. രാഷ്ട്രീയസ മരത്തിലെ രണ്ടു ഘടനയും എടുത്തു സാഹിത്യത്തിലെതെ റി എങ്ങനെയുണ്ടായിയെന്നു പരിശോധിക്കുകയാണു് ല ക്ഷ്യം. അധികാരം സാമ്രാജ്യത്വത്തിന്റെ കയ്യിലായി രുന്ന കാലത്തു് "മാതൃഭൂമി"യും ജെയ് വിളിച്ചു തെറിപ റഞ്ഞു. അന്നു് ശുദ്ധസാഹിത്യമെന്നൊരു തത്വമേയി ല്ല. അതെല്ലാംകഴിഞ്ഞു് അധികാരംസ്വന്തമായപ്പോൾ വന്നപ്പോൾ മറുചിലരാണു് വിളിക്കുന്നതു്, അതു ജെയ് അല്ല, സിന്ദാബാദോണു്. അധികാരം വിട്ടുകൊടുക്കാൻ അതുസമ്മതവുമല്ല. അപ്പോൾതുടങ്ങി ആരോപണങ്ങൾ. സാഹിത്യത്തിന്റെ ശുദ്ധം മാറി, സാഹിത്യത്തിനു് ല ക്ഷ്യമുണ്ടായിരുന്നുകൂടാ. ഇതിലെല്ലാം ഒന്നു മനസ്സിലാ ക്കാനുള്ളതു്, അവരുടെ അധികാരശക്തിക്കെതിരായി പൊന്തിവന്ന സാഹിത്യത്തെ അവർ തെറി എന്നു വിളി ച്ചുവെന്നതാണു്. സാധാരണയായി ആഭാസമെന്നു് കരു തപ്പെട്ടുന്നതിനോടൊന്നും അതുഅതുപുലർത്തിയുള്ളവരല്ലഇക്കൂ ട്ടർ. ഇവരിൽ പലരേയും ആണ്ടുതോറും ശബരിമലതീ ർത്ഥാടനത്തിൽ കാണാം. വെണ്മണിയെ അവർ ആരാധി ക്കുന്നു. ഗോപസ്ത്രീകളോടു്"രണ്ടു കൈയും ചേർത്തു തൊഴു താൽ" ചേല തിരിച്ചുകൊടുക്കാമെന്നു പറയുന്ന കുട്ടിക ണ്ണനെക്കണ്ടു് അവർ തലകുലുക്കി രസിക്കാറുണ്ടു്. "തുമ്പി ക്കരത്തിനിഹ തോലിനു കുട്ടികൊണ്ടും", മുതലായ വണ്ണ നകൾപോലുള്ള കുമാരസംഭവം തെറിസാഹിത്യമായി അവർ മുദ്രയടിക്കുന്നുമില്ല. ആഷ്ഠസംസ്കാരത്തിൽ കാണുന്ന തെ റിയൊന്നും അവർക്കുതെറിയേയല്ല. ഭോപ്പുസാങ്കും ഗോ ക്കിയും തനി തെറിയന്മാരുമാണു്. ഇന്നത്തെ അധികാ

രിവർഗ്ഗത്തിന്റെ നിലനില്പിനെ ചോദ്യംചെയ്യുന്നതിനെയെല്ലാം അതു് കലയായാലും പോളിറിക്സായാലും കൊള്ളാം, തെറിയെന്നു് മുദ്രയടിക്കുകയായി. ഇതുകൊണ്ടുതന്നെയാണു് തകഴിയുടെതെറി ഉസ്സഹമായി തോന്നിയ ആ മാന്യനു് കൊട്ടങ്ങല്ലൂർപൂരത്തിൽ അസഹ്യഭാവികമായി ഒന്നും കണ്ടെത്താൻ കഴിയാതെപോയതു്.

സാഹിത്യത്തിലായാലും സമുദായത്തിലായാലും ഈ വൈരുദ്ധ്യത്തെ മൂടിവെക്കാനായിട്ടുള്ള പരിശ്രമങ്ങളും നടന്നിട്ടുണ്ടു്. ഉദാഹരണത്തിനു് മുലകളും, സ്തനങ്ങളെക്കാളും എത്ര വലിയ തെറിയാണെന്നാലോചിച്ചുനോക്കുക. തകഴിയുടെ ഒരു ലക്ഷ്മിക്കുട്ടി ഒരു പ്രേമലേഖനമെഴുതിയാൽ അതുതെറിയാണു്. ക്രിസ്തീയവേദത്തിൽ "ലോത്തിന്റെ പെൺമക്കൾ ലോത്തിനോടുക്രൂടി ശയിച്ചു" ൽ അതു് സന്ധ്യാപ്രാർത്ഥനയുംകഴിഞ്ഞു് വീട്ടിലിരുന്നു് ഉറക്കെ വായിക്കാവുന്ന കാര്യമാണു്. പുരാണത്തിലെ കുന്തിയെ നോക്കുക. അവൾ വളരെ ഭക്തിയോടുക്രൂടി ഗുരുപാദരെ സേവിക്കുന്നു. ഗാന്ധാരിയാകട്ടെ കുറേക്രൂടി ബുദ്ധിമതിയാണു്. അവൾക്കു വലിയ ഗുരുഭക്തിയൊന്നുമില്ല. കുന്തി ചില പരീക്ഷണങ്ങളൊക്കെക്കഴിച്ചു. കണ്ണനും ജനിച്ചു. പിന്നെ അതിനു പറ്റിയ ഒരു കെട്ടുകഥയും പറഞ്ഞുണ്ടാക്കി. ആ നീതീകരണം തെറിയല്ല. പക്ഷേ ഇന്നു് പൊൻകുന്നംവക്കിയുടെ 'എച്ചുമി' ഭർത്താവില്ലാതെ പ്രസവിക്കുന്നതു് പരമതെറിയുമാണു്. ശിവലിംഗത്തിന്റെമുമ്പിൽ പൂവിട്ട തൊഴുതു്, തൊഴാൻവന്ന സ്ത്രീയുമായി സമയവും സ്ഥലവും നിശ്ചയിച്ചു പുറത്തിറങ്ങി, ബഷീറിന്റെ "ശബ്ദങ്ങൾ" തെറിയാണെന്നു പ്രഖ്യാപിക്കുകയാണു് ഇന്നത്തെ സമ്പ്രദായം.

വേഷവും സദാചാരവും

യാദൃച്ഛികമായി കടന്നുവന്ന ഒരു സഞ്ചാരിയുടെ മുമ്പിൽ നാണം മറയ്ക്കുവാൻവേണ്ടി തുക്കിരാജ്യത്ത് ഒരു കഷ്കസ്ത്രീ പാവാടപൊക്കി മുഖം മറച്ചുവെന്ന് ഒരു കഥയുണ്ട്. അക്കഥ യഥാർത്ഥമാണെങ്കിലും അല്ലെങ്കിലും വേഷവിധാനങ്ങളെപ്പറ്റി ഒരനേഷണത്തിന് അതു വകനല്കുന്നുണ്ട്.

വസ്ത്രത്തിന്റെ ഉദ്ദേശ്യം നാണം മറയ്ക്കുകയാണെന്നാണല്ലൊ വെപ്പ്. നാണം മറയ്ക്കുന്നതുകൊണ്ടുള്ള പ്രയോജനം, കാമോദ്ദീപനത്തെ തടഞ്ഞു സദാചാരം സംരക്ഷിക്കുകയെന്നതാണ്. ഈ അഭിപ്രായഗതി ലോകത്തിലെ പല പൈശാചികാചാരങ്ങൾക്കും കാരണമായിത്തീർന്നിട്ടുണ്ട്. പർദ്ദായെന്ന സമ്പ്രദായം അറബികളുടെയിടയിൽ ഉണ്ടാകാൻ കാരണം സ്ത്രീ സ്വാഭാവികമായിഅതിഭോഗേച്ഛുവാണെന്ന ധാരണയാണ്. കണ്ണാടകത്തിലെ ഒരു വർഗ്ഗക്കാരുടെയിടയിൽ പല്ലു കൂർപ്പിച്ചുകൊണ്ടു നടക്കുന്ന സ്ത്രീകളെ മാത്രമേ സുചരിതകളായി ഗണിക്കാറുള്ളൂ. ഈ ഏർപ്പാടിനു പലപ്പോഴും മതപരമായ ഒരു സ്വഭാവംകൂടി കൊടുക്കാറുണ്ട്. ക്രിസ്ത്യാനികളുടെയിടയിൽ ഈശ്വരാരാധനയിൽ സ്ത്രീകൾ തലമൂടിയിരിക്കണമെന്നും പുരുഷന്മാർ തല മൂടിക്കൂടെന്നും നിർബ്ബന്ധമുള്ളതു നോക്കുക. മുസ്ലീംകളാണെങ്കിൽ പുരുഷന്മാർ തൊപ്പിയിട്ടിരിക്കണമെന്ന നിർബ്ബന്ധമുണ്ട്. തിരുവിതാംകൂറി

ലെ ഒരു മെത്രാൻ സുറിയാനി ക്രിസ്ത്യാനിസ്ത്രീകൾ സാരി യുടുക്കുന്നതിനെ നിരോധിച്ചുകൊണ്ടു് ഒരു കല്പനതന്നെ പുറപ്പെടുവിച്ചു. അവരുടെ പുരാതനവേഷമായ "കച്ചമു റി" മാത്രമേ ഉടുക്കാവൂ. യൂറോപ്യൻ രാജ്യങ്ങളിൽ പ കൽസമയങ്ങളിൽ പാവാടയില്ലെന്നതന്നെ തോന്നിക്ക ന്ന ഉടുപ്പുകൾ ധരിക്കുന്നതിൽ തെറ്റില്ല. പക്ഷെ, നെ ഞ്ചു മുഴുവനും മറച്ചിരിക്കണം. ഈ നിയമം പൊതുക ളിസ്ഥലങ്ങളിൽ ബാധകമല്ല. അവിടെ •വസ്ത്രമെന്തെങ്കി ലും ഉണ്ടെന്നു പറയുന്നതു് അതിശയോക്തിയായിരിക്കും. സന്ധ്യകഴിഞ്ഞാൽ കഥ നേരെ മറിച്ചായി. രണ്ടുമുഴമെ ങ്കിലും നിലത്തു കിടന്നിഴയുന്ന ഉടുപ്പുകൾ ധരിച്ചാണു് സ്ത്രീകൾ സല്ലാരങ്ങൾക്കു് ഹാജരാകുന്നതു്. എങ്കിലും അവർ അപ്പോൾ മാറു ശരിയായി മറച്ചാൽ അതു മോ ശമാണു്. അഥവാ, ദുരാചാരമാണു്. നെഞ്ചും തോളും ഏതാണ്ടു് മുഴുവനായി നഗ്നമായിരിക്കണം. എന്തെല്ലാം വേഷമിട്ടാലും ഹാറില്ലെങ്കിൽ സ്ത്രീയെ നഗ്നയായിത്ത ന്നെ ഗണിക്കുന്നതുമാണു്. ആ രാജ്യങ്ങളിലെല്ലാം പകൽ സമയത്തു നെഞ്ചും രാത്രിയിൽ കാലുകളുമായിരിക്കാം കാ മോദ്ദീപനം ചെയ്യുന്നതു്. ഹാറിന്റെ കഥയും രസാവ ഹമാണു്. രണ്ടുമുഴം റിബ്ബണും രണ്ടു പൂവും തലയിലൊട്ടി ച്ചുവെച്ചാൽ അതും ഹാറായിട്ടംഗീകരിക്കപ്പെട്ടുകൊ ള്ളും. നമ്മുടെ നാട്ടിലെ കഥതന്നെയെടുത്താൽ ചിലതെ ല്ലാം കാണാനുണ്ടു്. ഹിന്ദുസ്ത്രീകളുടെ "താടുപ്പു്", കൃ സ്ത്യാനികളുടെ "ഞെറി"—ഇവ രണ്ടുംകൂടി ഒന്നുനോക്കാം. സന്മാർഗ്ഗസംരക്ഷണവും താടും തമ്മിൽ അകൽച്ചയല്ലാ തെ ബന്ധമുണ്ടോ എന്തോ. ആഫ്രിക്കാരാരും കോപിച്ചി

ട്ടു ഫലമില്ല. ഞെറി (വിശറിപോലെ ഞെറിഞ്ഞുവെയ്ക്കുന്നതു)കൊണ്ടു് നിതംബം മറച്ചു സന്മാർഗ്ഗം കാക്കുകയാണതിന്റെ ഉദ്ദേശ്യം. ശരിയായിരിക്കാം. എങ്കിലും, ഞെറിയുള്ള പെണ്ണുങ്ങളെ കണ്ടിട്ടു് ആക്ഷം കാമവികാരം ഉണ്ടായിട്ടില്ലെന്നു് അനുഭവത്തിൽനിന്നു സമ്മതിക്കാനും നിവൃത്തിയില്ല. ഇവയും ഇതുപോലെ ഒരായിരം ഉദാഹരണങ്ങളും കൂടി നോക്കുമ്പോൾ ഈ നാണമെന്ന വസ്തു എവിടെയാണു തങ്ങിനില്ക്കുന്നതെന്നു് തീരുമാനിക്കാൻ കഴിയാതെവരുന്നു. ചിലയിടങ്ങളിൽ തലയിലും, മറ്റു ചില സ്ഥലങ്ങളിൽ മുഖത്തും മറവും മറുമായി സന്മാർഗ്ഗകേന്ദ്രങ്ങൾ മാറിമാറി വന്നാൽ വസ്ത്രധാരണവും സദാചാരവുമായി ബന്ധമെന്തെങ്കിലുമുണ്ടെന്നു് അനുമാനിക്കുവാൻ പ്രയാസമാണു്. (സദാചാരബോധം തന്നെ ഭിന്നമാണെന്ന കഥ നില്ക്കട്ടെ. അതു മറെറാരവസരത്തിൽ) ഇത്രയും പറഞ്ഞതുകൊണ്ടു് വസ്ത്രധാരണംതന്നെ വേണ്ടെന്നും ലേഖകനു് അഭിപ്രായമില്ല. വസ്ത്രധാരണം വേണ്ടതാണു്. പക്ഷെ, അതു സമ്പ്രദായത്തിന്റെ ഉത്ഭവത്തിലുണ്ടായിരുന്ന ലക്ഷ്യങ്ങളിൽനിന്നു പൊള്ളയായ ആചാരങ്ങളിൽക്കൂടി വഴുതി, ഇന്നതു് എവിടെയൊക്കെയോ എത്തിയിരിക്കുന്നു. വസ്ത്രധാരണരീതികളെപ്പററിയുള്ള മാമൂൽഭ്രമംമൂലം വന്നുകൂടിയിട്ടുള്ള ദുരാചാരങ്ങൾ മാറിക്കിട്ടണമെങ്കിൽ വസ്ത്രത്തിന്റെ ഉത്ഭവത്തെപ്പററി വ്യക്തമായ അറിവുണ്ടായിരിക്കേണ്ടതാണു്.

മതംവഴി ആലോചിച്ചാൽ ഇക്കാര്യത്തിൽ ഒരെത്തും പിടിയും കിട്ടാനില്ല. ഒന്നാമത്തെ മനുഷ്യനായ ആദാം പാപംചെയ്തുകഴിഞ്ഞപ്പോൾ (അറിവിന്റെ ഫലം

തിന്നുകഴിഞ്ഞപ്പോൾ; നാണം വന്നുവെന്നാണ് പറയുന്നതു്. ഉടനെ, ആദാമും ഹവ്വായുംകൂടി ഇലപറിച്ചു നാണം മറച്ചു. പക്ഷെ, എവിടെല്ലാമാണ് മറച്ചതു്. തലയാണോ കാലാണോ പിന്നെയെന്തെങ്കിലുമാണോ? ഫ്രാലിപ്പോലിപ്പിയെന്ന ചിത്രകാരൻ വത്തിക്കാനിൽ വരച്ചുവെച്ച മാലാഖമാരെല്ലാം നഗ്നമായിരുന്നെന്നും കുറെക്കാലം കഴിഞ്ഞു് അവയ്ക്കെല്ലാം വസ്ത്രം വരച്ചുകൊടുത്തുവെന്നും പറയുന്നുണ്ടു്. അവരുടെ മുഖം മറച്ചോ എന്തോ. ശ്രീകൃഷ്ണനാണെങ്കിൽ കുളികഴിഞ്ഞഗോപികകൾ രണ്ടുകയ്യും പൊക്കി തൊഴുന്നതുവരെ വസ്ത്രം കൊടുത്തില്ല. അപ്പോൾ, അവിടെയൊന്നും വസ്ത്രധാരണത്തിന്റെ ഉത്ഭവം കണ്ടുപിടിക്കാൻ സാധിക്കുന്നില്ല.

ഏകനായ മനുഷ്യന് വസ്ത്രം കൂടിയേ തീരൂ എന്നില്ല. സാമൂഹ്യജീവിയായ മനുഷ്യനാണു് അതു വേണമെന്നു വെച്ചിട്ടുള്ളതു്. അപ്പോൾ മനുഷ്യസമുദായത്തിന്റെ എന്തോ പ്രയോജനത്തിനായിട്ടാണു് ഈ ഏർപ്പാടുണ്ടായതു്. പാവപ്പെട്ട തമിഴന് നാലിഞ്ചു തുണികൊണ്ടു നാണം മറയ്ക്കാം. പക്ഷേ, എസ്കിമോകൾ മുഖമൊഴിച്ചു ദേഹമെല്ലാം മറച്ചില്ലെങ്കിൽ തണുപ്പുകൊണ്ടു മരിച്ചുപോകും. അവിടെ സന്മാർഗ്ഗത്തിന്റെ പ്രശ്നമേയില്ല. മനുഷ്യനെന്ന മൃഗം പരിണമിച്ചു രോമമില്ലാത്ത ജീവിയായിത്തീർന്നതോടുകൂടി ചൂടും തണുപ്പും സഹിക്കാൻ ശക്തിയില്ലാത്തവനായിത്തീർന്നു. പക്ഷേ, ബുദ്ധിപരമായി അവൻ പുരോഗമിച്ചിരുന്നതുകൊണ്ടു കൃത്രിമമായി അവൻ ഒരു ആവരണമുണ്ടാക്കി. പ്രവൃത്തികൾക്കു് ഉപകരണങ്ങൾ ഉപയോഗിക്കുകയെന്നതാണു മനുഷ്യനെ ജന്തുക്കളേക്കാൾ

ക്രൂരതലായിട്ടുള്ള കഴിവു്. അങ്ങനെ റോമത്തിനുപകരം വസ്ത്രമുണ്ടായി. തണുപ്പുള്ള രാജ്യങ്ങളിൽ കോളറും റൈറയും, ചെരിപ്പും കാലുറയും എല്ലാം വന്നു. കമ്പിളിയും തുകലും കൊണ്ടുവേണം ഇവയുണ്ടാക്കാൻ എന്നതും ഇങ്ങനെതന്നെയുണ്ടായി. ചൂടേറിയ മരുഭൂമികളിൽ തൊലി പൊള്ളാതിരിക്കാൻ വേണ്ടി കട്ടി കുറഞ്ഞ വസ്ത്രങ്ങൾ വേണ്ടിവന്നു. തമിഴ്നാട്ടിലും മറ്റും ചൂടും തണുപ്പും ഏതാണ്ടു സമമായതുകൊണ്ടു വസ്ത്രം കായ്മായി വേണ്ട.

ഇങ്ങനെ, വ്യക്തിയുടെ ശരീരരക്ഷയ്ക്കുവേണ്ടി ആരംഭിച്ച ഏർപ്പാട് കാലക്രമത്തിൽ മറെറാരു പരിണാമത്തിനു വിധേയമായി. വ്യക്തിയായ മനുഷ്യന്റെറ ആവശ്യത്തിൽനിന്നു് ഉയർന്ന മനുഷ്യസമൂഹത്തിന്റെറ ഒരു ചുമതലയാണു് വസ്ത്രം ഏറെറടുത്തതു്. സന്തതിപ്രജനനംവഴിത്തിന്റെറ നിലനില്പിനു് അനുപേക്ഷണീയമാണല്ലോ. നിരന്തരമായി സമരംചെയ്തുകൊണ്ടിരുന്ന ജനവിഭാഗങ്ങൾക്കു വർദ്ധിച്ച സന്തതിപ്രജനനം ആവശ്യമായിത്തീർന്നു. ചിലപ്പോൾ ലോകവിദ്വേഷപരമായ മതവിശ്വാസങ്ങൾസ്ത്രീപുരുഷബന്ധത്തെ ഒട്ടൊക്കെ തടയുകയും ചെയ്തു. ഇതിനെല്ലാം പോംവഴി മനുഷ്യന്റെറ കാമാസക്തി ഉദ്ദീപിപ്പിക്കുക മാത്രമായിരുന്നു. ആചാരങ്ങൾ, കല, വേഷം എന്നിവയെല്ലാം ഈ കായ്മത്തിനുവേണ്ടി മനുഷ്യൻ ഉപയോഗപ്പെടുത്തി. കാമവികാരം ഇളക്കിവിടാൻ ശരീരദർശനം ആകർഷണീയമാക്കി. അതു നടക്കേണ്ടതു, മറയ്ക്കുകപ്രദർശിപ്പിക്കുക, അലങ്കരിക്കുക എന്ന മാർഗ്ഗങ്ങളിൽക്കൂടിയാണു്. വൈരൂപ്യവും വാർദ്ധക്യ ചിഹ്നങ്ങളും മറയ്ക്കു

കയാണ് വസ്ത്രത്തിന്റെ ആദ്യത്തെ ചുമതല. വൃക്കയുടെ പ്രാധാന്യമാണ് അതിനുദാഹരണം. വയറും തള്ളിച്ചുകൊണ്ടു വരുന്ന ഒരു ഗർഭിണി നഗ്നയായിരുന്നാലത്തെ വൈകൃതം വേഷംകൊണ്ടു കുറയ്ക്കാമെന്നും മനുഷ്യൻ മനസ്സിലാക്കി. നഗ്നത തൊണ്ണൂറൊമ്പതുശതമാനം മനുഷ്യർക്കും യോജിക്കുകയില്ല. എന്നാൽ കുറെയൊക്കെ പ്രദർശിപ്പിക്കുന്നതുകൊണ്ടു കാമവികാരം വിജൃംഭിക്കുകയും ചെയ്യും. അങ്ങനെ ഭാഗികമായ പ്രദർശനത്തിനുതകുന്ന വസ്ത്രങ്ങൾ ഉണ്ടായി. 'തിരുപ്പനം', മുല്ലപ്പൂവും, മൈലാഞ്ചിയും ചെയ്യുന്നാസേവനം തന്നെയാണ്, ക്ഷേത്രത്തിൽ തൊഴാൻ വരുന്ന യുവതിയുടെ നനഞ്ഞ ഒന്നരയും ചെയ്യുന്നതു്.

അഥവാ, വസ്ത്രധാരണത്തിനു് ഒരു സന്മാർഗ്ഗലക്ഷ്യമില്ലതന്നെ: അതിന്റെ പ്രയോജനം സാമൂഹ്യശക്തിയാണ്. കാമോദ്ദീപനമാണ്. ഈ അനുമാനത്തിലാരും ശങ്കിക്കുടേണ്ടതില്ല. മാമൂൽകോമരങ്ങളുടെ പ്രവൃത്തിയും തത്പരുമായിട്ടുള്ള അന്തരംതന്നെ നോക്കുക. ഏറ്റവും 'നല്ല' യുവതികൾ തിങ്കളാഴ്ച നോമ്പു നോൽക്കുന്നുണ്ടു്, ശിവലിംഗത്തെ പൂജിക്കുന്നുണ്ടു്, 'പാലാഴിമകനെ കൊക്കു പുണരുന്ന' ദേവനെ വാഴ്ത്തുന്നുമുണ്ടു്. പുറത്തു സഞ്ചരിക്കുമ്പോൾ സ്ത്രീകൾ വയ്യാൽത്തുറുപോലെ വേഷംകെട്ടി മറക്കുടയും പിടിക്കണമെന്നുവിധിയെഴുതിയ ആധ്യൻ തന്റെ ഇല്ലത്തു യാതൊരു പ്രായഭേദവും നോക്കാതെ (ഭൃത്യജനങ്ങളടക്കം) മാറു പ്രദർശിപ്പിക്കണമെന്നും ചട്ടംവെച്ചു. അങ്ങനെ ചട്ടങ്ങളുണ്ടായതിന്റെ രഹസ്യം വെറും കുത്തകാവകാശസ്ഥാപനം മാത്രമാണ്. ഒരു വ്യക്തിക്കൊ വിഭാഗത്തിനോ ഈ കടലു മുഴുവൻ കുടിച്ചുതീർക്കണമെന്ന

ഒരാശ. അത്രതന്നെ. സമുദായത്തിന്റെ പൊതുഗുണത്തിനാണെങ്കിൽ ചെയ്യേണ്ടതു മാനസികവൈകൃത്യങ്ങൾക്കോ, വൈരാഗ്യത്തിനോ ഇടംകൊടുക്കാതെ പരിഷ്കാരങ്ങൾ മാത്രം വസ്ത്രധാരണക്കാര്യത്തിൽ വരുത്തുകയെന്നതാണു്. ജനസമുദായത്തെയാകമാനം കാമംകൊണ്ടു കലിതുള്ളിക്കുന്ന വസ്ത്രധാരണത്തിനൊന്നും ഇന്നു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മനുഷ്യനെ മൂടിപ്പൊതിഞ്ഞു് ഈജിപ്തിലെ 'മമ്മി'കളാക്കുന്നതിനും കായ്വുമില്ല. മനുഷ്യശരീരത്തെ ആകർഷണീയമാക്കുന്നതെല്ലാം ചെയ്യേണ്ടതാണു്. പൗഡറും പൂവും നിഷിദ്ധമല്ല. വേഷത്തിൽ പ്രവൃത്തിസൗകര്യത്തെക്കൂടി പരിഗണിക്കണമെന്നുമാത്രം.

സപത്നിയോ വേശ്യയോ കന്യാസ്ത്രീയോ?

ഏകഭാര്യാവ്രതം നല്ലതായിരിക്കാം. പക്ഷേ അതിനു പിന്തുണ നൽകാൻ മതങ്ങളുടെ പുറകെ നടക്കരുതു്. വളരെ കുറച്ചു മതങ്ങൾ മാത്രമേ ഏകഭാര്യാവ്രതത്തെ പിന്താങ്ങിയിട്ടുള്ളുവെന്നതു് ഒരു ചരിത്രസത്യം മാത്രമാണു്.

ഹിന്ദുമതം ഒരുകാലത്തും ഏകഭാര്യാവ്രതത്തേയോ ഏകഭർത്തൃവ്രതത്തേയോ അംഗീകരിച്ചിരുന്നില്ല. യഹൂദന്മാരുടെയിടയിൽ ബഹുഭാര്യാത്വമുണ്ടായിരുന്നു, അറബികളും മുസ്ലീംകളും ഏകഭാര്യാവ്രതം പാലിക്കുന്നില്ല. ലോകത്തിന്റെ ഇരുളടഞ്ഞ കോണുകളിൽ കിടക്കുന്ന ജനതകൾ പൊതുവേ ബഹുഭാര്യാത്വം അനുഷ്ഠിക്കുന്നവരാണു്; ചിലർ ബഹുഭർത്തൃവ്രതക്കാരുമാണു്. ക്രിസ്തുമതം മാത്രമാണു് ഏകഭാര്യാവ്രതത്തിനുവേണ്ടി കാഹളമായി വാദിച്ചിട്ടുള്ളതു്. ക്രിസ്തുമതാനുയായികൾപോലും ചില യൂറോപ്യൻരാജ്യങ്ങളിൽ വെപ്പാട്ടികളെ പുലർത്തിയിരുന്ന ഒരു കാലമുണ്ടു്. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്നു് ഏകഭാര്യാവ്രതം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്.

എന്താണതിനു കാരണം? മതത്തിന്റെ സ്വാധീനശക്തി നിഷേധിക്കാവുന്ന ഒരു കാരണമല്ല. പക്ഷേ അതുകൊണ്ടുമാത്രം മതിയാവുകയില്ല. ഒരു കാലഘട്ടത്തിലെ പ്രത്യേക ആചാരവിശേഷങ്ങൾക്കു പരിപൂർണ്ണമായി

രൂപംകൊടുക്കുന്നതു മതതത്വങ്ങളല്ല—അഥവാ മതതത്വങ്ങൾ മാത്രമല്ല. മറ്റു ചില കാരണങ്ങളും പരിശോധിക്കേണ്ടതായിട്ടുണ്ട്. ഒന്നാമതായി ഈ രണ്ടു് ആചാരങ്ങളും മനശ്ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കേണ്ടതാണു്. സ്ത്രീപുരുഷബന്ധത്തിനു രണ്ടു വശങ്ങൾ ഉണ്ടെന്നാണല്ലോ ഇന്നത്തെ അഭിപ്രായം—ശാരീരികവും മാനസികവും. ഇതിലെ ശാരീരികാംശം എല്ലാക്കാലത്തും ഉണ്ടായിരുന്നു; എന്നും ഉണ്ടായിരിക്കയും ചെയ്യും. അതു ജീവശാസ്ത്രപരമായ ഒരു അനിവാര്യതയാണു്. ജീവിക്കുന്ന എല്ലാവരിലെയും ഒരു സഹജസ്വഭാവമാണു സന്തത്യുല്പാദനം. ഈ കർമ്മത്തിന്റെ മാനസികവശത്തെപ്പറ്റി ഇങ്ങനെതന്നെ പറയാമോ എന്നു സംശയമാണു്. പണ്ടെങ്ങും പ്രേമമുണ്ടായിരുന്നില്ല; ഭോഗാസക്തിമാത്രമായിരുന്നു, എന്നു് അങ്ങു തുറന്നടിച്ചു പറഞ്ഞാൽ പ്രതിഷേധിക്കാൻ അനവധിപേരുണ്ടാകുമെന്നു മാത്രമല്ല; അതൊരർദ്ധസത്യം മാത്രമായിരിക്കയും ചെയ്യും. എങ്കിലും ഇന്നു നാം പ്രേമമെന്നു വാക്കുകൊണ്ടർത്ഥമാക്കുന്നതെല്ലാം രാധയും, ഹെലനും, കുങ്കിയും അർത്ഥമാക്കിയിരുന്നുവെന്നു ഗണിക്കുവാൻ പ്രയാസം. പ്രാചീനകാലത്തെ ചിന്താഗതി കുറെക്കൂടി ശരീരപ്രധാനമായിരുന്നു. ശകുന്തള പ്രേമം ആരംഭിക്കുന്നതുതന്നെയും സംഭോഗത്തോടുകൂടിയാണു്. പാവ്വതിയാകട്ടെ ഒരു വേട്ടക്കാരിയെപ്പോലെ സമരംചെയ്തു് പുരുഷനെ കീഴടക്കുകയാണു ചെയ്യുന്നതു്. അതിന്റെ ലക്ഷ്യം പ്രേമഗാനം പാടി നെടുവീർപ്പിടാനല്ല; കുട്ടിയുണ്ടാകാനാണു്. ഷൺമുഖാവതാരമായിരുന്ന ആ സ്ത്രീപുരുഷബന്ധത്തിന്റെ ലക്ഷ്യം. ഈ ചിന്താഗതിയിൽ

നിന്നു വളരെ ഭിന്നമായ ഒന്നാണു നാം ഇന്നു സെൻറി മെൻറലിസം എന്നു പറഞ്ഞു തള്ളിക്കളയുന്ന വികാരം. രണ്ടാമത്തേതിൽ ശരീരസമ്പർക്കത്തിലുമധികം കാണുന്നതു നെടുവീർപ്പും, കണ്ണീരും ആത്മഹത്യയുമെല്ലാമാണു്. വെറും കാമത്തിന്റെ എതിരറ്റം ആണിതു്. ഈ ചിന്താഗതിക്കു പൊതുവേ അംഗീകാരം സിദ്ധിച്ച ഒരു കാലഘട്ടമുണ്ടായിരുന്നു. അതാണു റോമാൻറിക് കാലം. റോമാൻറിസിസമെന്നതു് ഒരു സാഹിത്യപ്രസ്ഥാനം മാത്രമല്ല; ഒരു പ്രത്യേക കാലഘട്ടത്തിന്റെ ജീവിതവീക്ഷണവും കൂടിയാണു്.) അന്നു് ഡോൺ ജുവാൻ ആഭാസനായി ഗണിക്കപ്പെട്ടിരുന്നു; ഡോൺ കിക്സോട്ട് പുരുഷോത്തമനായിട്ടും. ഈ കാലത്തെ വികാരങ്ങളെ നാം ഇന്നു് പൊതുവേ പുച്ഛിക്കാറുണ്ടു്. പക്ഷേ വികാരപരമായ കാര്യങ്ങളിലെല്ലാം അന്നത്തെ ചിന്താഗതിയാണു നമ്മുടെ ഇന്നത്തെ ജീവിതവീക്ഷണത്തിന്റെ അടിസ്ഥാനം എന്ന വസ്തുത മറന്നുകൊണ്ടാണു നാം അങ്ങനെ ചെയ്യുന്നതു്. ഏകഭാര്യാവ്രതവും വിധവ വിവാഹം ചെയ്യാതെ ജീവിക്കുന്നതുമെല്ലാം ആ ചിന്താഗതിയുടെ ആദർശങ്ങളാണു്. ചുരുക്കിപ്പറഞ്ഞാൽ അവിടവിടെയായി സ്ത്രീപുരുഷബന്ധത്തിൽ മാനസികവേഴ്ചയ്ക്കു ലഭിച്ച പ്രാധാന്യം റോമാൻറിക് ചിന്താഗതിയുടെ ഫലമായിരുന്നു; അതു തിരിച്ചു് റോമാൻറിക് ചിന്താഗതിയെ കെട്ടിപ്പടുക്കാൻ സഹായിക്കയും ചെയ്തു. ഈ റോമാൻറിക് അന്തരീക്ഷത്തിലല്ലെങ്കിൽ ക്രിസ്തുമതത്തിന്റെ ഏകഭാര്യാത്വവാദം യൂറോപ്പിൽ പ്രചരിക്കാൻ വിഷമമായിരുന്നേനേ എന്നുകൂടി പറയാം. ഇതിനു നല്ലൊരുദാഹരണം ബൈബിളാ

ണു്. ബൈബിളിനു രണ്ടു ഭാഗങ്ങൾ ഉണ്ടു്. ഒന്നാമത്തെ ഭാഗം "പഴയനിയമം." ഇതു് യഹൂദന്മാരും അംഗീകരിക്കുന്നു. അതിൽ ദാവിദുരാജാവിനു് ഊറിയാവിന്റെ ഭാര്യയിൽ ഉണ്ടാകുന്ന വികാരവും ശേബാ രാജ്ഞിക്കു് ശലോമോനിൽ ഉണ്ടാകുന്ന വികാരവും എല്ലാം പ്രേമമാണു്. "പുതിയനിയമ"ത്തിലെത്തിയാൽ ഇതെല്ലാം പാപമായിരിക്കുമെന്നു മാത്രമല്ല, അസാധാരണവുംക്രൂടിയായിരിക്കും. ഒഴുക്കനായി പറഞ്ഞാൽ, അവിടെയുണ്ടു് പുരാതനസംസ്കാരത്തിൽനിന്നു റോമാൻറിസിസത്തിലേയ്ക്കുള്ള പരിവർത്തനം. ഒന്നു വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ടു്. പ്രേമമെന്ന വാക്കിന്റെ നിർവചനത്തിൽ മാത്രമല്ല മാറ്റം സംഭവിച്ചതു്; ആ അനുഭൂതിയുടെ സ്വഭാവം തന്നെയാണു മാറിയതു്. പെരും മാംസസംബന്ധിയായ വികാരത്തിൽ ഒതുങ്ങിനില്ക്കാത്ത ഒരു പുതിയ അനുഭൂതി ഉണ്ടായി. അതു ബഹുഭാര്യാത്വത്തിൽ സാദ്ധ്യവുമായിരുന്നില്ല.

ഏകഭാര്യത്വത്തെ സഹായിച്ച മറെറാരു കാര്യംക്രൂടി ഉണ്ടു്. മാനസികചിന്താഗതികൾ മാത്രമല്ല മനുഷ്യന്റെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതു്. അവന്റെ സാമ്പത്തിക സാഹചര്യങ്ങൾക്കു് സാധാരണയായി ചിന്തയെത്തന്നെ നിയന്ത്രിക്കാൻ കഴിവുണ്ടു്. റോമാൻറിസിസത്തിന്റെ കാലംകഴിഞ്ഞിട്ടും ഏകഭാര്യാവ്രതം തുടരുന്നുണ്ടു്. പ്രേമമെന്നതു് ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത ദമ്പതികൾ റോമാൻറിസിസത്തിനേറതായ ചട്ടക്രൂട്ടിനകത്തു് ജീവിക്കുന്നുണ്ടു്. കാരണം സാമ്പത്തികമാണു്. ഒരു ഭാര്യയെ പോററാൻപോലും നിവൃത്തിയില്ലാത്തതുകൊ

ണ്ട് ഇടയ്ക്കിടയ്ക്ക വേശ്യകളെക്കൊണ്ട ജീവിതം കഴിക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങളും ഇന്നുണ്ട്. അവരാരും ബഹുഭാര്യാത്വത്തെ എതിർക്കുന്നവരായിരിക്കുകയില്ലല്ലൊ. ഒരു ഭാര്യയെപ്പോലും പോറ്റാനുള്ള കഴിവില്ലെന്നതാണ പരമാർത്ഥം. അപ്പോൾ പലരെപ്പോറ്റാത്തതു് അത്ഭുതമല്ലല്ലൊ. (പാട്ടംപിരിവും സംബന്ധവും മറ്റും ഉള്ള പലരും ഏകഭാര്യാവ്രതത്തിന്റെ ശത്രുക്കളാണു്.) ഇസ്ലാമിക് നിയമത്തിൽ (ചില രാജ്യങ്ങളിൽ) ഒരുപ്രത്യേകതയുണ്ട്. നാലു ഭാര്യമാരിൽ കൂട്ടത്തിൽ ഒരാളെങ്കിലും വേണമെങ്കിൽ അവരെയെല്ലാം പോറ്റാൻ. അയാളെങ്കിലും കഴിവുണ്ടായിരിക്കണമെന്നുള്ള ഒരു നിബന്ധനയാണതു്.

അപ്രധാനമല്ലാത്ത മറെറാരുകാരണവുംകൂടിയുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസവും സ്വാധീനശക്തിയും വർദ്ധിക്കുന്നതോടുകൂടി പുരുഷനു പണ്ടുണ്ടായിരുന്ന അധികാരം കുറെ കുറയുന്നുണ്ട്. സ്ത്രീക്കും സമത്വം അനുവദിക്കുന്ന ഒരു ചിന്താഗതി വളർന്നുവരുമ്പോൾ ഏകഭാര്യാത്വത്തിനും ശക്തി വരാതെ നിവൃത്തിയില്ല.

ഈ വളർച്ചകൾക്കെല്ലാംകാരണം നിയമങ്ങളാണെന്നും ധരിക്കുന്നതു് ശരിയല്ല. സാധാരണയായി ജനസമുദായത്തിന്റെ ചിന്താഗതിയനുസരിച്ചു് നിയമങ്ങൾ ഉണ്ടാവുകയും മാറുകയും ആണു പതിവു്. നിയമത്തിൽനിന്നു ചിന്താഗതി ഉണ്ടാകുന്ന ഏറ്റവുടിനു് അടിമത്തം എന്നാണു പേർ. നിയമത്തെ പേടിച്ചു പലരും രണ്ടാമതൊരുത്തിയെ വേൾക്കാതിരിക്കുന്നുണ്ട്. പക്ഷേ ഏകഭാര്യാത്വം ഭ്രരിപക്ഷത്തിന്റെ ആചാരമായിത്തീർന്നതിനുശേഷം—അതായതു് അതു സാമൂഹ്യനിയമമായി തീർന്നതിഷശേഷം മാത്രമാണു് സർക്കാർ നിയമങ്ങൾ ഉണ്ടായതു്.

ഏകഭാര്യാത്വത്തിന്റെ ഉത്ഭവത്തെ പരിശോധിച്ചത് മറെറാരു കാര്യത്തിനുവേണ്ടിയാണു്. ഏകഭാര്യാത്വം ബഹുഭാര്യാത്വത്തിനു ശേഷമാണു് ഉണ്ടായതു്. ബഹുഭാര്യാത്വം എങ്ങനെ ഉണ്ടായി എന്നാണു് ഇന്നറിയേണ്ടതു്. ഇന്നു ലോകത്തെ തുറിച്ചുനോക്കുന്ന പ്രശ്നം ഏകഭാര്യാത്വമല്ല, ബഹുഭാര്യാത്വമാണു്. കഴിഞ്ഞ യുദ്ധത്തിൽ മാത്രം സോവിയറ്റ് റഷ്യയിൽ 70,00,000 വിധവകളുണ്ടായി എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ മരിച്ച ഭർത്താക്കന്മാർ മാത്രമല്ല അവിടെ നശിച്ചതു്. വിഭാര്യന്മാരും, അവിവാഹിതന്മാരും എത്രപേർ മരിച്ചുകാണും. ജർമ്മനി, ജപ്പാൻ, ചൈനാ, ഇംഗ്ലണ്ടു്, ഫ്രാൻസ് ഇങ്ങനെ കഴിഞ്ഞയുദ്ധത്തിൽ പങ്കെടുത്ത എല്ലാരാജ്യങ്ങളിലെയും കഥയെടുക്കുക. ഒരിക്കലും വിവാഹത്തിനും ന്യായമായ പുരുഷസമ്പർക്കത്തിനും അവസരം ഇല്ലാത്ത എത്രകോടി സ്ത്രീകളാണു് ഇന്നു ലോകത്തിലുള്ളതു്. മുപ്പത്തഞ്ചു വയസ്സായിട്ടും ഭർത്തൃമതിയാകാത്ത ഒരു സ്ത്രീയുടെയോ കാർബൺപേപ്പർ വെച്ചു് പ്രേമലേഖനങ്ങളെഴുതുന്ന ഒരു പതിനെട്ടുകാരിയുടെയോ വികാരതീക്ഷ്ണത നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞേക്കാം. പക്ഷേ അനേക കോടി സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ഒരാവശ്യം ഭാവനയ്ക്കതീതമാണു്. ഒരു തിത്തിക്കപ്പുറം എണ്ണവും, വലുപ്പവും നമ്മുടെ ചിന്താശക്തിയെ കവച്ചുവെയ്ക്കുന്നു. ഒരിക്കലും സഫലമാകാത്ത സ്വപ്നങ്ങൾ വെച്ചുപുലർത്തുന്ന ഈ സ്ത്രീകളാണു്. ഇന്നു ലോകത്തെ തുറിച്ചുനോക്കുന്നതു്. ഇതൊന്നും "നാച്ചുറലല്ല" എന്നു പറയുന്നവരോടെനിക്കെതിർപ്പില്ല. എന്റെ സ്വന്തം അഭി

പ്രായത്തിൽ ഈ പ്രശ്നത്തിനു ലോകം ഒരു ഉത്തരം കണ്ടുപിടിക്കേണ്ടിവരും. മാത്രമല്ല ഈ പ്രശ്നം ലോകസംസ്കാരത്തിന്റെ ഭാവിയെ സാരമായിസ്പർശിക്കുകയും ചെയ്യും. ഇന്നു ജീവിച്ചിരിക്കുന്ന പുരുഷന്മാർ എല്ലാവരും വിവാഹംചെയ്താൽപോലും വമ്പിച്ച ഒരു സംഖ്യ സ്ത്രീകൾ മിച്ചം വരുമെന്നു് നാം കണ്ടു. പക്ഷേ ഒന്നാലോചിക്കാനുണ്ടു്, ഇതുതന്നെ സാദ്ധ്യമാണോ? കഷ്ടിച്ചു് ജീവിക്കാനുള്ള ക്രൂലി കിട്ടുന്നവരും, ഒരു തൊഴിലും ഇല്ലാത്തവരുമാണു് ഇന്നത്തെ ജനസംഖ്യയുടെ ഭൂരിപക്ഷം. അവരിൽ എത്രപേർ വിവാഹംചെയ്യാൻ ധൈര്യപ്പെട്ടും. വേശ്യകളും ഗർഭനിരോധനോപകരണങ്ങളും സുലഭമായിട്ടുള്ള ഇക്കാലത്തു് വിവാഹത്തിൽനിന്നു പിന്തിരിയുന്ന ചെറുപ്പക്കാർ കുറച്ചൊന്നുമല്ല. വിവാഹത്തിന്റെ ദിവ്യതത്തെപ്പറ്റിയും മറ്റും അവരോടു പ്രസംഗിച്ചിട്ടു കാര്യമില്ല. അവരുടെ ക്രൂലി ക്രൂട്ടിക്കൊടുക്കുകമാത്രമാണു് പോംവഴി. അതു് അടുത്തു നടക്കുകയില്ലെന്നു നമുക്കറിയാം. പിന്നെയെന്താണു് ഈ പ്രശ്നത്തിനൊരു ഉത്തരം.

ഇവിടെയും നമുക്കു ചരിത്രത്തെത്തന്നെ ആശ്രയിക്കേണ്ടിവരുന്നു. അവിടെ ആദ്യം കാണുന്ന പരിഹാരം വേശ്യാവൃത്തിയാണു്. ലോകത്തിലെ ഭൂരിപക്ഷം ആളുകളും വേശ്യാവൃത്തി അംഗീകരിക്കേണ്ടിവരുന്നെങ്കിൽ, അതിനെ തടയാൻ മറ്റൊരു മാർഗ്ഗവും ഇല്ലെങ്കിൽ, വേശ്യാവൃത്തിയെ അംഗീകരിച്ചു് വിവാഹത്തെ നിയമവിരുദ്ധമാക്കുകയല്ലേ ഭേദം എന്നൊരു ചോദ്യം ഉണ്ടാകുന്നു. അപ്പോൾ വേശ്യാവൃത്തിയും ഒരു പരിഹാരമല്ല.

യൂറോപ്പിലെ റോമാൻറിക് കാലഘട്ടത്തിൽ ഒട്ടുവള

രെ യുദ്ധങ്ങളുണ്ടായിരുന്നു. അന്നും ഈ പ്രശ്നമുത്ഭവിച്ചു. ഒരുവശത്തു് റോമാൻറിസിസം ബഹുഭാര്യാത്വത്തെ വളത്തി, മറുവശത്തു് യുദ്ധത്തെയും. അങ്ങനെ ഒരു കൂട്ടക്കിലകപ്പെട്ട അവസരത്തിൽ മതം പ്രവേശിച്ചു. ഭർത്തൃമതികളാക്കാൻ നിവൃത്തിയില്ലാത്ത ഒട്ടുവളരെ സ്ത്രീകളെ മതം കന്യാസ്ത്രീമഠങ്ങളിലേയ്ക്കയച്ചു. ഇതാണു് മതത്തിനേറെതായ പരിഹാരമാർഗ്ഗം. ഇതു് ഇന്നു് എത്രകണ്ടു പ്രായോഗികമാണു്? കന്യാസ്ത്രീയാവുക എന്നതിനെ പൊതുവേ സ്ത്രീകൾ വെറുക്കുന്നുവെന്നതോ പോകട്ടെ; മതത്തിൽതന്നെ ഈ സമ്പ്രദായത്തിനു് എത്ര സ്ഥാനമുണ്ടു് എന്നതും സംശയമാണു്. "കടൽപ്പുറത്തെ മണൽപോലെയും ആകാശത്തിലെ പറവകൾ പോലെയും പെരുകുക" എന്നതാണു് ഈശ്വരന്റെ അനുഗ്രഹം. വന്ധ്യാത്വം ഈശ്വരശിക്ഷയാണെന്നാണു വെപ്പു്. വിവാഹം ഒരു ദിവ്യകർമ്മമാണു്. സന്താനനിയന്ത്രണം പാപമാണു്. ഇങ്ങനെ ഒരു വശത്തു വൈവാഹികപ്രവർത്തനങ്ങളെ അതിരില്ലാതെ പ്രോത്സാഹിപ്പിക്കുന്ന മതക്കാർ തന്നെയാണു് മറുവശത്തു കോട്ടകൾ കെട്ടി സ്ത്രീകളെ അവയിൽ ജീവനോടെ കുഴിച്ചിടുന്നതു്. കുറേപ്പേർ ഈ സമ്പ്രദായം അംഗീകരിക്കാൻ തയ്യാറുണ്ടെങ്കിൽത്തന്നെ റഷ്യയിലും മറ്റു സോഷ്യലിസം അംഗീകരിച്ച രാജ്യങ്ങളിലും, ക്രിസ്തീയരാജ്യങ്ങളിലും അതെങ്ങനെ നടപ്പിലാക്കാം? മതം ചെയ്യേണ്ടതു് യുദ്ധത്തിന്റെ മുറിവുകൾ വെച്ചുകെട്ടാനുള്ള 'ഉളുക്കു' മരുന്നുകളും ചുമന്നുനടക്കുകയല്ല; ഇങ്ങനെ പുരുഷന്മാരുടെ ജീവൻ നശിപ്പിക്കുന്ന ഏർപ്പാടിനെ-യുദ്ധത്തെ-തന്നെ തടയാൻ വേണ്ട ജോലി ചെയ്യുകയെന്നതാണു്. കന്യാസ്ത്രീമഠം നമ്മുടെ പ്രശ്നത്തിനു പരിഹാരമേയല്ല.

അറബികളും മുസൽമാന്മാരും കുറേക്കൂടി ബുദ്ധിയായി പ്രവത്തിച്ചുവെന്നു പറയാം. അവർ നിരന്തരമായി കലഹിച്ചുകൊണ്ടിരുന്നു. അനേകം പുരുഷന്മാർ മരിച്ചു. സ്ത്രീകൾ മിച്ചംവന്നു. അപ്പോൾ അവർ ബഹുഭാര്യാത്വം അവശ്യമായ ഒരു സാമൂഹ്യനടപടിയായി അംഗീകരിച്ചു. നിയമത്തിനുവേണ്ടി മനുഷ്യനെ സൃഷ്ടിക്കുകയെന്നതല്ലായിരുന്നു അറബികളുടെ സമ്പ്രദായം. അവർ മനുഷ്യനുവേണ്ടി നിയമങ്ങളുണ്ടാക്കി. ദുരാചാരത്തെ വളത്താനല്ല, അതിനെ തടയാനാണു് അവർ ബഹുഭാര്യാത്വത്തെ നിലനിത്തിയതു്. സ്ത്രീകൾക്കു് ഈ ഏർപ്പാടിൽ അത്രത്തോപ്പിയുണ്ടായിരിക്കുമെന്നു പറഞ്ഞുകൂടാ. എങ്കിലും വേശ്യകളായിത്തീരുകയോ, കന്യാസ്ത്രീകളായിത്തീരുകയോ മാത്രമാണു വേറെ വഴി എന്നു കാണുമ്പോൾ അവരിൽ ഒരു വലിയവിഭാഗം സപത്നീത്വത്തെ സ്വാഗതം ചെയ്യേക്കാം. അവിടെയും പുരുഷന്റെ സാമ്പത്തികകഴിവുകൾ പ്രതിബന്ധമായിരിക്കും. ജോലിചെയ്യുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഇക്കാലത്തു് അക്കാര്യവും പുനരാലോചിക്കേണ്ടതാണു്. ഇന്നു് സാമ്പത്തികമായി സ്വാതന്ത്ര്യമനുഭവിക്കുന്ന അനേകം ഭാര്യമാരുണ്ടു്. സാമ്പത്തികവശത്തിൽനിന്നു ഭിന്നമായി ലൈംഗികബന്ധവും സന്തതിലബ്ധനവും മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള വിവാഹത്തിൽ പുരുഷൻ ബഹുഭാര്യാവ്രതത്തെ എതിത്തില്ലെന്നും വരാം.

കൃത്രിമപുത്രോല്പാദനം ഒരു പരിഹാരമാണോ എന്നു് ആലോചിക്കേണ്ടതാണു്. സ്ത്രീകളുടെ മാതൃസഹജമായ ആശകളുടെ പൂത്തീകരണത്തിനുവേണ്ടിയാണു് ഈ

മാത്രം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. മതത്തിന്റെ നിയമങ്ങൾ വച്ചുപുലർത്തുകയും നാട്ടുകാരെക്കൊണ്ടു് നിരന്തരമായി യുദ്ധം ചെയ്യിച്ചു ലാഭമുണ്ടാക്കുകയും ചെയ്യണമെന്ന അഭിപ്രായക്കാരാണു് ഈ ചിന്താഗതിയെ താങ്ങിപ്പറയുന്നതു്. റൈസ്റ്റ്യൂബ് ബേബീസ് എന്നുപറയുന്ന ഇത്തരം കുട്ടികളുണ്ടായാൽ കായ്മെല്ലാം ശരിയായി എന്നാണവരുടെ പക്ഷം. ഒന്നാമതു് സ്ത്രീയ്ക്കു് പുരുഷസംസർഗ്ഗമുണ്ടാകുന്നില്ല. അങ്ങനെ "പാപ"ത്തിൽനിന്നു രക്ഷപെട്ട. സ്ത്രീയ്ക്കു് ഒരു കളിപ്പാട്ടം ലഭിച്ചു. യുദ്ധപ്രഭുക്കന്മാക്കു് വലിയതോക്കിനു ഭക്ഷണവും. ഈ ചിന്താഗതി അടിസ്ഥാനപരമായി തെറ്റാണു്. സ്ത്രീകൾക്കു് സന്താനമുണ്ടാകണമെന്ന ആശ ജീവശ്വാസത്തോളം അടിയുറച്ചതാണു്; ശരിതന്നെ. പക്ഷേ അതിന്റെ മാത്രമായ പുരുഷസംസർഗ്ഗം ക്രൂടിയേ തീരൂ എന്നില്ലെന്നു കരുതുന്നതു കണ്ണടച്ചു് ഇരുട്ടാക്കുകയായിരിക്കും. ഒരു സ്ത്രീയും ഈ കൃത്രിമപരിപാടികൊണ്ടു് തൃപ്തിപ്പെടുകയില്ല. ജീവനും മാംസവുമുള്ള പുരുഷൻ ക്രൂടിയേ കഴിയൂ.

വിവാഹത്തിനു മാർഗ്ഗംലഭിക്കാത്ത ഈ സ്ത്രീകൾ സപത്നികളോ, വെപ്പാട്ടികളോ, വേശ്യകളോ, കന്യാസ്ത്രീകളോ എന്താകണം? ഇന്നത്തെ സാമൂഹ്യഘടനയ്ക്കും സദാചാരനിയമങ്ങൾക്കും ഉത്തരവാദികളായവർ ഉത്തരം പറയണം. നാളെ അവരെയെല്ലാം ഒന്നടങ്കം ദുരാചാരക്കാരെന്നു വിളിച്ചു് ഭ്രഷ്ട്കല്പിച്ചിട്ടു ഫലമില്ല. അവരല്ല, ഇന്നത്തെ തലതിരിഞ്ഞ അവസ്ഥയ്ക്കു് ഉത്തരവാദികൾ. യുദ്ധവും സദാചാരനിയമങ്ങളും ഉണ്ടാക്കാൻ അധികാരം കൈയേറിരിക്കുന്നവരാണതിനു മറുപടി പറയേണ്ടതു്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ പ്രശ്നമല്ല എന്നു ഗണിക്കുന്നവരുണ്ടാകും. കുരുക്ഷേത്രത്തിൽവച്ച് അർജ്ജുനൻ കൃഷ്ണനോട് ചോദിച്ച സംശയങ്ങൾ വായിച്ചുകഴിഞ്ഞു് ആ അഭിപ്രായം ഉറപ്പിച്ചാൽ മതി. അതു പഴയകഥയാണെന്നു വിചാരിക്കേണ്ട. ഇന്ത്യ സമാധാനത്തിനാശിക്കുന്ന രാജ്യമാണു്. എങ്കിലും പട്ടാളത്തിലേയ്ക്ക് ആളെടുപ്പു തകൃതിയായി നടക്കുന്നുണ്ടല്ലോ. അപ്പോൾ ഇനിയും യുദ്ധമുണ്ടായേക്കാം എന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. രാജ്യരക്ഷയെന്നോ, അഭിമാനസംരക്ഷണമെന്നോ, അഭ്യന്തരകലഹമെന്നോ അങ്ങനെ എന്തൊഴികഴിവുപറയുന്നതുകൊണ്ടും പ്രയോജനമില്ല. എല്ലാ യുദ്ധങ്ങളിലും ഓരോകക്ഷിക്കും നീതീകരണമുണ്ടായിരിക്കും. ഇവിടെ ഫലംമാത്രമേ നോക്കേണ്ടതുള്ളൂ. ഇനിയും യുദ്ധം നടന്നേക്കാം. പുരുഷന്മാർ ലക്ഷക്കണക്കിനു മരിച്ചേക്കാം. അപ്പോൾ സ്ത്രീകളെ എന്തു ചെയ്യണം?

അതിനു മറുപടി കൊടുക്കാതിരുന്നാൽ മറെറാരു വിപ്ലവത്തിനു സ്വാഗതം പറയേണ്ടിവരും. അതു സാധാരണ വിപ്ലവങ്ങൾപോലെയായിരിക്കയില്ല. എങ്കിലും ക്രൂരതൽ ശക്തിമത്തായിരിക്കും. അവിവാഹിതനും നിരാശരും ആയ ഒരു വലിയവിഭാഗം സ്ത്രീകൾ അവരുടെ ചിന്താഗതികൊണ്ടുതന്നെ ഇന്നു് അംഗീകരിക്കപ്പെട്ടിരിക്കുന്ന എല്ലാ മൂല്യങ്ങളേയും മാറിമറിക്കും. അതിൻറെ അവസാനഫലമെന്തെന്നു് കണ്ടുതന്നെ അറിയണം.

പുരുഷനായാട്ട്

"സ്ത്രീ വേശ്യയാണു്."

അതിശയോക്തിനിറഞ്ഞ തന്റെ അഭിപ്രായങ്ങൾ സന്ദർഭംനോക്കാതെ തട്ടിമൂളിക്കുന്നതിൽ കൃപ്രസിദ്ധിയാർജ്ജിച്ച ആ ചെറുപ്പക്കാരൻ പറഞ്ഞു. അതിനു മറുപടിയെന്നോണം അ സംഘത്തിൽനിന്നയൻ പ്രതിഷേധം അയാളെ ഒട്ടൊന്നു ഭയപ്പെടുത്തിയെന്നുമാത്രമല്ല; താനറിയാതെ ഏതോ ഒരു മഹൽതത്വം താൻ പ്രഖ്യാപിച്ചുപോയിയെന്നു് അയാളെക്കൊണ്ടു് ചിന്തിപ്പിക്കുകയും ചെയ്തു.

ആ പ്രതിഷേധപ്രളയത്തിലെ മുഖ്യഇനങ്ങളുടെ പട്ടിക നീണ്ടഒന്നാണു്—വളരെ നീണ്ടതു്. (വിഷയവുമായി കായ്മായ ബന്ധമൊന്നുമില്ലെങ്കിലും) ഈയാൾ ഒരു സ്ത്രീവിദ്വേഷിയാണു്! അതാണു് ഒന്നാമത്തേതു്. ശരി. അതിനു് വിരോധമില്ല. പിന്നെ? ഈയാളെ ഏതോ ഒരു പെണ്ണു് കുരുക്കിലാക്കിയിട്ടുണ്ടു്! അങ്ങനെയെങ്കിൽ അതു വാദത്തിനു് ഉപോൽബലകമായ ഒരു വസ്തുതമാത്രം. (മറെല്ലാവരും സ്ത്രീയിൽനിന്നു് മുക്തി നേടിയവരാണെന്നു് സങ്കല്പിച്ചാൽതന്നെയും) ഈയാൾ ഒരു സ്ത്രീസ്വാതന്ത്ര്യവിരോധിയാണു്. ആ ആരോപണവും സ്വീകാര്യമാണു്. ഇപ്പോൾത്തന്നെ ആവശ്യത്തിലധികം സ്വാതന്ത്ര്യമവക്കുണ്ടെന്നാണയാളുടെ പക്ഷം. അങ്ങനെ നീണ്ടുപോകുന്ന ആ പട്ടികയുടെ അവസാനത്തേതു് "ഈയാൾ

ഒരു അധപ്പതനവാദിയാണു്!'' എന്നാണു്. അതിന്റെ അർത്ഥം മനസ്സിലായില്ല. അതുകൊണ്ടു് അതു തള്ളുന്നുമില്ല. കൊള്ളുന്നുമില്ല.

'വേശ്യ' എന്ന പദത്തിനു് യാതൊരധമത്വവും കല്പിച്ചുകൊണ്ടല്ല, ആ ചെറുപ്പക്കാരൻ സംസാരിച്ചതു്. ഒരുദിവസത്തെ ഭക്ഷണത്തിനുവേണ്ടി പുരുഷനെ തേടി നടക്കുന്ന സ്ത്രീയും, തന്റെയും തന്റെ കുട്ടികളുടെയും ആ ജീവനാന്തസംരക്ഷണത്തിനുവേണ്ടി പുരുഷനെ വേട്ടയാടുന്ന സ്ത്രീയും മനശ്ശാസ്ത്രപരമായി ഒന്നുതന്നെയണെന്നു മാത്രമാണയാൾ പറഞ്ഞതു്. അതിനു ക്ഷോഭിക്കാനൊന്നുമില്ല. ഇക്കാര്യത്തെപ്പറ്റി വിശ്വസാഹിത്യകാരന്മാരുടെ അഭിപ്രായഗതി ഒന്നു പരിശോധിക്കാം.

അതാവരുന്ന രണ്ടുപേർ. കാലഗണനയനുസരിച്ചു് അവർതമ്മിൽ ഏകദേശം രണ്ടായിരംവർഷം അന്തരമുണ്ടു്. പക്ഷേ ആശയപരമായി അവർ സഹജരാണു്. ഒരാൾ അനേകവേശ്യാലയങ്ങളുമായി നിരന്തരസമ്പർക്കം പുലത്തിയിരുന്നെന്നാണു് ഐതിഹ്യം. ഏതു് സന്ന്യാസാശ്രമത്തിൽ വളത്തിയാലും, "മന്മഥകഥാഗന്ധം" ഗ്രഹിക്കാതിരുന്നാലും, സ്ത്രീ ഒന്നു പ്രസവിച്ചേ അടങ്ങുകയുള്ളൂ എന്നാണദ്ദേഹത്തിന്റെ പ്രമേയം. അപരൻ ചെമ്പിച്ച തലമുടിയും നീണ്ട താടിയുമുള്ള ഒരു ഐറിഷ്യാക്കാരനാണു്. ഇപ്പോഴും ജീവിച്ചിരിക്കുകയും ചെയ്യുന്നു. അദ്ദേഹം "മനുഷ്യനും അതിമാനുഷനും" എന്നൊരു നാടകം രചിച്ചു. അതിമാനുഷനായിരുന്നിട്ടുപോലും അതിലെ നായകനെ ഒരു സ്ത്രീ ഓടിച്ചിട്ടുകെട്ടി.

ഡോൺജുവാനെപ്പററി (യൂറോപ്യൻസാഹിത്യത്തിലെ ഒരു സുപ്രസിദ്ധവിടൻ) ഒരു നാടകമെഴുതണമെന്ന് ഒരു സ്നേഹിതൻ ബർനാർഡ്ഷായോട് ആവശ്യപ്പെട്ടു. നിസ്സഹായരായ സ്ത്രീകളെവഞ്ചിച്ച് ചാരിത്രമപഹരിക്കുക എന്നതു് ഡോൺജുവാന് ഒരു പതിവുമാത്രമാണു്. ഈ സ്വഭാവത്തെയാണല്ലോ നാടകത്തിൽ അപഗ്രഥിക്കേണ്ടതു്. ഷാ വളരെ തലപുകഞ്ഞാലോചിച്ചു് നാടകമെഴുതിത്തീർത്തു. സ്ത്രീകളെ വേട്ടയാടുന്ന ഒരു പുരുഷനെ ചിത്രീകരിക്കുന്ന നാടകം എഴുതിത്തീർന്നുകഴിഞ്ഞപ്പോൾ നായകന് ലിംഗഭേദം വന്നിരിക്കുന്നു! എന്താണതിന്റെ കാരണം? അദ്ദേഹംതന്നെ വിശദീകരിക്കട്ടെ:—

"...അതിന്റെ ഫലമായി, ലൈംഗികഗുസ്തിയിൽ പുരുഷൻ ഡോൺജുവാനെപ്പോലെ വിജയി ആകുന്നകാലം കഴിഞ്ഞിരിക്കുന്നു."

അഥവാ, പുരുഷൻ സ്ത്രീയെ വേട്ടയാടുന്ന കാലം കഴിഞ്ഞിരിക്കുന്നു. ഇന്നു് സ്ത്രീ പുരുഷനെ വേട്ടയാടുകയാണു പതിവു്. അതും അദ്ദേഹം കാണുന്നുണ്ടു്:—

"...അവൻ എന്നെങ്കിലും വിജയി ആയിരുന്നോ എന്നതന്നെ സംശയമാണു്. ഏതായാലും സ്ത്രീയ്ക്കു് ഇക്കാര്യത്തിൽ സഹജമായിട്ടുള്ള ശ്രേഷ്ഠതാ ക്രൂരതൽക്രൂരതൽ ശക്തിമത്തായിത്തീരുകയാണു്."

സാധാരണ ഒരു സ്ത്രീയുടെ പ്രധാനതൊഴിൽ വിവാഹം കഴിക്കുക എന്നതാണെന്നു് ഷാ പറയുന്നു. അതുതന്നെയാണവളുടെ മതം, സന്മാർഗ്ഗം, തത്വശാസ്ത്രം, ദേശാഭിമാനം, പേരു്, പെരുമ, അഭിമാനം—എല്ലാം. വിവാ

ഹത്തിലേയ്ക്കും സന്തതൃല്പാദനത്തിലേയ്ക്കും എത്തിക്കുന്ന എന്തും അവർക്ക് സത്യമാണ്, സന്മാർഗ്ഗമാണ്. അതിനപുറമേയുള്ളതെല്ലാം മായ. സ്ത്രീ പുരുഷനെ വേട്ടയാടുകയാണ് ചെയ്യുന്നതെന്നതിന് ഷാ ഉദ്ധരിക്കുന്ന തെളിവുകൾ ഗണനീയമാണ്:—

"ഷേക്സ്പീയരുടെ നാടകങ്ങളിൽ സ്ത്രീയാണ് എപ്പോഴും മൻകൈ എടുക്കുന്നതു്. അദ്ദേഹത്തിന്റെ പ്രശ്നനാടകങ്ങളിലും പോപ്പുലർനാടകങ്ങളിലും ഒരുപോലെ ശൃംഗാരരസം പുരുഷനെ സ്ത്രീ വേട്ടയാടിപ്പിടിക്കുന്നതിന്റെ രസംതന്നെയാണ്. ചിലപ്പോൾ റോസാലിൻഡിനെപ്പോലെ അവനെ മയക്കിയായിരിക്കും, ചിലപ്പോൾ മറിയാനായേപ്പോലെ സൂത്രംകൊണ്ടും. പക്ഷേ എല്ലാക്രമയിലും ആണും പെണ്ണുംതമ്മിലുള്ള നില ഒന്നുതന്നെ. അവളാണ് പ്ലാനിടുന്നതും വേട്ടയാടുന്നതും അവനാണു വേട്ടയാടപ്പെടുന്നതും കശാപ്പുചെയ്യപ്പെടുന്നതും. അവൾ പരാജിതയായാൽ ഒഫീലിയായേപ്പോലെ ഭ്രാന്തുപിടിക്കുകയും ആത്മഹത്യ ചെയ്കയുംചെയ്യും. പുരുഷനോ, ശവസംസ്കാരവുംകഴിഞ്ഞു് നേരെ ഒരു വാരംപയറിന് പോവും!"

ഇതത്ര ലഘുവായ ഒരേർപ്പാടാണെന്നും ഷാ ഗണിക്കുന്നില്ല.

"പ്രകൃതിയുടെ ഏറ്റവും പ്രധാനകർമ്മം നടത്തുവാൻ അവൾക്ക് അവനെക്കൊണ്ടുള്ള ആവശ്യം, അവന്റെ എടുപ്പ് അവളുടെ ഉദ്ദേശസഫലതയെ ഉച്ചകോടിയിലെത്തിച്ചു് പതിഭക്തി പ്രേമം മുതലായ മാമൂൽ ഭൂഷണങ്ങൾ വലിച്ചെറിഞ്ഞു് അവരുടെ വ്യക്തിപരവും മർത്ത്യ

പരമായ ലക്ഷ്യങ്ങളെ അതിലംഘിക്കുന്ന ഒരുവന്റെ ലക്ഷ്യത്തിനുവേണ്ടി പ്രകൃതിയുടെ പേരിൽ അവൾ അവനെ അവകാശപ്പെടുന്നതുവരെ, വിജയിക്കുന്നില്ല."

ഈ ലക്ഷ്യത്തിനുവേണ്ടി സ്ത്രീ ചെയ്യുന്ന പ്രവൃത്തികളേപ്പറ്റി വളരെ വെറുപ്പോടുകൂടി സംസാരിക്കുന്നവരേപ്പറ്റി ഷായ്ക്ക് ചിലതു പറയുവാനുണ്ട്:—

"സാന്മാർഗ്ഗികമായോ ശാരീരികമായോ പുരുഷന്മാരേപ്പോലെ ശ്രദ്ധിഭ്രമക്കാരായിരുന്നാൽ മനുഷ്യവർഗ്ഗം അവസാനിച്ചുപോകുമെന്നതു് അവൾ കാണുന്നില്ല. അവശ്യമായ ജോലികൾ മറ്റുള്ളവരുടെമേൽ ഏറ്റിവച്ചിട്ട് അതിനെ വൃത്തികെട്ടതും ഹീനവുമാണെന്നുപറഞ്ഞു് അപഹസിക്കുന്നതിൽപരം നീചത്വമെന്താണു്?

ആരാണു് മുൻകൈ എടുക്കുന്നതു് എന്നതു് ഷാ പിന്നെയും പരിശോധിക്കുന്നുണ്ടു്.

"സ്ത്രീ മുൻകൈ എടുക്കുന്നില്ലെന്നുള്ള അഭിനയം ഈ പ്രഹസനത്തിന്റെ ഒരു ഭാഗമാണു്. എന്തു്, ലോകം മുഴുവനും പെണ്ണുങ്ങൾക്കു് ആണുങ്ങളെ പിടിക്കാനുള്ള കൂട്ടുകളും കതിരകളും, പൂട്ടുകളും, കുഴികളുംകൊണ്ടു് നിറഞ്ഞിരിക്കുകയാണു്.....സ്ത്രീ പ്രേമിക്കപ്പെടുന്നതുവരെ നിശ്ചലയായി കാത്തുനില്ക്കുണമെന്നാണു് വെയ്പു്. മാത്രമല്ല അവൾ നിശ്ചലയായി നില്ക്കുന്നുമുണ്ടു്. അങ്ങനെയാണു് ചിലന്തി ഈച്ചയെ നോക്കിയിരിക്കുന്നതും. പക്ഷേ ചിലന്തി വലകെട്ടുന്നുണ്ടു്. എന്റെ കഥാനായകനെപ്പോലെ ഈച്ച സ്വയം രക്ഷപ്പെടുവാൻതക്ക ഒരു ശക്തി പ്രദർശിപ്പിച്ചാൽ കാണാം, അവളുടെ വിന

യഭാവം എത്ര വേഗം അവൾ ഉപേക്ഷിച്ചു്, ഒന്നിനുപുറകേ ഒന്നായി ചരടുകൾ ഏറിഞ്ഞു് അവനെ എന്നേക്കുമായി ബന്ധനസ്ഥനാക്കുന്നതു്."

ഈ ഉദ്ധാരണങ്ങൾ എല്ലാം ഷായുടെ സ്വന്തം അവതാരികയിൽനിന്നാണു്. കാളിദാസന്റെ കാലത്തു് സ്വന്തം കാവ്യങ്ങൾ വിശദീകരിച്ചുകൊണ്ടു് തൽകർത്താക്കൾ അവതാരികയെഴുതുന്ന ഏർപ്പാടു് തുടങ്ങിയിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ ഈ ഉപന്യാസത്തിന്റെ കുറെ ഭാഗങ്ങൾ (കുറെക്കൂടി നല്ല ഭാഷയിൽ) കുമാരസംഭവത്തിന്റെ അവതാരികയിൽ കാണുമായിരുന്നു. എങ്കിൽ ലൈംഗികാസക്തി കൊടുമ്പിരിക്കൊണ്ട ഭക്തിവിഷയക്കാർക്കു് ആദരപൂർവ്വം പാരായണം ചെയ്യുവാനുള്ള ഒരു ഗ്രന്ഥമായി കുമാരസംഭവം അധഃപതിക്കുകയും ചെയ്യുമായിരുന്നില്ല.

കുമാരസംഭവത്തിന്റെ ഇതിവൃത്തം കുമാരസംഭവമാണു്. അതിൽ പുനരുക്തി ഒന്നുമില്ല. കുമാരൻ എന്നാ പേരു് സുബ്രഹ്മണ്യനു് കുത്തകയല്ലല്ലൊ. ഭൂമിയിലെ സകല കുമാരന്മാരും ഭ്രാതാരാകുന്നതു് സുബ്രഹ്മണ്യൻ ജനിച്ച രീതിയിൽത്തന്നെയാണു്. സുബ്രഹ്മണ്യൻ ജനിക്കുന്നതു് ഒരു അത്യാവശ്യമാണു്. വ്യക്തിപരമായി ക്രൂടിയേതീരു എന്നില്ല. സുബ്രഹ്മണ്യൻ ജനിച്ചില്ലെങ്കിലും ലോകം നടക്കും. പക്ഷേ കുമാരന്മാർ ജനിച്ചില്ലെങ്കിൽ മനുഷ്യവർഗ്ഗം അവസാനിച്ചുപോകും. "അസുരന്മാരെ കൊല്ലാൻ," എന്നു് കാളിദാസൻ ഒരനുബന്ധം കൂട്ടിച്ചേർത്തതു് പുരാണത്തെയും അന്നത്തെ ജനതയുടെ വിശ്വാസങ്ങ

ളെയും ആട്ടിരിച്ചുമാത്രമായിരുന്നു. ലോകഗതിയുടെ മൂലതന്ത്രം ജനനമാണു്. ആ സംഭവം നടത്താൻ ചുമതലപ്പെട്ടവരിൽ ഒന്നാം പേരുകാരിയാണു് സ്ത്രീ. എന്നാൽ പരസഹായം കൂടാതെ അവൾക്കു് അക്കാര്യം കഴിവില്ല. അതുകൊണ്ടു് അവൾ ഒരു പുരുഷനെ തേടിനടക്കുന്നു. അപ്പനേരത്തേയ്ക്കു മാത്രമേ അവൾക്കു് ഈ പരാധീനതയുള്ളൂ! പിന്നീടുള്ള ചുമതലകളെല്ലാം അവൾ സ്വയം നിർവ്വഹിച്ചുകൊള്ളും. തേനീച്ചക്കൂട്ടിലാണെങ്കിൽ ഈ ആവശ്യം നിർവ്വഹിച്ചുകഴിഞ്ഞാൽ പുരുഷവർഗ്ഗത്തെ മുഴുവനും അവർ കൊന്നുകളയുന്നു.

'ഇരുപത്തേഴു കുഴൈന്തകളുള്ള' കുചേലന്മാർ ചിലപ്പോൾ പറഞ്ഞേക്കാം, ഇതെല്ലാം തെറ്റാണെന്നു്. ഇക്കാര്യത്തിനു് പുരുഷനെ അത്രയധികം പ്രേരിപ്പിക്കേണ്ട ആവശ്യമില്ല എന്നാണവരുടെ പക്ഷം. ലൈംഗികമ്മത്തിനു് പുരുഷൻ വിമുഖനാണെന്നു് ഇവിടെ വാദമില്ല. എങ്കിലും താരതമ്യേന അവൻ സ്ത്രീയേക്കാൾ ഇക്കാര്യത്തിൽ ചുമതല കുറഞ്ഞവനാണെന്നു മാത്രമേയുള്ളൂ. സന്തതിപ്പാലനം പുരുഷനു് ഒരു വലിയ ഭാരമല്ല. സ്വയരക്ഷ, ആഹാരാന്വേഷണം ഇവയാണു് അവന്റെ പ്രാഥമിക പരിഗണനകൾ. മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയോടുകൂടി വിജ്ഞാനപോഷണവും ഇക്കൂട്ടത്തിലുൾപ്പെട്ടു. ലൈംഗികകാര്യങ്ങൾ അവനെ വളരെ ചുരുങ്ങിയ കാലംകൊണ്ടു സംതൃപ്തനാക്കുന്നു. (സാധാരണക്കാരന്റെ കാര്യം മാത്രമാണിവിടെ പറയുന്നതു്.) സ്ത്രീയുടെ കാര്യമാണെങ്കിൽ നേരെ മറിച്ചാണു്. അവളുടെ യഥാർത്ഥ ല

ക്ഷ്യം മാതൃതപമാണ്. ഈ ജന്മവാസനയുടെ പ്രേരണ ഉപബോധമനസ്സിലായിരിക്കാം കൂടുതലായി കാണുന്നതു്. എങ്കിലും ബോധപൂർവ്വമായാലും അല്ലെങ്കിലും വർഗ്ഗസന്ധാരണം അവളുടെ ചുമതലയാണെന്നൊരു അവ്യക്ത ചിന്തയും അതു് നിർവ്വഹിക്കാനുള്ള ഒരു സ്ഥിരനിശ്ചയവും അവളിലുണ്ടു്. അതിനു വേണ്ട ഉപകരണങ്ങളും (മാനസികവും ഭൗതികവും) പ്രകൃതി അവൾക്കു് ദാനം ചെയ്തിട്ടുമുണ്ടു്. ഇക്കാര്യത്തിൽ പരാജയപ്പെടുകയെന്നതാണു് സ്ത്രീയുടെ നിത്യനരകം. അതുകൊണ്ടുതന്നെയാണു് പ്രായമേറിയിട്ടും സന്താനസുഖം ലഭിക്കാത്ത സ്ത്രീകൾ (പ്രത്യേകിച്ചും അവിവാഹിതർ) ശാരീരികമായും മാനസികമായും അധഃപതിക്കുന്നതു്. ഇതിനെല്ലാം പുറമെ സ്ത്രീ അശുദ്ധയാണെന്നു പറഞ്ഞു് അകറ്റിനിർത്തുന്ന ഒരു പതിവും പുരുഷനുണ്ടു്. ആർത്തവം പ്രസവം മുതലായവ കൊണ്ടായിരിക്കാം പുരുഷനു് ഇങ്ങനെയൊരു കുറവു് ആരോപിക്കാൻ ഇടകിട്ടിയതു്. മനശ്ശാസ്ത്രപരമായി പുരുഷൻ ലൈംഗികവിഷയത്തിൽ അസ്ഥിരചിത്തനാണെന്നതുതന്നെയാണു് കാരണം. സ്ത്രീക്കു് ആത്മാവില്ലെന്നു് വിശ്വസിക്കുന്ന മതങ്ങളും ഗർഭിണികളെ പശുത്തൊഴിത്തിൽ താമസിപ്പിക്കുന്ന ആചാരങ്ങളുമെല്ലാം ഈ വെറുപ്പിന്റെ സന്താനങ്ങളാണു്. ഇങ്ങനെ സ്ത്രീ, പുരുഷനെ വേട്ടയാടിപ്പിടിക്കേണ്ട ഒരവസ്ഥ വന്നുചേരുകയാണു്. സംസ്കാരത്തിന്റെ വളച്ചുകെട്ടുകളിത്തന്നെയും കുഞ്ഞിനെയും സാമ്പത്തികമായി സംരക്ഷിക്കുക എന്നൊരു ചുമതലയും പുരുഷന്റെമേൽ വെച്ചുകെട്ടാൻ അവൾക്കു് ഭാ

വമുണ്ട്. അങ്ങനെ ശാരീരികമായും സാമ്പത്തികമായും പുരുഷനെ വേട്ടയാടാൻ നടക്കുകയാണ് സ്ത്രീയുടെ ജീവിതവൃത്തി. അതെ, അവൾ വേശ്യയാണ്.

ഇതു് സ്ത്രീവർഗ്ഗത്തെ മുഴുവനും അടച്ചാക്ഷേപിക്കുകയല്ലേ? ഷാ പറഞ്ഞതുപോലെ, ചുമതല ചെയ്യുതീക്കുക എന്നതു് ആക്ഷേപാർഹമാണെങ്കിൽ ഇതു് ആക്ഷേപംതന്നെയാണ്. ഇതൊന്നും കാപട്യത്തിലും അഭിനയത്തിലും അടിയുറച്ച നമ്മുടെ സന്മാർഗ്ഗനിയമങ്ങൾക്കനുസരണമല്ലായിരിക്കാം. മനുഷ്യനിർമ്മിതമായ യാതൊരുനിയമവും, ശ്രുചിതാബോധവും സ്ത്രീയെ അവളുടെ കർമ്മത്തിൽനിന്ന് വിരമിപ്പിക്കുകയില്ല.

ഉമയെത്തന്നെ നോക്കുക. കാട്ടുകയറി നടന്ന ഒരു പെൺകുട്ടി(അഥവാ പർവതപുത്രി)യുവാവായ ഒരു മുനിയെ കണ്ടെത്തുന്നു. ഈ വസ്തുതയോളം സ്ത്രീകൾ വെറുക്കുന്നതായി ലോകത്തിൽ മറെറാരു വസ്തുവില്ല. മടിയനായി സ്ത്രീ വിദ്വേഷിയായി, ഉപയോഗശൂന്യനായി ഇരിക്കുന്ന ഈ മനുഷ്യനു് ഭക്ഷണം മാത്രമാണ് ജീവിതലക്ഷ്യം. (ടാഗോറിന്റെ സന്യാസിയെ നോക്കുക. പ്രകൃതി അയാളോട്ടു് പകവീട്ടിയിട്ടേ അടങ്ങുന്നുള്ളൂ.)ആരോഗ്യവാനായ ഈ സന്യാസിയെ സ്ത്രീവർഗ്ഗത്തോടുതന്നെ ഒരു വെല്ലുവിളിയായി പാർവതി ഗണിച്ചിരിക്കാം. അവൾക്കാണെങ്കിൽ പ്രകൃതിയുടെ പ്രചോദനം അനിഷേദ്ധ്യമായി പ്രകടമാക്കുന്നുമുണ്ട്. ഇതൊന്നും കാളിദാസൻ ഉദ്ദേശിച്ചിട്ടില്ലെന്നു പറഞ്ഞു് അദ്ദേഹത്തെ അവമാനിക്കുന്നതു കഷ്ടമാണ്. ഒന്നാംരംഗത്തിൽതന്നെ പാർവതിയെ ദിഗംബരയാക്കി

നിത്തി ഒരു വണ്ണാനടത്തുന്നതു് വെറുംസരസത്തത്തിനുവേണ്ടിയാണെന്നു വിശ്വസിക്കാൻ പ്രയാസം. പോരെങ്കിൽ അവിടെ തുറന്നു പറഞ്ഞിട്ടുണ്ടല്ലോ പാവ്വതി പരമേശ്വരനെ വശീകരിക്കുവാൻ കച്ചകെട്ടിയിരിക്കുകയാണെന്നു്. സ്ത്രീയുടെ ആവനാഴിയിൽ ചരിത്രാതീതകാലം മുതൽ കാണാവുള്ള പല ആയുധങ്ങളും പാവ്വതി പ്രയോഗിക്കുന്നുണ്ടു്. ആദ്യത്തെ അമ്പു് വളരെ ലഘുവായ ഒന്നാണു് മന്മത. അടുത്തുചെന്നു് പൂജയ്ക്കുവേണ്ട പുഷ്പങ്ങളും മറ്റും ഇറുത്തുകൊടുത്തു് സ്നേഹം സമ്പാദിക്കുക. അങ്ങനെ ഒരു ദാസീഭാവം അഭിനയിച്ചു് വശീകരിക്കാനാണു് ഭാവം. ഇതുയുംകൊണ്ടുതന്നെ ഒരു സാധാരണക്കാരന്റെ മനസ്സിളകുമെന്നും കാമചേഷ്ടകൾ കാണിച്ചുതുടങ്ങുമെന്നും അവൾ വിചാരിച്ചുകാണും. പക്ഷേ പരമേശ്വരൻ സാധാരണക്കാരനായിരുന്നില്ല. തീയുടെ മുമ്പിൽ വെണ്ണയുരുകുന്നതുപോലെ ആരോഗ്യവാന്മാക്കു് സ്ത്രീസാമീപ്യത്തിൽ ശൈലംഗികതപം ജൃംഭിക്കുകയില്ല. പാവ്വതി പരാജിതയായി. പക്ഷേ പിന്മാറിയില്ല. അതവരുടെ വർഗ്ഗത്തിനേ ഇല്ലാത്ത ഒരേർപ്പാടാണു്. അവൾ അടുത്ത അടവെടുക്കുകയായി. പാശ്ചാത്യ മനഃശാസ്ത്രജ്ഞന്മാർ ഇതിനു് 'എക്സിബിഷനിസം' എന്നാണു് പേരിട്ടിരിക്കുന്നതു്. ഇതു് വളരെ പ്രചാരമുള്ള ഒന്നാണത്രെ. ഏറ്റവും "ലജ്ജാലു"ക്കളായ സ്ത്രീകൾക്കാണു് ഇതിന്റെ കുത്തകാവകാശം. ലജ്ജയാണിതിന്റെ പ്രധാന ചടങ്ങു്. തങ്ങളുടെ സൗന്ദര്യം അന്യർ കാണുന്നതു ദുസ്സഹമാണെന്നാവർ അഭിനയിക്കും. പക്ഷേ എന്തെങ്കിലും 'യാദൃച്ഛിക'മായി സം

ഭവിച്ചുപോയാൽ അതിൽ തങ്ങൾ നിരപരാധികളാണെന്നു സ്ഥാപിക്കാൻ അവർ നിഷ്കൃഷ്ടിക്കും. സന്ന്യാസിയുടെ തേവാരവും, വനതടിനികളും, ഒന്നാംരംഗത്തിലെ വർണ്ണനയും എല്ലാംകൂടി നോക്കിയാൽ പാവ്വതിയുടെ നാണം അപകടത്തിലായതായിട്ടാണ് ഗണിക്കേണ്ടതു്. ഇത്തവണ പാവ്വതിയുടെ ആയുധം ഫലിച്ചു. കാമദേവന്റെ അസ്ത്രം വന്നതറിച്ചു. അഥവാ പരമശിവൻ ആകെയൊന്നു് കോരിത്തരിച്ചു. മാംസംകണ്ട നായേപ്പോലെ നാക്കും പുറത്തിട്ട്, തപസ്സുമിട്ടെറിഞ്ഞുവരുന്ന ആ ജടാധാരിയെ "കാമദഹനം" നൃത്തം കണ്ടിട്ടുള്ളവരാരും മറക്കുകയില്ല. പക്ഷേ കായ്വും അല്പം അതിരുകടന്നുപോയി. ഇളിഭ്യനായഭാവത്തിൽപരമേശ്വരൻ ശുണ്ഠിപിടിച്ചിരുപ്പായി. പാവ്വതിയുടെ കായ്വും പിന്നെയും കുഴപ്പത്തിൽ. ഉള്ളനാണവും മാനവും കൈവിട്ടുപോയി. ഒരു പുരുഷന്റെ പുറകേ നടന്നിട്ട് പുറകോട്ട് പോകാമോ? പുരുഷനാണെങ്കിൽ കാമദേവനെ ചുട്ടകരിച്ചിട്ട് മുരുമുരുത്തുകൊണ്ടിരിക്കുന്നു. സംബന്ധക്കായ്വത്തിൽ ഒരു ശ്രദ്ധയുമില്ലെന്നു തോന്നും. പാവ്വതിയുടെ തലയ്ക്കു തീപിടിച്ചു. സത്യാഗ്രഹവും ആരംഭിച്ചു.

കരഞ്ഞു് കായ്വും നേടുകയെന്നതു് പണ്ടേ പതിവാണല്ലോ. പാവ്വതിയാണെങ്കിൽ ഒരസാധാരണക്കാരിയാണു്. തപസ്സ് ശിവന്റെ തപസ്സിനെക്കാൾ കട്ടകട്ടി. അതുപോലുള്ള സ്ഥിരനിശ്ചയം ഒരിക്കലും പരാജയപ്പെടാറില്ല. തപസ്സുകൊണ്ടു് മെലിഞ്ഞുണങ്ങിയ ആ ശരീരം ഗർഭത്തോടുകൂടിമാത്രമാണു് പുഷ്ടിപ്രാപിക്കുന്നതു്. നശീകരണത്തിന്റെ ദൃശ്യരൂപമായ സന്ന്യാസിത്തം തകർന്നു.

ജീവനും പ്രകൃതിയും വിജയിച്ചു. കുമാരൻ ജനിച്ചു. സാധാരണഭാഷയിൽ പറഞ്ഞാൽ ഒരു കുട്ടിയുണ്ടായി. അങ്ങനെ നിരവധി ദുർഘടങ്ങളെ സ്ത്രീയുടെ സഹകരണത്തോടുകൂടി തരണംചെയ്ത് പ്രകൃതി മുന്നോട്ടുപോകുന്നു. കുമാരസംഭവകഥ സമാപ്തമായി.

പക്ഷേ സ്ത്രീ അവിടെ നിറുത്തുന്നില്ല. നായാട്ട് അവളുടെ തൊഴിലാണ്. അവൾ പിന്നെയും പുരുഷനെ തേടി മുമ്പോട്ടുതന്നെ!

പ്രേമം ഒരു സിദ്ധിയാണ്

ഒരു വിഷമപ്രശ്നം

എഴുതാൻ നാണിക്കേണ്ട ഒരു വിഷയമാണതു്. മാന്യന്മാരാരും ഇക്കാര്യമൊന്നും പുറത്തു പറയാറില്ല. സ്ത്രീശരീരത്തെ സംബന്ധിക്കുന്ന കാര്യമാകയാൽ മതത്തിനു് അതു തൊട്ടുകൂടാ. പ്രേമം മനുഷ്യനെ കമ്മ്വിമുഖനാക്കുന്നതുകൊണ്ടു വിപ്ലവക്കാക്കു് അതിനെ വെറുപ്പാണു്. മതവുംവിപ്ലവവും, അല്ലെങ്കിൽ അവയിൽ ഏതെങ്കിലുമൊന്നു് അംഗീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യാത്തയാതൊന്നിനും നിലനില്ക്കാൻ അവകാശമില്ല. അതിനെപ്പറ്റി എഴുതുകയോ പറയുകയോ ചെയ്യുന്നതു് യാഥാർത്ഥ്യത്തിൽനിന്നുള്ള ഒളിച്ചോട്ടമാണു്. അതിലകപ്പെടുന്നതോ, ഒരു ചാവുദോഷവും. ഇങ്ങനെയിരിക്കുന്നതിനിടയ്ക്കു് ഒരാൾ കടന്നുവന്നു് പ്രേമത്തെപ്പറ്റി അഭിപ്രായപ്രകടനം നടത്താനും, എന്നല്ല അതിനെ പുകഴ്ത്താനും ഭാവിച്ചാൽ അതു കല്ലേറു കൊള്ളാനുള്ള സുഖംകൊണ്ടായിരിക്കണം. അതുമല്ലെങ്കിൽ തലതിരിഞ്ഞ ഒരഭിപ്രായം പറഞ്ഞു് ബർനാഡ്ഷായാകാം എന്ന വ്യാമോഹംകൊണ്ടായിരിക്കാം. ഇതൊന്നുമല്ലെങ്കിൽ പിന്നെ എന്താണെന്നു പറയാൻ വിഷമമാണു്.

ഇത്രയൊക്കെ പരാതി പറയാൻ മാത്രം പ്രതിബന്ധങ്ങൾ പ്രേമത്തിനു നമ്മുടെ സമുദായത്തിലും സംസ്കാരത്തിലുമുണ്ടോ? ഇതിനെ ഇത്രയധികം മുഴുപ്പിച്ചു കാണി

ക്കുന്നതു സ്വന്തം പ്രേമനൈരാശ്യത്തിന്റെ പ്രതിഫലനമല്ലാതെ മറെറാന്നുമായിരിക്കാനിടയില്ല. അങ്ങനെയുമുണ്ടാകാം ഒരുപക്ഷം.

കാശിനും കാമത്തിനും അപ്പുറത്തു്

എങ്കിലുംകേരളത്തിലെ ഹിന്ദുവിന്റേയും ക്രിസ്ത്യാനിയുടേയും പാരമ്പര്യത്തിൽ പ്രേമമെന്നൊരു വസ്തു കണ്ടുകിട്ടുക സാദ്ധ്യമല്ല. അഥവാ ഉണ്ടെങ്കിൽത്തന്നെ ശ്രീകൃഷ്ണന്റെ പ്രേമംപോലെയുള്ള ഒരുവക ബഹുജനപ്രസ്ഥാനം മാത്രമാണതു്. അരഡസൻ വേളിയും അതിന്റെ ഇരട്ടി സംബന്ധവുംകൊണ്ടു നടന്ന നമ്പൂതിരിക്കു പ്രേമത്തെപ്പറ്റി വളരെയൊന്നും പറയാനുണ്ടായിരിക്കുകയില്ല. കാമം ഭാര്യയ്ക്കും സ്നേഹം സഹോദരിക്കും പങ്കിട്ടുവച്ചിരുന്ന പണ്ടത്തെ നായർസംസ്കാരത്തിലും പ്രേമത്തിനു വലിയ പ്രസക്തിയൊന്നുമില്ല. ക്രിസ്ത്യാനിയുടെ കഥയാണെങ്കിൽ ഇതിലും കഷ്ടമാണു്. നിയമപ്രകാരം വിവാഹം അനുവദനീയമാണെങ്കിലും മാനസികാന്തരീക്ഷം അതിനെ അനാശാസ്യമായിത്തന്നെ ഗണിക്കുന്നു. സാമ്പത്തികക്രമീകരണമെന്നതൊഴിച്ചാൽ ഈ വർഗ്ഗങ്ങളിലെല്ലാം സ്ത്രീപുരുഷസംയോഗമെന്നതിന്റെ അർത്ഥം സംഭോഗം മാത്രമാണു്. അതിനു വികാരപരമായ യാതൊരു വ്യംഗ്യവുമില്ലെന്നു മാത്രമല്ല സന്താനോല്പാദനംക്രൂടി അവിടെ പരിഗണനാർഹമല്ല. സ്ത്രീധനം ലഭിക്കുന്ന വർഗ്ഗക്കാരുടെ ഇടയ്ക്കു് പുരുഷസന്താനത്തിന്റെ ജനനം കച്ചവടപരമായി വിലമതിക്കപ്പെടുന്നുണ്ടെന്നു സമ്മതിക്കാം. എങ്കിലും സ്ത്രീയും പുരുഷനും തമ്മിൽ ചേരുന്നിടത്തു് ഒരു തരിപ്പില്ലാതെ

മറെറാന്നുമില്ല. സംഭോഗസമയത്തല്ലാതെ ഭാര്യാഭർത്താ ക്കന്മാർ അടുത്തടുത്തു കിടക്കുന്നതു മഹാപാതകമായി ഗ ണിക്കുന്നവരുണ്ടെന്ന് ഒരു സ്നേഹിതൻ പറഞ്ഞു. അതു ശരിയായാലും അല്ലെങ്കിലും, ഭാര്യാഭർത്തൃബന്ധത്തിൽ കാ മത്തിനും കാശിനുമപ്പുറമായി എന്തെങ്കിലുമുണ്ടെന്നു വി ശ്വസിക്കാൻ നമ്മുടെ സംസ്കാരത്തിനെറ ഒരു പരിശോ ധകനു കഴിയുന്നതല്ല. നാടോടിപ്പാട്ടിലും മറവു പഴയ കലകളിലും പണ്ടെങ്ങോ ഒരുകാലത്തു പ്രേമം ഒരു ആദർ ശമായി ഗണിച്ചിരുന്നുവെന്നു വിചാരിക്കാനുള്ള വകകാ ണുന്നുണ്ട്. പക്ഷെ ആധുനികചരിത്രത്തിൽ അതിനു പറയത്തക്ക സ്ഥാനമൊന്നുമില്ല. ആ പദം പ്രയോഗി ക്കപ്പെട്ടുന്നില്ലെന്നല്ല വിവക്ഷ. ഏകഭാര്യാവ്രതവും ഏക ഭർത്തൃവ്രതവും ഉൾക്കൊള്ളുന്ന ഒരു സംസ്കാരമായി അ തിനെ അംഗീകരിച്ചിട്ടില്ലെന്നു മാത്രം.

സഹസ്രാബ്ദങ്ങൾക്കു ശേഷം നാം കണ്ടെത്തുന്നു

മനുഷ്യനെറ സഹസ്രാബ്ദങ്ങളിലൂടെയുള്ള പ്രയാ ണത്തിൽ പ്രേമത്തിനെറ ഉത്ഭവവും വളച്ചയും പ്രധാന മെങ്കിലും സുഗ്രഹമായ ഒരു ഘടകമാണ്‌. പ്രേമത്തി നെറ ഒരംശമായ ശാരീരികവേഴ്ച ജീവിവർഗ്ഗത്തോളംത ന്നെ പഴക്കമുള്ളതാണ്‌. വണ്ടുകൾ അടുത്തു വരുമ്പോൾ ദലങ്ങൾ മാറിക്കൊടുക്കുന്നു; പൂമ്പൊടിയെ സ്വാഗതം ചെയ്യാൻ തയ്യാറായി കീലാഗ്രം ഉയർന്നുവരികയും ചെയ്യു ന്നു. ആ ചെടിക്ക് ആരും വാത്സ്യായനസൂത്രം ഉപദേ ശിച്ചതായിട്ടറിവില്ല. എങ്കിലും ആ സൃഷ്ടികർമ്മം അവി ടെ നടന്നു. അതു കണ്ടിട്ട് അതാണു ജീവനെറ അടിസ്ഥാ

നതത്വം എന്നു വിശ്വസിച്ചുപോകുന്നവനെ മൂഢനായി ഗണിക്കാൻ ഞാൻ തയ്യാറില്ല. ഈ സംഭവത്തിൽനിന്നു് അടിസ്ഥാനപരമായി മാറ്റമുള്ള ഒന്നായിരുന്നില്ല ആദ്യകാലങ്ങളിലെ സ്ത്രീപുരുഷസംയോഗം. അതുതന്നെ ഒരു വഴ്ത്തിൽപ്പെട്ട മൃഗങ്ങൾ തമ്മിൽത്തന്നെയായിരുന്നു എന്നു തെളിയിക്കുവാനും വിഷമമാണു്. ഈ നിലയിൽനിന്നു് അനേകായിരം സഹസ്രാബ്ദങ്ങൾക്കു ശേഷം സ്ത്രീപുരുഷസംയോഗത്തിൽ ശാരീരികമല്ലാത്ത എന്തോ ഒരു വികാരംകൂടി കടന്നുകൂടിയതായി നാം കണ്ടെത്തുന്നു. ജീവകാലമെല്ലാം, രണ്ടു വ്യക്തികൾ മാറാതെ ഒരുമിച്ചു ജീവിക്കുന്നതും കുട്ടികളെ രക്ഷിക്കുന്നതുമെല്ലാം ഉണ്ടായി. ഈ വികാരത്തിന്റെ ഉത്ഭവത്തിനു ശേഷമാണോ കുടുംബസ്ഥാപനമുണ്ടായതു്, അതോ കുടുംബത്തിനു ശേഷമാണോ പ്രേമമുണ്ടായതു് എന്നു കായ്യം തീച്ചയില്ല. ഏതായാലും ഇന്നു് അതു്, അതിൽത്തന്നെ അത്ഭുതകരമായ ഒരാനന്ദാനുഭൂതിയായിത്തീർന്നിട്ടുണ്ടു്.

ഇതെങ്ങനെ വന്നു?

അതിനപ്പുറം ഒരു ലക്ഷ്യമില്ലാതെ ആത്യന്തികമായ ഒരനുഭൂതിയാണു് പ്രേമം. വിവാഹവും സന്താനോല്പാദനവും ഇല്ലെങ്കിൽപോലും അതിനു് സ്വയം നിലനില്ക്കാൻ കഴിയും. ഇതൊരു റൊമാൻറിക്കു് ആശയമാണു്. എങ്കിലും എമിലിസോളിയുടെ "നാനാ"യിൽ പതിനെട്ടുവയസ്സു കഴിയാത്ത ആ പ്രഭുകുമാരൻ പ്രകടിപ്പിക്കുന്ന വികാരം വിശകലനം ചെയ്യുനോക്കിയാൽ ക്ഷണഭംഗുരമല്ലാത്ത എന്തോ ഒന്നു് അതിൽ കണ്ടെത്തുവരാം. അവ

സാനമായി പരാജയപ്പെട്ടാൽപോലും ആദ്യകാലങ്ങളിലെ ആനന്ദത്തെ ഇല്ലായ്മചെയ്യുവാൻ യാതൊരു ശക്തിയ്ക്കും കഴിവില്ലല്ലോ. ശാശ്വതതത്വം മാത്രമെന്നു ഗണിക്കുന്നവർക്ക് ഹിമാലയംപോലും അംഗീകരിക്കുവയ്യാ. അതും മാറുന്നുണ്ട്.

നമ്മുടെ സാഹിത്യത്തിൽ പ്രതിഫലിച്ചുകാണുന്ന പ്രേമം യാതൊരാകൃതിയുമില്ലാത്തതാണ്‌. യഥാർത്ഥ ജീവിതത്തിൽനിന്ന് ഉൗരിയെടുക്കാത്ത യാതൊരു പ്രത്യക്ഷരൂപവും കലാരംഗത്തു ശോഭിക്കുകയില്ല. നമ്മുടെ സാമൂഹ്യജീവിതത്തിൽ, സ്ത്രീപുരുഷന്മാരുടെ പരീക്ഷണങ്ങളൊഴിച്ചാൽ പ്രേമകഥകൾ വിരളമാണ്‌. എങ്കിലും സാഹിത്യത്തിൽ പ്രേമകഥകളുണ്ടുതാനും. ഇതെങ്ങനെ വന്നു? പാശ്ചാത്യസാഹിത്യവുമായുള്ള ഇടപഴകലിൽനിന്ന് ലഭിച്ച പ്രചോദനമാണിതിന്റെ മൂലം. നമ്മുടെ സമുദായം പൊതുവേ പ്രേമത്തിന്റെ നിലവരെ വളർന്നിട്ടില്ല. ബുദ്ധിജീവികളാണെങ്കിൽ വളരെ മുമ്പോട്ടു പോവുകയും ചെയ്തു. ഇങ്ങനെയാണ്‌ ഇവിടത്തെ കലയും യാഥാർത്ഥ്യവുംതമ്മിൽ വൈരുദ്ധ്യമുണ്ടായതു്.

നാം അത്രമാത്രം പുരോഗമിച്ചിട്ടില്ല

സമുദായം പൊതുവേ പ്രേമംവരെ വളർന്നിട്ടില്ല എന്നു പറഞ്ഞുവല്ലോ. എന്താണതിനു ന്യായം? ഇവിടെ അനേകം ചെറുപ്പക്കാർ പെൺകുട്ടികളേയുംകൊണ്ടോളിച്ചോട്ടമുണ്ട്; മറിച്ചും. ഇവിടെ അവിശ്വസ്തകളായ ഭാര്യമാരെ ഭർത്താക്കന്മാർ കൊന്നിട്ടുണ്ട്. 'ഒരു കയറിൽതൂങ്ങി രണ്ടുമരണം' എന്ന് വർത്തമാനപ്പത്രങ്ങളിൽ അച്ചടി

ക്കാറുണ്ട്. പ്രേമവഞ്ചകികളും വഞ്ചകന്മാരും സുലഭമായിട്ടുണ്ട്. പ്രേമലേഖനമെഴുത്ത് ഒരു കലയാക്കിത്തീർത്തവരുണ്ട്. അരലക്ഷം ആളുകൾ രമണൻ മനപ്പാഠമാക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ടെന്തേ ഇവിടെ പ്രേമമില്ലെന്നുപറയാൻ? പ്രേമമില്ലെന്നു പറഞ്ഞില്ല. പ്രേമം ഒരു സംസ്കാരമായി സമുദായം അംഗീകരിച്ചിട്ടില്ലെന്നു മാത്രമേ പറഞ്ഞുള്ളൂ. പ്രേമത്തെ അംഗീകരിക്കുവാൻ മാത്രം ഇവിടെയുള്ള ഇരുകാലിവർഗ്ഗം പുരോഗമിച്ചിട്ടില്ലെന്നും. മറെറാരുതരത്തിൽപറഞ്ഞാൽ നാം ഇതുവരെ കിരാതാവസ്ഥയെ കവച്ചുകടന്നിട്ടില്ലെന്നർത്ഥം. എന്താണതിനു തെളിവു്? രണ്ടെണ്ണംമാത്രമേയുള്ളൂ. ഒന്നു്, ധൂമകേതുക്കൾപോലെ പ്രേമകഥകൾ ആവിർഭവിക്കാറുണ്ടെങ്കിലും സമുദായത്തിൻെറ ഭ്രരിപക്ഷം—അതായതു് സമുദായത്തിൻെറ പൊതുവായ അഭിപ്രായം—അതിനെ ന്യായമായ ഒരു നടപടിയായി അനുവദിച്ചിട്ടില്ല. ഏതെങ്കിലും ഒരു പുരുഷനും സ്ത്രീയുംതമ്മിൽ പ്രേമമാണെന്ന വർത്തമാനം ഇന്നു് അപവാദങ്ങളുടെ പട്ടികയിലാണു പെടുന്നതു്. കുതിരയുടെ കൊമ്പുവന്നതുപോലെയുള്ള ഒരനാവശ്യമാണതു്. ഭ്രാന്തിൻെറ അപകടമില്ലാത്തതും, എങ്കിലും അപഹാസ്യമായതുമായ ഒരു വകഭേദമാണു് പ്രേമം വിവാഹിതരാകാനുള്ള ആണും പെണ്ണും വിവാഹത്തിനു മുമ്പു് എപ്പോഴെങ്കിലും പരസ്പരം കണ്ടിട്ടുണ്ടായിരിക്കുക എന്നതു് സദാചാരവിരുദ്ധമാണു്. മാതാപിതാക്കന്മാർ ചേർന്നു് വിവാഹം നടത്തുകയും അതിനെമാത്രം അംഗീകരിക്കുകയും ചെയ്യുന്ന ഒരു സമുദായം പ്രേമത്തെ അംഗീകരിച്ചുവെന്നു പറയുക വയ്യല്ലോ. പ്രേമമെന്താണെന്നു് വ

ളരെപ്പേക്ക്‌ നിശ്ചയമില്ലെന്നുള്ളതാണ്‌ രണ്ടാമത്തെ തെളിവ്‌. ഇതു പദത്തിന്റെ അർത്ഥത്തെപ്പറ്റി ഉള്ളതാണെങ്കിലും സാഹിത്യപരമായ ഒരു പ്രശ്നമല്ല. ഭാര്യാഭർത്താക്കന്മാർതമ്മിൽ പ്രേമമുണ്ടെന്നു പറയുന്ന ഒരു പതിവു നമുക്കില്ല. വ്യഭിചാരത്തിന്റെ എണ്ണമറ്റ സകല രൂപങ്ങൾക്കും പൊതുവേ ഉപയോഗിക്കുവാനുള്ള ഒറ്റവാക്ക്‌ പ്രേമമെന്നതാണു്‌. അപൂർവ്വം ചിലപ്പോൾ ഫലിതത്തിലും സാധാരണയായി ഗൗരവമായിട്ടുതന്നെയും പ്രേമമെന്ന വാക്ക്‌ ന്യായമല്ലാത്ത സകല സ്ത്രീപുരുഷബന്ധത്തിനും പ്രയോഗിക്കപ്പെട്ടുണ്ടു്‌. ഇങ്ങനെ ഒരു ദുരർത്ഥത്തിലുള്ള പ്രേമം സമുദായം അംഗീകരിച്ചിട്ടില്ലെന്നു തെളിയുന്നു. പോരെങ്കിൽ ഒന്നുരണ്ടുതരത്തിലുള്ള വ്യക്തികൾ ഇതിനെ ബോധപൂർവ്വം എതിർക്കുന്നുണ്ടു്‌. പലർക്കും അതിനുള്ള ഭാഗധേയമുണ്ടായിട്ടില്ല. ഉണ്ടായവരിൽത്തന്നെ പലർക്കും പരാജയങ്ങൾ അനുഭവിക്കേണ്ടിവന്നു. അവർ അതിനെ ഒരു വ്യാമോഹമായിട്ടും വിനയായിട്ടും ഗണിക്കുന്നു, മറ്റുചിലർക്കു പ്രേമത്തെ വെച്ചുപോറ്റാൻമാത്രമുള്ള മനുഷ്യത്വമില്ല. പ്രേമത്തിനു വളരാൻ വളരെ പശിമയുള്ള മണ്ണുവേണം. അതു തലയിലെ ചളിയാണെന്നു വിശ്വസിക്കുന്ന വിദ്വൽമന്മാർക്ക്‌ ഈ വിസ്മൃകളുടെ സ്വർഗ്ഗത്തിലേയ്ക്കു പ്രവേശനമില്ല. പഴമയുടെ അടിമകൾക്കും പ്രേമത്തെ അംഗീകരിക്കാൻ വിഷമമാണു്‌. ഇക്കൂട്ടരിൽ പലപ്പോഴും പ്രചാരകന്മാരും ഉണ്ടായിരിക്കും. അധികാരത്തിന്റെ വേദാന്തംമാത്രം മനസ്സിലാക്കുന്നവർ സമുദായം പ്രേമത്തിലേയ്ക്കു പുരോഗമിക്കുന്നതിനെ തടയും. ആദർശഭക്തി ക്രൂരതതന്നെ സമുദായത്തെ നന്നാക്കാൻ

കഴിയുമെന്നവർ വിശ്വസിക്കുന്നു. വ്യക്തി പ്രത്യേകമായി നന്നാവുക അസാദ്ധ്യമാണെന്നും മറ്റുള്ളവക്ക് പങ്കില്ലാത്ത ഒരാനന്ദം വ്യക്തിക്കനുഭവിക്കാനവകാശമില്ലെന്നും അവർ വിശ്വസിക്കുന്നു. ഫലമോ, വ്യഭിചാരംമാത്രം. നിയമവിധേയമായിട്ടുള്ള ഒരു സംസ്കാരം.

ദീർഘകാലത്തെ മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയിലെ ഏറ്റവും ഉൽകൃഷ്ടസിദ്ധിയാണ് പ്രേമം. അതിനു നിലനില്ക്കുവാൻ രക്തസാക്ഷികളുടെ അകമ്പടിവേണമെന്നുള്ളിടത്തോളംകാലം മനുഷ്യൻ മനുഷ്യനായിട്ടില്ല.

ചരിത്രവും വ്യക്തിയും

ചരിത്രത്തെ ഏതാനും അതിമാനുഷരുടെ വീരപരാക്രമങ്ങൾ അടങ്ങിയ ഒരു കഥാസഞ്ചികയായി വ്യാഖ്യാനിക്കുന്ന പതിവാണ് ഇന്നുള്ളതു്. ചരിത്രശാസ്ത്രത്തിന്റെ ഉത്ഭവരീതി തന്നെയാണ് ഈ സ്വഭാവവിശേഷത്തിന്റെ ഹേതു. അനന്തരതലമുറകളുടെ അറിവിനായി ചരിത്രം രേഖപ്പെടുത്തുന്ന രീതി താരതമ്യേന ആധുനികമാണ്. ഇന്നും ചരിത്രം ഒരു ശാസ്ത്രമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. എല്ലാ രാജ്യങ്ങളിലും, ഭരണകർത്താക്കന്മാരുടെ പ്രശസ്തിഭ്രമത്തിൽ നിന്നാണ് ചരിത്രം ഉത്ഭവിച്ചതു്. ചൈനയിലെ ചക്രവർത്തിമാരും, മുഗൾ സാമ്രാട്ടുകളും യൂറോപ്പിലെ രാജാക്കന്മാരും അവരുടെ ഭരണകാലത്തെ സംഭവങ്ങൾ പണ്ഡിതന്മാരെക്കൊണ്ടു് ലിഖിതപ്പെടുത്തിയതിന്റെ ഉദ്ദേശ്യം ഇതുതന്നെയായിരുന്നു. രാജസദസ്സുകളിൽ ആബുൽഫാസൽ, ഫൈയിസി മുതലായ പണ്ഡിതന്മാർ സ്വാഗതം ചെയ്തിരുന്നതും ഈ ലക്ഷ്യത്തോടുകൂടിയായിരുന്നു. ഈ എഴുത്തുകാർ പൊതുവെ പ്രാചീനസാഹിത്യത്തിൽ, പ്രത്യേകിച്ചും ഇതിഹാസകാവ്യങ്ങളിൽ, പണ്ഡിതന്മാരായിരുന്നു. ഇതിഹാസങ്ങളെല്ലാംതന്നെ മഹാപുരുഷന്മാരുടെ അത്ഭുതസിദ്ധികളെ പ്രകീർത്തിക്കുന്നവയാണല്ലൊ. ഈ സമ്പ്രദായം മേല്പറഞ്ഞ പണ്ഡിതന്മാർ ചരിത്രമെഴുത്തിലേക്കും വലിച്ചുകൊണ്ടുവന്നതിൽ അത്ഭുതത്തിന് അവകാശമില്ലല്ലൊ.

ശ്രീരാമനുപകരം ഹർഷനോ അശോകനോ കഥാനായക നായി എന്നുമാത്രമാണു് വ്യത്യാസമുണ്ടായിരുന്നതു്. ജന സാമാന്യവുമായി പറയത്തക്ക സമ്പർക്കമില്ലാതിരുന്ന ഈ പണ്ഡിതന്മാർക്കു് ഒരു രാഷ്ട്രത്തിന്റെ ചരിത്രഗതിയിൽ ജനത വഹിക്കുന്ന പങ്കു് കാണുവാനോ അതിന്റെ പ്രാ ധാന്യം മനസ്സിലാക്കുവാനോ കഴിവുണ്ടായിരുന്നുമില്ല. അ തു് അവരുടെ തെറ്റുമായിരുന്നില്ല. ഒരു ജനതയുടെ സംസ്കാരസമ്പത്തു് അതിന്റെ ജീവിതത്തിന്റെ പ്രതി ഫലമാണല്ലൊ. അക്കാലങ്ങളിൽ ജനതയ്ക്കു് ചരിത്ര ത്തിലുള്ള പങ്കു് ഇന്നത്തേതിലും കുറവായിരുന്നു. പ്രമുഖ വ്യക്തികൾക്കുള്ളതു് കൂട്ടത്തലുമായിരുന്നു. ജനതയുടെ ജീ വിതരീതിതന്നെ ചരിത്രഗതിയിൽ പ്രതിഫലിക്കുന്നതു് മനസ്സിലാക്കുവാൻമാത്രം തത്വവും ശാസ്ത്രവും വളർന്നിട്ടി ല്ലായിരുന്നു. അതുകൊണ്ടു് അന്നത്തെ ചരിത്രകാരന്മാർ കണ്ടതെല്ലാം അവരുടെ യജമാനന്മാരുടെ വിജയങ്ങളോ പരാജയങ്ങളോ മാത്രമായിരുന്നു. ലൂയി പതിന്നാലാമ ന്റെ "ഞാനാണു് രാഷ്ട്രം" എന്നതത്വം അന്നു യഥാർത്ഥ ത്തിൽ നിലവിലിരുന്നു. രാജാവിന്റെ ഓരോ നിസ്സാര മായ ആഗ്രഹത്തിനുംവേണ്ടി യുദ്ധമുണ്ടാവുക പതിവായി രുന്നല്ലോ. ഇങ്ങനെയാണു് ചരിത്രം രാജാക്കന്മാരുടെ ജീ വിതകഥയായിത്തീർന്നതു്.

ഇതോടൊപ്പം മറെറാരു തെറ്റും വന്നുകൂടി. അന്ധ വിശ്വാസങ്ങളിലും അത്ഭുതങ്ങളിലും അടിയുറച്ചിരുന്ന മ തത്തിൽനിന്നു് അതിശയോക്തിപ്രയോഗം ചരിത്രത്തി ലേക്കും സംക്രമിച്ചു. തന്റെ അന്നദാതാവിനെ പുകഴ്ത്തു ന്നതിനു് അതിശയോക്തി അനിവാര്യമായും തീർന്നു. പ്രാ

ചീനചരിത്രരേഖകൾ പ്രായേണ അവിശ്വസനീയങ്ങളായിത്തീർന്നതു് ഇതു മൂലമാണു്. അശോകൻ ഇരുനൂറു സഹോദരന്മാരെ കൊന്നുവെന്ന കഥയും, യോശുവാ സൂര്യനെ പിടിച്ചുനിർത്തിയതുമെല്ലാം ഇങ്ങനെ വന്ന തെറ്റുകളാണു്. ചരിത്രത്തിന്റെ പിതാവെന്നറിയപ്പെട്ടന്ന ഹെറോഡോട്ടസ് എഴുതിയ യവനചരിത്രം, ചരിത്രത്തെക്കാൾ കൂടുതലായി, യഥാർത്ഥ കഥാസമ്മിശ്രയമായ ഒരു ഇതിഹാസമാണു്. ഈ രീതി ഫ്യൂഡലിസ്റ്റ് (ജന്മിത്വ) കാലഘട്ടത്തിലെ ജീവിതരീതിയുടെ ഫലമായിരുന്നു. അന്നു മനുഷ്യൻ വലിയ സംഘങ്ങളായി സംഘടിതമായിട്ടുണ്ടായിരുന്നില്ല. അന്നുണ്ടായിരുന്ന ഏക സംഘടന ഓരോ ഇടപ്രഭുവിന്റെയും സംഘങ്ങളായിരുന്നു. ഭൂമിക്കു് വിലയില്ലായിരുന്ന അക്കാലത്തു്, ആത്മരക്ഷയ്ക്കുവേണ്ടി ഏതെങ്കിലും ശക്തനായ ഒരു പ്രഭുവിന്റെ അധികാരത്തിനു് കീഴടങ്ങി ജീവിക്കുക എന്ന സമ്പ്രദായമാണു് ഉണ്ടായിരുന്നതു്. അതിന്റെ മൂർത്തീകരിച്ച രൂപമായിരുന്ന അടിമത്തം. ധനത്തേക്കാൾ പ്രധാനമായിരുന്നതു് വ്യക്തികൾ തമ്മിലുള്ള ബന്ധമായിരുന്നു. അതിന്റെ അടിസ്ഥാനം ദാസ്യഭാവവും. ഈ ദാസ്യഭാവം സംസ്കാരത്തിൽ പ്രതിഫലിച്ചതാണു് വ്യക്തിപ്രധാനമായ ചരിത്രം!

മുതലാളിത്തത്തിന്റെ ആവിർഭാവത്തോടുകൂടി, ഈ സമ്പ്രദായമെല്ലാം മാറിമറിഞ്ഞു. മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം കൂടുതൽ വിസ്തൃതമായ ജനകീയസംഘടനയാണല്ലൊ. ഉൽപാദനബന്ധങ്ങളി

ലും രാജ്യഭരണത്തിലും വ്യക്തിയുടെ സ്ഥാനംകുറയുകയും ജനതയുടെ പങ്ക് വർദ്ധിക്കുകയും ചെയ്തു. മുതലാളിത്ത രീതിയിലെ വ്യവസായം സ്വന്തം വീട്ടിലിരുന്ന് ഒറ്റയ്ക്കാറയ്ക്ക് നടത്താവുന്നതല്ലല്ലോ. ക്രമേണ ഫാക്ടറിയുണ്ടായി. ചെറിയ കൃഷിസ്ഥലങ്ങൾക്കുപകരം എസ്റ്റേറ്റുകളുണ്ടായി. ചെറിയ പീടികയുടെ സ്ഥാനത്ത് വലിയ കച്ചവടസംഘങ്ങൾ പ്രത്യക്ഷപ്പെട്ടു. ബാങ്കുകൾ പണമ്യാപാരികളുടെ സ്ഥാനം അപഹരിച്ചു. ധനത്തിന്, പ്രത്യേകിച്ച് പണത്തിന്, വ്യക്തിഗതമായ ബന്ധങ്ങളേക്കാൾ കൂടുതൽ പ്രാധാന്യം ലഭിച്ചു. സമുദായത്തിലെ മിക്കപ്രവർത്തനങ്ങളും നടത്തുവാൻ ജോയിൻറ് സ്റ്റോക്ക് കമ്പനികളുമായി. ചുരുക്കത്തിൽ വ്യക്തിയുടെസ്ഥാനം സ്ഥാപനങ്ങളും സംഘടനകളും ഏറ്റെടുത്തു. ഇങ്ങനെ യഥാർത്ഥജീവിതത്തിൽ ജനസാമാന്യത്തിന്റെ പ്രാധാന്യം വർദ്ധിച്ചെങ്കിലും ഈ പരമാർത്ഥം ചരിത്രകാരന്മാർ മനസ്സിലാക്കുവാൻ കാലം കുറേക്കൂടി കഴിയേണ്ടിവന്നു. ചരിത്രം പിന്നെയും എലിസബത്തിന്റെയും, ടോഡ്ലക്കിന്റെയും വികൃതികളുടേയും വിക്രിയകളുടേയും പട്ടികയായിത്തന്നെ തുടർന്നു. ഭരണവുമായി അകന്ന ഒരു ബന്ധം കൂടിയില്ലാത്ത ജോർജ്ജ് ഒന്നാമൻ, ജോർജ്ജ് രണ്ടാമൻ എന്നിവരുടെ കാലഘട്ടം കണക്കുകൂട്ടുന്നതു് യാതൊരു ചരിത്രപ്രാധാന്യവുമില്ലാതിരുന്ന അവരുടെ പട്ടാഭിഷേകവും മരണവും അടിസ്ഥാനപ്പെടുത്തിയാണെന്നുള്ളതു തന്നെ ഈ രീതിയുടെ അർത്ഥരാഹിത്യത്തിന് ഉദാഹരണമാണു്. ഭ്രാന്തൻ രാജാവായ ജോർജ്ജ് മൂന്നാമന്റെ കാലത്തിന്റെ അളവുകോൽ ആ നാമധേയ കിരീടധാരിയുടെ

ആയുസ്സായിരുന്നു. നിരത്ഥകമായ ഈ പതിവു് ഇന്നും തുടർന്നുവരുന്നുണ്ടെന്നുള്ളതു് വിദ്യാഭ്യാസസമ്പ്രദായങ്ങളുടെ പിന്തിരിപ്പൻ സ്വഭാവം തുറന്നുകാണിക്കുന്നുണ്ടു്. ഇന്നും ചരിത്രഘട്ടങ്ങൾ കണക്കാക്കുന്നതു വെറും രാജാക്കന്മാരുടെ ജനനമരണങ്ങളനുസരിച്ചാണു്. ചരിത്രസംഭവങ്ങൾ അനുസരിച്ചല്ല. മുതലാളിത്തത്തിന്റെ പിറവിയോടുകൂടി രണ്ടു ചെറിയ വ്യത്യാസങ്ങൾ മാത്രം ചരിത്രമെഴുതുന്ന രീതിയിൽ കണ്ടുതുടങ്ങി. മുതലാളിത്തമാണല്ലൊ ഏകാധിപത്യത്തിനു പകരം യൂറോപ്പിൽ ജനാധിപത്യത്തെ പ്രതിഷ്ഠിച്ചതു്. ഈ ജനകീയപ്രസ്ഥാനങ്ങളുടെ നായകന്മാരുടെ പേരുകൾ കൂടി രാജാക്കന്മാരുടേതിനോടു ചേർത്തുപറഞ്ഞുതുടങ്ങിയെന്നാണു് അവയിൽ ഒന്നു്. വാൽപോളിന്റെ കാലംമുതൽ ഇംഗ്ലണ്ടിൽ ഈ പതിവു് ആരംഭിച്ചു. രണ്ടാമത്തേതു രാജാക്കന്മാരുടെ പേരിനുപകരം രാഷ്ട്രങ്ങളുടെപേരു് ഉപയോഗിച്ചുതുടങ്ങിയെന്നാണു്. പണ്ടു് ഏലിസബത്തും ഫിലിപ്പുംതമ്മിലുണ്ടായ മത്സരം മുതലാളിത്തകാലാവട്ടത്തിൽ ബ്രിട്ടനും, സ്പെയിനും തമ്മിലായിത്തീർന്നു. ഇംഗ്ലണ്ടിലെ ചാൾസ് ഒന്നാമനെ രാജ്യദ്രോഹത്തിനാണു വിസ്തരിച്ചതു്. എന്ന പരമാർത്ഥം ഈ ചിന്താഗതിയിൽ വന്ന വിപ്ലവകരമായ ഈ മാറ്റത്തെ തെളിയിക്കുന്നു. പക്ഷേ ഇതുകൊണ്ടും ചരിത്രം മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയുടെ ഒരു ഏടായിത്തീർന്നില്ല. കാവ്യനാടകാദികളോടൊപ്പം ചരിത്രവും ഒരു കലയായി അവശേഷിച്ചു. അതു് ഒരു ശാസ്ത്രമായി ഉയർന്നില്ല.

പ്രപഞ്ചഗതിയെപ്പറ്റി ശാസ്ത്രീയമായ ഒരു തത്വസംഹിത ജാതമാകുന്നതുവരെ ശാസ്ത്രീയമായ ചരിത്രം

ഉണ്ടാവുക സാദ്ധ്യമല്ലായിരുന്നു. ഈ സിദ്ധാന്തം പതിനാറാം ശതകത്തിലാണുണ്ടായത്. പ്രപഞ്ചം യഥാർത്ഥമാണെന്നു സിദ്ധാന്തിക്കുന്ന ഭൗതികവാദവും ഭിന്നാശയങ്ങൾ തമ്മിലുള്ള പരസ്പര സംഘട്ടനമാണ് ചൈതന്യത്തിന്റെ അടിസ്ഥാനമെന്നു കരുതുന്ന വൈരുദ്ധ്യവാദവും കൂട്ടിയിണക്കി വൈരുദ്ധ്യാധിഷ്ഠിതമായ ഭൗതികവാദം എന്ന ഒരു തത്വശാസ്ത്രം പതിനാറാംനൂറ്റാണ്ടിൽ സ്ഥാപിതമായി. ഈ തത്വത്തിന്റെ വെളിച്ചത്തിൽ മനുഷ്യവംശ ചരിത്രം പരിശോധിക്കുമ്പോൾ, അതു ചരിത്രപരമായ ഭൗതികവാദമായി. മനുഷ്യപ്രയത്നവും, മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയും ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലാണ് അടിയുറച്ചിരിക്കുന്നതെന്നും സാമൂഹ്യജീവിതം ഭിന്നവിഭാഗങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളിൽക്കൂടിയാണ് കടന്നുപോകുന്നതെന്നും ചരിത്രപരമായ ഭൗതികസിദ്ധാന്തം പ്രഖ്യാപനംചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ വ്യക്തിയല്ല ചരിത്രത്തിന്റെ സ്രഷ്ടാവ്, സമുദായമാണ്. ചരിത്രസംഭവങ്ങളെയെന്നപോലെ മഹാപുരുഷന്മാരേയും സൃഷ്ടിക്കുന്നത് ചരിത്രസന്ദർഭങ്ങളാണ്. ഈ തത്വമനുസരിച്ച് ഒരു ജനസമുദായം പൊതുവേ ഇച്ഛിക്കുന്നതു യഥാർത്ഥമായിഭവിക്കുന്നു. മനശ്ശാസ്ത്രപണ്ഡിതന്മാർ ഇവിടെ രണ്ടു സംശയങ്ങൾ ഉന്നയിച്ചേക്കാം. ഒന്നാമതായി ചിന്ത എങ്ങനെ വസ്തുവായിത്തീരുന്നു? രണ്ടാമത്; വ്യക്തിയുടെ ചിന്താഗതിയും സമുദായത്തിന്റെ ചിന്താഗതിയും ഒന്നായിരിക്കുകയില്ല. ചിന്ത പ്രവൃത്തിയായിട്ടാണ് തീരുന്നതെന്നാണ് ആദ്യത്തെ സംശയത്തിനു് ഉത്തരം. രണ്ടാമത്തെ ചോദ്യം ഒരു ജനതയു

ടെ ചിന്താഗതി ഏതുമാർഗ്ഗത്തിൽക്കൂടിയാണ് ചരിത്രഗതിയായിത്തീരുന്നതു് എന്നതു മനസ്സിലാക്കാത്തതുകൊണ്ടുണ്ടാവുന്നതാണു്. വ്യക്തിയുടേയും സമുദായത്തിന്റെയും ചിന്താഗതി ഭിന്നമായിരിക്കുമെന്നു മാത്രമല്ല, പലപ്പോഴും പരസ്പരവിരുദ്ധവുമായിരിക്കും. വ്യക്തിയുടെ ചിന്താഗതി ആലോചനയുടെ ഫലമാണു്. സമുദായത്തിന്റെ നേരേ മറിച്ചു് ഉപബോധമനസ്സിന്റെതുമായിരിക്കും. ആദ്യത്തേതിൽ വൈവിധ്യമുണ്ടാകാം. രണ്ടാമത്തേതു ജീവിതരീതിയുടെ അകൃത്രിമമായ പ്രതിഫലനമായതുകൊണ്ടു് ഏകരൂപമായിരിക്കും. ഒരു വിപ്ലവത്തിന്റെ സമയത്തു് ഓരോ വ്യക്തിയും സ്വന്തരക്ഷയ്ക്കുവേണ്ടി ഒഴിഞ്ഞുനില്ക്കുവാൻ ഇഷ്ടപ്പെട്ടേക്കാം. പക്ഷെ നിലവിലിരിക്കുന്ന ഭരണകൂടത്തോടുള്ള അതൃപ്തിയും അവജ്ഞയും ജനസമുദായത്തിന്റെ പൊതുസ്വഭാവമാണു്. അതാണു പ്രവൃത്തിരംഗത്തിൽ സ്വാധീനശക്തി ചെലുത്തുന്നതും. ഇങ്ങനെ വരുമ്പോൾ വ്യക്തികളായ വീരപുരുഷന്മാക്കു് ചരിത്രത്തിലുള്ള സ്ഥാനം കുറയുന്നു.

എന്നാൽ ഈ തത്വം അങ്ങേഅറ്റംവരെ കൊണ്ടുപോയാൽ മറെറാരു തെറ്റിലെത്തിച്ചേരും. വ്യക്തിക്കു് ചരിത്രത്തിൽ യാതൊരു പ്രത്യേകസ്ഥാനവുമില്ല എന്ന അഭിപ്രായം, ഈ തത്വമനുസരിച്ചു് ചരിത്രസംഭവങ്ങൾ മനുഷ്യന്റെ യാതൊരു ഇടപെടലും കൂടാതെ സംഭവിച്ചുകൊള്ളും. ഇതു് വെറും യാന്ത്രികമായ ഒരു വ്യാഖ്യാനമാണു്. വ്യക്തിക്കു തീർച്ചയായും ഒരു സ്ഥാനമുണ്ടു്. അതു സർവ്വശക്തമല്ലെന്നമാത്രമേയുള്ളൂ. എന്തെങ്കിലും ഒരു പരിവർത്തനം അനിവാര്യമാണെന്നു ചരിത്രശാസ്ത്രം പ്രവ

ചിക്കുന്നുവെങ്കിൽ, അതു മനുഷ്യനെന്ന ഘടകത്തെ ഒഴിച്ചുനിറുത്തിയിട്ടല്ല. ഭൗതികശാസ്ത്രങ്ങൾ അനുമാനങ്ങളെടുക്കുന്നതു് വസ്തുക്കളുടെ സ്വഭാവവിശേഷങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു്. അതുപോലെതന്നെ ഒരു സാമൂഹ്യശാസ്ത്രമായ ചരിത്രം അതിന്റെ പഠനവിഷയമായ മനുഷ്യനെയും മനുഷ്യസ്വഭാവത്തെയും ആശ്രയിച്ചിട്ടാണു് തത്വങ്ങൾ രൂപീകരിക്കുന്നതു്. മനുഷ്യനെന്തുചെയ്താലും ഇന്നതു സംഭവിക്കും ഏന്നല്ല ചരിത്രം പ്രവചിക്കുന്നതു്; പ്രത്യുത മനുഷ്യസമുദായം ഇന്നതു ചെയ്യും, അതുകൊണ്ടു് ഇന്നതു സംഭവിക്കും എന്നാണു്. ഈ അനുമാനത്തിന്റെ ആദ്യഭാഗമാണു വ്യക്തിക്കു ചരിത്രത്തിൽ സ്ഥാനം കൊടുക്കുന്നതു്. മനുഷ്യൻ ഇന്നതു ചെയ്യും എന്നുള്ള അനുമാനം സമുദായത്തെ പൊതുവെ എടുത്താൽ ശരിയായിരിക്കുമെന്നതുകൊണ്ടു് ഒറ്റയൊറ്റയായ വ്യക്തികൾ ഭിന്നമായിരുന്നുകൂടാ എന്നില്ല. മനുഷ്യൻ വെറും പദാർത്ഥമല്ലല്ലോ. ചിന്തിക്കാൻ കഴിവുള്ള മനുഷ്യൻ തന്റെ സഹജീവികളിൽനിന്നു് അല്പം മുന്നോട്ടോ പിന്നോട്ടോ ചിന്തിക്കുന്നതു് അസാധാരണമല്ല. മനുഷ്യന്റെ കഴിവുകളും പല നിലയിലാണല്ലോ. അന്യാദൃശമായ കഴിവുണ്ടായിരിക്കുകയും ജനസാമാന്യം ചിന്തിക്കുന്നതിൽനിന്നു് കുറേക്കൂടി മുന്നോട്ടുപോയി ചിന്തിക്കുകയും ചെയ്യുന്നവരാണു് അതിമാനുഷന്മാരെന്നും വീരപുരുഷന്മാരെന്നും അറിയപ്പെടുന്നവർ. ചിന്ത പുറകോട്ടാണെങ്കിൽ, അഥവാ പൊതുഹിതത്തിനു വിരുദ്ധമാണെങ്കിൽ അവർ ലോകവഞ്ചകന്മാരായും മനുഷ്യശത്രുക്കളായും തീരുന്നു. ഈ രണ്ടു വക്കാക്കും ചരിത്രത്തിൽ കുറെയൊക്കെ നിഷ്ണായകമായ പങ്കു് വഹിക്കാൻ കഴിയും. ആ ശക്തി പരിപൂർണ്ണമോ നി

ത്യമോ ആയിരിക്കുകയില്ലെന്നമാത്രം. ഇതുകൂടാതെ ചില വ്യക്തികൾക്കു പ്രത്യേകചരിതസ്ഥിതികളുടെ സാഹചര്യംകൊണ്ടു സ്വന്തമായി ചിലതു ചെയ്യാൻ കഴിയും. ഈ സന്ദർഭമുപയോഗിച്ചു് ചില വ്യക്തികൾ വലിയസേവനങ്ങൾ ചെയ്യുന്നതിനെ സമുദായം ബഹുമാനിക്കുന്നു. ഈ ബഹുമതി അതിരുകടന്നു പോകുമ്പോൾ വീരാരാധനയായിത്തീരുന്നു. ഇന്ത്യാക്കാർ വലിയ വീരാരാധനക്കാരാണെന്നു് ഒരു പരാതിയുണ്ടു്. മറ്റു രാഷ്ട്രങ്ങളെക്കാൾ കൂടുതലായി നമുക്കു് ആ രോഗം ഉണ്ടെന്നാണതിന്റെ അർത്ഥമെങ്കിൽ അതു് അടിസ്ഥാനരഹിതമാണു്. ചർച്ചിലിനേയും ച്യാങ്ങ്കൈഷേക്കിനേയും ആരാധ്യപുരുഷന്മാരാക്കുന്നതിലും എത്രയോ ഭേദമാണു് ഗാന്ധിയേയും നെഹ്റുവിനെയും ദേവന്മാരാക്കുന്നതു്. ഒരു സ്മട്സിനോ ഫ്രാങ്കോയ്ക്കോ ഇന്ത്യയിൽ അധികാരത്തിലിരിക്കാൻ കഴിയുമെന്നും തോന്നുന്നില്ല. വീരാരാധന പൂർണ്ണമായി ഒഴിച്ചുനിർത്തുവാൻ സാധ്യമല്ലെന്നതാണു് പരമാർത്ഥം. മനുഷ്യൻ സാധാരണഗതിയിൽ കൃതജ്ഞതയുള്ള ജീവിയാണു്. അവനവനെക്കാൾ കൂടുതലായി പൊതുജീവിതത്തിനുവേണ്ടി സേവനമനുഷ്ഠിച്ച വ്യക്തിയെ അവൻ ബഹുമാനിക്കുകതന്നെ ചെയ്യും. ഇന്ത്യയ്ക്കു് ഗാന്ധിജിയേയോ, റഷ്യയ്ക്കു ലെനിനേയോ മറക്കാൻ കഴിയുന്നതല്ല. ചരിത്രത്തിന്റെ പരിധിയ്ക്കുള്ളിൽ അവർ സ്വന്തമായി മനുഷ്യവർഗ്ഗത്തിനു് അമൂല്യസംഭാവനകൾ നൽകിയിട്ടുണ്ടു്. ഈ ബഹുമാനം അന്ധമായ ആരാധനയായിത്തീർന്നിരിക്കുവാൻ കരുതണമെന്നമാത്രം. ലോകചരിത്രത്തിന്റെ ദൃഷ്ടിയിൽ ഈ മഹാപുരുഷന്മാർ ചെറുതാണെന്നും

ജനസമുദായത്തിന്റെ മുന്നോടികളാവുകയും അതിനെ നയിക്കുകയും മാത്രമേ അവർ ചെയ്തിട്ടുള്ളുവെന്നും ഗ്രഹിച്ചിരുന്നാൽ ചരിത്രപരമായ വീക്ഷണം യഥാർത്ഥമായിരിക്കുകയും ചെയ്യും.

വീരാരാധനയോട് അടുത്ത ബന്ധമുള്ള മറ്റൊരു വിഷയമുണ്ട്. രാഷ്ട്രീയരംഗത്തു് സാധാരണയായി കേട്ടവരുന്ന ഒരു പ്രയോഗമാണു് "വ്യക്തിപരമായ ആരോപണം." സമുദായം പുരോഗമിക്കുന്ന മാർഗ്ഗത്തിൽ ഏകനായി വിലങ്ങടിച്ചുനിന്നു് ജനദ്രോഹം ചെയ്യുന്നവരെ വിമർശിക്കുമ്പോൾ, അവരുടെ ആവലാതിയാണിതു്. മഹത്തുക്കളെ ബഹുമാനിക്കുന്നതു് ശരിയാണെങ്കിൽ സമുദായശത്രുക്കളെ വിമർശിക്കുന്നതും ന്യായമാണു്. ഇതു സാധാരണയായി ജനകീയപ്രസ്ഥാനങ്ങളുടെനേരെ മർദ്ദനവുമായി വരുന്ന അധികാരികളിൽ നിന്നാണുണ്ടാവുക. അവരുടെ ഭാവം കണ്ടാൽ തോന്നും, കൃഷ്ണൻചെയ്ത തെറ്റിനു് രാമനെയാണു് വിമർശിക്കേണ്ടതെന്നു്: അവർ ചെയ്യുന്നതിലെല്ലാം സാമുദായികഘടനയാണു് ഉത്തരവാദി എന്നാണവരുടെ ഭാവം. ഇതു് കുറ്റത്തിൽനിന്നും ഒളിച്ചോടാനുള്ള ഒഴികഴിവുമാത്രമാണു്. അവർ ചെയ്യിക്കുന്ന ഓരോ കൊലപാതകത്തിനും, ഓരോ ക്രൂരക്കൊലയ്ക്കും, ഓരോ മർദ്ദനത്തിനും, അവർ പ്രതിനിധീകരിക്കുന്ന വർഗ്ഗം പൊതുവേയും അവർ പ്രത്യേകിച്ചും ഉത്തരവാദികളാണു്. (1938മുതൽ തിരുവിതാംകൂറിൽ നടന്നിട്ടുള്ള കണക്കില്ലാത്ത അക്രമങ്ങൾക്കൊന്നിനും സർ. സി. പിക്കു് ഉത്തരവാദിത്വമില്ലെന്നുവന്നാൽ, രക്ഷപ്പെട്ടുപോകാൻ കഴിവുള്ളവൻ കുറ്റം ചെയ്യുന്നതു് ധർമ്മമാണെന്നും വന്നു

ക്കുട്ടം. ചരിത്രം അങ്ങനെ ആരെയും വിട്ടിട്ടില്ല. റോമിലെ രാജാവായിരുന്ന റാർക്വിൻ ബലാൽസംഗം നടത്തിയതിനു് രാജവംശത്തെ ഒന്നാകെ ബഹിഷ്കരിക്കുകയാണു് റോമാക്കാർ ചെയ്തതു്. റഷ്യയിലെ റാസ്പുട്ടിൻ അയാളുടെ തെറ്റുകൾക്കു് ജീവൻകൊണ്ടുത്തരം പറയേണ്ടിവന്നു. ആത്മഹത്യയുടെ സമയത്തു് ഹിറ്റ്ലർ സ്മരിച്ചതു് ഇറ്റാലോ-ബ്രോന്നിനെയായിരിക്കുകയില്ല. മൈഡാനെക്കും, ബൽസനുമായിരുന്നിരിക്കണം. ന്യൂറംബർഗ്ഗ് വിചാരണയെപ്പറ്റി ഇന്ത്യയിൽ ഒരു വിഭാഗത്തിനു് അതൃപ്തിയുണ്ടെങ്കിൽ അതിനു കാരണം കുറ്റക്കാരെ ശിക്ഷിക്കുന്നതു് അനീതിയായതുകൊണ്ടല്ല; ഫാഷിസത്തോടുള്ള മമതമൂലമാണു്. അതിനു തെളിവു് ആവശ്യമാണെങ്കിൽ 1942-ലെ നരനായാട്ടുകാരായ പോലീസുദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിനെപ്പറ്റി അവരുടെ അഭിപ്രായം ആരാഞ്ഞുനോക്കിയാൽ മതിയാകും. ചൂരുക്കിപ്പറഞ്ഞാൽ വ്യക്തിക്കു് ചരിത്രത്തെ നിയന്ത്രിക്കുന്നതിൽ കുറെയൊക്കെ കഴിവുണ്ടു്. അതു ഗുണത്തിനാണെങ്കിൽ ആ വ്യക്തിയെ നാം ബഹുമാനിക്കും. ജനദ്രോഹിയാണെങ്കിൽ അയാൾ കഴുവിലും കയറണം.

ഇതുകൂടാതെ പ്രത്യേക ചില സന്ദർഭങ്ങളിലും, ചില പ്രത്യേക സ്ഥാനങ്ങൾകൊണ്ടും വ്യക്തികൾക്കു് ചരിത്രനിർണ്ണായകമായ ശക്തി ലഭിക്കുന്നുണ്ടു്. ഇതിനു് ഇന്നത്തെ ലോകത്തിൽ ഒട്ടുവളരെ ഉദാഹരണങ്ങൾ ഉണ്ടു്: റൂസ്വെൽറ്റ് മരിച്ചതും, ട്രൂമാൻ അധികാരത്തിൽ വന്നതും യാദൃച്ഛിക സംഭവങ്ങൾ മാത്രമാണെങ്കിലും അവയ്ക്കു് ചരിത്രത്തിന്മേലുള്ള സ്വാധീനശക്തി അസാധാരണമാണു്.

ചർച്ചിലിന്റെ അധഃപതനത്തിനുശേഷം സോവിയറ്റ് വിരോധമുന്നണിയിലെ നായകൻ ട്രൂമാനായിത്തീർന്നിരിക്കുന്നു. ട്രൂമാന്റെ വ്യക്തിപരമായ അഭിപ്രായഗതിയാണു് പ്രധാനമായി ഇതിനു കാരണം. അദ്ദേഹത്തിന്റെ ആശയത്തിനു് ഇന്നു് അമേരിക്കൻ ഗവൺമെണ്ടിന്റെ പിൻബലമുണ്ടു്. റൂസ്വെൽറ്റായിരുന്നെങ്കിൽ ഒരു മൂന്നാം ലോകമഹായുദ്ധത്തിനു് ഒരുങ്ങുകയില്ലായിരുന്നെന്നും, പ്രത്യേകിച്ചും സോവിയറ്റുയൂണിയനുമായി ഒരു സമരം നടത്തുന്നതിന്റെ മൌഢ്യം അമേരിക്കൻ ജനതയുടെ മനസ്സിലാക്കിക്കൊടുക്കുമായിരുന്നെന്നും, അദ്ദേഹത്തിന്റെ ഭാര്യയും, പുത്രനും അമേരിക്കയിലേക്കു് സമർത്ഥന്മാരായ മൂന്നു് രാജ്യതന്ത്രജ്ഞന്മാരും (വാലസ്, ഐക്സ്, ഫിലിപ്സ്,) സാക്ഷ്യംവഹിക്കുന്നു. വെറും യാദൃശ്ചികമായ ഒരു മരണം ഒരു വ്യക്തിക്കു് ചരിത്രനിർണ്ണായകമായ സ്ഥാനം കൊടുത്തിരിക്കുകയാണു്. ചിയാങ്ങ് കൈഷക്കിന്റെയും കഥ ഇതുതന്നെയാണു്. വേണമെങ്കിൽ ഒരു ജനകീയഭരണം ചൈനയിൽ സ്ഥാപിച്ചു് അമേരിക്കയെ പുറത്താക്കി അദ്ദേഹത്തിനു് ചൈനയിൽ സമാധാനം സ്ഥാപിക്കാം. വ്യക്തിപരമായി അത്രയധികം ശക്തി അദ്ദേഹത്തിന്റെ കൈവശമുണ്ടു്. ഒരു വ്യക്തിക്കു് ഒരു രാജ്യത്തിനുവേണ്ടി എന്തുചെയ്യാൻ കഴിയുമെന്നു് പ്രസിഡണ്ടു് ബെനേഷ് തെളിയിക്കുന്നുണ്ടു്. യൂറോപ്പിലെ എല്ലാരാജ്യങ്ങളിലും സോവിയറ്റുയൂണിയനും ബ്രിട്ടീഷമേരിക്കൻ ശക്തികളും സ്വാധീനത്തിനുവേണ്ടി മത്സരിക്കുന്നുണ്ടല്ലൊ. ക്രൂത്തിൽ അവിടമെല്ലാം രക്തക്കളമാവുകയും. ഇതിൽനിന്നു് ഒഴിഞ്ഞുനില്ക്കുന്ന ഏകരാജ്യം ചെക്കോസ്ലാവാക്യായാണു്. അവിടെ കമ്മ്യൂണിസ്റ്റ് കക്ഷി

യ്ക്ക് ഭ്രരിപക്ഷമുണ്ടെന്നുള്ളതുകൊണ്ടുതന്നെ അമേരിക്ക അവിടെ ഇടപെടുമായിരുന്നു. പക്ഷേ ബെനേഷിന്റെ വ്യക്തിപരമായ നീതിബോധമാണ് അതിനെ തടയുന്നതു്. അതുകൊണ്ടു് ചെക്കോസ്ലാവാക്യാ ഒരു ഗ്രീസായോ ചൈനയായോ തീരുന്നില്ല. ഇന്ത്യയിലാണെങ്കിൽ പണ്ഡിറ്റ് നെഹ്റുവിന് ഇങ്ങനെയുള്ള ഒരു സ്ഥാനമാണുള്ളതു്. യുവഭാരതം അദ്ദേഹത്തിന്റെ പുറകിലുണ്ടു്. സ്ഥിതിസമതുലമല്ലാതെ ഇന്ത്യയ്ക്കു് രക്ഷയില്ലെന്നു് അദ്ദേഹത്തിനറിയാം. അദ്ദേഹം അതു് നമ്മെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അതു് പ്രായോഗികമാക്കേണ്ട സന്ദർഭത്തിൽ അദ്ദേഹം പട്ടേൽപ്രതികരിക്കു് കീഴടങ്ങുമോ രാജ്യത്തെ മുന്നോട്ടു നയിക്കുമോ എന്നു് ഇന്ത്യയുടെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു കാര്യമാണു്. ഇക്കാര്യത്തിൽ പണ്ഡിതജിയുടെ തീരുമാനം ഏറെക്കുറെ ചരിത്രനിർണ്ണായകമായിരിക്കും. അദ്ദേഹം സൂചി പുറകോട്ടുതിരിച്ചുവച്ചാൽ കാലം പുറകോട്ടോടും എന്നീ പറഞ്ഞതിനർത്ഥമില്ല. മുന്നോട്ടുതിരിച്ചാൽ കുറെ വർഷങ്ങളും ഒട്ടേറെ രക്തവും കണ്ണുനീരും ലഭിക്കാമെന്നു മാത്രം.

ഞാൻ

എന്നെക്കൂടാതെതന്നെ ഈ പ്രപഞ്ചം നിലനില്ക്കുമെന്നെനിക്കറിയാം. പക്ഷേ, ഞാനില്ലെങ്കിൽ എനിക്ക് ഈ ലോകമില്ല, ഒന്നുമില്ല.

ഞാനില്ലെങ്കിൽ നിങ്ങളുമില്ല. ഇല്ലാത്ത എന്നെ വ്യക്തിവാദിയെന്ന് അധിക്ഷേപിക്കുകയുമില്ലല്ലോ.

ഞാൻ ജനിക്കുന്നതിനു വളരെ മുമ്പുതന്നെ പ്രപഞ്ചമുണ്ടായിരുന്നു. ഞാൻ മരിച്ചുകഴിഞ്ഞും അതുണ്ടായിരിക്കും. പക്ഷേ, എന്നെസ്സംബന്ധിച്ചിടത്തോളം എന്റെ അസ്തിത്വമാണ് ആദ്യത്തെ പടി. പ്രപഞ്ചത്തിന്റെ അസ്തിത്വത്തെ ഞാൻ അംഗീകരിക്കണമെങ്കിൽ ഞാൻ ഉണ്ടായിരിക്കണം. അതിനു് എന്റെ സ്വന്തം അസ്തിത്വത്തെ നിഷേധിച്ചിട്ടു കഴിയുകയില്ലല്ലോ. എന്നെ നിഷേധിച്ചാൽ പ്രപഞ്ചത്തിനു നില്ക്കാനാവില്ല. ഞാനില്ലെങ്കിലും പ്രപഞ്ചമുണ്ട് എന്നു നിങ്ങളല്ലേ പറയുന്നതു്. ഞാനില്ലെങ്കിൽ ആ പ്രസ്താവനയുടെ പുറത്തിൽ ഞാനെങ്ങനെ ഒപ്പുവയ്ക്കും. അതുകൊണ്ട് ഞാനുണ്ട്, പ്രപഞ്ചമുണ്ട്—ഞാൻക്കൂടി ഉൾപ്പെട്ട പ്രപഞ്ചം. ഞാൻ പ്രപഞ്ചത്തിന്റെ ഒരു ഭാഗമാണ്; പക്ഷേ, ഘടികാരത്തിന്റെ ഒരു ചക്രംപോലെയല്ല എന്റെ അസ്തിത്വം. എനിക്കു ബോധമുണ്ട്. ആ ബോധമുള്ള ഓരോ പ്രകൃതി ഘടകത്തേയും വ്യക്തിയെന്നു പറയാം.

സാമൂഹ്യവാദം വ്യക്തിത്വത്തെ നിഷേധിക്കലാ

ണോ; അതു വ്യക്തിതത്ത്വത്തിനു വിരുദ്ധമാണോ? അല്ല. സമുദായമെന്നതു് അനേകം വ്യക്തികളുടെ ഒരു കൂട്ടമാണു്. എല്ലാ വ്യക്തികൾക്കും പൊതുവായിട്ടുള്ള സ്വഭാവവിശേഷങ്ങൾ സമൂഹത്തിന്റെ ഗുണങ്ങളായി ഗണിക്കപ്പെടുന്നു. പക്ഷേ, അതേസമയം ഓരോ വ്യക്തിക്കും, ആ വ്യക്തിയെ പ്രത്യേകമായി തിരിച്ചെടുക്കുന്ന സ്വഭാവങ്ങളും ഉണ്ടു്.

പക്ഷേ, ഇവിടെ സമുദായത്തിനു പൊതുവേയുള്ളവ എന്നു പറയുന്നതു സൂക്ഷിച്ചുവേണം. ഒരുദാഹരണം എടുക്കാം. 'സമുദായത്തിനു വിശക്കുന്നു.' അതൊരു നല്ല അലങ്കാരമാണു്; വാസ്തവമല്ല. സമുദായത്തിലെ അനേകമനേകം വ്യക്തികൾക്കാണു വിശക്കുന്നതു്, സമുദായത്തിനല്ല. സമുദായത്തിനു പൊതുവായി വയറില്ല, വികാരമില്ല, ബോധമില്ല. ഇപ്പറഞ്ഞതിനെന്താ പ്രാധാന്യം? ഈ എല്ലാ വ്യക്തികളുടേയും വിശപ്പു മാറാൻ 1000 ടൺ ഭക്ഷണം വേണമെന്നിരിക്കട്ടെ. ആ തുക സമുദായത്തിനു പൊതുവേ കിട്ടിയതുകൊണ്ടെന്തു പ്രയോജനം. ഓരോ വ്യക്തിയുടേയും ആവശ്യാനുസരണം വിഭജിച്ചു കിട്ടിയാലേ വിശപ്പിനു (സമുദായത്തിന്റെയായാലും വ്യക്തിയുടെയായാലും) പരിഹാരമുണ്ടാകൂ. അതെ, ആവശ്യവും അതിന്റെ നിറവേറലും സമുദായമെന്ന ഒരു ഭാവനാപരമായ ആശയത്തിനല്ല, വ്യക്തികൾക്കാണു്. ഒന്നുകൂടി നോക്കൂ. പ്രേമിക്കണം, സന്താനമുണ്ടാകണം. ഇവയുടെ കണക്കെടുത്താൽ സമുദായത്തിനു പൊതുവേ. അനുഭവമോ വ്യക്തികൾക്കും. ഇനിയും നോക്കൂ. 'സമുദായത്തിനു സന്തോഷമുണ്ടു്.' ഈ പ്രസ്താവനയിൽ എന്തർ

ത്ഥമാണുള്ളത്. അതിൽ ഒരു വ്യക്തിയുടെ കുട്ടി ഇടി വെട്ടേറ്റു മരിച്ചുപോയിരിക്കുമ്പോഴും ഈ പ്രസ്താവന ചെയ്യാമോ? അപ്പോൾ സമുദായത്തിനു സങ്കടമുണ്ടെന്നു പറഞ്ഞാലോ. അതേസമയം മറ്റൊരാൾക്കു ഒരു കുട്ടി ജനിച്ചെങ്കിലോ. ഭ്രൂണപക്ഷക്കണക്കനുസരിച്ചല്ലെങ്കിൽ സമുദായത്തിനു സുഖമെന്നും ദുഃഖമെന്നും പറഞ്ഞുകൂടാ. വേദനയും ആനന്ദവും സമുദായത്തിലെ വ്യക്തികൾക്കാണു്.

ഇതിനു പരിഹാരമുണ്ടോ? ഉണ്ടു്. സാമൂഹ്യവാദം മുഴുമുഴുത്തു് അതെന്തിനുവേണ്ടി ഉണ്ടായോ അതിനെത്തന്നെ പരാജയപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. ഇന്നു സമുദായത്തെ അനേകകോടി കാലുകളും കണ്ണുകളും ഉള്ള ഒരു മഹാസത്വമായി കണക്കാക്കുന്ന ഒരു ഫാഷൻ ഉണ്ടു്. ഇത്തരമൊരു സത്വത്തിന്റെ ഏതെങ്കിലുമൊരു കയ്യിന്റെയോ കാലിന്റെയോ പ്രവൃത്തിക്കു് ആ അംഗത്തിനു പ്രത്യേക ഉത്തരവാദിത്വമൊന്നുമില്ലല്ലൊ. അങ്ങനെയായാൽ വ്യക്തികൾ ചെയ്യുന്ന തെറ്റുകളെല്ലാം സമുദായമെന്ന സത്വത്തിന്റെ മേൽ വെച്ചുകെട്ടാം. അതേ ന്യായത്താൽ വ്യക്തികൾ ചെയ്യുന്ന നന്മകളെ അംഗീകരിക്കാതിരിക്കുകയും ചെയ്യാം. ഇങ്ങനെ വ്യക്തികളെയെല്ലാം ഒരു വെറും യന്ത്രത്തിന്റെ ഭാഗങ്ങളായി കണക്കാക്കുന്ന ഒരു സമ്പ്രദായമാണോ സാമൂഹ്യവാദം. അല്ലെങ്കിൽ അതെങ്ങനെ ഇതുപോലെ അധഃപതിച്ചു. അതു മനസ്സിലാക്കണമെങ്കിൽ സാമൂഹ്യവാദത്തിന്റെ ഉത്ഭവം മുതൽ പഠിക്കണം. സാമൂഹ്യവാദമാകട്ടെ വ്യക്തിവാദത്തിന്റെ അധഃപതനത്തിൽനിന്നു് ഉൽഭവിച്ചതാണു്. അതുകൊണ്ടു് ഔദ്യം വ്യക്തിവാദത്തിന്റെ കഥ.

വ്യക്തിവാദം മുതലാളിത്തത്തിന്റെ ചിന്താഗതിയാണെന്നു പറയാറുണ്ട്. ഒരു കാലത്തു് അതു ശരിയായിരുന്നു. ഫ്യൂഡലിസ്റ്റ് സാമൂഹ്യസംഘടനയുടെ കാലത്തു് സാധാരണവ്യക്തികൾക്കു യാതൊരു സ്ഥാനവും ഇല്ലായിരുന്നു. മറെറാരു വിഭാഗം ഭ്രമിയോടുക്രൂടെ ബന്ധിക്കപ്പെട്ടവർ(ഭ്രമിയോടുക്രൂടി കൈമാറംചെയ്യപ്പെടുന്നവർ) ആയിരുന്നു. പിന്നെയൊരു വിഭാഗം പ്രഭുവിന്റെ കരുണയിൽമാത്രം ആശ്രയിച്ചു ജീവിക്കുന്ന കൃഷിക്കാരും. അങ്ങനെ 99 ശതമാനം ആളുകളും നിയമദൃഷ്ട്യാ സ്വന്തമായി നിലനില്പില്ലാത്തവരായിരുന്നു. അവക്കെല്ലാം ഒരു പ്രഭുവിന്റെ കൂടിയാൻ അല്ലെങ്കിൽ അടിമ എന്ന നിലമാത്രമാണുണ്ടായിരുന്നതു്. ഇവക്കാർക്കും വസ്തു ഉടമാവകാശം ഇല്ലായിരുന്നു. അതുകൊണ്ടു സ്വന്തമായി ബോധവും വ്യക്തിത്വവും ഉണ്ടായിരുന്ന ഈ മനുഷ്യരെല്ലാം ഫ്യൂഡലിസം എന്ന ഭീമയന്ത്രത്തിന്റെ ഭാഗങ്ങൾ മാത്രമായിരുന്നു. മനുഷ്യനെ വെറും പുഴുവാക്കി ഗണിക്കുന്ന ഒരു മതം ഈ ചിന്താഗതിക്കു് അനുഗ്രഹം കൊടുത്തു.

ഇതിനിടയിൽ മനുഷ്യന്റെ സാമ്പത്തികോല്പാദനശക്തി വളർന്നുകൊണ്ടുവന്നു. കൈത്തൊഴിലുകളുടെ വളർച്ചയും കച്ചവടവും പുരോഗമിച്ചപ്പോൾ പ്രഭുവിന്റെ വസ്തുവിനെ ആശ്രയിക്കാതെ ഉപജീവിക്കാം എന്ന നിലവന്നു. അടുത്തതന്നെ യന്ത്രങ്ങളുണ്ടായി. ഒരു വലിയ വ്യവസായം ഉയർന്നുവന്നു. ഈ വ്യവസായങ്ങൾ നയിച്ചിരുന്നതു് അന്നത്തെ കൈത്തൊഴിലുകാർ—ബൂർഷ്വാസി—ആയിരുന്നു. ജോലി ചെയ്തിരുന്നതു പ്രഭുവിനോടു പിണങ്ങിപ്പോന്ന അടിമകളും. ഈ രണ്ടു വിഭാഗങ്ങൾക്കും അ

വർ വെറും പാവകളായിരുന്ന അവസ്ഥയേപ്പറ്റി വൊ ല്പുണ്ടായി. സ്വന്തം സ്വാതന്ത്ര്യം സ്ഥാപിക്കാനുള്ള ആ കാംക്ഷ അവർക്കുണ്ടായി, അതോടൊപ്പം അതിനുള്ള ക ഴിവും. അതിനുവേണ്ടി അവർ പ്രഖ്യാപിച്ചു, അവർ യന്ത്രങ്ങളുമല്ല അടിമകളുമല്ല എന്ന്. യുക്തിവാദത്തി ന്റെ പ്രചാരംകൊണ്ടു് മതത്തിന്റെ പിടിയും അയ ഞ്ഞു. അങ്ങനെ വ്യക്തിവാദം ഉണ്ടായി. അതൊരു വി പ്ലവമായിരുന്നു—വിലതീരാത്ത ഒരു പുരോഗമനം.

ഇല പഴത്തു കൊഴിഞ്ഞു. തളിരു് ഇലയായി മൂത്തു. പിന്നെയും തളിരു കിളുത്തു. മൂത്ത ഇല പിന്നെയും പഴ ത്തു കൊഴിഞ്ഞു.

ബൂഷ്വാസിയും തൊഴിലാളിയുംകൂടി വ്യക്തിസ്വാ തന്ത്ര്യത്തിനുവേണ്ടി പടവെട്ടി. ജയിച്ചു. കാലം കുറെ ക ഴിഞ്ഞു. വ്യക്തിവാദത്തിലും കുഴപ്പം കണ്ടുതുടങ്ങി. ഫാ ക്ടറിയുടമസ്ഥന്മാർ തൊഴിലാളികളെ മൃഗീയമായി ഞെ ക്കിപ്പിഴിഞ്ഞു. സമുദായത്തിന്റെ പൊതുരക്ഷയ്ക്കുവേ ണ്ടി ഗവണ്മെൻറു ഫാക്ടറികളെ നിയന്ത്രിക്കാൻ തുടങ്ങി യപ്പോൾ മുതലാളികൾ പറഞ്ഞു, അതു് അവരുടെ വ്യ ക്തിസ്വാതന്ത്ര്യത്തിൽ കൈകടത്തലാണെന്ന്. തൊഴി ലാളികൾ സ്വമേധയാ ജോലി ചെയ്യുന്നതായതുകൊണ്ടു് അവരെ ചൂഷണം ചെയ്യുവാൻ അവകാശമുണ്ടെന്നും അ വർ വാദിച്ചു. വഞ്ചിക്കപ്പെട്ടവാനും വ്യക്തിവാദം നീതീ കരണമായി ഉന്നയിക്കപ്പെട്ടു! രാജ്യരക്ഷയ്ക്കോ മറ്റു പൊതു ആവശ്യങ്ങൾക്കു വേണ്ടിയോ രാജ്യാന്തരവാണി ജ്യത്തെ നിയന്ത്രിച്ചപ്പോഴും മുതലാളിവർഗ്ഗം അട്ടഹസി ച്ചു 'സ്വതന്ത്രവാണിജ്യം' എന്നു്. അങ്ങനെ ഉൽകൃഷ്ട

മായ ഒരാദർശമായിത്തുടങ്ങിയ വ്യക്തിസ്വാതന്ത്ര്യവാദം സ്വാർത്ഥതയുടെ ഒരു പര്യായമായി കലാശിച്ചു.

ഈ നിലപാടിനെതിരായിട്ടാണ് സാമൂഹ്യവാദം ഉയർന്നുവന്നത്. വ്യക്തികളുടെ താല്പര്യമല്ലാ, സമുദായത്തിന്റെ പൊതുതാല്പര്യമാണ് പ്രധാനം എന്നായിരുന്നു ആ വാദത്തിന്റെ സാരം. ശാസ്ത്രീയമായി നോക്കിയാൽ ഈ വാദമേ അസംബന്ധമാണ്. തൊഴിലാളിയെ രക്ഷിക്കാൻ വ്യക്തിവാദം മതി. ആയിരം തൊഴിലാളിക്ക് ഒരു മുതലാളിയേ ഉള്ളൂ. അപ്പോൾ വ്യക്തിവാദമനുസരിച്ചായാലും ഒരു മുതലാളിയുടെ വ്യക്തിതാത്പര്യത്തേക്കാൾ പ്രാമാണ്യം ആയിരം തൊഴിലാളിയുടേതിനാണല്ലോ. ഇക്കാര്യം ഒരിക്കലും മറന്നുപോകരുതാത്തതാണ്. കാരണം വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുവാനല്ല സാമൂഹ്യവാദം ഉണ്ടായതു്. അതിനെ ഏറ്റവുമധികം സംരക്ഷിക്കുവാനാണ്. അന്നു മർദ്ദിക്കപ്പെട്ട വ്യക്തികളുടെ ബാഹുല്യംകൊണ്ടു സമുദായം എന്നു് അടച്ചുപറയാൻ ഇടയാക്കി എന്നുമാത്രമേ ഉള്ളൂ. പോരെങ്കിൽ സമൂഹമെന്ന പദപ്രയോഗംകൊണ്ടു സിദ്ധിക്കുന്ന ഐക്യബോധം തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനു് അനിവാര്യവുമായിരുന്നു. അങ്ങനെയാണു സാമൂഹ്യവാദം ഉദയം ചെയ്തതു്.

പക്ഷേ, ആ ഇലയും പഴുത്തു.

ഇന്നൊന്താണു സാമൂഹ്യവാദത്തിന്റെ കഥ. അതൊരു മതമായിത്തീർന്നിരിക്കുന്നു. വ്യക്തി എന്ന വാക്കുപോലും ആരെങ്കിലും ഉപയോഗിച്ചുപോയാൽ അതു മഹാപാതകമായി. അവൻ ലോകത്തെ മുതലാളിത്തത്തിൽ നില

നിറുത്തുവാൻ ആശിക്കുന്നവനാണെന്ന വിധിയും എഴുതി ക്കഴിഞ്ഞു. അതു നീതീകരിക്കുവാൻവേണ്ടി വ്യക്തിയെ നിഷേധിക്കാനുള്ള താത്വികാഭാസങ്ങളും ഉയരുകയായി. (തൊഴിലാളിയുടെ വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചു മുത ലാളികൾ പെരുമ്പറയടിച്ച കഥ ഇവിടെയാണു സ്മരി ക്കേണ്ടതു്.) സാമൂഹ്യവാദത്തിൻറെ ഇന്നത്തെ രൂപം— ചില കമ്യൂണിസ്റ്റുകാരും മറ്റും പറയുന്നതു—ഭാരത ത്തിലെ മായാവാദത്തിൽനിന്നു് ഒട്ടും ഭിന്നമല്ല. നോക്കു ക: "വ്യക്തി, സാഹചര്യങ്ങളുടെ സൃഷ്ടിയാണു്. സാഹ ചര്യങ്ങളെന്നുവെച്ചാൽ സാമ്പത്തികമെന്നർത്ഥം. അതു കൊണ്ടു സ്വന്തം വർഗ്ഗത്തിൽനിന്നു ഭിന്നമായി ചിന്തി ക്കാൻ ഒരാൾക്കും കഴിവില്ല. അതുകൊണ്ടു പെറ്റിബൂ ഷ്വാ—ബൂഷ്വാവിഭാഗങ്ങളിൽനിന്നു വരുന്ന ആദർശാ ലികളെല്ലാം സ്വന്തം വർഗ്ഗത്തിനുവേണ്ടി പണിയെടുക്കു ന്ന ചാരന്മാരാണു്." എത്ര എളുപ്പം! ജലത്തിലെ പോ ളപോലെയുള്ള വ്യക്തികൾ! ശങ്കരാചാര്യർപോലും ഇത്ര തികച്ചും പറഞ്ഞിട്ടില്ല. ഈ തത്വം പറയുന്നവർ പ്രാ യേണ ഈ ശപിക്കപ്പെട്ട വർഗ്ഗങ്ങളിൽനിന്നു വരുന്നവ രാണെന്നതുകൊണ്ടു കുഴപ്പമൊന്നുമില്ല. അതിനും പോം വഴി കണ്ടുവെച്ചിട്ടുണ്ടു്. അവർ കമ്യൂണിസ്റ്റുപാർട്ടിയു ടെ പട്ടാളച്ചിട്ടയെ അംഗീകരിക്കുന്നവരാണത്രേ. അതു കൊണ്ടു് അവർക്കു് അപ്രമാദിത്വം കിട്ടുന്നു. ഒരു നയം മാറ്റി അതിനു വിരുദ്ധമായ മറ്റൊന്നു സ്വീകരിക്കുമ്പോ ഴും അപ്രമാദിത്വത്തിനു കോട്ടം തട്ടുന്നില്ല. തിരുത്തപ്പെ ട്ട ആ തെറ്റു് ഏതോ ചില നിർഭാഗ്യവാന്മാരായ വ്യക്തി കളുടേയാണത്രേ. ഈ ചിന്താഗതിയും മതവും തമ്മിൽ

എത്ര അകലമുണ്ട്. വളരെ അധികമൊന്നുമില്ല. വ്യക്തിയുടെ സ്ഥാനത്തെ പാടേ നിഷേധിക്കുന്നതുകൊണ്ടു സംഭവിക്കുന്ന കാര്യങ്ങൾക്കെല്ലാം വിധികർത്താവായി അംഗീകരിക്കുന്നു—സാമ്പത്തികശക്തികൾ; ഒരു പുതിയ ഈശ്വരൻ. ഏതു വഴിക്കായാലും മനുഷ്യൻ അശക്തനാണ്, പ്രകൃതിയെ മാറ്റാൻ ശക്തിയില്ലാത്തവനാണ്. ഇതൊന്നും മാർക്സും എംഗൽസും പറഞ്ഞതല്ല എന്നു പ്രതിഷേധിക്കുന്ന ശബ്ദങ്ങൾ ഉണ്ടാകും. ഞാൻ യോജിക്കുന്നു. പറയുന്നതിനെല്ലാം മഹദ്വചനം ഉദ്ധരിക്കണമെന്ന അഭിപ്രായത്തിൽ എനിക്കു വിശ്വാസമുണ്ടായിരുന്നെങ്കിൽ, യഥാർത്ഥ സാമൂഹ്യവാദത്തിൽ വ്യക്തിത്വത്തെ നിഷേധിക്കുന്നില്ല എന്നു തെളിയിക്കാൻ ഞാൻ ഉദ്ധരണികൾ കൊടുക്കുമായിരുന്നു. വിപ്ലവം സ്വമേധയാ ഉണ്ടായിക്കൊള്ളും എന്ന വാദത്തിനു് അവർ പറയുന്ന മറുപടി മാത്രം പരിശോധിച്ചാൽ മതി. പുസ്തകത്തിൽ അങ്ങനെയെല്ലാമുണ്ട്. പക്ഷേ, ഏട്ടിലെ പഴുതു പുല്ലുതിന്നുന്നില്ല എന്നതാണു വാസ്തവം. ഞാൻ റഷ്യയിലേയ്ക്കു കടക്കുന്നില്ല. അവിടെ ഞാൻ പോയിട്ടുമില്ല. പക്ഷേ, ഇവിടെ എങ്ങനെയാണു സ്ഥിതി? അതാണു ഞാൻ മുമ്പിൽ പറഞ്ഞതു്—വ്യക്തിത്വം ഒരു മഹാപാപമായി ഗണിക്കപ്പെടുന്നുവെന്നു്. പാർട്ടിഘടനയേയും പരിപാടിയേയും പുരോഗതിയുടെ ചേരിയിൽനിന്നു വിമർശിക്കുന്നവരെ മുട്ടുകുത്താനുള്ള ഒരടവാണിതു്. സ്വതന്ത്രചിന്ത എന്നൊന്നില്ലാത്തേടത്തു് ഔദ്യോഗികരേഖയ്ക്കപ്പുറം പോകുന്ന ചിന്തയെല്ലാം തെറ്റാണല്ലോ. അങ്ങനെയായാൽ നേതൃത്വത്തിൽ കയറിക്കൂടിയവർക്കു നല്ലൊരു രക്ഷാകവചമാ

ണിതു്. അവർ എന്തു തെറു ചെയ്താലും അവരുടെ നിലയ്ക്കു് ഇളക്കം തട്ടുകയില്ല. പാപങ്ങളെ പൊറുക്കാനും, അനുഗ്രഹം തരാനും പുരോഹിതനധികാരമുണ്ടു്; പുരോഹിതനു മാത്രം. അവരാണല്ലോ ദൈവത്തിൻെറ ഔദ്യോഗികവ്യാഖ്യാതാക്കൾ. നേരുതപ്പിത്ത അരക്കിട്ടുറപ്പിക്കാനുള്ള ഉയൎന്നനില്ക്കുന്ന വ്യക്തികളോടു നീരസം തോന്നുകയെന്ന ക്രൗഡ്സൈക്കോളജി ഈ കൂത്തിനു കൂട്ടുനില്ക്കുകയും ചെയ്യും.

സാമൂഹ്യതാല്പൎയ്യത്തിനുവേണ്ടി നില്ക്കുന്നവർ ഈ കാൎയ്യം സൂക്ഷ്മമായി ഒന്നു പരിശോധിക്കേണ്ടതാണു്. വ്യക്തിവാദം വെറും സ്വാൎത്ഥമല്ല. ഓരോ വ്യക്തിയുടേയും സമ്പൂൎണ്ണമായ വളൎച്ചയ്ക്കു സഹായകമായ ഒരു മാൎഗ്ഗം മാത്രമാണു സാമൂഹ്യവാദം. സാമൂഹ്യവാദത്തിൻെറ വളൎച്ചയിൽ വ്യക്തിതപത്തേയും വ്യക്തിസ്വാതന്ത്ര്യത്തേയും തന്നെ നിഷേധിക്കാനിടവരുന്നെങ്കിൽ അടപടലം നഷ്ടപ്പെട്ടു. പൊതിഞ്ഞ ഇല മാത്രമാണു കയ്യിലിരിക്കുന്നതെന്നു മനസ്സിലാക്കണം. ഓരോ വ്യക്തിയുടേയും വ്യക്തിതപത്തെ അംഗീകരിക്കാതിരുന്നതുകൊണ്ടാണു സാമൂഹ്യവാദം ഉയൎന്നുവന്നതെന്നു നാം കണ്ടുകഴിഞ്ഞു. ഇനിയും വ്യക്തിയെ അംഗീകരിക്കാതിരിക്കുന്നതു മുതലാളിത്തത്തിൻെറ ജോലിതന്നെ മറെറാരു മാൎഗ്ഗത്തിൽ തുടരുകയാണു്.

സാമൂഹ്യവാദത്തെ നേരിടുവാൻ മുതലാളിത്തം ഇന്നുപ്രയോഗിക്കുന്ന അടവുകളെ എടുത്തുനോക്കുക. പഴയ രീതിയിൽ വ്യക്തികൾക്കു മറു വ്യക്തികളെ പൂഷണം ചെയ്യുവാനുള്ള 'സ്വാതന്ത്ര്യം' ഉണ്ടായിരിക്കണമെന്നു അധപ്പതിച്ച വ്യക്തിവാദവുമായി കഴിഞ്ഞുകൂടുന്ന കുറെ രാഷ്ട്ര

ങ്ങളുണ്ട്. അവയാണ് ഇന്നു ഡെമോക്രസികളെന്നു സ്വ
യം വിളിക്കുന്ന പാശ്ചാത്യമുതലാളിത്തരാഷ്ട്രങ്ങൾ. ഇതു
കൂടാതെ രണ്ടാമതൊരടവും അവർ പ്രയോഗിക്കുന്നുണ്ട്.
നാശംകൊണ്ടു വ്യക്തിവാദം ബലഹീനമായി സാമൂഹ്യവാ
ദം പ്രബലപ്പെട്ട രാജ്യങ്ങളിലേയ്ക്ക് അവർ മറെറാരു അട
വെടുത്തു. അതാണ് ഒരു ഇമിറേറഷൻ സാമൂഹ്യവാദത്തെ
അംഗീകരിക്കുകയെന്നതു്. വ്യക്തിയെ അപ്രധാനമാക്കി,
സമുദായത്തെ ഈശ്വരനായി അവരോധിച്ചു് അവർ ഒരു
സാമൂഹ്യഘടന കെട്ടിപ്പടുത്തു. ഇതാണു ഫാഷിസം. വ്യ
ക്തിയുടെ ദൈനംദിനജീവിതത്തിൽ ഫാഷിസം വളരെ
കൈകടത്തുന്നുണ്ട്. തൊഴിലാളിസംഘടനകളും ക്ലബിയും
രാഷ്ട്രംതന്നെ നിയന്ത്രിക്കുക, വ്യവസായങ്ങളും സക്കാർത
ന്നെ ഏറെറടുക്കുക, വിദ്യാഭ്യാസം രാഷ്ട്രീയാധികാരികളു
ടെ കുത്തകയാക്കുക എന്നിങ്ങനെ ജീവിതത്തിന്റെ പ്ര
ധാനതുറകളെല്ലാം സാമൂഹ്യമായി നടത്തുക എന്നാണവ
രുടെ തീർപ്പു്. ഇതിനൊന്നും തെററില്ല. പക്ഷേ, ഇവ
യെല്ലാം വ്യക്തികളുടെ ക്ഷേമത്തിനുവേണ്ടി ആയിരിക്ക
ണം. ഇവിടെ അങ്ങനെയല്ല. വ്യക്തികളും മാർഗ്ഗങ്ങളും കു
രുക്കളും മാത്രമാണു്. സമുദായമെന്ന സ്തംഭമാണു ലക്ഷ്യം.
ഈ ഏറ്റുപ്പാടിനു സ്റ്റേററ് കാപ്പിറലിസം എന്നു പറയുന്നു.
ഇതു സോഷ്യലിസമല്ല. പക്ഷേ, വ്യക്തിവാദവിദ്വേഷി
കളായ ജനങ്ങളെ വഞ്ചിക്കുവാൻവേണ്ടി ഈ തത്വത്തെ
സോഷ്യലിസം എന്നു ഹിറ്റ്ലർ വിളിച്ചു. ജർമ്മനിയിൽ
തൊഴിലില്ലായ്മ അവസാനിച്ചു. ഭക്ഷണവും കിട്ടി. പ
ക്ഷേ കുറേ കഴിഞ്ഞു് അതിന്റെ കടം വീട്ടുകയും ചെയ്തു.

ഈ നിലയിൽനിന്നു കമ്യൂണിസത്തിനെന്തായിരിക്ക

ണം വ്യത്യാസം. ഒന്നുമാത്രം: കാളയെ വണ്ടിയുടെ മുമ്പിൽ കെട്ടണമെന്നു മാത്രം. 'വ്യക്തിസമുദായത്തിനുവേണ്ടി' എന്നതു 'സമുദായത്തിന്റെ ലക്ഷ്യം വ്യക്തിയുടെ വളച്ച്' എന്നു മാറ്റി എഴുതണമെന്നു മാത്രം. ഈ അടിസ്ഥാന തത്വം മനസ്സിലാക്കാതെ പോയാൽ അവസാനം ലഭിക്കുന്നതു ജർമ്മൻ ജനതയ്ക്കു ലഭിച്ച സമ്മാനമായിരിക്കും. ഹിറ്റ്ലറും മുസ്സോളിനിയും ആദ്യം സോഷ്യലിസ്റ്റുകളായിരുന്നു എന്നതും മറക്കരുതു്. വ്യക്തിയെ അംഗീകരിക്കാത്ത ചിന്തകനും, പ്രസ്ഥാനവും ഫാഷിസത്തിലവസാനിക്കും. ഈ നിർഭാഗ്യകരമായ അവസ്ഥയിലേയ്ക്കു വളരെയധികം സാമൂഹ്യവാദികളും ഇന്നു നീങ്ങിത്തുടങ്ങിയിട്ടുണ്ടു്. അതിനെ ഒന്നു പിടിച്ചു നിറുത്താൻവേണ്ടിയാണു് വ്യക്തിയുടെ പ്രാധാന്യം ഉന്നിപ്പറയേണ്ടിവന്നതു്.

ഞാനൊരു വ്യക്തിവൈഭവവാദിയാണെന്ന ആരോപണം എന്റെ മുഖത്തു് ആയിരം തവണ വലിച്ചെറിയപ്പെട്ടിട്ടുണ്ടു്. സ്നേഹിതാ, ഒന്നു മനസ്സിലാക്കൂ, ആ ആരോപണം എനിക്കൊരു ഖഡ്ഗമല്ല, പൂമാലയാണു്. 'ഞാൻ' വിജയിപ്പൂതാക!

പിന്നെയോ?

".....അതെ. അങ്ങനെ ലോകവിപ്ലവം ഉണ്ടാകും. ശരി. പിന്നെ?"

"പിന്നെ, അധ്വാനിക്കുന്നവന്റെ സർവ്വാധിപത്യം സ്ഥാപിക്കും. ഇത്തിക്കണ്ണിവർഗ്ഗങ്ങൾ എല്ലാം പറിച്ചുകളയപ്പെടും. അങ്ങനെ നീതി നടപ്പിലാകും. അങ്ങനെ വർഗ്ഗരഹിതമായ ഒരു സമുദായം സ്ഥാപിക്കപ്പെടും."

"ശരി. പിന്നെ?"

"പിന്നെയോ? പിന്നെയെന്താ, സോഷ്യലിസ്റ്റ് ഉല്പാദനം ആരംഭിക്കും."

"പിന്നെ?"

"എന്തുപിന്നെ?"

"അതുകഴിഞ്ഞിട്ടെന്താണെന്നാണ് ഞാൻ ചോദിച്ചതു്."

"ഏതുകഴിഞ്ഞിട്ട്."

"ഈ വിപ്ലവമൊക്കെ കഴിഞ്ഞിട്ടേ."

"ചോദ്യം മനസ്സിലായില്ല."

"ഈ സമരമില്ലേ സമരം. വിപ്ലവമൊക്കെക്കഴിഞ്ഞു് എല്ലാവർക്കും വേണ്ടതെല്ലാം കിട്ടിക്കൊണ്ടിരിക്കുമ്പോൾ എന്താണ് സമരം?"

"നിങ്ങൾ ഒരു സമരപ്രിയനാണെന്നു തോന്നുന്നു. അന്നൊരു സമരവുമുണ്ടാകയില്ല."

"ഇല്ലേ. വളരെനന്നായി. പക്ഷേ വൈരുദ്ധ്യം എന്നൊന്നില്ലേ."

"എന്തു വൈരുദ്ധ്യം."

"ഈ ഡയലെക്ടിക്സിലെ വൈരുദ്ധ്യം. അതാണു് ഞാൻ ചോദിച്ചതു്."

"ഓ അതു്. അല്ലേ?...അതു്...അതു്. പ്രകൃതിയും മനുഷ്യനുംതമ്മിൽ ആയിരിക്കും. അതു് സമരംതന്നെയാണു്."

"അതു് പണ്ടുമുതൽ നടന്നുവരുന്നതല്ലേ. അന്നതിനു പ്രത്യേകമായിട്ടെന്താണുള്ളതു്?"

"ഒന്നുമില്ല."

"പോരെങ്കിൽ മനുഷ്യസമുദായത്തിനകത്തും ഡയലെക്ടിക്സ് ഇല്ലേ. വർഗ്ഗങ്ങളം ഇല്ല. ശരിയാണോ?"

"ശരി."

"വൈരുദ്ധ്യങ്ങളം ഉണ്ടു്. ശരിയാണോ?"

"ശരി."

"ആരുതമ്മിലാണു വൈരുദ്ധ്യം?"

"ഉല്പാദകനും ഉപഭോക്താവുംതമ്മിൽ."

"അന്നു് പ്ലാനിംഗു് ഉണ്ടായിരിക്കുകയില്ലേ?"

"തീർച്ചയായും."

"പിന്നെയെങ്ങനെയാണു് ഉല്പാദകനും, ഉപഭോക്താവുംതമ്മിൽ വൈരുദ്ധ്യം? പോരെങ്കിൽ സകല ഉല്പാദകനും മറെറാരുതരത്തിൽ ഉപഭോക്താവല്ലേ; മറിച്ചും? അതുംപോരെങ്കിൽ ഇപ്പോഴുംതന്നെ ഉല്പാദകനും

ഉപഭോക്താവുംതമ്മിൽ വൈരുദ്ധ്യമില്ലേ. അതു തീക്കാനല്ലേ വിപ്ലവം നടത്തുന്നതുതന്നെ."

"അങ്ങനെയല്ല. വൈരുദ്ധ്യം സ്ത്രീയും പുരുഷനും തമ്മിലായിരിക്കും."

"വിപ്ലവം കഴിയുമ്പോൾ പുരുഷന് അടിമത്വം അനുഭവിക്കുമോ?"

"ഇല്ല."

"സ്ത്രീയുടെ അടിമത്വം തുടരുമോ."

"ഒരിക്കലുമില്ല."

"പിന്നെയെങ്ങനെയാണ് അവർതമ്മിൽ വൈരുദ്ധ്യം."

"അതല്ല. അത്തരം വൈരുദ്ധ്യങ്ങൾ ഒന്നുംതന്നെ ഉണ്ടാകാൻ വഴിയില്ല."

"ഡയലെക്റ്റിക്കൽ ഫിലോസഫി നിലനില്ക്കുമോ?"

"അത് സനാതനമാണ്."

"രാഷ്ട്രം തുടരുമോ?"

"ആചാര്യൻ പറഞ്ഞതുപോലെ, രാഷ്ട്രം വാടിക്കരിഞ്ഞുപോകുംവരെ രാഷ്ട്രം നിലനില്ക്കും."

"രാഷ്ട്രത്തിന് ഉദ്യോഗസ്ഥന്മാരുണ്ടായിരിക്കുമോ?"

"ഉണ്ടായിരിക്കും."

"അവർ ജനങ്ങൾ പറയുന്നതുപോലെ ചെയ്യുമോ?"

"ചെയ്യും."

"എന്താണുറപ്പ്?"

"ജനാധിപത്യഭരണഘടന."

"ഇന്നും ഭരണഘടനകളില്ലേ?"

"ഉണ്ട്."

"അധികാരികൾ അതിനെ അനുസരിക്കാറുണ്ടോ?"

"ചുരുക്കമാണ്."

"അതെന്താ?"

"അത്... അത്..... ആണ്."

"അത് വൈരുദ്ധ്യമുണ്ടായിക്കൂടെ, ഭരണകർത്താക്കളും ഭരണീയരുംതമ്മിൽ?"

"എനിക്കാലോചിക്കണം."

"എങ്കിൽ ഇതുംകൂടി ആലോചിക്കുക. അന്ന് ശാസ്ത്രജ്ഞന്മാർ ഉണ്ടായിരിക്കുമോ? കലാകാരന്മാർ ഉണ്ടായിരിക്കുമോ? തത്വജ്ഞാനികൾ ഉണ്ടായിരിക്കുമോ? വിപ്ലവംമൂലം മനുഷ്യസമുദായം നിശ്ചലമാകുമോ? മതക്കാരുടെ സ്വർഗ്ഗംപോലെ നിത്യാനന്ദം സമാരംഭിക്കുമോ?"

"ആലോചിക്കാം. പക്ഷേ ഇതുയങ്ങോട്ട് നീട്ടി ആലോചിച്ചതുകൊണ്ട് ഇപ്പോൾ എന്താണ് ഫലം?"

"ഒന്നുമില്ല. നമുക്ക് ചായകുടിക്കാം."

ഒരു ചെറിയ കാര്യം

സകല രാഷ്ട്രീയനേതാക്കന്മാരും മൗലികമായി യാഥാസ്ഥിതികന്മാരാണ്. കൊട്ടമ്പിരിക്കൊണ്ട വിപ്ലവം പ്രസംഗിക്കുന്ന ഇടതുപക്ഷക്കാരും ഈ തത്വത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നില്ല. ഈ പ്രസ്താവനയിൽ അല്പം അസാധാരണത്വമുണ്ടെങ്കിലും, ഇതു് അക്ഷരംപ്രതി ശരിയാണു്.

സാധാരണഗതിയിൽ നാം വിപ്ലവകാരികളെന്നു സംബോധന ചെയ്യുന്നതു രാഷ്ട്രീയനേതാക്കന്മാരെ മാത്രമാണു്. ഒലിവർക്രോംവെൽ, ഭഗത്സിംഗ്, സ്റ്റാലിൻ ഇവരെല്ലാം വിപ്ലവകാരികളാണു്. പക്ഷേ വാൻഗോഗ്, അപ്ടൻ സിൻക്ലെയർ, ഐൻസ്റ്റീൻ എന്നിവരെ ആരും വിപ്ലവകാരികളെന്നു വിളിക്കാറില്ല. വിപ്ലവമെന്ന വാക്കിനെപ്പറ്റി നമുക്കുള്ള അജ്ഞതയാണിതിനൊക്കെ കാരണം. കൊടിയുംപിടിച്ചു ജാഥ നടത്തുന്ന നേതാവിനേയും, പോലീസ്സ്റ്റേഷൻ ആക്രമിക്കുന്ന സഖാവിനേയും നാം വിപ്ലവകാരികളായി കണക്കാക്കുന്നതു്, അവർ നടത്തുന്ന 'വിപ്ലവം' നമുക്കു മനസ്സിലാക്കാൻ കഴിയുന്നതായതുകൊണ്ടാണു്. ഒരു 'പുതിയ സാമൂഹ്യഘടന' എന്ന ആദർശം സാധാരണക്കാരന്നു ഭാവന ചെയ്യാവുന്നതാണു്. പക്ഷേ 'ഒരു പുതിയ ചിത്രണസമ്പ്രദായം' എന്നു പറഞ്ഞാൽ അതിൽ യാതൊരു തീയും പുകയും നമുക്കു കാണാൻ കഴിയുകയില്ല. ഭരിച്ചുകൊണ്ടിരിക്കുന്ന ഗവ

ന്മെൻറിനെ തകിടംമറിക്കുന്നതു വിപ്ലവമാണു്. പ്രകാശരശ്മികൾക്കു തുക്കമുണ്ടെന്നു് കണ്ടുപിടിക്കുന്നതിൽ യാതൊരു വിപ്ലവവും ഇല്ല. ചുരുക്കിപ്പറഞ്ഞാൽ, അറിവിൽതന്നെ പരിവർത്തനമുണ്ടാക്കുന്നവയും മനുഷ്യന്റെ ബോധത്തെത്തന്നെ ഇളക്കിത്തിരിക്കുന്നതുമായ പുതിയ ചിന്താഗതികളുടെ പ്രാധാന്യം ഏറ്റവും ശക്തിമത്താണെങ്കിലും അതിസൂക്ഷ്മമായതുകൊണ്ടു് നമുക്കു കാണാൻവയ്യ. കലാകാരനും, ശാസ്ത്രജ്ഞനും, തത്വജ്ഞാനിയും വിപ്ലവകാരികളാണു്. പക്ഷേ അവരുടേതു് അംഗീകരിക്കപ്പെടാത്ത വിപ്ലവമാണെന്നുമാത്രം. രാഷ്ട്രീയവിപ്ലവങ്ങൾക്കു പ്രാധാന്യമില്ലെന്നർത്ഥമില്ല. കാലത്തിന്റേയും വ്യാപ്തിയുടേയും കാര്യത്തിൽ അവ ഉപരിപ്ലവങ്ങളാണെന്നുമാത്രം.

അടിസ്ഥാനപരമായ വിപ്ലവങ്ങൾ (മാനസികം) നിരന്തരമാണു്; അവ യാതൊരു ക്ലിപ്തലക്ഷ്യത്തിലേയ്ക്കുമല്ല പുരോഗമിക്കുന്നതു്. എന്നുമൊരു 'നാളെ'യുള്ള ക്രൂരാണവർ. രാഷ്ട്രീയക്കാരോ, വ്യക്തമായ ഒരാവശ്യത്തിലേയ്ക്കാണു പോകുന്നതു്. അതു ലഭിച്ചുകഴിഞ്ഞാൽ വിപ്ലവവും നിലച്ചു. ഫ്യൂഡൽകാലത്തെ വിപ്ലവകാരിയായ മുതലാളി, മുതലാളിത്തസ്ഥാപനത്തോടുകൂടി യാഥാസ്ഥിതികനായി. മുതലാളിത്തകാലത്തെ സോഷ്യലിസ്റ്റ് തൊഴിലാളിഭരണം സ്ഥാപിച്ചാൽപിന്നെ യാഥാസ്ഥിതികനാകും. (ഇതു് നല്ലതോ ചീത്തയോ എന്നു് ഇവിടെ അനേഷിക്കുന്നില്ല. ഇതൊരു വാസ്തവമാണെന്നു് ചൂണ്ടിക്കാണിക്കുകയാണു്.) ഇതുകൊണ്ടാണു് ഏറ്റവും തീവ്രവാദിയായ രാഷ്ട്രീയവിപ്ലവകാരിയും മൗലികമാ

യി യാഥാസ്ഥിതികനാണെന്ന് അഭിപ്രായപ്പെട്ടതു്. ഇന്ന നിലവിലുള്ളതിനെ അവന നിലനിത്തണമെന്നു് ആഗ്രഹമില്ല. പക്ഷേ നാളെ വരാൻപോകുന്ന എന്തോ ഒന്ന മറന്നാളേയ്ക്കു് നിലനിറുത്തണമെന്നു് അവൻ കച്ചകെട്ടിയിട്ടുണ്ടു്. അധികാരഭ്രമത്തെ, കമ്മ്യൂണിസ്റ്റുകാർപോലും 'പിന്നെ അധികാരംകിട്ടാതെ എന്താ ചെയ്യുക?' എന്ന ചോദ്യംമുഖേന നീതീകരിക്കുന്നതു് ഈ ചിന്താഗതിക്കൊരു ഉദാഹരണമാണു്.

കമ്മ്യൂണിസത്തിനപ്പുറമുള്ള സാമൂഹ്യഘടനയിൽ മാറ്റമുണ്ടാവില്ലെന്നു വാദഗതിതന്നെ മാർക്സിനു് വിരുദ്ധമാണു്. ദൈനംദിനജീവിതത്തിന്റെ പ്രതിഫലനം മാത്രമാണു് രാഷ്ട്രീയകായ്യങ്ങം എന്നതു് ശരിയാണെങ്കിൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിൽക്കൂടി മാറ്റങ്ങം ഉണ്ടായിക്കൊണ്ടിരിക്കും. കാരണം, വിപ്ലവം കഴിഞ്ഞാലും, ഉല്പാദനരീതികളുംമറ്റും മൗലികമായി മാറിക്കൊണ്ടിരിക്കുമെന്നതുതന്നെ. ഒരുതിത്തിവരെ (ചില കായ്യങ്ങളിൽ) കമ്മ്യൂണിസ്റ്റുകാരും വിപ്ലവകാരികളാണു്. പക്ഷേ അവക്കൊരു കാലപരിമിതിയുണ്ടു്. കലാകാരനും തത്വജ്ഞാനിയും ശാസ്ത്രജ്ഞനും ഇത്തരം ഒരു പരിമിതിയും അംഗീകരിക്കാൻ നിവൃത്തിയില്ല.

അന്നന്നുള്ള ഭരണരീതിയേയും മറ്റും നിലനിറുത്തണമെന്ന നിർബ്ബന്ധമുള്ളവരാണു രാഷ്ട്രീയനേതാക്കന്മാർ. ചിന്തകന്മാരോ, അതിനപ്പുറം പോയേ തീരൂ എന്നു വിശ്വസിക്കുന്നവരും. അതുകൊണ്ടു യാതൊരു കാലത്തും ഭരണകത്താക്കം അതതുകാലത്തെ തത്വജ്ഞാനികളെ അംഗീകരിക്കുകയില്ല. സക്കാർ അംഗീകരണം ലഭിക്കുന്ന

യാതൊരു ചിന്തകനും പ്രയോജനമുള്ളവനല്ലതാനും. സോഷ്യലിസ്റ്റ് രാഷ്ട്രത്തിലും അങ്ങനെയായിരിക്കും. റഷ്യയിൽ മയക്കോവ്സ്കിക്കും ഗോക്കിക്കും നേരിടേണ്ടിവന്ന പ്രശ്നങ്ങൾ ഇതുതന്നെയാണെന്നു വിചാരിക്കാൻ ന്യായമുണ്ട്.

അതുകൊണ്ട് തങ്ങളുടെ സ്വന്തം ചുമതല സത്യത്തിന്റെ നിയന്ത്രണമനുസരിച്ചു മാത്രം ചെയ്യുതീർക്കണമെന്നും നിർബ്ബന്ധമുള്ള യാതൊരു കലാകാരനും, ശാസ്ത്രജ്ഞനും, താത്വികനും, തങ്ങളുടെ പ്രവർത്തനങ്ങൾ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ അതിരുകൾക്കുള്ളിൽ പരിമിതപ്പെടുത്തുവാൻ നിവൃത്തിയില്ല. അങ്ങനെ സ്വതന്ത്രസ്വതന്ത്രമായി ചിന്തിക്കുമ്പോൾ ചിന്തകൻ വല്ലയിടത്തും തെറ്റിയെന്നുവരാം. പക്ഷേ അതുകൊണ്ട് അവൻ രാഷ്ട്രീയനേതാവിന്റെ വരയിൽക്കൂടി നടക്കണമെന്നില്ല. പ്രായേണ അതു് അന്ധൻ കോങ്കണ്ണനെ വഴികാണിക്കുന്നതുപോലെയായിരിക്കും. അല്ലെങ്കിൽത്തന്നെ, രാഷ്ട്രീയനേതാവു് രാഷ്ട്രീയതകിടംമറിച്ചിലുകൾ നടത്തുമ്പോഴെല്ലാം അതനുസരിച്ചു ജീവിതവീക്ഷണം മാറാനും ചിന്തകനു കഴിവുണ്ടായിരിക്കുകയില്ല. സ്വന്തംതൊഴിലിന്റെ ക്ലൃപ്തത്തിൽ മറ്റുള്ളവന്റെ ഭാണ്ഡംകൂടി അവൻ പേറണമെന്നില്ലല്ലോ.

ഒരു ചെറിയ നാട്ടുകാര്യംകൂടി, കേരളത്തിലെ കമ്മൂണിസ്റ്റ്കാർ കുറേനാളായിട്ട് സാഹിത്യകാരന്മാർക്കു ചില ബഹുമതികൾ സമ്മാനിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലോ. ഇപ്പോൾ കമ്മൂണിസ്റ്റ്പാർട്ടി അതിന്റെ നയം കടകവിരുദ്ധമായി മാറുകയാണെന്നു കേൾക്കുന്നു. ഈ മാറ്റത്തോടെ അവർ സാഹിത്യകാരന്മാരുടെ നേരെ എ

ട്ടുത്ത ഭാവവും അടവുകളും മാറുമെന്ന് പലരും ആശിക്കുന്നുണ്ട്. അതൊരു വ്യാമോഹമാണ്. അവക്കിനിയും സ്നേഹിതന്മാരേയും ശത്രുക്കളേയും തിരിച്ചറിയാൻ കഴിവുണ്ടായിട്ടില്ല. അധികാരവേട്ടയ്ക്കിടയിൽ ചിന്താപരമായ കായ്യങ്ങളേപ്പറ്റി അന്വേഷിക്കാൻ അവക്ക് സമയമില്ല. കഴിവുള്ള സാഹിത്യകാരനും രാഷ്ട്രീയക്കാരനും (മുദ്ര യേതായാലും) തമ്മിലുള്ള വൈരുദ്ധ്യം തുടരുകതന്നെചെയ്യും. ഈ പരമാർത്ഥം, സകല സാഹിത്യകാരന്മാരും ചിന്തിരിപ്പന്മാരാണെന്ന വാദിക്കാനുള്ള ന്യായമായി രാഷ്ട്രീയക്കാരൻ ഉന്നയിക്കുകയും ചെയ്യും. എല്ലാക്കാലവും ന്യൂനപക്ഷത്തിൽ നില്ക്കുവാനും അധികാരിവർഗ്ഗത്തിന്റെ തല്ലുകൊള്ളുവാനും തയ്യാറുള്ള സാഹിത്യകാരനു മാത്രമേ സ്വതന്ത്രം ചിന്താസ്വാതന്ത്ര്യം പരിപാലിക്കുവാനും അതുവഴി കായ്യമായി എന്തെങ്കിലും ചെയ്യുവാനും കഴിവുണ്ടാകയുള്ളൂ.

കുറുക്കുവഴികൾ

മനുഷ്യസംസ്കാരത്തിന്റെ അടിസ്ഥാനപുരോഗതി ഉത്തരോത്തരം ഉൽകൃഷ്ടമായിക്കൊണ്ടിരിക്കുന്ന ലക്ഷ്യങ്ങളിലേയ്ക്കുള്ള ഗതിയാണു്. സ്വന്തം വിശപ്പു മാറുക, ലൈംഗികകർമ്മം നടത്തുക, എന്നീ മൃഗപരമായ ലക്ഷ്യങ്ങളിൽനിന്നു മനുഷ്യൻ ഉയർന്നു; സ്വന്തം ഭക്ഷണത്തിനു പുറമെ തന്റെ ക്രൂടെ നടക്കുന്ന സ്ത്രീക്കും, കുറെക്കൂടിക്കഴിഞ്ഞു്, ആ സ്ത്രീ പ്രസവിച്ച കുട്ടികൾക്കും ഭക്ഷണം സമ്പാദിക്കുകയെന്ന ലക്ഷ്യംവരെ അവൻ ഉയർന്നു. ലൈംഗികകാര്യംതന്നെ, ബലാൽക്കാരത്തിൽനിന്നു സ്ത്രീയുടെ സമ്മതത്തോടുകൂടി രമിക്കുന്നതിലേക്കു് ഉയർന്നു; അവിടെനിന്നു നീണ്ട ഒരു കാലഘട്ടത്തിനുശേഷം പ്രണയത്തിലേക്കും വെറും ലൈംഗികകർമ്മത്തിനു നൂറു ശതമാനം പ്രാധാന്യമുണ്ടായിരുന്ന അവസ്ഥ മാറി, ഒരു പ്രധാന പങ്കു് കേവലസൗഹാർദ്ദത്തിനു നീക്കിവെച്ചുകിട്ടിയപ്പോൾ സ്ത്രീപുരുഷബന്ധം മൃഗങ്ങളുടേതിൽനിന്നു് അടിസ്ഥാനപരമായി വ്യത്യാസപ്പെട്ടു. വ്യക്തിയുടെസ്വാതന്ത്ര്യം കൂടുംബത്തിന്റെ സ്വാർത്ഥതയായിത്തീർന്നു. അടുത്തപടിയായി അതു കുറെക്കൂടി വിശാലമായി, വർഗ്ഗത്തിന്റെ സ്വാർത്ഥതയിലെത്തി. മനുഷ്യന്റെ സാമൂഹ്യസ്വഭാവം എന്നു വ്യവഹരിക്കപ്പെടുന്ന ഈ ഗതി ഇന്നത്തെ ദേശീയതാവരെ ഉയർന്നുകഴിഞ്ഞിട്ടുണ്ടു്. ഇതാണു് ലക്ഷ്യങ്ങൾ മേൽക്കുമേൽ ഉത്തമങ്ങളായിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞതിന്റെ അർത്ഥം.

ക്രമേണയുള്ള ഈ വളർച്ചയിൽ ഒരു പ്രത്യേകലക്ഷ്യത്തിന്റെ ആവിർഭാവം പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. മറ്റു ലക്ഷ്യങ്ങൾക്കു പുറമെ, മനുഷ്യൻ തന്റെ ലക്ഷ്യത്തിലെത്താൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ ഉത്തമമായിരിക്കണമെന്നൊരു ലക്ഷ്യം ഉണ്ടായി. തെറ്റായ മാർഗ്ഗം തെറ്റായ ലക്ഷ്യത്തിൽ മാത്രമേ ചെന്നെത്തുകയുള്ളൂ എന്ന അനുഭവപാഠമായിരിക്കാം മനുഷ്യനെ ഈ ലക്ഷ്യം അംഗീകരിക്കാൻ പ്രേരിപ്പിച്ച കാരണങ്ങളിലൊന്ന്. പക്ഷേ അതു മാത്രമാണതിനു കാരണമെന്നും വിശ്വസിക്കുക വയ്യ. ലൈംഗികകർമ്മത്തിൽ ബലാൽപ്രയോഗം ഉപേക്ഷിച്ചതു പ്രായോഗികവിജയത്തെപ്രതിയല്ലെന്നു കാണാമല്ലൊ. മനുഷ്യൻ പുരോഗമിക്കുന്നു എന്നു പ്രസ്താവന വാസ്തവമാണെങ്കിൽ, അവന്റെ സ്വഭാവത്തിൽ സാന്മാർഗ്ഗികമായ ഒരു പരിവർത്തനം വന്നു എന്നതാണതിനു കാരണം.

ഈ മൗലികസത്യം മറന്നിട്ടാണു നമ്മുടെ പാർട്ടികളും പ്രസ്ഥാനങ്ങളും ഇന്നു പ്രവർത്തിക്കുന്നതു്. തിരഞ്ഞെടുപ്പിൽ കള്ളവോട്ടു ചെയ്യിക്കുന്നതിലും ഭീഷണിപ്പെടുത്തുന്നതിലും മറ്റു ക്രമക്കേടുകൾ കാണിക്കുന്നതിലും ആത്മാർത്ഥമായ എതിർപ്പുള്ള യാതൊരു പാർട്ടിയും ഇന്ത്യയിലില്ല. എതുകക്ഷി അങ്ങനെ ചെയ്യുന്നതിനെപ്പറ്റിമാത്രമേ പ്രതിഷേധമുള്ളൂ. എങ്ങനെയെങ്കിലും ജയിച്ചു നിയമസഭയിൽ ചെന്നാൽ പിന്നെ കണ്ണില്ലാത്തതെല്ലാം പൊന്നാക്കിക്കൊള്ളാമെന്നാണു് ധാരണ. കള്ളവോട്ടുകൊണ്ടു ജയിച്ചവൻ നിയമസഭയിൽ സത്യത്തിനുവേണ്ടി നില്ക്കുംപോലും. അതിന്റെ സന്മാർഗ്ഗശാസ്ത്രപരമായവശം

അവിടെ കിടക്കട്ടെ. അനുഭവംമാത്രംമതി ഈ ചിന്താഗതിയെ നിഷേധിക്കുവാൻ. ഇന്നു രാഷ്ട്രീയനേതാക്കന്മാരൊഴിച്ച് ആരോടും അക്കാര്യത്തെപ്പറ്റി തർക്കിക്കേണ്ട കാര്യമില്ല നിർഭാഗ്യവശാൽ ഇന്നു സകല രാഷ്ട്രീയപ്രസ്ഥാനങ്ങളും ഈ തെറ്റു ചെയ്യുന്നുണ്ട്. ഭീഷണിയും, കൊലയും, വഞ്ചനയും, ആഭാസത്തരവും, അപവാദവുമെല്ലാം അംഗീകൃത രാഷ്ട്രീയായുധങ്ങളായിത്തീർന്നിരിക്കുകയാണ്. അധികാരത്തിലിരിക്കുന്നവനെ മറിച്ചിടാനും അധികാരി സ്ഥാനം നിലനിർത്തുവാനും ഈ കുറുക്കുവഴികൾ പ്രയോഗിക്കുന്നു. ആദർശശാലികളായ പലരും പ്രായോഗികപ്രവർത്തനരംഗത്തെത്തുമ്പോൾ ഈ ബലഹീനതയ്ക്ക് അടിമപ്പെടുന്ന കാഴ്ചയും സാധാരണയായിത്തീർന്നിട്ടുണ്ട്. എന്താണിതിനു കാരണം? എന്താണിതുകൊണ്ടുള്ള ഭവിഷ്യത്ത്? എന്താണിതിനു പരിഹാരം?

കാരണം പ്രത്യേകിച്ചൊന്നുമല്ല. ബലഹീനതമാത്രം. സാമൂഹ്യവ്യവസ്ഥിതിയെ മാറ്റിമറിക്കുകയെന്നതു കുറെ ശ്രമകരമായ ജോലിയാണ്. പ്രായേണ അതു് അപകടം നിറഞ്ഞതുമാണ്. എന്നല്ല, അക്കാര്യം വിജയത്തിലെത്തുവാൻ ഒരു ദീർഘകാലപ്രവർത്തനം വേണ്ടിവന്നേക്കാം. കുറെക്കാലത്തെ സമരത്തിനുശേഷവും ചിലപ്പോൾ താൻ ലക്ഷ്യത്തിൽ നിന്നു വളരെ ദൂരെയാണെന്നു തോന്നും. അപ്പോൾ ക്ഷമകെട്ട്, കോപം മൂത്തായവ തോന്നുകയായി. വിജയസാദ്ധ്യതയെപ്പറ്റിത്തന്നെ ഒരു സംശയവും, പിന്നെ അവിടെനിന്നു കീഴോട്ടിറങ്ങാൻ അധികം കാലതാമസം വേണ്ട. ബലഹീനന്മാർ ക്ഷീണിച്ചുതുടങ്ങും. 'എനിക്കും കുറെ നാൾ ഭരിക്കണം; എന്റെ ശത്രുക്കളോടെല്ലാം

പക വീട്ടിയിട്ടു മരിക്കണം' ഇതാണു പുതിയ മുദ്രാവാക്യം. അഥവാ, കോപത്തിന്റെ ചൂടിൽ ആദർശങ്ങൾ ആവിയായി പോയിക്കഴിഞ്ഞിരിക്കുന്നു. വലിയ ചൂടു വികാരത്തിനു വളമാണു്; അവിടെ ശാന്തമായ ചിന്തയോ സ്ഥൈര്യമോ വളരുകയില്ല. ഒരു പ്രത്യേകലക്ഷ്യത്തിലെത്തണം എന്ന ലക്ഷ്യം, എങ്ങനെയെങ്കിലും ജയിക്കണം എന്നലക്ഷ്യമായിരൂപാന്തരം പ്രാപിക്കുന്നു. പിന്നെ മാർഗ്ഗത്തെപ്പറ്റി നോക്കുന്നില്ല. കണ്ണുമടച്ചു മുന്നോട്ടു് ഓടുകയായി. അങ്ങനെ ഓടിയാൽ കുറെയങ്ങു പോകും. പക്ഷേ എത്തുന്ന സ്ഥലം ഉന്നംവെച്ചതുതന്നെ ആയിരിക്കുകയില്ല. ഇതു ചിലരെ നിരാശപ്പെടുത്തിയില്ലെന്നുവരാം. ലക്ഷ്യത്തിനുവേണ്ടി ഏതു കുറുക്കുവഴിയും സ്വീകരിക്കാൻ തയ്യാറുള്ളവൻ, അവസരമനുസരിച്ചുലക്ഷ്യത്തെ വെച്ചുമാറാനും മടിക്കുന്നവനായിരിക്കുകയില്ല. എന്തെങ്കിലും മാർഗ്ഗത്തിൽ അധികാരം കൈവശപ്പെടുത്തുന്നവനു ഭ്രഷ്ടലോകസ്വർഗ്ഗം സൃഷ്ടിക്കാൻ കഴിയുകയില്ലെന്നു മാത്രമല്ല, അവനു് ഉത്തമമായ ഒരു വ്യവസ്ഥിതിയെ വിഭാവനംചെയ്യുവാൻതന്നെ കഴിയുകയില്ല. അവനെ സംബന്ധിച്ചുടത്തോളം അതു സ്വർഗ്ഗമായിരുന്നേക്കാം. പക്ഷേ അതിനുവേണ്ടി മറ്റുള്ളവരുടെ ജീവൻ പണയപ്പെടുത്തേണ്ട കാര്യമില്ലല്ലൊ. സന്മാർഗ്ഗമൂല്യങ്ങൾ ലക്ഷ്യത്തിനും മാർഗ്ഗത്തിനും ഒന്നാണു്. അതു് ഒന്നാമത്തെ പടിയിൽ തകർന്നാൽ അവസാനരംഗംവരെ തകരുകതന്നെ ചെയ്യും.

ഈ വിഷയത്തിൽ കോൺഗ്രസിന്റെ അനുഭവങ്ങളെപ്പറ്റി പരാമർശിച്ചിട്ടു കാര്യമില്ല. ആ പ്രസ്ഥാനത്തിനു് എന്നെങ്കിലും എന്തെങ്കിലും ആദർശമുണ്ടായിരുന്നൊ

ന്നു പറഞ്ഞാൽ അതു വിശ്വസിക്കാൻ ആളുണ്ടാവുകയില്ല. എങ്കിലും അതൊരു സത്യമാണു്. കുറുക്കുവഴികൾ ഇന്നു കാൺഗ്രസിനെ എവിടെയോ കൊണ്ടെത്തിച്ചിരിക്കുന്നുവെന്നു മാത്രം നോക്കുക. കമ്യൂണിസ്റ്റ് പ്രസ്ഥാനവും ഈ തെറ്റിൽനിന്നു വിമുക്തമല്ല. കമ്യൂണിസ്റ്റ് വിരോധികളും ചില കമ്യൂണിസ്റ്റനുഭാവികളും കമ്യൂണിസ്റ്റാദർശത്തെ വളരെ തെറ്റിദ്ധരിച്ചിട്ടുണ്ടു്. രണ്ടുകൂട്ടരും ഒരുപോലെ വിശ്വസിക്കുന്നതു്, അധികാരം സമ്പാദിക്കുവാൻവേണ്ടി കമ്യൂണിസ്റ്റ്കാർ എന്തു മാർഗ്ഗവും അംഗീകരിക്കുമെന്നാണു്. പ്രായോഗികമായി പറഞ്ഞാൽ, അങ്ങനെ അംഗീകരിച്ചേക്കാം; പക്ഷേ കമ്യൂണിസത്തിനു മാർക്സുമായി എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ അങ്ങനെ ചെയ്യുകുടാ. എന്തു മാർഗ്ഗവും അംഗീകരിക്കാം എന്നു വിശ്വസിക്കുന്നവരിൽ തികഞ്ഞ ആത്മാർത്ഥതയുള്ളവർ ഉണ്ടായിരിക്കാം. ശരിയായി ചിന്തിക്കാത്തതുകൊണ്ടും, അനുഭവങ്ങൾ കുറഞ്ഞിരിക്കുന്നതുകൊണ്ടും അങ്ങനെ വരാവുന്നതാണു്. ലക്ഷ്യത്തിന്റെ പ്രഭാപൂരത്തിൽ കണ്ണഞ്ചിപ്പോകുമ്പോൾ മാർഗ്ഗംതന്നെ അദൃശ്യമായിത്തീരും. എത്ര ആത്മാർത്ഥതയോടെയായാലും വഴിക്കു നോക്കാതെ നടന്നാൽ കല്ലിൽതട്ടി വീഴും, എഴുനേറ്റാൽത്തന്നെയും കണ്ണഞ്ചിച്ചുകളഞ്ഞ ലക്ഷ്യത്തെ ശപിക്കുകയും ചെയ്യും. പിന്നെ അവൻ ഫാസിസ്റ്റ് വൈതാളികതന്ത്രത്തിനു പറ്റിയ ആയുധമാകാൻ കാലവിളംബമുണ്ടാകില്ല. ഈ ദുരന്തം സംഭവിക്കാതിരിക്കണമെങ്കിൽ ലക്ഷ്യം സ്വീകരിക്കുന്നതിനു വളരെ ആലോചിച്ചതിനുശേഷം വേണം. ആ ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ അനേകം പരീക്ഷ

കൾ വരും; അപകടങ്ങളും. അതോടുകൂടി കുക്കുവഴികൾ സ്വീകരിക്കാനുള്ള ആഗ്രഹവും വർദ്ധിക്കും. അവയെ എല്ലാം തിരസ്കരിക്കാത്തപക്ഷം, ഈജിപ്തിൽനിന്നു കനാൻനാട്ടിലെത്താൻ നാല്പതു വർഷം വേണ്ടിവന്ന യഹൂദജനതയുടെ അനുഭവമായിരിക്കും ഫലം. ഒന്നാമത്തേ, നേരെയുള്ള വഴിയേക്കാൾ നീളംകുറഞ്ഞ കുക്കുവഴി ഇല്ല. രണ്ടാമത്തേ, നിങ്ങളെത്തുന്ന ലക്ഷ്യം തെറ്റാണെങ്കിൽ തിരിഞ്ഞു നടക്കാൻ പ്രപഞ്ചം നിങ്ങളെ അനുവദിക്കുകയില്ല. അങ്ങെത്തിക്കഴിഞ്ഞു് എല്ലാം സാധിച്ചുകൊള്ളാം എന്നു നിങ്ങൾ വിചാരിക്കുന്നു. അങ്ങനെയെങ്കിൽ ക്രൂലിയും കൈക്രൂലിയും കൊടുത്തു മതത്തിൽ ആളുകളെ ചേക്കുന്നവരെപ്പറ്റി നിങ്ങൾ എന്തു പറയുന്നു? അങ്ങനെ മതത്തിലെത്തുന്നവനും, എത്തിക്കുന്നവനും നന്നാകുമെന്നു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, മറ്റു വിശ്വാസങ്ങളുടെ കഥയും അതുതന്നെയെന്നു മനസ്സിലാക്കാമല്ലോ. ഇതു നിങ്ങൾക്കു് ഒരു സാധനപാഠമായിരിക്കട്ടെ; സ്വാർത്ഥതാല്പര്യങ്ങളോ, മൻവിധികളോ തീണ്ടാത്ത ഒരു നല്ല സാധനപാഠം. കൈക്രൂലി വാങ്ങി ക്രിസ്ത്യാനിയാകുന്നവൻ ക്രിസ്തുവിന്റെ മാർഗ്ഗത്തിൽ നടക്കുകയില്ലെങ്കിൽ അനീതിയും അസത്യവുംകൊണ്ടു് അധികാരം കയ്യടക്കുമ്പോൾ നിങ്ങളുടെ ചങ്ങാതികൾ മയ്യാദരാമന്മാരായി, ആദർശവാന്മാരായി, പെരുമാറുമെന്നു് എന്താണുറപ്പു്? അല്ല, നിങ്ങൾതന്നെ നീതിമാനായിരിക്കുമെന്നു് എങ്ങനെ നിങ്ങൾതന്നെ വിശ്വസിക്കും?

വ്യവസ്ഥിതി! വിപ്ലവപരമായി പുനസ്സംവിധാനം ചെയ്യപ്പെട്ട വ്യവസ്ഥിതി! സമത്വത്തിന്റെയും നീതിയു

ടേയും അടിസ്ഥാനത്തിൽ പട്ടത്തുയത്തപ്പെട്ട ഒരു സാമൂ ഹ്യവ്യവസ്ഥിതിയുടെ ഉത്തരം ഉടനെ ഉണ്ടാകും. എന്നുവെച്ചാൽ, ഒരു സുപ്രഭാതത്തിൽ ലോകം മുഴുവനും നീതിപരമാക്കാൻ നിങ്ങൾ ആശ്രയിക്കുന്നതു് ഒരു പദ്ധതിയെയാണെന്നു്. അഥവാ ഒരു ഭരണഘടനയെ, കുറെ നിയമങ്ങളെ. ഇതു കേട്ടാൽ തോന്നും, ഇതുവരെ ലോകത്തിലുണ്ടായ കുഴപ്പമെല്ലാം ഭരണഘടനകൾ എഴുതിയതിലെ അക്ഷരപ്പിശകുകൾ കൊണ്ടുണ്ടായവയാണെന്നു്. മനുഷ്യരെഴുതുന്ന ഏതു ഭരണഘടനയ്ക്കും മറുമരുന്നു കണ്ടുപിടിക്കാൻ മനുഷ്യൻ മതി. പക്ഷേ ഏട്ടിലല്ല; പയറിലാണു നില്ക്കുന്നതു്. നീതിയെ പരാജയപ്പെടുത്തേണ്ട ആവശ്യംതന്നെ അന്നുണ്ടായിരിക്കുകയില്ല എന്നു നിങ്ങൾ മറുപടി പറഞ്ഞേയ്ക്കാം. അങ്ങനെയൊരു കാലമുണ്ടാകേണ്ടതാണു്. പക്ഷേ അതുവരെയോ? നീതി ഭരിക്കുന്ന ഒരു വ്യവസ്ഥിതി നടപ്പിലാകുന്നതുവരെ എന്തുചെയ്യും? അതു കെട്ടിപ്പടുക്കേണ്ടവർതന്നെ അവസരവാദികളും ആഭ്യന്തരിനന്മാരുമാണെങ്കിലോ? ഇതിനു തത്വത്തേക്കാൾ വ്യക്തമായ ഉദാഹരണങ്ങൾ ഉണ്ടു്. സോവിയറ്റുരാഷ്ട്രത്തിന്റെ സ്ഥാപനം കഴിഞ്ഞു മുപ്പതു വർഷമെത്തിയാലെങ്കിലും വ്യക്തിയുടെ സ്വാതന്ത്ര്യത്തിനു് ഒരുറപ്പു വരേണ്ടതാണല്ലോ. പിന്നെയെങ്ങനെയാണു കഴിഞ്ഞ മഹായുദ്ധത്തിൽ അവിടെ ജർമ്മൻപക്ഷത്തു ചേർന്ന രാജ്യദ്രോഹികൾ ഉണ്ടായതു്? മുപ്പതു വർഷത്തിനിടയിൽ സാധിക്കാത്ത കാര്യം ഒരു ദിവസംകൊണ്ടു സാധിക്കുമെന്നുള്ളതു് ഒരു വ്യാമോഹം മാത്രമാണു്.

പീഡയുടേയും പരാജയത്തിന്റേയും ഉമിത്തീയിൽ

നിന്നുകൊണ്ടു, ഉത്സാഹമായ ഹൃദയവേദനയോടെ 'മര്യാദയും മറവും വിപ്ലവം കഴിഞ്ഞിട്ടാകാം' എന്ന നിലവിളിച്ച നല്ലവനായ ഡാങ്കെയും ഇതോമ്മിക്കുന്നതുകൊള്ളാം—അദ്ദേഹം രാഷ്ട്രീയപ്രവർത്തനമാരംഭിച്ചകാലത്തെ ആദർശഭക്തി ഇതിനകം മറന്നുകഴിഞ്ഞിട്ടില്ലെങ്കിൽ.

വാസ്തവമിതാണ്. യാതൊരു പുതിയ വ്യവസ്ഥിതിയും സംവിധാനംചെയ്യുന്നതു കടലാസ്സിലല്ല. മനുഷ്യാത്മാക്കളെക്കൊണ്ടാണതു കെട്ടിപ്പടുക്കുന്നതു്. നിയമത്തിനും ആദർശത്തിനും അത്യന്തികമായ ഉറപ്പു് ഒന്നുമാത്രമാണു്—മനുഷ്യൻ. അനീതിയേയും സ്വാർത്ഥതയേയും നശിപ്പിക്കാൻ മനുഷ്യനു മാത്രമേ കഴിയൂ. നിയമത്തിനു കഴിയുകയില്ല. അന്യായം ചെയ്യുന്നതിനുള്ള ആവശ്യം മാത്രം പോയാൽ പോരാ, അതിനുള്ള ആകാംക്ഷയും പോകണം. മനുഷ്യന്റെ പരിശുദ്ധി നശിപ്പിച്ചു് അവനെക്കൊണ്ടു പണിയിക്കുന്ന ആദർശലോകം ഒരു ലോകം തന്നെയായിരിക്കും; പക്ഷേ ആദർശത്തിനവിടെ പ്രസക്തിയുണ്ടായിരിക്കയില്ല. 'നട്ടതു വെള്ളരി, മുളച്ചതു പാവല്!'

"അവനെ ക്രൂശിക്ക— ബാരബാസിനെ വിട്ടുതരിക!"

സോക്രട്ടീസിനെ കുറ്റം വിധിച്ചവർക്ക് അവരുടേതായ ഒരു ന്യായമുണ്ടായിരുന്നു. അതു സോക്രട്ടീസ് അംഗീകരിക്കുകയും ചെയ്തു. തന്റെ പ്രവർത്തികൾ തെറ്റാണെന്നു സമ്മതിക്കുകയല്ല, അവരുടെ വീക്ഷണകോണത്തിൽനിന്ന് തന്നെത്തന്നെ കാണുകയാണദ്ദേഹംചെയ്തത്. അഥീനിയൻ പൗരന്മാർക്കു സോക്രട്ടീസിനെ വധിക്കണമെന്ന് ഒരു നിർബ്ബന്ധവും ഉണ്ടായിരുന്നില്ല. ഈശപ്രൻ, മതം, വിജ്ഞാനം മുതലായി പലതിനേപ്പറ്റിയും നിലവിലുള്ള അഭിപ്രായങ്ങൾക്കു വിരുദ്ധമായി അദ്ദേഹം പ്രചരണം നടത്തി. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ന്യായവാദംകൊണ്ടു തെളിയിച്ചുവെന്നതു് കാര്യം കുറേക്കൂടി വഷളാക്കിയതേയുള്ളൂ. അഭിപ്രായങ്ങൾ ഔദ്യോഗികമായിത്തീരുന്നതു് അവ ശരിയെന്നു തെളിയുമ്പോഴല്ല, അധികാരികൾ അവയെ അംഗീകരിക്കുമ്പോഴാണു്. അനൌദ്യോഗികമായ അഭിപ്രായങ്ങളെ വെച്ചുപുലർത്താൻ ക്രമീകൃതമായ യാതൊരു സമുദായത്തിനും സാദ്ധ്യമല്ല. ഒരു സമുദായത്തിലെ നിയമങ്ങൾ നിർവ്വഹിക്കപ്പെടുന്നതു് അവ ശരിയോ തെറ്റോ എന്നു നോക്കിയിട്ടല്ല, അവ നിലവിലുണ്ടോ എന്നു നോക്കിയിട്ടാണു്. 'നിലവിലുള്ളതെല്ലാം ശരി', എന്ന മനോഭാവത്തെ ചോദ്യം ചെയ്യുന്നവർ അതിനുള്ള ശിക്ഷ ശിരസാ വഹിക്കു

ന്നതിനു സന്നദ്ധരായിരിക്കണം. അഥീനിയൻ പൗരന്മാർക്ക് സോക്രട്ടീസിനോട് സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. പക്ഷെ ഒരു വ്യക്തിക്കുവേണ്ടി ആ നഗരത്തിന്റെ നിലനിൽപ്പിനെ അപകടത്തിലാക്കുവാൻ അവർക്ക് സമ്മതമുണ്ടായിരുന്നില്ല. യുവാക്കന്മാരുടെയിടയിൽ വിദ്വേഷം സകഅഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നപതിവ് സോക്രട്ടീസ് നിർത്താമെന്ന് സമ്മതിച്ചിരുന്നെങ്കിൽ അവർ അദ്ദേഹത്തെ ശിക്ഷിക്കുകയില്ലായിരുന്നു. ഇതു സോക്രട്ടീസിന് സ്വീകാര്യമായിരുന്നില്ല. നഗരത്തിൽനിന്ന് പുറത്തുപോയി സ്വതന്ത്രമായി വിഹരിച്ചുകൊള്ളാൻ അവർ സോക്രട്ടീസിനോട് അപേക്ഷിച്ചു. ഈ നിർദ്ദേശവും അദ്ദേഹം നിരസിച്ചു. അങ്ങനെ നിർബന്ധിതരായ അവസ്ഥയിലാണ് അവർ അദ്ദേഹത്തെ വിചാരണ ചെയ്തത്. വിചാരണയാകട്ടെ നിയമത്തിന്റെ എല്ലാ ചടങ്ങുകളും കൃത്യമായി നിർവ്വഹിച്ച് ഏറ്റവും നീതിപൂർവ്വകമായിട്ടാണ് നടത്തിയത്. ബഹുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജൂറിയാണ് അദ്ദേഹത്തെ മരണശിക്ഷയ്ക്കു വിധിച്ചത്. അതും അന്നറിയപ്പെട്ടിരുന്നതിൽ ഏറ്റവും വേദനകുറഞ്ഞ രീതിയിൽ സ്വയം വിഷംകുടിച്ചു മരിച്ചുകൊള്ളാൻ! ഇത്രയായിട്ടും ആതെൻസിലെ യുവജനങ്ങൾ അദ്ദേഹത്തിന് ഒളിച്ചോടാനുള്ള സൌകര്യം കൊടുത്തു. നിയമം ഒന്നു കണ്ണടയ്ക്കുകകൂടി ചെയ്തു. പക്ഷെ ആ വൃദ്ധൻ പറഞ്ഞു; താൻതന്നെ നിയമത്തെ നിഷേധിക്കുന്നതുതെറ്റായിരിക്കുമെന്ന്. ഭാര്യാപുത്രാദികളുടെ ഇരുളടഞ്ഞ ഭാവിയെപ്പറ്റി ഓർമ്മിപ്പിച്ചിട്ടുപോലും അദ്ദേഹത്തിന്റെ സ്ഥിരനിശ്ചയത്തെ ഇളക്കാൻ ആർക്കും കഴിഞ്ഞില്ല. ഏഴു

തുകൊണ്ടാണ് സോക്രട്ടീസ് ഈ രീതിയിൽ പെരുമാറിയതെന്ന് മനസ്സിലാക്കുന്നതു് നന്നായിരിക്കും. തന്റെ അഭിപ്രായങ്ങളുടെ വിപ്ലവസ്വഭാവത്തെപ്പറ്റി സോക്രട്ടീസിനു് വ്യക്തമായ ബോധമുണ്ടായിരുന്നുവെന്നതാണു് വാസ്തവം. എതിർപ്പുകൊണ്ടു മാത്രമേ അവ നീതീകരിക്കപ്പെട്ടുകയുള്ളൂ. വ്യവസ്ഥാപിതമായ ചിന്താഗതിക്കെതിരായി പ്രവർത്തിക്കുന്നതിനു് പ്രതിഫലം പൂമാലയല്ല, വിഷകംഭമാണെന്നു് അദ്ദേഹം അറിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വിധികർത്താക്കളുടെ ന്യായം അദ്ദേഹം മനസ്സിലാക്കി. അവരോടു് യാതൊരു കൈപ്പുംക്രൂരതയും അദ്ദേഹം പുഞ്ചിരിക്കൊണ്ടു; വിഷം കഴിച്ചു; മരിക്കുകയുംചെയ്തു. അതായിരുന്നു അദ്ദേഹത്തിനു ലഭിച്ച ഏറ്റവും ഉറച്ച നീതീകരണം. ഏതാണ്ടിതൊക്കെത്തന്നെയാണു് മലയാളത്തിലെ സോക്രട്ടീസിന്റേയും അനുഭവം.

സനാതനികളും ചില മാർക്സിസ്റ്റുകളും ഒരുപോലെ ഭരണിപ്പാട്ടിനു ലക്ഷ്യമാക്കുന്ന ഒരു ദേഹമാണു് ശ്രീ. എ. ബാലകൃഷ്ണപിള്ള. ഇവരിൽ ആദ്യത്തെ വിഭാഗം എന്തുകൊണ്ടു് വിമർശിക്കുന്നുവെന്നു് മനസ്സിലാക്കാൻ വിഷമമില്ല. 'ആർഷ'ഭാരതത്തിന്റെ പൂപ്പൽപിടിച്ച പനയോലക്കെട്ടുകളിലേക്കു് അദ്ദേഹം കൊളുത്തിയെറിഞ്ഞപന്തം നീറിപ്പിടിക്കുന്നതിന്റെ ചീറലും പൊട്ടലുമാണാക്കേൾക്കുന്നതു്. ആ തീ പടർന്നു, ശ്രീബുദ്ധനെ ശപിച്ചുമുട്ടിച്ച ബ്രാഹ്മണ്യത്തിന്റെ ക്ഷേത്രം കത്തിയെരിഞ്ഞു, അവിടെ ഒളിച്ചിരിക്കുന്ന നരിച്ചീറും, പൂജാരിയും ശങ്കരാചാര്യരും എല്ലാം ഓടിമറയും എന്നദ്ദേഹത്തിനറിയാം. അതുകൊണ്ടു്, സനാതനിയുടെ ക്ഷോഭം അദ്ദേഹത്തിനു് മന

സ്സിലാകും. അതോടൊപ്പം തന്റെ പ്രയത്നത്തിന്റെ സാഫല്യം വ്യക്തമാവുകയും ചെയ്യും. അദ്ദേഹത്തിന് "പടിഞ്ഞാറൻ പ്രേതബാധ" പിടിപെട്ടിരിക്കുകയാണെന്ന് മാർക്സിസ്റ്റുകൾ ആക്ഷേപിക്കുമ്പോഴും അ വ്യക്തിന് പരിഭവമില്ല. കാറൽമാർക്സ് 'പൌരസ്ത്യപ്രേത'മാണെന്ന് ധരിച്ചതുകൊണ്ടല്ല. മുഖന്ന കൂപ്പായത്തിനടിയിൽ കിടക്കുന്ന 'ചന്ദ്രോത്സവ'സംസ്കാരത്തെ വലിച്ചു പുറത്തിട്ടാൽ ചിലരെല്ലാം കോപിക്കുമെന്ന് മനസ്സിലാക്കാൻ അദ്ദേഹത്തിന് ശക്തിയുള്ളതുകൊണ്ട്. അദ്ദേഹം "ഗ്രന്ഥപ്പുരകളിലെ പുസ്തകപ്പുഴ"വാണെന്ന് പ്രഖ്യാപനമുണ്ടാകുമ്പോൾ ആ വ്യക്തിനയനങ്ങൾ ദീപ്തമാകും, അവയുടെ അരശതാബ്ദക്കാലത്തെ അക്ഷീണപരിശ്രമത്തിന് ഇന്നെങ്കിലും അംഗീകാരമുണ്ടായല്ലോ എന്ന കൃതാർത്ഥതയോടുകൂടി. പാണ്ഡിത്യം സാധാരണയായി അംഗീകരിക്കപ്പെടുന്ന ഒരു സമ്പാദ്യമല്ലെന്നദ്ദേഹത്തിനറിയാം. ഈ അഭിനന്ദനം തലതിരിഞ്ഞ രീതിയിൽ വരുന്നതുകൊണ്ട് അദ്ദേഹത്തിന് വിരോധമൊന്നുമില്ല. അന്ധതയുടെ പ്രതിഷേധമാണ് ജ്ഞാനത്തിനുള്ള പ്രശംസാപത്രം. ഒരു ശതാബ്ദംമുമ്പ് മറെറാരു പുസ്തകപ്പുഴ (അതും പാശ്ചാത്യ ഗ്രന്ഥശാലകളിൽ) എഴുതിവെച്ച കാര്യങ്ങളെക്കടന്ന് യാതൊന്നും മനുഷ്യവിജ്ഞാനീയത്തിൽ ഉണ്ടായിട്ടില്ലെന്നും ഉണ്ടായിക്കൂടെന്നും വിശ്വസിക്കുന്ന 'പുരോഗമനക്കാർ' ഓമറെന്ന കാലിഫ് ചെയ്തതുപോലെ വേദമെഴിച്ചുള്ള ഗ്രന്ഥങ്ങളെല്ലാം ചുട്ടുകരിക്കാത്തതത്രേതം. പുതിയ ഉപനിഷത്തും പുതിയ വേദവും ലഭിച്ച ഇക്രൂട്ടർ ഗ്രന്ഥപാരായണത്തെ സ്തുതിക്കും തെറിക്കും മാത്രമാക്കി വെട്ടിച്ചുരു

ക്കിയതിലും അദ്ദേഹത്തിനത്ഭുതമില്ല. നിലനില്പുലഭിച്ച ഏതു ചിന്താഗതിയും മതമായിത്തീരും, ഏതു് മതവും ജ്ഞാനത്തിനൊരതിരുവെയ്ക്കും. അതിനപ്പുറമുള്ളതിനെയെല്ലാം ആ മതത്തിന്റെ പുരോഹിതന്മാർ ശപിക്കുകയുംചെയ്യും.

ആയില്ല, പിന്നെയുമുണ്ടു് അഥീനിയൻപൌരന്മാക്കു ചിലആരോപണങ്ങൾ. അദ്ദേഹം ഒരു ഡീക്കേഡൻറ് (ചീയൽപ്രസ്ഥാനക്കാരൻ) ആണത്രേ. ഇതിനു് അദ്ദേഹം നിങ്ങൾക്കൊരു സലാംതരും. അപ്പുറഞ്ഞതു ശരിയാണു്. അദ്ദേഹം പലതും ചീഞ്ഞുനാറുന്നതു കണ്ടു. അദ്ദേഹം അതിന്റെ കാരണമന്വേഷിച്ചു് ഓടയിൽത്തന്നെ ഇറങ്ങിനോക്കി. "അറപ്പുള്ളവനു് ശുചിതപമില്ല" എന്ന പഴഞ്ചൊല്ലിനെ അടിസ്ഥാനമാക്കി അദ്ദേഹം ആ ഓടയിൽ കണ്ടതെല്ലാം വാരി വെയിലത്തിട്ടു. അനേകം യുവാക്കന്മാരെ അദ്ദേഹം ഈ പ്രവൃത്തിക്കു് പ്രേരിപ്പിച്ചു. തോട്ടിസംഘം വർദ്ധിച്ചു. ഓടയിൽ കാണുന്ന മാലിന്യത്തിനു് തങ്ങൾക്കൊരുത്തരവാദിതപവുമില്ലെന്നു ഭാവത്തിൽ അതുവഴി കടന്നുപോയ മാന്യന്മാർ മൂക്കു പൊത്തിക്കൊണ്ടു് വഴിമാറിപ്പോയി. ഓടവൃത്തിയായേക്കാം, പക്ഷേ ഈ വെള്ളതേയ്ക്കപ്പെട്ട ശവക്കല്ലറകൾ എന്നും നാറിക്കൊണ്ടുതന്നെയിരിക്കും. അദ്ദേഹമാകട്ടെ നമ്മോടു ചോദിക്കും, "ഒരിക്കൽക്കൂടി എന്നെ ഡിക്കേഡൻറു് എന്നു വിളിക്കണേ" എന്നു്. അദ്ദേഹത്തിന്റെ നേതൃതപം 'പിഴച്ച'താണെന്നു പറയുമ്പോഴും ആ കണ്ണുകൾ തിളങ്ങും. ആ ആരോപണംകൊണ്ടു് 'നേതൃതപ'മുണ്ടെന്നെങ്കിലും സമ്മതിച്ചല്ലോ. അതുമതി. സോക്രട്ടീസിനും അതുതന്നെയായി

രുന്ന സമാധാനം. പ്ലേറോറായെയും അരിസ്റ്റോട്ടലിനെയും പിഴച്ച വഴിയിൽ നയിച്ചുവെന്നതിൽ കവിഞ്ഞു് ഒന്നും ഒരു താടിക്കാരനും ലഭിക്കേണ്ടതില്ല. പിന്നെയുമുണ്ടു് ഒരു ചുമട്ടു് ആരോപണങ്ങൾ. അദ്ദേഹം പിന്തിരിപ്പനാണു്. എന്താ സംശയമുണ്ടോ? മോഹൻ ജൊഡാറോയിലെ പുരാതനവസ്തുക്കളിലും അറേബ്യൻകടലിലാണ്ടുപോയ ദ്വാരകയിലും സത്യമന്വേഷിച്ചു് പരതിനടക്കുന്ന ആ കിഴവൻ പഴഞ്ചരക്കുതന്നെയല്ലേ? വയസ്സാണെങ്കിൽ അറുപതും കഴിഞ്ഞു. ഇതിനെല്ലാം പുറമെ അദ്ദേഹമൊരു അരാജകവാദിയാണു്. എന്നുവെച്ചാൽ ഒരു വിദൂരഭാവിയിൽ മനുഷ്യൻ രാഷ്ട്രവും നിയമവും ഒന്നുമില്ലാതെ സ്നേഹിച്ചും സഹകരിച്ചും ജീവിക്കുന്ന ഒരു ജീവിയായിത്തീരുമെന്നു് വിശ്വസിക്കുന്ന മനുഷ്യൻ! നോക്കണേ എന്തൊരു പാതകമാണെന്നു്. നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്ന മാന്യപൌരന്മാക്കു് ഇതു സഹിക്കുവാൻ കഴിയുമോ? ഇതിലെല്ലാം വലിയതെറ്റു് അദ്ദേഹം, അദ്ദേഹത്തേക്കാൾ പാണ്ഡിത്യവും മഹിമയും ഉള്ള ചില അതിമാനുഷരെ അംഗീകരിക്കുന്നില്ലെന്നതാണു്. ചുരുക്കിപ്പറഞ്ഞാൽ ഈ "കരിംകാക്ക കാലം മാറിയതറിഞ്ഞീല." വർത്തമാനത്തിൽ ഉദിച്ചുനിന്നുകൊണ്ടു് ഭൂതകാലത്തിലേക്കു് എത്തിനോക്കിയ ആ മനുഷ്യൻ, ശിവന്റേയും, സോമബ്രഹ്മാവിന്റേയുംജാതകമെഴുതിയ ആ മനുഷ്യൻ, ഭാവിയിലെ യുഗസഹസ്രങ്ങളിലേക്കു് നോക്കി നോക്കി കണ്ണുതളർന്ന ആ മനുഷ്യൻ ഇതെല്ലാം കേൾക്കുമ്പോൾ സന്തോഷിക്കും. 'കാലം മാറുക' എന്ന ആശയം, എത്ര പരിമിതമായിട്ടാണെങ്കിലും കുറേപ്പേരുടെ തലയ്ക്കകത്തു് ക

യറിയല്ലോ എന്നോത്തു. തന്തയേക്കേറി കാക്കയെന്ന വിളിക്കുന്ന സമ്പ്രദായവും അദ്ദേഹത്തിനിഷ്ടമാണു്. അതും നിലവിലുള്ളതിനെ ചോദ്യംചെയ്യുന്ന ഏർപ്പാടാണല്ലോ. ഭീഷണികൾ അദ്ദേഹത്തെ സന്തോഷിപ്പിക്കും. കയാഫാസിനും ജറൂശലേമിലെ ജനതയ്ക്കും ഒരു വീക്ഷണകോണമുണ്ടായിരുന്നു, അവരുടേതായ ഒരു ന്യായവും. അതിഭീമമായ ജറൂശലേംദേവാലയം മൂന്നു ദിവസംകൊണ്ടു് പൊളിച്ചുപണിയുമെന്നു് വീമ്പിളക്കുന്ന ഒരാശാരിച്ചെക്കനെ തച്ചുകൊല്ലുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. നമുക്കും വിളിക്കാം "അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക!"

ഏ. ബാലകൃഷ്ണപിള്ള എന്തുചെയ്തു?

രണ്ടുമൂന്നു മാസങ്ങൾക്കുമുമ്പു് ശ്രീ. ഏ. ബാലകൃഷ്ണപിള്ളയുടെ ഷഷ്ടിപൂർത്തി പറവൂർവെച്ചു കൊണ്ടാടുകയുണ്ടായി. ഔപചാരികമായി നടത്തപ്പെട്ടുന്ന അനേകം ആഘോഷങ്ങളിൽനിന്നു് ആ കർമ്മത്തിനു് ഒരു പ്രത്യേകതയുണ്ടായിരുന്നു. അവിടെവെച്ചു യാതൊരു പണക്കിഴി സമർപ്പണവും ഉണ്ടായില്ല. അവിടെ പ്രസംഗിച്ചവർ എല്ലാവരും ശ്രീ. ബാലകൃഷ്ണപിള്ള അവരോരോരുത്തരെയും വ്യക്തിപരമായി അഭ്യസിപ്പിച്ചിട്ടുണ്ടെന്നു് അവകാശപ്പെടുകയും ശ്രീ. ബാലകൃഷ്ണപിള്ളയെ തങ്ങളുടെസോക്രട്ടീസായി ആദരിക്കുകയുംചെയ്തു. മലയാളത്തിൽ സ്ഥാനം സമ്പാദിച്ചിട്ടുള്ള മിക്ക എഴുത്തുകാരും അവിടെ സന്നിഹിതരായിരുന്നു. ഇവരാരുംതന്നെ തികച്ചും അർഹതയില്ലാത്തവരെ ബഹുമാനിക്കുന്നവരല്ലായിരുന്നുവെന്നതും ഓർമ്മിക്കേണ്ടതാണു്. പ്രൌഢിയും അലംകാരവും കുറഞ്ഞ ആ സമ്മേളനം, ജീവിച്ചിരിക്കുന്ന മഹാന്മാരെ ബഹുമാനിക്കാതിരിക്കുക എന്ന പാരമ്പര്യത്തിൽനിന്നു കേരളത്തിൽ നടന്ന ആദ്യത്തെ വ്യതിയാനമായിരുന്നു. പുരോഗതിക്കുവേണ്ടി വാദിക്കുന്നവർ എല്ലാക്കാലവും ന്യൂനപക്ഷമായിരിക്കും. അതുകൊണ്ടു തന്നെ യാഥാസ്ഥിതികന്മാർ അവരെ ബഹുജനപിന്തുണയോടുകൂടി ക്രൂശിക്കുകയും ചെയ്യും. എന്നാൽ ശ്രീ. ബാലകൃഷ്ണപിള്ളയുടെ ഉൽപതിഷ്ണുത്വത്തിനു ബഹുഭ്രൂരിപക്ഷത്തിന്റെയും അംഗീകാരം സിദ്ധിച്ചുവെന്നു പറയുന്നതു കേരളീയർക്കു് അ

ഭിമാനകരമാണു്. ഈ സമ്മേളനത്തെ തുടർന്നു മദിരാശി കേരളസമാജം അവരുടെ ഹാളിൽ അദ്ദേഹത്തിന്റെ ഒരു ചിത്രം അനാച്ഛാദനം ചെയ്തുയുണ്ടായി. അങ്ങനെ അദ്ദേഹം ഒരിക്കൽക്കൂടി മാനിക്കപ്പെട്ടു. എങ്കിലും ഇന്നു് ഒരു ചോദ്യം അവശേഷിക്കുകയാണു്, "ഇത്രയേറെ ബഹുമാനിക്കാൻ അദ്ദേഹം എന്തു ചെയ്തു?"

അദ്ദേഹത്തെ പുച്ഛിച്ചു പറയാൻവേണ്ടി കരുതിക്കൂട്ടി ഈ ചോദ്യം ചോദിക്കുന്നവരെ തല്ക്കാലം നമുക്കൊഴിച്ചുനിറുത്താം. ഒരു വലിയ വിഭാഗം വായനക്കാർ ഇന്നും ശ്രീ. ബാലകൃഷ്ണപിള്ളയുടെ സേവനങ്ങളെപ്പറ്റി അജ്ഞരാണു്. അവരെസ്സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഒരു ചുരുങ്ങിയ വിവരണം ആവശ്യമാണു്. യാതൊരർത്ഥത്തിലും ശ്രീ. ബാലകൃഷ്ണപിള്ള ഒരു ജനകീയ സാഹിത്യകാരനല്ല. അതു് അദ്ദേഹത്തിനു തന്നെ വ്യക്തമായിട്ടറിയാം. ഷഷ്ടിപൂർത്തിയോടനുബന്ധിച്ചു് ഒരു പണക്കിഴി സമർപ്പിക്കുവാൻ അനുവാദം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിതാണു്: സാധാരണജനങ്ങളിൽനിന്നു് എന്തെങ്കിലും ഒരു പ്രതിഫലം പറ്റുവാൻ അദ്ദേഹം അർഹനല്ല; അവർക്കുവേണ്ടി അദ്ദേഹമൊന്നും ചെയ്തിട്ടില്ല. ഒരു കണക്കിനു് ഇതു ശരിയാണു്. അദ്ദേഹം ഒരു നോവലിസ്റ്റല്ല, കവിയുമല്ല. സാധാരണക്കാരന്റെ ചിന്തയെ കായ്മായി ഉദ്ദീപിപ്പിക്കത്തക്ക ലേഖനങ്ങൾ അദ്ദേഹം ഇടയിടെ എഴുതാറില്ല. യാതൊരു രാഷ്ട്രീയപ്രക്ഷോഭണത്തെയും അദ്ദേഹം നയിച്ചിട്ടില്ല. അദ്ദേഹം ജനക്കൂട്ടങ്ങളെ ഇളക്കിമറിക്കുന്ന ഒരു വാഗ്മിയല്ല. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ അനേക

പതിപ്പുകൾ വിറ്റഴിയുന്ന പതിവുമില്ല. ഇതു് അദ്ദേഹം സാധാരണക്കാരുടെയിടയിൽ വേണ്ടത്ര പ്രസിദ്ധനല്ലാത്തതെന്തുകൊണ്ടാണെന്നു കാണിക്കുന്നുണ്ടു്. പിന്നെയെന്താണദ്ദേഹം ചെയ്തതു്?

പത്രപ്രവർത്തകൻ

തീയതിക്കണക്കിനുനോക്കിയാൽ അദ്ദേഹത്തിന്റെ ഔദ്യോഗികരംഗം പത്രപ്രവർത്തനമാണു്. അദ്ദേഹമെഴുതുന്ന എഴുത്തുകളിൽ ഇപ്പോഴും അദ്ദേഹം 'ഏ. ബാലകൃഷ്ണപിള്ള, എഡിറ്റർ കേസരി' എന്നു് എഴുതാറുണ്ടു്. കേസരിപത്രം നിന്നുവെന്നു മാത്രമല്ല, അതിന്റെ ഓർമ്മപോലും മിക്കവാറും മാഞ്ഞുകഴിഞ്ഞു. എന്നിട്ടും ഇങ്ങനെ എഴുതുന്നതു നേരിയ ഒരു ഫലിതത്തിനു വക നൽകുന്നുണ്ടു്. അതോടുകൂടിത്തന്നെ കേസരി പത്രാധിപരായിരുന്നുകൊണ്ടു താൻചെയ്ത സേവനങ്ങളെപ്പറ്റി അദ്ദേഹം ഇന്നും എത്ര വിലമതിക്കുന്നുണ്ടെന്നു മനസ്സിലാക്കാം. അന്നത്തെ തിരുവിതാംകൂറിന്റെ രാഷ്ട്രീയ-സാമൂഹ്യനില മനസ്സിലാക്കിയാൽമാത്രമേ ബാലകൃഷ്ണപിള്ളയുടെ പത്രപ്രവർത്തനത്തിന്റെമാഹാത്മ്യം തികച്ചും മനസ്സിലാക്കുവാൻ കഴിയൂ. പത്രപ്രവർത്തനം അന്നു ചിരപ്രതിഷ്ഠ ലഭിച്ച ഒരു തൊഴിലായിരുന്നില്ല. ശ്രീ. കെ. രാമകൃഷ്ണപിള്ളയുടെ നാടുകടത്തലും മറ്റും അന്നത്തെ രാഷ്ട്രീയനിലയെ കാണിക്കുന്നുണ്ടു്. 'സ്വദേശാഭിമാനി'യുടെ പാരമ്പര്യം നിലനിർത്തുകയെന്നതു ഭാരമേറിയ ഒരു ചുമതലയായിരുന്നു: ശ്രീ. ബാലകൃഷ്ണപിള്ള ആ കർത്തവ്യം നിറവേറ്റിയെന്നു മാത്രമല്ല, മുന്നോട്ടു കൊണ്ടുപോവുകയുംചെയ്തു. അന്നത്തെ

പ്രവർത്തനങ്ങളെല്ലാംതന്നെ പത്രപ്രവർത്തനം വഴിയായിരുന്നു. അക്കാലത്തെ പ്രവർത്തനത്തിന്റെ വിവിധശാഖകളെ പ്രത്യേകമെടുത്തു നോക്കിയാൽ അദ്ദേഹത്തിന്റെ സംഭാവനയെപ്പറ്റി ഒരുപരിമിതമായ ബോധമുണ്ടാകും.

രാഷ്ട്രീയചിന്തകൻ

അന്നു തിരുവിതാംകൂറിൽ ഒരു രാഷ്ട്രീയകക്ഷിയും ഉണ്ടായിരുന്നില്ല. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ധീരസമരം ഒരു കൊള്ളിമീൻപോലെ എരിഞ്ഞടങ്ങി. അതിന്റെ അർത്ഥം മനസ്സിലാക്കത്തക്ക രാഷ്ട്രീയവിദ്യാഭ്യാസം നാട്ടിലുണ്ടായിരുന്നില്ല. ഇന്ത്യൻ നാഷനൽകോൺഗ്രസ്സിന്റെ നയമാണെങ്കിൽ നാട്ടരാജ്യങ്ങളിൽ രാഷ്ട്രീയബോധം വളർത്തുന്നതിന് പറ്റുംപടിയായിരുന്നില്ല. ഈ പരിതസ്ഥിതിയിൽ ജനങ്ങളെ അവരുടെ അവകാശങ്ങൾ ബോദ്ധ്യപ്പെടുത്തുകയാണാവശ്യം എന്നദ്ദേഹം ഗണിച്ചു. അതിനുവേണ്ടി അദ്ദേഹം ദൈനംദിനപ്രശ്നങ്ങൾക്കുവേണ്ടി പ്രക്ഷോഭണംകൂട്ടി. സർക്കാരിന്റെ പ്രവർത്തനത്തേയും ഉദ്യോഗസ്ഥന്മാരുടെ അഴിമതികളേയും അദ്ദേഹം കർശനമായി വിമർശിച്ചു. അങ്ങനെ ജനങ്ങളുടെ പ്രതിഷേധബുദ്ധി ഉണർത്തിവിടുന്നതോടുകൂടിത്തന്നെ ജനാധിപത്യത്തെപ്പറ്റിയുള്ള തത്വങ്ങളും അദ്ദേഹം പ്രചരിപ്പിച്ചു. വെറും പൊള്ളയായ ഒരു ജനാധിപത്യമല്ല അദ്ദേഹം എടുത്തുകാണിച്ചത്. സാമ്പത്തികപ്രശ്നങ്ങളിൽനിന്നു വേറിട്ട ഒരു രാഷ്ട്രീയപ്രക്ഷോഭണത്തിന് അദ്ദേഹം സഹായിച്ചില്ല. ജന്മികുടിയാൻപ്രക്ഷോഭണത്തിന്റെ പ്രധാന ഉപദേശകൻ

അദ്ദേഹമായിരുന്നു. 1108-ൽത്തന്നെ കാണവസ്തുവിന്റെ ഉടമസ്ഥാവകാശം കൂടിയാന്മാർ വാങ്ങിക്കൊടുത്ത ഈ പ്രക്ഷോഭണത്തെപ്പറ്റി തിരുവിതാംകൂറിനുപുറത്ത് വളരെയൊന്നും അറിഞ്ഞുകൂടാ. പക്ഷേ ഈ പ്രക്ഷോഭണത്തോടുകൂടിത്തന്നെ ജന്മിവർഗ്ഗം അദ്ദേഹത്തെ ഒരു ഭയങ്കരശത്രുവായി കണക്കാക്കിത്തുടങ്ങുകയും ചെയ്തു. വിദേശബ്രാഹ്മണർ രാജപക്ഷം പറ്റിനിന്ന് അധികാരം കരസ്ഥമാക്കുന്ന സമ്പ്രദായത്തിനെതിരായി തിരുവിതാംകൂറിൽ നടന്ന 'പട്ടർ പ്രക്ഷോഭണ'ത്തിനും ശ്രീ. ബാലകൃഷ്ണപിള്ള പ്രോദ്ഘനം നല്കി. ഈ കാര്യത്തിൽ അദ്ദേഹം തന്റെ ജാതിതാല്പര്യങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിച്ചതെന്നു ധരിച്ച ചിലരെ രോഷംകൊള്ളിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ അടുത്ത നടപടി. 'പട്ടർ പ്രക്ഷോഭണം' കുറെയൊക്കെ വിജയകരമായി. പക്ഷേ അന്നും മുസ്ലീം-ക്രിസ്ത്യൻ-ഈഴവസമുദായങ്ങൾക്ക് രാജ്യത്തു കാര്യമായ സ്ഥാനം ലഭിച്ചില്ല. ശ്രീ. ബാലകൃഷ്ണപിള്ളയുടെ അഭിപ്രായത്തിൽ അവരുടെ വാദങ്ങൾ ന്യായമായിത്തോന്നി. അദ്ദേഹം അവരുടെ പ്രക്ഷോഭണത്തിന് ഉപദേശം നൽകി. അങ്ങനെയാണ് നിവർത്തനം, സംയുക്തരാഷ്ട്രീയപ്രക്ഷോഭണം മുതലായവയുണ്ടായതു്. പക്ഷേ ഈ പ്രക്ഷോഭണങ്ങളിലെല്ലാം വർഗ്ഗീയതയുണ്ടെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. യഥാർത്ഥശത്രു ഏകാധിപത്യമാണെന്ന് ഓരോ സമുദായത്തേയും മനസ്സിലാക്കി അവരെ യോജിപ്പിച്ച് ഒരു പ്രജാധിപത്യസമരം ആരംഭിക്കുന്നതിനുള്ള അവസരം നോക്കിയിരിക്കുകയായിരുന്നു അദ്ദേഹം ചെയ്തതു്. 'ഏ. നാരായണപിള്ളക്കേ

സോ'ട്ടക്രൂടി ആ സന്ദർഭവും വന്നുചേർന്നു. അങ്ങനെ സ്റ്റേറ്റുകോൺഗ്രസ്സുണ്ടായി. ഇങ്ങനെ പലഘട്ടങ്ങളായി വളർന്നുവന്ന തിരുവിതാംകൂർ രാഷ്ട്രീയപ്രസ്ഥാനം ഓരോ ഘട്ടത്തിലും പ്രചോദനത്തിനുവേണ്ടി ബാലകൃഷ്ണപിള്ളയുടെ അടുത്തേയ്ക്കോടിയിട്ടുണ്ട്. രാഷ്ട്രീയശബ്ദകോലാഹലങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ പേർ കേൾക്കപ്പെടുകയില്ല. ഒഴുക്കനായിട്ടെഴുതിത്തള്ളുന്ന ചരിത്രത്തിലും ആ പേർ കാണുകയില്ല. പക്ഷേ ഓരോ പ്രക്ഷോഭണത്തിന്റേയും നേതാക്കന്മാരെ, ഒരു ഗുരുനാഥനേപ്പോലെ, രാഷ്ട്രീയതത്വവും പ്രവർത്തനവും അഭ്യസിപ്പിച്ചതദ്ദേഹമാണ്. ഓരോ പ്രക്ഷോഭണത്തിന്നും പരിപാടിയും തത്വവും നിർദ്ദേശിച്ചതും അദ്ദേഹമാണ്. ഇതുകൊണ്ടും അദ്ദേഹം തൃപ്തനായില്ല. താൻ വളർത്തുവാൻ സഹായിച്ച പ്രസ്ഥാനം മുതലാളിവർഗ്ഗത്തിന്റെ 'ജനാധിപത്യ'മാണെന്നദ്ദേഹത്തിന്നറിയാമായിരുന്നു. അധികാരത്തിലേയ്ക്കുവരാൻപോകുന്ന കോൺഗ്രസ്സുകാരെ അദ്ദേഹം വിട്ടു. ഇക്കാലത്തു് രാഷ്ട്രീയകായ്ക്കളിലെന്നതുപോലെ, പൊതുക്കായ്ക്കളിൽതന്നെ നേരിട്ടു പങ്കെടുക്കുന്ന പതിവു് അദ്ദേഹം നിർത്തി. തകർന്ന ആരോഗ്യവുമായി അദ്ദേഹം വിരമിച്ചു. പിന്നീടു് അദ്ദേഹം പ്രവർത്തിച്ചതു് സാഹിത്യത്തിലും ഗവേഷണത്തിലുമായിരുന്നു. ഇക്കാലത്തു് അദ്ദേഹത്തിന്റെ അനുഭാവം മുഴുവനും വളർന്നുവരുന്ന തൊഴിലാളിപ്രസ്ഥാനത്തിന്നായിത്തീർന്നു. മനുഷ്യവർഗ്ഗത്തിന്റെ ആത്യന്തികലക്ഷ്യമായിട്ടല്ലെങ്കിലും ഇന്നും അദ്ദേഹം സോഷ്യലിസത്തിൽ വിശ്വസിക്കുന്നുണ്ടു്. തൊഴിലാളിവർഗ്ഗത്തോടും അതിന്റെ രാഷ്ട്രീയസമരത്തോടും ബാലകൃഷ്ണ

പിള്ളയ്ക്കുള്ള മനോഭാവമാണുള്ളതെന്ന് ശ്രീ. ആർ. സുഗതൻ, ശ്രീ. കെ. സി. ജോർജ്ജ്, ശ്രീ. പി. കൃഷ്ണപിള്ള മുതലായവരുമായി അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധം തെളിയിക്കുന്നുണ്ട്. ശ്രീ. ഇടശ്ശേരി ഗോവിന്ദൻനായരുടെ 'പണിമുടക്കം' മുതലായ കൃതികൾക്ക് അദ്ദേഹം എഴുതിയിട്ടുള്ള അവതാരികകളിൽ അതു വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ പടിപടിയായി മുന്നോട്ടുപോകുന്ന ഒരു രാഷ്ട്രീയതത്വസംഹിതയാണ് അദ്ദേഹത്തിന്റേതു്. ഒരിക്കലും മുമ്പിൽവരാതെ അണിയറയിൽ ഇരുന്ന് ഒരു ഡൈനാമോയേപ്പോലെ പ്രവർത്തിക്കുകയായിരിക്കുമെന്നു മാത്രം.

സാഹിത്യശാസ്ത്രജ്ഞൻ

ഏ. ബാലകൃഷ്ണപിള്ള നടത്തിയ പത്രങ്ങൾ രാഷ്ട്രീയനേതാക്കൾക്കെന്നതുപോലെ സാഹിത്യകാരന്മാർക്കും കളരിയായിരുന്നു. മലയാളനാടിന്റെ ഒരുനവോത്ഥാനമായിരുന്നു അദ്ദേഹം കണ്ടതു്. സംസ്കൃതജഡിലമായ ആഢ്യപാരമ്പര്യത്തിൽ അദ്ദേഹം യാതൊരു ആശയുംകണ്ടെത്തിയില്ല. അദ്ദേഹത്തിനതു് അറിഞ്ഞുകൂടാതിരുന്നിട്ടില്ല; ഉയരുന്ന ഭാരതത്തിനുവേണ്ടതു പാശ്ചാത്യചിന്താഗതിയുടെ ആവിർഭാവമാണെന്നദ്ദേഹം ഗണിച്ചതുകൊണ്ട് തിലകിന്റെ റിവൈവലിസ്റ്റ് ദേശാഭിമാനം ഗോഡ്സേവരെ ചെന്നെത്തുമെന്നദ്ദേഹത്തിനറിയാമായിരുന്നു. രാമമോഹനറായിയുടെ പാരമ്പര്യമാണദ്ദേഹം അംഗീകരിച്ചതു്. ഇതു സാധ്യമാകണമെങ്കിൽ ചമ്പുക്കളുടെ മലയാളം ഒന്നുമാറിയേ തീരൂ എന്നദ്ദേഹം തീരുമാനിച്ചു.

സാഹിത്യത്തിൻറെ എല്ലാ ശാഖകളിലും പാശ്ചാത്യരീതികളെ അനുകരിക്കുകയാണു വേണ്ടതെന്നു് അദ്ദേഹത്തിനു തോന്നി. ഈ പുതിയ സാഹിത്യത്തിലെ പ്രവർത്തകന്മാരെയാണു് 'കേസരി'യും മറ്റും സ്വാഗതം ചെയ്തതു്. എന്തെങ്കിലും എഴുതിക്കൂട്ടിയാൽപോരാ, അതു ശരിയായിട്ടെഴുതണം എന്നദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു. അതുകൊണ്ടു തൻറെ സമീപത്തെത്തുന്ന സാഹിത്യകാരന്മാരെ സാഹിത്യസൃഷ്ടിയുടെ രീതികൾ പറഞ്ഞുപഠിപ്പിക്കുകയും, രൂപമഞ്ജരി മുതലായ ലക്ഷണഗ്രന്ഥങ്ങൾ ചമയ്ക്കുകയും ചെയ്തു. ഇന്നു മലയാളത്തിൽ പേരെടുത്തിട്ടുള്ള മിക്ക സാഹിത്യകാരന്മാരെന്നുമാത്രമല്ല, പുരോഗമനസാഹിത്യപ്രസ്ഥാനം പൊതുവേതന്നെ അദ്ദേഹത്തിൻറെ പ്രവർത്തനങ്ങളുടെ ഫലമാണു്. അദ്ദേഹം സാഹിത്യസൃഷ്ടി ചെയ്യുകയല്ല ചെയ്തതു്, സാഹിത്യകാരന്മാരെ സൃഷ്ടിക്കുകയായിരുന്നു. അതുകൊണ്ടുതന്നെയാണു് അദ്ദേഹം ഇന്നത്തെ ഏകസാഹിത്യാചാര്യനായി ഗണിക്കപ്പെടുന്നുണ്ടെങ്കിലും പ്രസിദ്ധനല്ലാതിരിക്കുന്നതു്. 'രണ്ടിടങ്ങഴി' വായിച്ചവർ നിരവധിയാണു്; അവർ ശ്രീ. തകഴിയെ സ്തുതിക്കുകയും ചെയ്യും, പക്ഷേ അതെഴുതാൻ തകഴിക്കു കഴിവുണ്ടാക്കിക്കൊടുത്തയാളിനെപ്പറ്റി അവരൊന്നും അറിഞ്ഞില്ലെന്നിരിക്കും.

പരിഭാഷകൻ

അദ്ദേഹം വിഭാവനംചെയ്ത പുതിയ സാഹിത്യത്തിനു മാതൃകകൾ വിദേശഭാഷകളിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. തിരുവിതാംകൂറിൽ ഇംഗ്ലീഷുവിദ്യാഭ്യാസം സാ

മാന്യമായി ഉണ്ടായിരുന്നെങ്കിലും ആധുനികരീതിയിലുള്ള സാഹിത്യം അവിടെ പ്രചരിച്ചിരുന്നില്ല. അതുകൊണ്ട് വേണ്ടത്ര മാതൃകകൾ മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യണമെന്നതു് ഒരാവശ്യമായിത്തീർന്നു. അങ്ങനെയാണ് മോപ്പസാങ്ങും, ഗോക്കിയുമെല്ലാം മലയാളത്തിലെത്തിയതു്. ഫ്രഞ്ച്, ഇംഗ്ലീഷ്, റഷ്യൻ, ജർമ്മൻ, ഫിന്നിഷ്, സ്പാനിഷ്, ഇറാലിയൻ, ചൈനീസ്, ജപ്പാനീസ് മുതലായി അനേകം ഭാഷകളിൽനിന്നു് ഒട്ടുവളരെ കഥകൾ അദ്ദേഹം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്കു പൊതുവേ കലാസൌന്ദര്യം പോരെന്നു ന്യായമായ ഒരാക്ഷേപമുണ്ട്. എങ്കിലും കഥ, നോവൽ എന്ന വിഭാഗങ്ങളെപ്പറ്റി സാഹിത്യകാരന്മാർക്ക് ഉണ്ടായിരുന്ന ധാരണയിൽ വിപ്ലവകരമായ ഒരു മാറ്റം വരുത്തുവാൻ ഇതുമാത്രമേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. വിദേശഭാഷകളിൽനിന്നു് ഏറ്റവുമധികം കഥകൾ മലയാളത്തിലേയ്ക്കു് പരിഭാഷ ചെയ്തതു ബാലകൃഷ്ണപിള്ളയാണു്.

സാഹിത്യവിമർശകൻ

അദ്ദേഹമുച്ചത്തിൽ വിളിച്ചുപറയും, "ഞാനൊരു വിമർശകനല്ലേ അല്ല," എന്നു്. കാരണമിതാണു്. സാധാരണഗതിയിൽ വിമർശനമെന്നു പറയുന്നതരം ലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടില്ല. എങ്കിലും അനവധി പുസ്തകങ്ങൾക്ക് അദ്ദേഹം അവതാരികയെഴുതിയിട്ടുണ്ട്. അനവധി പുസ്തകങ്ങൾ അദ്ദേഹം വിമർശിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാമൊരു പ്രത്യേകതയുണ്ട്. വ്യാഖ്യാനക്കസർത്തുകളോ വ്യാകരണത്തക്കങ്ങളോ കാണുകയില്ല. അദ്ദേഹ

ത്തിന്റെ വിമർശം രസിക്കാൻവേണ്ടിയുള്ളതല്ല, പഠിക്കാൻവേണ്ടിയുള്ളതാണു്. പുതിയ എഴുത്തുകാരെ പരിശീലിപ്പിച്ചുവന്നകാലത്തെ പ്രവർത്തനത്തിന്റെ ഒരു തുടർച്ചയാണിതു്. അദ്ദേഹത്തിന്റെ വിമർശനങ്ങളിൽ പ്രധാനമായിക്കാണുന്നതു് പ്രകൃതകൃതിയുടെ പ്രസ്ഥാന നിണ്ണയമായിരിക്കും. എഴുത്തുകാരനെസ്സംബന്ധിച്ചിടത്തോളം ഇതെത്ര പ്രധാനമാണെന്നറിയാത്തവർ ഇതൊരു ഭ്രാന്തായി ഗണിക്കുന്നു. പ്രസ്ഥാനനിണ്ണയത്തിനു് ആവശ്യമായ ഉദാഹരണങ്ങളും അദ്ദേഹം കൊടുക്കുന്നു. അങ്ങനെ ആ വിമർശനം പ്രകൃതഗ്രന്ഥവും ഇതരഭാഷകളിൽ ആ വിഷയത്തെക്കുറിച്ചെഴുതിയിട്ടുള്ള പുസ്തകങ്ങളും തമ്മിലുള്ള ഒരു താരതമ്യമായിട്ടും തീരുന്നു. ഇതെത്ര പ്രയോജനകരമായ ഒരു കാര്യമാണെന്നറിയണമെങ്കിൽ 'ശബ്ദങ്ങ'ളുടെ നിരൂപണം വായിച്ചുനോക്കണം. ഓരോ കൃതിയുടേയും രൂപത്തെസ്സംബന്ധിച്ചുള്ള പ്രശ്നങ്ങളും അവയുടെ സാമൂഹ്യബന്ധങ്ങളും അദ്ദേഹം വിശകലനം ചെയ്യുന്നുണ്ടു്. മലയാളത്തിൽ ഒരു പുതിയ വിമർശസരണി വെട്ടിത്തുറക്കുകയാണദ്ദേഹം ചെയ്തിട്ടുള്ളതു്. തോഴിയുടെ വളയോ വാസവദത്തയുടെ വളയോ കിലുങ്ങിയതെന്നുള്ള വാദപ്രതിവാദം ഇനിയുണ്ടാകുമെന്നു നോന്നുന്നില്ല.

കലാതത്ത്വവേദി

ശ്രീ. ബാലകൃഷ്ണപിള്ള ഒരു നല്ല ചിത്രകലാവിമർശകനാണെന്നതു് അധികമാരും അറിഞ്ഞിട്ടില്ല. ലോക

ത്തിൽ അറിയപ്പെട്ടിട്ടുള്ള എല്ലാ ചിത്രകലാപ്രസ്ഥാനങ്ങളെപ്പറ്റിയും അദ്ദേഹത്തിന് അഗാധപാണ്ഡിത്യമുണ്ട്. ചരിത്രാതീതകാലത്തെ ബുഷ്മെൻവർണ്ണക്കാരുടെ കലയെപ്പറ്റിയായാലും, പിക്കാസ്സോയുടെ ക്യൂബിസത്തെപ്പറ്റിയായാലും നിങ്ങൾക്കദ്ദേഹത്തോട് സംശയം ചോദിക്കാം. നിങ്ങളുടെ ഓമ്മയിലുള്ള ഏതെങ്കിലും പ്രസിദ്ധചിത്രത്തെപ്പറ്റി എന്തെങ്കിലും ചോദിച്ചാൽ അദ്ദേഹം തടിച്ച നോട്ടുപുസ്തകങ്ങൾ ഓരോന്നായി നിങ്ങൾക്കു കൊണ്ടുവന്നു തരും. അവയിൽ നിങ്ങളുടെ ചിത്രത്തെപ്പറ്റി സുദീർഘമായ ഒരു വിവരണവും നിരൂപണവും ഉണ്ടായിരിക്കും. ആ ചിത്രത്തിന്റെ ഒരു പകർപ്പും അവിടെ കാണും. ഈ പകർപ്പുകൾ മൂലത്തിൽനിന്ന് എത്രയോ മൈലുകളെയായിരിക്കും. അവയെല്ലാം അദ്ദേഹം വരച്ചതാണ്. ആ പകർപ്പുകൾ കണ്ടാൽ നിങ്ങൾക്കൊന്നും മനസ്സിലാവുകയില്ല. അതെല്ലാം അദ്ദേഹത്തിന്റെ ഓമ്മയെ സഹായിക്കാനുള്ളതാണ്. അദ്ദേഹത്തിന്റെ വിശദീകരണം കഴിഞ്ഞാൽ നിങ്ങളുടെ സംശയം മാറുകയും ചെയ്യും. ഒരു മൂന്നു ദശവത്സരങ്ങളിലെ നിരന്തര പ്രയത്നം ആ നോട്ടുപുസ്തകങ്ങളിൽ ഒളിഞ്ഞു കിടക്കുന്നുണ്ട്.

മനശ്ശാസ്ത്രകാരൻ

അഡ്ലറും പാവ്ലോവും, ഫ്രോയിഡുമെല്ലാം ഇന്നും മലയാളത്തിലെത്തിക്കഴിഞ്ഞിട്ടില്ല. പക്ഷേ പതിനഞ്ചു വർഷം മുമ്പുതന്നെ ശ്രീ. ബാലകൃഷ്ണപിള്ള അവരുടെ ഗവേഷണങ്ങളെ അടിസ്ഥാനമാക്കി ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. യൂറോപ്പിൽ നടന്നുകൊണ്ടിരുന്ന പ

രീക്ഷണങ്ങളെ അതുപടി ഇവിടെ പകർത്തുകയായിരുന്നില്ല അദ്ദേഹം ചെയ്തത്. മനശ്ശാസ്ത്രരംഗത്തിൽ ഇന്ന് ഒരു വലിയ വടംവലി നടക്കുന്നുണ്ട്. സ്വയരക്ഷയ്ക്കുള്ള വാസനയാണോ, പുത്തോല്പാദനത്തിനുള്ള വാസനയാണോ ജീവികർമ്മങ്ങൾക്കു പ്രധാനം എന്നാണാ വിവാദം. ഈ രണ്ടു വാസനകളും തമ്മിൽ അത്ര ഭയങ്കരമായ വൈരുദ്ധ്യമൊന്നുമില്ലെന്ന് ഇന്നു മിക്കവാറും സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ആ അനുമാനത്തിൽ ശ്രീ. ബാലകൃഷ്ണപിള്ള എത്രയോ മുമ്പുതന്നെ എത്തിച്ചേർന്നുവെന്നു കേസരിയുടെ പഴയ ലക്ഷങ്ങൾ തെളിയിക്കുന്നു. സാഹിത്യത്തിൽ മനശ്ശാസ്ത്രത്തെ കൊണ്ടുവരുന്നതിനുള്ള മാതൃകയായിട്ടാണ് അദ്ദേഹം ഇബ്സനെ മലയാളികൾക്കു പരിചയപ്പെടുത്തിക്കൊടുത്തത്.

ചരിത്രഗവേഷകൻ

ശ്രീ. ബാലകൃഷ്ണപിള്ളയുടെ ഏറ്റവും പ്രധാനമായ ജോലി ഗവേഷണമാണ്. അദ്ദേഹം യാതൊരു ചരിത്രവും എഴുതിയിട്ടില്ല. പക്ഷേ ചരിത്രമെഴുതുന്നതിനു മുമ്പിൽ ഒട്ടുവളരെ ഗവേഷണം കിടക്കുന്നുണ്ടെന്നു് ഓർമ്മിക്കേണ്ടതാണ്. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളുടെ ചരിത്രം എഴുതാൻ വളരെ വിഷമമാണ്. രേഖകൾ അത്ര അപൂർവ്വമാണ്, ഉള്ളതുതന്നെ വളരെ പരിശോധിച്ചു സ്വീകരിക്കാൻ നിവൃത്തിയുള്ളൂ. ഇന്നുവരെ എഴുതപ്പെട്ടിട്ടുള്ള ചരിത്രങ്ങൾ എല്ലാംതന്നെ അർദ്ധസത്യങ്ങളാണ്; അപൂർണ്ണങ്ങളുമാണ്. ഇന്നറിയപ്പെടാത്ത മൂലകങ്ങളിൽ വെളിച്ചം വീശുകയും തെറ്റുകൾ തിരുത്തുകയുമാണു ചരിത്ര

ഗവേഷകന്റെ ജോലി. ഈ ലക്ഷ്യത്തോടെയാണ് ശ്രീ. ബാലകൃഷ്ണപിള്ള ഇന്നുവരെ ഗവേഷണം നടത്തിയിട്ടുള്ളതു്. അദ്ദേഹത്തിന്റെ എല്ലാ അനുമാനങ്ങളേയും നാം സ്വീകരിച്ചില്ലെന്നു വന്നേയ്ക്കാം. പക്ഷേ കേരളത്തിന്റെ ഭൂതകാലത്തെപ്പറ്റിയും ആയ്മാരുടെ വരവിനെപ്പറ്റിയും മറവും അദ്ദേഹം നടത്തിയ ഗവേഷണങ്ങൾ ഒട്ടുവളരെ കാര്യങ്ങളെ വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യയുടെ സംസ്കാരം ഏതാണ്ടൊരാര്യൻ കുത്തകയാണെന്നാധാരണയ്ക്കു വല്ലാത്ത ഉലച്ചിൽ തട്ടിയതു ശ്രീ. ബാലകൃഷ്ണപിള്ളയുടെ ഗവേഷണങ്ങൾ മൂലമാണു്. ചരിത്രാതീതകാലത്തെ ചരിത്രത്തിലാണദ്ദേഹത്തിനു് ഏറ്റവും താല്പര്യം. ഈ വിഷയം പാശ്ചാത്യരാജ്യങ്ങളിൽത്തന്നെ ശരിയായി വളർന്നുകഴിഞ്ഞിട്ടില്ല. രേഖകളില്ലാത്ത ഈ കാലത്തെപ്പറ്റി പഠിക്കുവാൻ അദ്ദേഹം സ്വീകരിച്ചിരിക്കുന്ന മാർഗ്ഗമാണു് 'കാലകല്പഗണന.' ഇങ്ങനെയൊരു സമ്പ്രദായം പുരാതന ഇന്ത്യയിലുണ്ടായിരുന്നു. എങ്കിലും അതു വേണ്ടവിധത്തിൽ പ്രയോഗിക്കപ്പെട്ടിരുന്നില്ല. ശ്രീ. ബാലകൃഷ്ണപിള്ള ഈ സമ്പ്രദായം ആധുനികജ്ഞാനത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചു പുതുക്കിയിരിക്കുകയാണു്. ഈ രീതിയനുസരിച്ചു ഭൂമിയിൽ 75000, 10000, 5000 ഇങ്ങനെ പല കാലയളവുകളിൽ പ്രളയങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ഈ പ്രളയങ്ങളുടെ കാലം കൂണക്കാക്കി ചരിത്രാതീതചരിത്രം നിർമ്മിക്കാം എന്നാണദ്ദേഹത്തിന്റെ പക്ഷം. ഈ സമ്പ്രദായം ശാസ്ത്രീയമല്ല, ശാസ്ത്രത്തിനു പകരം (Psuedo-scientific) മാത്രമാണെന്നാണദ്ദേഹത്തിന്റെ അഭിപ്രായം എങ്കിലും ചൈ

നയുടെ ചരിത്രത്തിൽ ഈ തത്വം പ്രയോഗിച്ച് അദ്ദേഹം നടത്തിയ ഗവേഷണങ്ങളുടെ പ്രാധാന്യത്തെ ശാന്തിനികേതനത്തിലെ ചൈനീസ് പണ്ഡിതന്മാർ അംഗീകരിച്ചിട്ടുണ്ട്! ശ്രീ. ബാലകൃഷ്ണപിള്ളയുടെ വീക്ഷണത്തിൽ കാലകല്പഗണനം ആപേക്ഷികസിദ്ധാന്തത്തോളംതന്നെ പ്രധാനമാണ്. ഈ സമ്പ്രദായത്തിനു ചരിത്രപരമായ പ്രാധാന്യം മാത്രമല്ല അദ്ദേഹം കാണുന്നതു്. ഇന്നത്തെ ലോകഭരിതത്തിന്റെ ഒരു പ്രധാന കാരണം സങ്കുചിത ദേശാഭിമാനമാണെന്നാദ്ദേഹം ഗണിക്കുന്നു. ആർഷഭാരതത്തിന്റെ പേരിൽ കലികൊള്ളുന്ന ആര്യനും, ആര്യൻ സംസ്കാരത്തിനുവേണ്ടി മരണഫാക്ടറികൾ പണിത നാസികളും, എല്ലാ സംസ്കാരത്തിന്റെയും ഉറവിടം ചൈനയെന്നു ഗണിക്കുന്ന ചൈനാക്കാരനും, മനുഷ്യൻ ഉത്ഭവിച്ചതു യൂറൽ പർവ്വതത്തിലാണെന്നു വാദിക്കുന്ന റഷ്യക്കാരനും എല്ലാം ഇക്കാര്യത്തിൽ കുറവാളികളാണെന്നാണദ്ദേഹത്തിന്റെ അഭിപ്രായം. ഈ ചിന്താഗതിക്കാരാണു ഗാന്ധിയെ വെടിവെയ്ക്കുന്നതും യുദ്ധങ്ങൾ നടത്തുന്നതും. കാലകല്പഗണനയനുസരിച്ച് ഈ രാജ്യങ്ങളേക്കാൾ എല്ലാം പുരാതനമായ ഒരു സംസ്കാരം, ഇന്നു പ്രാകൃതമെന്നു ഗണിക്കപ്പെട്ടിരിക്കുന്ന അറേബിയയിലുണ്ടായിരുന്നെന്നു കാണുന്നു. ഈ അഭ്യൂഹം നിസ്സന്ദേഹം തെളിയിക്കപ്പെട്ടാൽ മനുഷ്യരിൽ ഒരു മാനസികപരിവർത്തനം വരുമെന്നാണദ്ദേഹം ആശിക്കുന്നതു്. 'മാതൃരാജ്യ'ത്തിന്റെ പേരുംപറഞ്ഞു യുദ്ധപ്രേമിക്കന്മാർക്കു നാട്ടുകാരെ യുദ്ധങ്ങളിലേയ്ക്കു പിന്നീടു വലിച്ചിഴയ്ക്കാൻ കഴിയുകയില്ല എന്നാണദ്ദേഹം പറയുന്നതു്. ശ്രീ. ബാലകൃഷ്ണപിള്ള എത്രമാത്രം

ഈ ഗവേഷണങ്ങളെ വിലവെയ്ക്കുന്നുണ്ടെന്നുള്ളതിന്നു തെളിവു്, അദ്ദേഹത്തിന്റെ ഏകജീവിതാശ കാണിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ചരിത്രഗവേഷണങ്ങൾ ഒരുമിച്ചേത്തു പ്രസിദ്ധപ്പെടുത്തി പാശ്ചാത്യരാജ്യങ്ങളിലെ ചരിത്രഗവേഷകരുടെ ദൃഷ്ടിയിൽ ഒന്നു കൊണ്ടുവരണമെന്നതാണതു്. പക്ഷേ, അദ്ദേഹം ദരിദ്രനാണു്, രോഗിയുമാണു്. 'കാലകല്പഗണന' പൂർണ്ണമായ ഒരു തത്വമാകാൻ കാലം കുറെ വേണ്ടിവന്നേയ്ക്കാം. പക്ഷേ ഒന്നു തീച്ചയാണു്, അതു ചരിത്രപഠനത്തിൽ ഒരു പരിവർത്തനമായിരിക്കും. ഇങ്ങനെ പറയാൻമാത്രം അനുമാനങ്ങൾ നീതീകരിക്കപ്പെട്ടിട്ടുണ്ടു്.

ജീവിതവീക്ഷണം

ഇതു വിപുലവും തുരുതരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുന്ന ഒരാളിനു് ഒരു ഫിലോസഫിയുണ്ടായിരിക്കണമല്ലോ. അതു ചുരുക്കിപ്പറയാവുന്നതാണു്. 'മാറ്റം' എന്ന വാക്കാണു് ഫിലോസഫിയുടെ ആണിക്കല്ലു്. ലോകപുരോഗതിയിൽ അദ്ദേഹം വിശ്വസിക്കുന്നുണ്ടു്. പുരോഗതിയെന്നതു് ഒരു നിലയിൽനിന്നു മറെറാരു നിലയിലേയ്ക്കുള്ള മാറ്റം മാത്രമാണു്. ഇടയ്ക്കിടയ്ക്കു പുറകോട്ടു പോകുന്ന മാറ്റങ്ങളും ഉണ്ടാകും. പക്ഷേ ദീർഘകാലത്തെ ഗണിച്ചാൽ ലോകം മുമ്പോട്ടുതന്നെയായിരിക്കും പോകുന്നതു്. അദ്ദേഹം കമ്യൂണിസത്തിൽ വിശ്വസിക്കുന്നുണ്ടു്. പക്ഷേ കമ്യൂണിസ്റ്റുവിപ്ലവത്തോടുകൂടി ലോകം നിശ്ചലമാകുമെന്നോ ഭൂലോകസ്വർഗ്ഗം സ്ഥാപിതമാകുമെന്നോ അദ്ദേഹത്തിനഭിപ്രായമില്ല. കമ്യൂണിസത്തിന്റെ അടിസ്ഥാനതത്വശാസ്ത്രമായ ഡയലെ

ക്ലിക്ക് വിപ്ലവത്തോടുകൂടി അവസാനിക്കാൻ നിവൃത്തിയില്ലല്ലോ. മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള സമരം അവസാനിക്കുന്നതോടുകൂടി സമുദായത്തിൽ മറേറതെങ്കിലുംതരം ഒരു മത്സരം ആരംഭിക്കും എന്നാണ ട്ടേഹം വിശ്വസിക്കുന്നത്. ഇന്നത്തെ സ്ഥിതികൾവെച്ചു നോക്കിയാൽ തത്വജ്ഞാനി, ശാസ്ത്രജ്ഞൻ, കലാകാരൻ മുതലായവർ ഒരുപക്ഷത്തും രാഷ്ട്രീയാധികാരി മറുവശത്തും നിന്നുകൊണ്ടുള്ള ഒരു മത്സരമായിരുന്നോയ്ക്കാം കമ്യൂണിസ്റ്റ് സമുദായത്തിൽ വരുന്നതെന്നട്ടേഹം പറയുന്നു. സാമ്പത്തികവ്യവസ്ഥ മാറാതെ ഒന്നും ശരിയാവുകയില്ലെന്നതത്വത്തോട് അട്ടേഹം യോജിക്കുന്നുണ്ട്. പക്ഷേ സാമ്പത്തികവ്യവസ്ഥിതി മാറിയതുകൊണ്ടു മാത്രം എല്ലാമായി എന്നട്ടേഹം ഗണിക്കുന്നില്ല. ഒരു മാനസികവിപ്ലവം ക്രുടിയേ തീരൂ എന്നാണട്ടേഹം വാദിക്കുന്നത്. ഈ മാനസികവിപ്ലവം (Psychic Revolution) ഇല്ലാതെ വെറും സാമ്പത്തികവ്യവസ്ഥിതിയുടെ ക്രമീകരണം മാത്രമായി തുടർന്നാൽ അത്തരം ഒരു സമുദായം ഫാഷിസമായിത്തീരുന്നതിനും വിഷമമില്ല. ഇക്കാര്യങ്ങളെല്ലാം ഭാവിയിലേയ്ക്കു നോക്കിക്കാണുവാൻ രാഷ്ട്രീയനേതാക്കൾക്കു കഴിവില്ല എന്നാണട്ടേഹം പറയുന്നത്. ഏതു വിപ്ലവകാരിയായ രാഷ്ട്രീയപ്രവർത്തകനും വ്യക്തമായ ഒരു പരിപാടിക്കുവേണ്ടിയാണു പ്രവർത്തിക്കുന്നത്. അതു നിലവിൽ വരുന്നതുവരെ അവർ വിപ്ലവകാരിയായിരിക്കും. വന്നു കഴിഞ്ഞാലോ നിലവിലുള്ളതിനെ നീതീകരിക്കുകയും നിലനിറുത്തുകയുമാവും അയാളുടെ ചുമതല. അങ്ങനെ നിലവിൽ വരുന്നതു സ്വർഗ്ഗമായിരുന്നെങ്കിൽ അതിൽ തെററില്ല. പക്ഷേ പരിപൂർണ്ണത ഒരാദർശം മാത്രമാണു;

അതു മനുഷ്യന്നു കൈവരുത്തുവാൻ കഴിവില്ല. മനുഷ്യൻ എപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കും. പൂതുതായി നിലവിൽ വന്നാവ്യവസ്ഥിതിക്കും അപ്പുറം ഒന്നു കാണുവാൻ മാത്രം ക്രാന്തദർശികളായ ചിലരുണ്ടായിരിക്കും. അവരാണു കലാകാരന്മാർ, തത്വജ്ഞാനിയും. ശ്രീ. ബാലകൃഷ്ണപിള്ള ഒരു അരാജകവാദിയാണു്. ചിന്തകന്മാരും കലാകാരന്മാരും അരാജകവാദികളായിരിക്കണം എന്നാണദ്ദേഹത്തിന്റെ മതം. പുരോഗമനകലാകാരൻ സമുദായത്തിന്റെ വാലിൽ തൂങ്ങുകയല്ല സമുദായത്തെ നയിക്കുകയാണു വേണ്ടതെന്നാദ്ദേഹം പറയും.

ആ മനുഷ്യൻ

ഈ അസാധാരണമായ ചിന്താഗതികളെല്ലാം കൊണ്ടുനടക്കുന്ന ആ മനുഷ്യൻ എങ്ങനെയിരിക്കും. നീണ്ടു മെലിഞ്ഞു വെള്ളത്താടിയും തലമുടിയുമായി അല്പം ക്രുദ്ധനടക്കുന്ന അദ്ദേഹം ഒരു വെറും സാധാരണക്കാരനാണു്. ആ കണ്ണുകൾ അല്പമൊന്നു തിളങ്ങും; ഒറ്റ നോട്ടത്തിൽത്തന്നെ ഒരു ബുദ്ധിമാനാണെന്നു തോന്നും, അത്ര മാത്രയുള്ളു. അദ്ദേഹം ഒരു രോഗിയാണു്. അദ്ദേഹം വീട്ടിൽനിന്നു പുറത്തിറങ്ങുന്നില്ല. വീടെന്നു പറഞ്ഞതു സ്വന്തമല്ല. മറ്റൊരാളുടെ കരുണയെ ആശ്രയിച്ചാണദ്ദേഹം ജീവിക്കുന്നതു്. അദ്ദേഹത്തിനു സ്വന്തമായി ഒരു വീടില്ല, കുട്ടികളുമില്ല. വൃദ്ധയായ ഭാര്യയുമൊരുമിച്ചു് ആ മനുഷ്യൻ വടക്കൻപറവൂരിനടുത്തു് ഒരു ചെറിയ വീട്ടിൽ താമസിക്കുന്നു. മാസികാപത്രങ്ങൾ എന്തെങ്കിലും പ്രതിഫലം അയച്ചുകൊടുത്താൽ അദ്ദേഹത്തിനു ലഭിക്കുന്ന വരുമാ

നം മുഴവനുമായി. ആ വീട്ടിൽ രണ്ടു കുട്ടികളുണ്ട്. അവർ തമ്മിലുള്ള ശണ്ഠകണ്ടു രസിക്കുക മാത്രമാണദ്ദേഹത്തിന്റെ വിനോദം. അദ്ദേഹം മരണത്തെ ഭയപ്പെടാത്തതിന്നു രണ്ടു കാരണങ്ങൾ പറയാനുണ്ട്: ഒന്നു രോഗം; രണ്ടാമത്തേതു് അദ്ദേഹത്തിന്റെ കഴിവുകൾ അവസാനിച്ചുവെന്നു ബോധം.

വിരോധികൾ

കേരളത്തിലെ കമ്മൂണിസ്റ്റ് പാർട്ടിയുടെ സാഹിത്യമുന്നണിക്കാർ അദ്ദേഹത്തെ ഇന്നു് ഒട്ടുവളരെ ആക്ഷേപിക്കുന്നുണ്ട്. അതിനൊരു മറുപടി പറയേണ്ടതാണെന്നതാനും. പക്ഷേ ശ്രീ. ബാലകൃഷ്ണപിള്ളയുടെ ജീവിതത്തെയും പ്രവർത്തനങ്ങളേയും പററി എത്ര അപൂർണ്ണമായതെങ്കിലും ഒരു പഠനം നടത്തിക്കഴിഞ്ഞാൽ അങ്ങനെയൊരു മറുപടി അസംഗതമാണെന്ന മനസ്സിലാകും. മേല്പറഞ്ഞതരത്തിൽ ജീവിച്ച ഒരു മനുഷ്യനെപ്പററി പുരോഗതിയുടെ ചേരിയിൽനിന്നു ചെളി വാരിയെറിയുന്നെങ്കിൽ അതു സുബോധത്തിന്റെ പരിധിക്കപ്പുറമാണു്. കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിന്റെ നിഭാഗ്യമെന്നല്ലാതെ ഒന്നും അതിനെപ്പററി പറയാനില്ല.

എന്റെ ചങ്ങമ്പുഴ

ചങ്ങമ്പുഴ മരിച്ചതിനുശേഷം ഞാൻ ഏറ്റവും പ്രധാനമായി ആലോചിച്ച പ്രശ്നം, സ്വതേ കവിതഭ്രമക്കാരനല്ലാത്ത എനിക്ക് ആ കവി എന്തായിരുന്നുവെന്നതാണ്. ഒന്നാമതായി എനിക്കു ബോധപ്പെട്ടതു് അദ്ദേഹമാണു് എന്നെക്കൊണ്ടു് ആദ്യമായി കവിത വായിപ്പിച്ചതെന്നതത്രെ. അതു് അദ്ദേഹത്തിന്റെ 'ജനകീയകവി' പ്പട്ടത്തിനു് ഒരു അധികാരപത്രമാണോ എന്നെനിക്കു നിശ്ചയമില്ല. പക്ഷേ, ഒന്നു തീച്ചയാണു്; എന്നെപ്പോലെ അനേകായിരം മനുഷ്യരെ കവിത വായിക്കാനും ആസ്വദിക്കാനും പഠിപ്പിച്ചതു് അദ്ദേഹത്തിന്റെ മാന്ത്രികത്തൂലികയാണു്. ഏതാനും ചിലരെക്കൊണ്ടു കവിത എഴുതിച്ചതും ആ മഹനീയതേജസ്സായിരുന്നുവെന്നാണു് എനിക്കു തോന്നുന്നതു്. ഇതു് എന്നെങ്കിലും അംഗീകൃതമാകുമോ, എന്തോ?

അടുത്തതായി എനിക്കോർമ്മവന്നതു് ആ മനുഷ്യന്റെ രണ്ടു സ്വഭാവഗുണങ്ങളാണു്. മറ്റു സാഹിത്യകാരന്മാരെ ഇടിച്ചുതാഴ്ത്തിതെന്നെപറയാം, മലയാളത്തിലെ ഏറ്റവും ആത്മാർത്ഥതയുള്ള സാഹിത്യകാരൻ ചങ്ങമ്പുഴയായിരുന്നു. അദ്ദേഹത്തെ അല്പമെങ്കിലും തീണ്ടാത്ത ഒരു കുറവായിരുന്നു അല്പമനസ്ഥിതി. വിശാലമായ ആ ഹൃദയത്തിനു് ഒന്നും മറച്ചുവെയ്ക്കാനുണ്ടായിരുന്നില്ല. അതുകൊണ്ടു സത്യം പറയുക എന്നതു് ഒരു വെറും പതിവു

മാത്രമായിരുന്നു. ഇതു് ഇത്ര പൊക്കിപ്പറവാൻ മാത്രമുണ്ടോ എന്നു സംശയിക്കേണ്ട കാര്യമില്ല. സാഹിത്യകാരന്മാരുടേയും രാഷ്ട്രീയപ്രവർത്തകന്മാരുടേയും അടുത്ത പരിചയംവെച്ചുകൊണ്ടു നിരാശയോടെ പറഞ്ഞുപോകുന്നതാണു്. ക്ഷമിക്കുക. മാർക്സിസം വരയ്ക്കുതെറ്റാതെ പഠിത്തിലെഴുതുന്ന ഒരു നന്നായനെക്കാളും സത്യസന്ധത നിറഞ്ഞ ഒരു ഹൃദയത്തെ ഞാനെന്നും ബഹുമാനിക്കും. ഒന്നാമത്തെയാൾ ഒരിക്കലും നന്നാവുകയില്ല. രണ്ടാമത്തെയാൾ .....അതെ, അയാൾ ശരിയായ മാർക്സിസത്തിലെത്തുവാൻ കാലം മാത്രമേ വേണ്ടൂ. ചങ്ങമ്പുഴയുടെ ധീരതയും പ്രത്യേകം എന്നെ ആകഷ്ടിച്ചിരുന്നു. സേവപിടിക്കൽ (അതുവളരെ വലിയ അളുകൾക്കുപോലും പതിവുണ്ടല്ലോ) കണ്ടു മുഷിഞ്ഞ എനിക്കു ചങ്ങമ്പുഴ ഒരു മരുപ്പച്ചയായിരുന്നു. ഒന്നിനും ആരേയും ക്രൂശാത്ത ആ മനുഷ്യൻ തെറ്റിയാലും എനിക്കു ക്ഷമിക്കാൻ കഴിയും. ആ ദ്വേഹത്തെ ഇടതുപക്ഷക്കാരും വലതുപക്ഷക്കാരും ദ്രോഹിച്ചിട്ടുണ്ടു്. (ഞാൻ വിമർശനത്തിന്റെ കാര്യമല്ല പറയുന്നതു്) പക്ഷേ, അവയെല്ലാം ധീരമായി ചെറുത്തുനിന്നു ആ നട്ടെല്ലിനു ക്ഷതമേൽപ്പിക്കാതെ നിവൃത്തിയില്ല. ചങ്ങമ്പുഴയെ സഹായിക്കാൻവേണ്ടിയല്ല ഞാനിതൊന്നും എഴുതുന്നതു്. അദ്ദേഹത്തിനു നിവർന്നുനില്ക്കാൻ ഒരു ഊന്നുവടിയുടെ സഹായം ആവശ്യമില്ല. പോരെങ്കിൽ അദ്ദേഹം മരിച്ചുപോവുകയുംചെയ്തു. പക്ഷേ, ഇനിയും ലോകത്തിൽ മനുഷ്യർ ശേഷിച്ചിട്ടുണ്ടല്ലോ; അവരെയെങ്കിലും ഇങ്ങനെ പീഡിപ്പിച്ചു കൊല്ലാതിരിക്കാൻവേണ്ടിമാത്രം എഴുതുകയാണു്.

പക്ഷേ, ഇതുകൊണ്ടൊന്നും കാര്യത്തിന്റെ കാതലായില്ലല്ലൊ. ചങ്ങമ്പുഴ എനിക്കെന്തായിരുന്നുവെന്നാണു് ഞാൻ ആലോചിക്കുന്നതു്. അദ്ദേഹത്തിന്റെ കവിതയുടെ സംഗീതാത്മകത ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. പക്ഷേ, അതല്ല എനിക്കു പ്രധാനമായി അദ്ദേഹത്തോടു ഹൃദയബന്ധമുണ്ടാക്കിത്തീർത്തതു്. ചങ്ങമ്പുഴക്കവിതകൾ ഞാൻ വായിച്ചിട്ടുണ്ടെങ്കിലും പാടിയിട്ടില്ല. അതിനു നല്ല കാരണവുമുണ്ടു്: എനിക്കു പാടാനറിഞ്ഞുകൂടാ. വേണമെങ്കിൽ ആരെങ്കിലും പാടിക്കേൾപ്പിച്ചുതരണം. അതു വലിയ ബുദ്ധിമുട്ടാണു്. അതുമല്ല എന്റെ ചങ്ങമ്പുഴപ്രതിപത്തിക്കു കാരണം. ഞാൻ ഒരു സമതാവാദിയാണു് (എല്ലാവരും അതംഗീകരിക്കില്ലെങ്കിലുംഞാനങ്ങനെയാണു് വിശ്വസിക്കുന്നതു്) അതുകൊണ്ടു് അദ്ദേഹത്തിന്റെ വാഴക്കുല, ഗളഹസ്തം, ചുട്ടെരിക്കുക, മുതലായ കവിതകളിലെ വിപ്ലവസ്വഭാവം (എന്തു പറയാമോ, എന്തോ) കൊണ്ടായിരിക്കുമോ ഞാൻ അദ്ദേഹത്തെ ആദരിക്കുന്നതു്. അതെല്ലാം നല്ല കവിതകൾ തന്നെ. മലയാളത്തിലെ ഏറ്റവും ശക്തിമത്തായ കൃതികളാണവ. പക്ഷേ, അവിടെയും കാര്യം നിൽക്കുന്നില്ല.

ഇനി പച്ചമലയാളത്തിലെഴുതിയെന്നതും നാടോടിപ്പാട്ടുകൾ തേടിപ്പിടിച്ചു അവയെ അനുകരിച്ചു കവിതയെഴുതി എന്നതും അദ്ദേഹത്തിന്റെ മറ്റൊരു മേന്മയാണു്. ജനകീയകലയ്ക്കുവേണ്ടിയുള്ള വാദം സാധാരണയായി നാടോടിപ്പാട്ടുകളിൽ ചെന്നെത്താറുണ്ടു്. (അതു് ഒരു രൂപഭദ്രതാപ്രശ്നമാണെന്നു മറന്നിട്ടായിരിക്കാം) എത്രയോ

ലും, അതുകൊണ്ടും ചങ്ങമ്പുഴയ്ക്ക് ഒരു മഹത്വം ആരോപിക്കാൻ ഞാൻ തയ്യാറില്ല.

അതെ, ചങ്ങമ്പുഴയെ ഞാൻ സ്നേഹിക്കുന്നതു് അദ്ദേഹം ഒരു പ്രേമഗായകനായതുകൊണ്ടാണു്. അതെ,അതു പറയാൻ എനിക്കു നാണമൊന്നുമാകുന്നില്ല. സന്ന്യാസത്തിനുള്ള പ്രായമാകാത്തതുകൊണ്ടു് എനിക്കും കുറെയൊക്കെ പ്രേമത്തിന്റെ രോഗമുണ്ടു്. അതുമായി യോജിക്കാത്തതാണു് എന്റെ മാർക്സിസമെങ്കിൽ ഞാൻ ആ മാർക്സിസം താഴത്തിറക്കിവെയ്ക്കും. പ്രേമം എത്രമാത്രം നിഷിദ്ധമാണെന്ന സമുദായം (ചില ചിന്തക(?)ന്മാരും) മുദ്ര യടിക്കുന്നോ, അതുയും ഉച്ചത്തിൽ ഞാൻ ഘോഷിക്കും 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്നു്. കുറെ നാളായി ഇതു തുറന്നുപറയേണ്ടതാവശ്യം മലയാളത്തിലുണ്ടായിട്ടു്. ഇതിൽ ചങ്ങമ്പുഴ എന്തു ചെയ്തു എന്ന പരിശോധിക്കുന്നതിനു മുമ്പായിത്തന്നെ പ്രേമത്തെപ്പറ്റി ഈ മനുഷ്യവിദ്വേഷപരമായ ചിന്ത എങ്ങനെയുണ്ടായി എന്നു് അന്വേഷിക്കേണ്ടതാണു്.

പ്രേമത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ പാരമ്പര്യവും വളരെ വ്യത്തികെട്ടതാണു്. സോഷ്യലിസത്തിനു മുമ്പുള്ള സമുദായവ്യവസ്ഥകളിൽ സംസ്കാരം ഉപരിവർഗ്ഗങ്ങളുടെ കുത്തകയാണല്ലൊ. നമ്മുടെ ഉപരിവർഗ്ഗങ്ങളുടെ കഥയെടുക്കുക. ഊണും കഴിഞ്ഞു മൂട്ടംകുത്തിച്ചു സംബന്ധത്തിനു വീടനിശ്ചയിക്കുന്ന സമ്പ്രദായം വളരെക്കാലമായി നിലനിന്നുവന്ന കേരളത്തിൽ പ്രേമമെന്ന വികാരത്തിനു വളരെ മുന്തിയ പാരമ്പര്യമൊന്നുമുണ്ടായിരിക്കാൻഇടയില്ല. ഈ അഭിപ്രായം ഒരു ജനതയെ അടച്ചു

പറയുന്നതു തെറ്റല്ലേ എന്നു ചോദിച്ചേക്കാം. അല്ല. യഥാർത്ഥപ്രേമം താഴ്ന്നവർഗ്ഗങ്ങളുടെയിടയിൽ ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ടുതന്നെയാണു് നാടോടിപ്പാട്ടുകളിൽ അനേക പ്രേമകഥകൾ കാണുന്നുണ്ടെങ്കിലും, ഉപരിവർഗ്ഗത്തിന്റെ സാഹിത്യത്തിൽ പച്ചത്തെറിയും (ചന്ദ്രോത്സവം) രാമായണവും മാത്രം കാണുന്നതു്. പക്ഷേ സംസ്കാരം, പ്രത്യേകിച്ചും ലിഖിതസാഹിത്യം, ഉപരിവർഗ്ഗത്തിനു മാത്രമായിരുന്നു. അവർ ഈ സംബന്ധരീതിയിലുള്ള ഒരു ചിന്താഗതി നട്ടുവളർത്തുകയും ചെയ്തു. ഈ പാരമ്പര്യത്തിൽ വളർന്നുവന്ന നാം വേഷമെത്ര മാറിയാലും, കൊടി ഏതു പിടിച്ചാലും, പ്രേമത്തെ അപഹസിക്കും. അതിനു വേണമെങ്കിൽ താങ്ങുണായി, മറെറാരിക്കലും ഉദ്ധരിക്കാത്ത ഫ്രോയിഡിന്റെ ഒരു വികൃതപ്പതിപ്പു വലിച്ചിഴച്ചുകൊണ്ടുവരികയും ചെയ്യും. അപ്പോൾ തോന്നും പ്രേമത്തെപ്പറ്റി പാടിയ കവി പിന്തിരിപ്പനാണു്, മറേറച്ചേരിയിലാണു്, ബൂഷ്വായാണു് എന്നൊക്കെ. ഈവക ചവറിനൊക്കെ തെളിവായി സോവിയറ്സാഹിത്യം എടുത്തു പറയുന്നവരുമുണ്ടു്. ആ മാന്യന്മാർ സോവിയറ്സാഹിത്യത്തെപ്പറ്റി പ്രസംഗിക്കുന്നതിനുപകരം കുറെയെങ്കിലും അതൊന്നു വായിച്ചിരുന്നെങ്കിൽ! ചങ്ങമ്പുഴ പ്രേമത്തെപ്പറ്റി പാടിയെങ്കിലും ഒരു മഹാകവിയാണു് എന്നല്ല പറയേണ്ടതു്; ചങ്ങമ്പുഴ പ്രേമത്തെപ്പറ്റി പാടിയതുകൊണ്ടു് മഹാകവിയായി എന്നാണു്.

ആരു പറഞ്ഞു, ഞാൻ പ്രേമത്തിനെതിരാണെന്നു്—അങ്ങനെയൊരു ചോദ്യമുണ്ടാകുമെന്നും അറിഞ്ഞു

കൊണ്ടാണു് ഇത്രയും എഴുതിയതു്. ആ വാദഗതി ഇങ്ങനെയാണു്: പ്രേമം ആയിക്കൊള്ളൂ; അതിനുവേണ്ടി തുങ്ങിമരിക്കേണ്ട ആവശ്യമുണ്ടോ? രമണൻ തുങ്ങിമരിച്ചില്ലേ? അതു് ഒരു ചീത്ത പാഠമല്ലേ പഠിപ്പിക്കുന്നതു്? ഒന്നാമതായി, മാന്യരെ, രമണൻ ഒരു പഞ്ചതന്ത്രകഥയല്ല. അതിന്റെ അവസാനഉദ്ധരണിയിൽ ഒരു ഗുണപാഠം വെച്ചുകെട്ടിയിട്ടില്ല. അങ്ങനെയല്ല പുരോഗമനസാഹിത്യകാരൻ ഒരു ആശയം പ്രചരിപ്പിക്കുന്ന രീതി. രമണനെപ്പോലെ പ്രേമനൈരാശ്യം സംഭവിക്കുന്നവർ എല്ലാം തുങ്ങിമരിച്ചുകൊള്ളണമെന്നു ചങ്ങമ്പുഴ അതിൽ ആവശ്യപ്പെട്ടുണ്ടെന്നു പുസ്തകം വായിച്ചവർ പറയുകയില്ല. ദാരിദ്ര്യം പ്രേമബന്ധത്തെ അറുത്തുമുറിക്കുന്നതിനോടും ചന്ദ്രികയേപ്പോലെ കാലുമാറുന്ന രീതിയോടും പ്രതിഷേധിക്കുക മാത്രമാണു് വായനക്കാർ ചെയ്യുക. വായിക്കുന്നതു് ഒരു സ്ത്രീയാണെങ്കിൽ ചന്ദ്രികയുടെ തെറ്റു് വ്യക്തിയത്തിൽ തറച്ചിട്ടു് സ്വന്തം പ്രേമത്തിൽ കുറേക്കൂടി ആത്മാർത്ഥത കാണിക്കാൻ പരിശ്രമിച്ചേക്കും. ഒരു പിതാവാണെങ്കിൽ സ്വന്തം സന്താനങ്ങൾക്കും പ്രേമവികാരങ്ങളുണ്ടെന്നു് ഓർമ്മിക്കും. കുറേക്കൂടി വിശാലതയോടെ പ്രവർത്തിക്കും. ഇതിൽ കൂടുതലൊന്നും 'രമണൻ'കൊണ്ടു സാധിക്കാനില്ല. അതു വലിയ ഒരു പിന്തിരിപ്പൻവാദമാണെന്നു വിശ്വസിക്കാനും പ്രയാസം. രണ്ടാമതായി, രമണൻ വായിച്ചിട്ടു് ആരും തുങ്ങിമരിച്ചതായിട്ടറിയാൻ കഴിഞ്ഞിട്ടില്ല. മൂന്നാമതായി, ഇടപ്പള്ളി രാഘവൻപിള്ള യഥാർത്ഥത്തിൽ ചെയ്തതിനെപ്പറ്റിയുള്ള കഥയാണു് എഴുതിയിരിക്കുന്നതു്. നാലാമതായി, ഒരു കാര്യം മനസ്സി

ലാക്കാനുള്ളതു് റിയലിസവും, സോഷ്യലിസ്റ്റ് റിയലിസവും രണ്ടാണെന്നതാണു്. റിയലിസം പരാജയപ്രസ്ഥാനമാണു്. വിപ്ലവത്തിനുമുമ്പു സമുദായത്തിന്റെ അധഃപതിച്ച അവസ്ഥയെയാണതു ചിത്രീകരിക്കുന്നതു്. അവിടെ മട്ടനം കാണും, നിരാശകാണും, ആത്മഹത്യയും. സോഷ്യലിസ്റ്റ് റിയലിസത്തിൽമാത്രമേ ആശയുടേയും സൃഷ്ടിയുടേയും ഘടകങ്ങൾക്കു് എപ്പോഴും പ്രാധാന്യം കൊടുക്കണമെന്നു് നിർബന്ധിക്കാവൂ. ആ പ്രസ്ഥാനമാകട്ടെ വിപ്ലവാനന്തരം ഉണ്ടാവേണ്ടതുമാണു്. യാതൊരാശയുംഇല്ലാത്ത അവസരങ്ങളിൽ മനുഷ്യൻ ആത്മഹത്യ ചെയ്യും. റെയിൻബോയിലെ നായിക ജർമ്മൻകാരന്റെ വെടിയുണ്ടയേറ്റിട്ടാണെങ്കിലും മരണത്തെ സ്വാഗതംചെയ്യുകയാണു്. അല്ലാതെ ആ വീരവനിത എന്തുചെയ്യുമായിരുന്നു. കോൺവെന്ററിൽ ചേരുകയോ? ഇടപ്പള്ളിക്കു പണിയൊന്നുമുണ്ടായിരുന്നില്ല മുടക്കാൻ. ആദ്ദേഹത്തിനു ലോകം ശൂന്യമായിത്തോന്നി. അദ്ദേഹം ആത്മഹത്യചെയ്തു. അന്യനിൽനിന്നു നമുക്കു ലഭിക്കാനുള്ള ലാഭത്തെമാത്രം ഗണിക്കുന്ന സ്വാർത്ഥതയില്ലാത്തവർ അദ്ദേഹത്തിനു് അതിനുള്ള അവകാശം അനുവദിച്ചുകൊടുക്കുകതന്നെചെയ്യും. മനുഷ്യനു മരിക്കാൻപോലും അനുവാദമില്ലാത്ത വ്യവസ്ഥിതി പുരോഗതിയാണെന്നു ഞാൻ എണ്ണുന്നില്ല.

ഇനിയുമുണ്ടു് വാദഗതികൾ. പ്രേമത്തിനു തെറ്റൊന്നുമില്ല. സെൻറിമെൻറാലിസം തെറ്റാണു്. എന്താണു് ഈ സെൻറിമെൻറാലിസം എന്നെനിക്കു മനസ്സിലായിട്ടില്ല. അതിനു് എതിരായി ഓണസ്റ്റ് മേയ്ററിംഗ് (നേരേയുള്ള ഇണചേരൽ) എന്നാണു കാണുന്നതു്. അതു

കൊണ്ടു പ്രവൃത്തിരഹിതനായി സപ്തംകണ്ടു കഴിയുന്ന ഒരവസ്ഥയെയാണു് ഉദ്ദേശിച്ചിരിക്കുന്നതെന്നു വിചാരിക്കാം. അങ്ങനെയാണെങ്കിൽ പാശ്ചാത്യരാജ്യത്തു് അപ്പറഞ്ഞതു ശരിയാണു്. പടിഞ്ഞാറുനിന്നു് ഒരാശയം അപ്പടി പിഴുതെടുത്തു് ഇവിടെ കൊണ്ടുവന്നു നട്ടാൽ തലതിരിഞ്ഞുപോകും. കാരണം, ഭ്രമി ഉരുണ്ടതാണു്. അവിടെ പ്രേമം നിഷിദ്ധമല്ല. ഏതാണ്ടു നൂറുശതമാനം വിവാഹങ്ങളും, വധൂവരന്മാർതന്നെ തീരുമാനിക്കുന്ന സ്വാതന്ത്ര്യമുള്ള നാട്ടിൽ പ്രേമത്തെപ്പറ്റി ഉണ്ടായ ഒരഭിപ്രായം ബഹുഭാര്യാത്വവും, സംബന്ധവും, കച്ചവടവിവാഹവുംമാത്രമുള്ള ഇവിടെ എങ്ങനെ അർത്ഥവത്താകും. പ്രേമിക്കാൻ സ്വാതന്ത്ര്യമില്ലെന്നതു് ഒരു ജനകീയപ്രശ്നമായിട്ടംഗീകരിച്ചിട്ടില്ലെന്നു തോന്നുന്നു. ഇംഗ്ലണ്ടിലെ ജനങ്ങൾക്കുള്ള ജീവിതപ്രശ്നങ്ങളാണു് കേരളത്തിലുള്ളതെന്നു തോന്നും. അവിടെ ഇതിനൊരു സമരമാവശ്യമില്ല. അവിടെ രമണൻ ഏഴയ്ക്കേണ്ട ആവശ്യവുമില്ല. ഇവിടെയോ?

ചുരുക്കിപ്പറഞ്ഞാൽ, ചങ്ങമ്പുഴ പ്രേമഗാനം പാടിയതിനെ വിമർശിക്കുന്നവർ അവരവരുടെ തലതിരിഞ്ഞ മാനസികപശ്ചാത്തലത്തെ പ്രദർശിപ്പിക്കുക മാത്രമാണു ചെയ്യുന്നതു്. പ്രേമിക്കാൻ സ്വാതന്ത്ര്യമില്ലാത്ത ഒരു സമുദായവ്യവസ്ഥിതിയിൽ ജീവിക്കുന്നതുകൊണ്ടുണ്ടാകുന്ന അസംതൃപ്തി പ്രേമത്തെത്തന്നെ നിഷേധിക്കുന്നതിലേക്കാണു കുറെ ദുർബ്ബലഹൃദയങ്ങളെ കൊണ്ടുപോയതു്. വലിയ ശക്തന്മാരെന്നു നടിക്കുന്ന ചിലർ ചോദിച്ചിട്ടുണ്ടു്: 'വേറെ പെണ്ണില്ലേ' എന്നു്. എന്നു പറഞ്ഞാൽ എന്തോ ജന്തു

ശാസ്ത്രപരമായ ഒരു ഏറ്റുപ്പാടിൽക്കവിഞ്ഞു പ്രേമത്തിൽ ഒന്നും ഇല്ലെന്നത്രേ. ഈ ചിന്താഗതിയും സ്വതന്ത്രമായ ലൈംഗികാനുഭവവും തമ്മിൽ എത്ര അന്തരമുണ്ട്. സാമൂഹ്യപ്രാധാന്യം ഒഴിച്ചാൽതന്നെ എന്തോ ഒന്നുണ്ടെന്നു വിചാരിക്കാതെ കഴിവില്ല. ലെനിൻ റോസാലക്സംബർഗ്ഗിനോട് പറഞ്ഞതു വായിച്ചാൽമാത്രംപോരാ; മാർക്സും ലെനിനും ഓരോ പെണ്ണുങ്ങളുടെ പുറകേനടന്ന കഥയും വായിക്കണം. അവർ തുങ്ങിച്ചത്തില്ലെങ്കിലും പ്രേമിച്ചു. അതിൽ പശ്ചാത്തപിച്ചതുമില്ല.

മാർക്സിനും ലെനിനും പ്രേമിക്കാമെങ്കിൽ,പ്രേമത്തെപ്പറ്റി കവിതയെഴുതിയ ചങ്ങമ്പുഴ,അക്കാര്യംകൊണ്ടു പുരോഗമനസംഘത്തിൽനിന്നു പുറംതള്ളപ്പെടേണ്ട ആവശ്യമില്ല. നേരേമറിച്ചു "തിയ്യ്ക്സാധാരണമായ വികാരങ്ങൾക്കു താളംകൊട്ടുത്ത" ആ കവിയാണു് മലയാളികളുടെ മഹാകവി. പ്രേമിക്കുവാൻ കൊതിച്ചു്, ദാഹിച്ചു്, എന്നാൽ ബുദ്ധിപരമായ ഭീരുതകൊണ്ടു പ്രേമിക്കാൻ ധൈര്യപ്പെടാതെ കഴിയുന്ന കേരളീയയുവലോകത്തിനു് ഉള്ളുഴിഞ്ഞുസ്നേഹിക്കാനുള്ള അവകാശം തീറെഴുതിക്കൊടുത്ത ആധാരമാണു് ചങ്ങമ്പുഴയുടെ രമണൻ. പ്രേമത്തെ പുച്ഛിക്കുന്നവക്കും, പ്രേമിക്കാൻ കഴിവില്ലാത്തവക്കുംവേണ്ടി ചങ്ങമ്പുഴ കവിതയെഴുതിയിട്ടില്ല. അവക്കുവേണ്ടി ആരും കവിതയെഴുതിയിട്ടില്ല.

ചങ്ങമ്പുഴ പ്രേമഗാനം പാടിയെന്നതു മാത്രമല്ല അദ്ദേഹത്തിന്റെമേലുള്ള കുറ്റം. ഈയിടെ ചങ്ങമ്പുഴയുടെ ഒരു പോസ്റ്റ്മാർട്ടം റിപ്പോർട്ടുകണ്ടു. മരണത്തിന്റെ

കാരണം ബൂഷ്വാക്കവിതയെന്ന രോഗമാണത്രെ. തന്റെ കവിതകളിൽ മനുഷ്യൻ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കണമെന്ന് ആഹ്വാനംകൊടുത്തതുകൊണ്ടാണ് അദ്ദേഹം മരിച്ചുപോയതു്. ചങ്ങമ്പുഴ ബൂഷ്വായാണു്; അധഃപതനമാണു്; എസ്കേപ്പിസമാണു്; എന്തെല്ലാമൊക്കെയാണു്. ഇപ്പറഞ്ഞതെല്ലാം മാർക്സിസമാണെന്നാണുവെയ്പ്പു്. ചങ്ങമ്പുഴക്കവിതയ്ക്കു പകരം കെ. പി. ജി. യുടെ നാല്ക്കാലികൾ എഴുതണമെന്നാണു് വിവക്ഷയെങ്കിൽ അതു മനസ്സിലാക്കാം. അങ്ങനെയുള്ള മനുഷ്യരുമുണ്ടു്. പക്ഷേ, രണ്ടാമത്തെ ഇനം ആസ്വദിക്കാത്തവരെല്ലാം ബൂർഷ്വായാണെന്ന വിധിയെഴുതിത്തള്ളരുതെന്നു മാത്രം.

ചങ്ങമ്പുഴയുടെ മഹാപാപങ്ങൾ ഇതുകൊണ്ടൊന്നും അവസാനിക്കുന്നില്ല: "വള്ളത്തോളിന്റെയും സഞ്ജയന്റെയും ജനകീയമായ യോഗ്യത കാണാൻ എന്തുകൊണ്ടു ചങ്ങമ്പുഴയ്ക്കു സാധിക്കുന്നില്ല." എന്നു് ഒരു വിമർശകൻ ചോദിച്ചിട്ടുണ്ടു്. ഇതാണെന്നു തോന്നുന്നു ചങ്ങമ്പുഴ ചെയ്ത ഏറ്റവുംവലിയ അബദ്ധം. എന്തുകൊണ്ടോ ചങ്ങമ്പുഴയ്ക്കു് അതു സാധിച്ചില്ല. ഇടത്തുനിന്നും വലത്തുനിന്നും അടിയുംകൊണ്ടു. വലത്തിന്റെ താക്കോൽക്കാരിൽനിന്നു് അതു പ്രതീക്ഷിക്കാവുന്നതാണു്. ഇടതുപക്ഷത്തുനിന്നു് അതു പ്രതീക്ഷിച്ചതല്ല. ഏതായാലും സഞ്ജയനു 'ജനകീയ'മുണ്ടു്. ചങ്ങമ്പുഴ ബൂർഷ്വായും. മാന്യരേ, പുരോഗതിക്കുവേണ്ടി രക്തംചൊരിഞ്ഞ സാധാരണജനങ്ങളേയോർത്തു്, ദയവായി നിങ്ങളുടെ മുഷിഞ്ഞ വസ്ത്രങ്ങൾ മാർക്സിസത്തിന്റെ കൊമ്പിൽ തൂക്കിയിടാതിരിക്കുക.

ഇത്രയൊക്കെ ചങ്ങമ്പുഴയെപ്പറ്റി നന്നായിട്ടും അദ്ദേഹത്തിന്റെ വിരോധികളെ എത്രത്തും പറഞ്ഞാൽ എന്തെല്ലാം ഭ്രകമ്പമാണാവോ ഉണ്ടാവുക. കണ്ടതന്നെ അറിയണം. ഞാൻ ലൂയിഫിഷറിന്റെ അരിവെപ്പുകാരനായിത്തീർന്നേക്കാം. അല്ലെങ്കിൽ യൂദാസ്. അതെങ്ങനെയെങ്കിലുമിരിക്കട്ടെ. ഞാൻ ചങ്ങമ്പുഴയെ എന്തുകൊണ്ടു സ്നേഹിക്കുന്നു എന്നാണല്ലൊ പറഞ്ഞുവരുന്നതു്. ഞാൻ ഒരു മനുഷ്യനായതുകൊണ്ടു്; എനിക്കൊരു ഹൃദയമുള്ളതുകൊണ്ടു്; ചങ്ങമ്പുഴ പ്രേമത്തെപ്പറ്റി എഴുതിയതുകൊണ്ടു്; ചങ്ങമ്പുഴ ജനകീയകവിയായതുകൊണ്ടു്.

ഈ എഴുതിയതെല്ലാം മാർക്സിസമാണോ, എന്നെനിക്കറിഞ്ഞുകൂടാ. പക്ഷെ, എല്ലാം പരമാർത്ഥങ്ങളാണു്.

മയാക്കോവ്സ്കിയെന്ന മനുഷ്യൻ

മോസ്കോത്തെരുവുകളിൽ ചിരപരിചിതമായിരുന്ന ഒരു കാഴ്ചയാണതു്. ആൾക്കൂട്ടത്തിനു മുകളിൽ വളരെ ഉയർന്നുനില്ക്കുന്ന മഹത്തായ ശിരസ്സും വഹിച്ചുകൊണ്ടു്, തെരുവുകൾ ഓരോന്നായി കടന്നു് അങ്ങനെ പോകുന്ന ഒരു ഭീമകായൻ. ഒട്ടിയകവിൾത്തടങ്ങൾ ഉയർന്ന താടിയെല്ലിനെക്കുറേക്കൂടി എടുത്തുകാണിക്കുന്നു. നെറ്റിയുടെ മദ്ധ്യത്തിൽ ഒരു നീണ്ട ചുളിവു് നിലയുറയ്ക്കാത്ത പുരികങ്ങൾക്കു് കീഴേ ജ്വലിക്കുന്ന ചുവന്നകണ്ണുകൾ വിശ്വസ്തനായ ഒരു നല്ല പട്ടിയുടെ പ്രതീതിയാണു് ജനിപ്പിക്കുന്നതു്—ദയനീയവും മൃദുവും, എന്നാൽ അലക്ഷ്യവും അപ്രാപ്യവും. ചിന്താമഗ്നനായി വഴിയിൽകാണുന്നവക്കെല്ലാം ഓരോ സലാമെറിഞ്ഞുകൊടുത്തുകൊണ്ടു് അദ്ദേഹമങ്ങനെ പോവുകയാണു്. മിക്കവരോടും ഒന്നു ശിരസ്സു് നമിയ്ക്കും. ചിലരോടെല്ലാം അല്പംചിലതു സംസാരിച്ചുവെന്നും വരാം. ആ തെരുവിലുള്ളവക്കെല്ലാം അറിയാം അതാരാണെന്നു്. അതാണു് വ്ളാഡിമർ മയാക്കോവ്സ്കി—വിപ്ലവാനന്തരറഷ്യയുടെ മഹാകവി.

1930-ൽ ആ സഞ്ചാരം അപ്രതീക്ഷിതമായി നിലച്ചു. മയാക്കോവ്സ്കി ആത്മഹത്യചെയ്തു, തന്റെ 37-ാമത്തെവയസ്സിൽ. പക്ഷേ അതിനിടയിൽ മയാക്കോവ്സ്കി റഷ്യയുടെ ചോദ്യംചെയ്യപ്പെടാത്ത മഹാകവിയായി ഔദ്യോഗികാംഗീകാരം സമ്പാദിച്ചുകഴിഞ്ഞിരുന്നു. മാക്സിംഗോർക്കി അദ്ദേഹത്തെ ഒരു അത്ഭുതകണ്ടുപിടി

ത്തമായി ഗണിച്ചു. .1922-ൽ ലെനിൻ പറഞ്ഞു, ഇന്നലെ യാദൃച്ഛികമായി മയാക്കോവ്സ്കിയുടെ ഒരു രാഷ്ട്രീയ കവിത ഞാൻ 'ഇസ് വെസ്റ്റിയാ'യിൽ വായിച്ചു..... ഭരണപരമായും രാഷ്ട്രീയമായും അത്തരമൊരു സുഖം ഞാനനുഭവിച്ചിട്ട കാലം വളരെയായി. ഈ കവിതയിൽ അദ്ദേഹം യോഗങ്ങളെ പൊതുവെ ആക്ഷേപിക്കുകയും, കമ്മ്യൂണിസ്റ്റുകാർ എണ്ണമില്ലാത്ത യോഗങ്ങളും നടത്തുന്നതിനെ പരിഹസിക്കുകയും ചെയ്തിരിക്കുന്നു. കവിതയെപ്പറ്റി എനിയ്ക്കറിഞ്ഞുകൂടാ; പക്ഷേ ഞാൻ നിങ്ങളോടു പറയുന്നു, രാഷ്ട്രീയമായി അതു സത്യമാണു്." സ്റ്റാലിനും ഒട്ടും പുറകിലല്ല. "നമ്മുടെ യുഗത്തിന്റെ ഏറ്റവും മേന്മയേറിയ, മഹിമയേറിയ കവി"—അതാണു് സ്റ്റാലിൻ മയാക്കോവ്സ്കിക്കു് നൽകുന്ന ബിരുദം. അദ്ദേഹത്തിന്റെ സ്മരണയെപ്പറ്റിയുള്ള അശ്രദ്ധ ഒരു മഹാപാതകമാണെന്നപോലും സ്റ്റാലിനു് അഭിപ്രായമുണ്ടു്. മരണത്തിനുശേഷം അദ്ദേഹത്തിന്റെ വിശ്രുതി വിശ്വമാകെ വ്യാപിച്ചു. ഇന്നദ്ദേഹം ലോകമൊട്ടാകെയുള്ള കമ്മ്യൂണിസ്റ്റുകാരുടെ സാഹിത്യദേവതയാണു്; ലോകവിപ്ലവത്തിന്റെ കാഹളധ്വനിയാണു്. അന്നദ്ദേഹം ചവുട്ടിയിരുന്ന തെരുവുകളും, വിഹരിച്ച പൊതുസ്ഥലങ്ങളും, സന്ദർശിച്ച സ്ഥാപനങ്ങളും ഇന്നും മയാക്കോവ്സ്കിയുടെ നാമധേയത്തെ നിലനിറുത്തുകയാണു്.

1893-ൽ ജോർജ്ജിയായിലെ ബാഗ്ദാദിഗ്രാമത്തിൽ ഒരു ഫോറസ്റ്ററുടെ മകനായി മയാക്കോവ്സ്കി ജനിച്ചു. ചെറുപ്പത്തിൽത്തന്നെ അച്ഛൻ മരിച്ചു. കുടുംബം മോസ്കോയിലേയ്ക്കു താമസംമാറ്റി. പതിമൂന്നുപതിനാലു

വയസ്സുള്ളപ്പോൾത്തന്നെ വ്ളാഡിമറിനു മാർക്സിസത്തിൽ കലശലായ ഭ്രമമുണ്ടായിരുന്നു. തത്വശാസ്ത്രം, പ്രകൃതിശാസ്ത്രം എന്നിവയിലും താല്പര്യം പ്രകടിപ്പിച്ചു. പതിനഞ്ചു വയസ്സായപ്പോൾ കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേർന്നു. ഉടൻതന്നെ അറസ്റ്റുചെയ്യപ്പെട്ടെങ്കിലും താമസിയാതെ വിമോചിതനായി ഒരു വർഷത്തെ പാർട്ടിപ്രവർത്തനത്തിനുശേഷം മോസ്കോവിലെ ഒരു ജയിലിൽനിന്നു സ്വീതടവുകാരെ രക്ഷപെടാൻ സഹായിച്ച കുറ്റത്തിനു പതിനൊന്നുമാസം ജയിലിൽ കിടന്നു. ജയിലിൽവെച്ച് ഒട്ടേറെ സാഹിത്യകൃതികൾ വായിച്ചു. ബയറൻ, ഷേക്സ്പീയർ, ടോൾസ്റ്റോയി മുതലായവരുടെ കൃതികളായിരുന്നു പ്രധാനം. ഇവയെല്ലാം വായിച്ചുകഴിഞ്ഞിട്ട് 17 വയസ്സായ മയാക്കോവ്സ്കി സ്വയം ചോദിച്ചു, "ഈ പഴഞ്ചൻചവറുകളുടെ സൗന്ദര്യശാസ്ത്രത്തിനെതിരായി എനിയ്ക്കെന്താണു സംഭാവനചെയ്യാൻ കഴിവുള്ളതു്." "എനിയ്ക്കു് ഒരു സോഷ്യലിസ്റ്റുകലയുണ്ടാക്കണം," അയാൾ സ്വയം മറുപടികൊടുത്തു. അദ്ദേഹം ഒരു സഖാവിനോടു തന്റെ ആഗ്രഹം പ്രകടിപ്പിച്ചു. വിഴുങ്ങാവുന്നതിലധികമാണു് മയാക്കോവ്സ്കി കൊത്തിയിരിക്കുന്നതെന്നു മറുപടിയുംകിട്ടി. അതുകൊണ്ടൊന്നും മയാക്കോവ്സ്കിനിരാശനായില്ല. അദ്ദേഹം പാർട്ടിപ്രവർത്തനം നിറുത്തി, പഠിയ്ക്കാൻതുടങ്ങി. തനിക്കു കവിതാവാസനയില്ലെന്നുറച്ചിരുന്നതിനാൽ മയാക്കോവ്സ്കി ചിത്രകലയാണു് പരിശീലിച്ചതു്. 'ഫ്യൂച്ചറിസ്റ്റുകൾ' എന്നു വിളിക്കപ്പെട്ടിരുന്ന ഒരു വിദ്യാർത്ഥിസംഘത്തിലാണു് അദ്ദേഹം ചെന്നുകൂടിയതു്. മയാക്കോവ്സ്കി ഒരു വരിക്കവിതയെ

ങ്കിലുമെഴുതുന്നതിനുമുമ്പുതന്നെ അദ്ദേഹം ഒരു പ്രതിഭാശാലിയായ കവിയാണെന്ന് ഈ സംഘം പ്രചരണം നടത്തി. ഇക്കാലത്താണ് അദ്ദേഹം ആദ്യമായി ഒരു കാമുകനായത്. എൽസാടേയോലെ എന്ന ഒരു ബൂർഷ്വാ പെൺകുട്ടി (15 വയസ്സ്) യുടെ വീട്ടിൽ മയാക്കോവ്സ്കി പതിവായി പോകാൻ തുടങ്ങി. അന്നതന്നെ ഭീമകായനും ദരിദ്രനും ആയിരുന്ന മയാക്കോവ്സ്കിയുടെ മുഖ്യാദയില്ലാത്ത പെരുമാറ്റത്തെ എൽസായുടെ മാതാപിതാക്കന്മാർ വെറുത്തു. എങ്കിലും, എൽസായ്ക്കു മയാക്കോവ്സ്കിയിൽ ഭ്രമമില്ലെന്നും, അവൾ വെറുതെ ഒന്നിലും തലയിടുകയില്ലെന്നും അവൾക്കു ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ട് അവരുടെ പരിചയത്തിനു സ്വാതന്ത്ര്യം ലഭിച്ചു. മയാക്കോവ്സ്കി ചിത്രം വരയ്ക്കുന്നതു് എൽസായുടെ മുറിയിൽവെച്ചായിരുന്നു. അവർ പറയുന്നു, "മയാക്കോവ്സ്കി എന്നോടു പ്രേമാഭ്യർത്ഥന ചെയ്തു. അദ്ദേഹം വളരെ കുറച്ചേ സംസാരിക്കാറുള്ളൂ. നിരന്തരം പിറുപിറുത്തുകൊണ്ടിരിക്കും. എങ്കിലും ചിലപ്പോൾ ഏതോ കവിത പരിശീലിക്കുന്നതുപോലെ വാക്കുകൾ ചിറപൊട്ടിയൊഴുകും.....എന്റെ സ്നേഹിതനിൽ നടന്നുകൊണ്ടിരുന്ന ഈ മാനസികയത്നത്തിൽ യാതൊരു താല്പര്യവും ഞാൻ കാണിച്ചില്ല. മയാക്കോവ്സ്കി ഒരു കവിയാണെന്നതന്നെ ഞാനറിഞ്ഞിരുന്നില്ല. പലപ്പോഴും അദ്ദേഹം എന്നോടു പിയാനോ വായിക്കാനപേക്ഷിക്കും. എന്നിട്ട് അവസാനമില്ലാതെ എന്റെ പുറകിൽക്കൂടി പതുങ്ങി നടന്നുകൊണ്ടിരിക്കും, പല ഗോഷ്ടികളും കാട്ടിക്കൊണ്ട്. ഏതാണ്ടു് ഒരു കൊല്ലത്തിനുശേഷം മോസ്കോ

വിന്നാട്ടുത്തുവെച്ച്, ഒരു വേനൽക്കാലസായാഹ്നത്തിലാണ്, അദ്ദേഹം സ്വയം പിറുപിറുത്തുകൊണ്ടിരുന്ന കവിതകൾ ഞാനാദ്യം പാടിക്കേട്ടതു്. ഇരുവശവും മരവേലികളും അവയ്ക്കപ്പുറം വീടുകളും ആയി വഴിവിളക്കുകളില്ലാത്ത ഒരു നാട്ടുവഴിയിൽക്കൂടി ഞങ്ങൾ ഇരുട്ടിൽ നടന്നുപോവുകയായിരുന്നു. പെട്ടെന്നു മയാക്കോവ്സ്കി സ്വയം മറന്നു ചില കവിതകൾ പാടി. ഒരു പരിഭാഷയ്ക്കും അവയുടെ ഇളക്കിമറിക്കുന്ന വികാരത്തെ പ്രകടിപ്പിക്കാൻ കഴിയാത്തതുകൊണ്ടു് * ഞാനവയെ ഉദ്ധരിക്കുന്നില്ല. ഏതായാലും എനിക്കു തോന്നുന്നതു മയാക്കോവ്സ്കിയുടെ കവിത പരിഭാഷപ്പെടുത്തുക തീർത്തും അസാദ്ധ്യമാണെന്നാണു്. ഞാൻ സ്തംഭിച്ചുപോയി. മയാക്കോവ്സ്കി കവിതയെഴുതുമെന്നു് അപ്പോൾമാത്രമാണു് ഞാൻ മനസ്സിലാക്കിയതു്. അതും ഞാൻ ഹൃദയംഗമമായി സ്നേഹിക്കുന്ന കവിത. 'ആഹാ,' വിജയഭാവത്തിൽ അദ്ദേഹം ഹസിച്ചു, "നിങ്ങൾക്കതിഷ്ടമാണു്, അല്ലേ?"..... വല്ല മന്ദിരത്തിന്റെയും വേലിക്കു പുറകിൽ, രാത്രി വളരെ ചെല്ലുന്നതുവരെ മയാക്കോവ്സ്കി അദ്ദേഹത്തിന്റെ കവിതകൾ എന്നെവായിച്ചുകേൾപ്പിച്ചു...ഞങ്ങൾക്കു... വേണ്ടിയിരുന്നതു് ഒരു പുതിയ ഭ്രകമ്പമായിരുന്നു. മയാക്കോവ്സ്കിയായിരുന്നു, ആ ഭ്രകമ്പം."

ഈ സംഭവത്തിനുശേഷം എൽസാ മയാക്കോവ്സ്കിക്കവിതയുടെ പ്രചാരകയും രക്ഷിതാവുമായിത്തീർന്നു. ഒരു നല്ല സാഹിത്യകാരിയായിരുന്ന എൽസായ്ക്കു് അതു

---

* ഫ്രഞ്ചുഭാഷയിലേക്കുള്ള പരിഭാഷയാണുദ്ദേശിക്കുന്നതു്.

വിജയകരമായി നിവ്വഹിക്കാനും കഴിഞ്ഞു. പക്ഷേ അ ദ്ദേഹത്തിന്റെ പ്രേമാഭ്യർത്ഥന നിരസിക്കപ്പെട്ടുകയാ ണുണ്ടായതു്.

മയാക്കോവ്സ്കി സകല വിഷയങ്ങളെപ്പറ്റിയും കവിത എഴുതി. പ്രേമം, വിപ്ലവം, യുദ്ധവും സമാധാന വും, മൈനംദിനജീവിതത്തിലെ നിസ്സാരകാര്യങ്ങൾ— ഇവയെല്ലാം മയാക്കോവ്സ്കിക്കു കാവ്യോപാധികളായിരു ന്നു. വിദ്യാഭ്യാസത്തിനും, ദേശീയവ്യവസായങ്ങളുടെ പ രസ്യത്തിനും, ജനങ്ങളെ ചിരിപ്പിക്കുന്നതിനും അവരെ പരിഹസിക്കുന്നതിനും അദ്ദേഹം കവിതയെഴുതി. പ ക്ഷേ അദ്ദേഹത്തിന്റെ മുറിയിൽ എഴുതിവെച്ചിരുന്ന വിശ്വാസപ്രമാണം ഇതാണു്. "തൊഴിലാളികളേ, ഇ രമ്പിക്കയെറുന്ന വർഗ്ഗമേ, ഒരു കവിയെന്ന നിലയ്ക്കു് എ ന്റെ മുഴങ്ങുന്ന ശക്തിയെല്ലാം നിങ്ങൾക്കുവേണ്ടിയാ ണു്." 'കാൽകൂപ്പായത്തിലെ കാർമേഘം' മുതലായ അ ദ്ദേഹത്തിന്റെ കവിതകൾ എല്ലാ വിഭാഗക്കാരും അം ഗീകരിക്കുന്നുണ്ടു്. പാരമ്പര്യസിദ്ധമായ സംസ്കാരത്തോ ടു് അദ്ദേഹം പിണങ്ങിയില്ല. പുതിയ സാങ്കേതികശ കൃതകൾ പൌരാണികസിദ്ധികളോടു കൂട്ടിച്ചേർക്കാൻ മാത്രമേ അദ്ദേഹം ആഗ്രഹിച്ചുള്ളൂ. ടോൾസ്റ്റോയിയെ 'ചവറ്' എന്നു ഗണിച്ച ബാല്യത്തേയും അതിക്രമിച്ചു് അദ്ദേഹം ജീവിച്ചു. ചിന്തയേക്കാൾ ശബ്ദത്തിനാണു് മയാക്കോവ്സ്കി പ്രാധാന്യം കൊടുത്തതെന്നു പറ ഞ്ഞാൽ അതിൽ അതിശയോക്തിയുണ്ടായിരിക്കുകയി ല്ല. എന്നല്ല, ആ പ്രസ്താവന മയാക്കോവ്സ്കിയെക്കുറി ച്ചു പ്രത്യേകിച്ചും അർത്ഥവത്തായിരിക്കും. കാരണം, മ

യാക്കോവ്സ്കി ഒരു പാട്ടുകവിയായിരുന്നു. സാധാരണ ജനങ്ങളുടെ ദൈനംദിനകാര്യങ്ങളും അവക്കു മനസ്സിലാകുന്ന ഭാഷയിൽ എഴുതി ഭംഗിയായി ചൊല്ലിക്കേൾപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പതിവു്. അദ്ദേഹത്തിന്റെ കവിതയുടെ പ്രചാരത്തിന്റെ രഹസ്യവും അതുതന്നെയായിരുന്നു. ഈ വസ്തുത മയാക്കോവ്സ്കിയെ അദ്ദേഹം അറിയാതെ ഒരു വിവാദത്തിന്റെ നടുവിലെത്തിച്ചു. ഇരുന്നു വായിച്ചു ചിന്തിക്കുന്നതോ, പ്രസംഗിച്ചു പഠിപ്പിക്കുന്നതോ കൂടുതൽ പ്രധാനം എന്നൊരു തർക്കം അന്നു നിലവിലുണ്ടായിരുന്നു. സാഹിത്യത്തെ സംബന്ധിച്ചിടത്തോളം മയാക്കോവ്സ്കി അസന്ദിഗ്ധമായ ഭാഷയിൽ മറുപടികൊടുത്തു; ഈ രണ്ടു രീതികൾക്കും ഏകകാലത്തിൽ പ്രസക്തിയുണ്ടെന്നു്. അദ്ദേഹത്തിന്റെ കവിതകളധികവും വായിച്ചു ചിന്തിക്കാനുള്ളതല്ല, പാടികേൾക്കാനുള്ളതാണു്. ഒരു സദസ്സിനെ പിടിച്ചുകുലുക്കുകയും, ആക്ഷേപിക്കുകയും, ശ്വാസംമുട്ടിപ്പിക്കുകയും ചെയ്തിട്ടു തനിക്കു ബോധിച്ച സ്ഥലത്തുകൊണ്ടുപോയി കെട്ടുവാൻ മയാക്കോവ്സ്കിക്കല്ലാതെ മറെറാരാൾക്കും കഴിവില്ല എന്നാണു് ഗോർക്കി പറഞ്ഞതു്. അദ്ദേഹത്തെ എതിർത്തവരെ ധിക്കാരപരമായ പരിഹാസത്തോടെ അദ്ദേഹം വകയിരുത്തി. എന്തെതിർപ്പിനേയും ഏതസൂയയേയും തകർക്കാൻ കഴിവുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഗാനമാധുരി. മനസ്സിലാകാത്തവരുടെ ഹൃദയം തുറക്കാനുള്ളതാക്കോലും അതുതന്നെയായിരുന്നു. റേഡിയോ പ്രക്ഷേപണംവഴി ലോകത്തെ മുഴുവനും പാടിരസിപ്പിക്കണമെന്നും അദ്ദേഹം ആശിച്ചിരുന്നു. ഈ ലക്ഷ്യത്തോ

ടെയാണു് അദ്ദേഹം ഓരോ വരി കവിതയും എഴുതിയതു്. എണ്ണമറ്റ യോഗങ്ങളിൽ അദ്ദേഹം പാടി, പ്രസംഗിച്ചു; തക്കത്തിനിടകൊട്ടത്തതുമില്ല. അങ്ങനെ മയാക്കോവ്സ്കിക്കവിത സോവിയറ്റ്യൂണിയനിലാകെ പടർന്നുപിടിച്ചു. അതൊരു പുതിയ പ്രസ്ഥാനംതന്നെയായിത്തീർന്നു. ഏതാണ്ടു കുഞ്ചൻനമ്പ്യാരുടെ പ്രസ്ഥാനം പോലെതന്നെ. നമ്പ്യാരെപ്പോലെ മയാക്കോവ്സ്കിയും ഒരു ശപഥവുമായിട്ടാണു് കലാരംഗത്തു പ്രവേശിച്ചതു്. അധികാരിവർഗ്ഗത്തിന്റേയും മാമൂൽകോമരങ്ങളുടേയും പിടിയിൽനിന്നു രക്ഷനേടാൻ അവർ രണ്ടുപേരും സ്വീകരിച്ച മാർഗ്ഗം ഒന്നുതന്നെയായിരുന്നു—ജനങ്ങളുമായി നേരിട്ടുള്ള സമ്പർക്കം. മയാക്കോവ്സ്കിയുടെ കിലുങ്ങുന്ന പദപ്രയോഗങ്ങളും സോഷ്യൽസറ്റയറും നമ്പ്യാരുടേതുതന്നെ.

'അണിമതികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും,'

എന്നതുപോലുള്ള വരികൾ മയാക്കോവ്സ്കിയുടെ ഇംഗ്ലീഷ് പരിഭാഷയിൽപോലും കാണാം. മയാക്കോവ്സ്കിചിത്രീകരിച്ചിട്ടുള്ള ചില രാഷ്ട്രീയനേതാക്കന്മാർ, അച്ചിയെത്തല്ലിയതുകൊണ്ടും അരിശം തീരാതെ പുരയുടെ ചുറും മണ്ടിനടന്ന നായരെ അനുസ്മരിപ്പിക്കുന്നതാണു്. ഇക്കാര്യത്തിൽ മയാക്കോവ്സ്കിക്കവിതയും ചങ്ങമ്പുഴക്കവിതയും തമ്മിൽ സാമ്യമുണ്ടു്. കവി പാടിക്കേൾപ്പിക്കാതെതന്നെ ചങ്ങമ്പുഴക്കവിതകൾ പ്രചരിച്ചതു പ്രതിപാദ്യത്തിന്റെ ജനകീയസ്വഭാവംകൊണ്ടു മാത്രമല്ല, അവയുടെ സംഗീതമാധുരികൊണ്ടുംകൂടിയാണു്. മയാക്കോവ്

സ്കി പാടികേൾപ്പിക്കൽകൊണ്ടു സ്വന്തം കവിതക്കു ചെയ്ത സേവനം ചങ്ങമ്പുഴയുടെ വായനക്കാർ ചങ്ങമ്പുഴ ക്കവിതയ്ക്കും ചെയ്തു.

"കവിതയെഴുതുന്നതെങ്ങനെ?" എന്ന ശീർഷക ത്തിൽ അദ്ദേഹം 1926-ൽ ഒരു ലഘുലേഖ പ്രസിദ്ധീക രിച്ചു. ഏതാണ്ടു് ഉള്ളൂർമഹാകവിയുടെ പട്ടികപോലെ. അതിൽ കവിതയെഴുതാൻ ആവശ്യമായ സാമഗ്രികളു ടെ ഒരു ലിസ്റ്റ് കൊടുത്തിട്ടുണ്ടു്. പടങ്ങൾ, പെൻസിൽ, പേന, ടൈപ്പ്റൈറ്റർ, ടെലഫോൺ, വസ്ത്രങ്ങൾ, പത്ര മാപ്പീസ്സിൽ പോകാനൊരു സൈക്കിൾ, മേശ, മഴയത്തു് എഴുതാനൊരു കുട, സിഗററ്റു് മുതലായവയാണവ. താ ളം, പ്രാസം, അലങ്കാരം, ശയ്യ മുതലായവയേയും അക്കൂട്ട ത്തിൽത്തന്നെയാണു് ക്രുട്ടിയിരിക്കുന്നതു്. കവിയുടെ വ ഗ്ഗത്തിന്റെ ആവശ്യങ്ങളെപ്പറ്റിയുള്ള ബോധവും അക്കൂ ട്ടത്തിൽ വേണമത്രെ. ഈ ലഘുലേഖ വായിച്ചാൽ അതു കാവ്യശാസ്ത്രമോ, വിമർശനമോ, ആക്ഷേപഹാ സ്യമോ ഏതാണെന്നു തിരിച്ചെടുക്കാൻ പ്രയാസമാണു്. ചിലപ്പോൾ എല്ലാറ്റിന്റേയും അംശങ്ങൾ അതിലുണ്ടെ ന്നും വരാം. ഏതായാലും ലഘുലേഖയിൽ ചേർത്തിരിക്കു ന്ന ഇനം ഒരു സനാതനസത്യമാണു്. സകല കവിയശഃ പ്രാർത്ഥികളുടേയും തലയിൽ അതു അടിച്ചുകയറേണ്ട തുമാണു്. മയാക്കോവ്സ്കി പറയുന്നു, "കാവ്യരീതി യിലല്ലാതെ ഉത്തരം കണ്ടെത്താത്ത ഒരു പ്രശ്നം സമുദായ ത്തിലുണ്ടായിരിക്കണം." അഥവാ സാധാരണ യുക്തി യനുസരിച്ചു വെറും ഗദ്യത്തിൽ പറഞ്ഞുതീർക്കാവുന്ന കാ ര്യങ്ങൾക്കുവേണ്ടി കവിത എഴുതേണ്ടെന്നു്. മറ്റു കല

കളെപ്പോലെ കവിതയും യാന്ത്രിക വിശകലനത്തിനപ്പുറം കടക്കുന്ന ഒരു ഘട്ടമുണ്ട്. തർക്കശാസ്ത്രത്തിനുള്ളിലൊതുങ്ങിനില്ക്കാത്ത എന്തോ ഒന്ന്, വിചാരത്തിന്റെ പരിധിക്കപ്പുറമുള്ള ഏതോ ഒരനുഭൂതി സകല നല്ല കവിതയിലുമുണ്ട്. വികാരപ്രചോദനമാണ് കവിതയുടെ ജീവൻ, ശാസ്ത്രീയാനുമാനമല്ല. ചുരുക്കിപ്പറഞ്ഞാൽ മുദ്രാവാക്യങ്ങൾ വിളിപ്പിക്കുവാനാണ്, അവയെ നീതീകരിക്കുവാനല്ല കവിതയെഴുതേണ്ടതു്. ഈ നിയമം മയാക്കോവ്സ്കി അനേകംതവണ ലംഘിച്ചിട്ടുണ്ട്. അനേകം നിസ്സാര വിഷയങ്ങളെപ്പറ്റി അദ്ദേഹം കവിത എഴുതി. എങ്കിലും അദ്ദേഹം കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പദ്യത്തിലാക്കാൻ മുതിർന്നില്ല. അതിൽ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധാരണ യുക്തിയും ഗദ്യവും മതിയെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. മയാക്കോവ്സ്കിയുടെ 'ലെനിൻ' ഒരു ജീവചരിത്രപുസ്തകമല്ല, മാർക്സിസ്റ്റ് വിശകലനവുമല്ല. രാഷ്ട്രപിതാവിനെ വാഴ്ത്താൻവേണ്ടി ശബ്ദഭംഗിയോടുകൂടി എഴുതപ്പെട്ട ഒരു 'മംഗളമാല'മാത്രമാണ്. മയാക്കോവ്സ്കിയുടെ ലഘുലേഖയിൽനിന്ന്, ഒരു കവിക്കു മാനസികവും സാമൂഹ്യവുമായി ഉണ്ടായിരിക്കേണ്ട സ്വാതന്ത്ര്യത്തെ അദ്ദേഹംഎത്രമാത്രം വിലമതിച്ചിരുന്നെന്നു മനസ്സിലാക്കാം.

അങ്ങനെ മയാക്കോവ്സ്കിയുടെ കവിത തഴച്ചുവളർന്നു. പക്ഷേ യാതൊരു സമരവും ക്രൂരതയെല്ല. കമ്മ്യൂണിസ്റ്റ്കാരുടെ പ്രചരണം കേട്ടാൽ തോന്നും, അവർ അദ്ദേഹത്തെ ഒട്ടധികം പ്രോത്സാഹിപ്പിച്ചെന്നും അദ്ദേഹം അവരുടെ പട്ടാളച്ചിട്ടയ്ക്കു വിധേയമായിരുന്നുവെന്നും.

പക്ഷേ വാസ്തവം നേരെമറിച്ചാണു്. കേരളത്തിൽ ചങ്ങമ്പുഴയ്ക്കും ഇടപ്പള്ളിക്കും അനുഭവിക്കേണ്ടിവന്നതെല്ലാം മയാക്കോവ്സ്കിക്കു് റഷ്യയിൽ അനുഭവിക്കേണ്ടിവന്നു. സാഹിത്യക്ഷേത്രത്തിലെ ഉൗരാണ്മക്കാർ മയാക്കോവ്സ്കിയെ 'തെണ്ടിവർഗ്ഗ'മെന്നു മുദ്രയടിച്ചു. അദ്ദേഹം പ്രസിദ്ധിക്കുവേണ്ടി കിറുക്കുകാണിക്കുകയാണത്രേ! അദ്ദേഹം ധിക്കാരിയാണു്, മനുഷ്യവിദ്വേഷിയാണു്, ചീയൽപ്രസ്ഥാനക്കാരനാണു്, സ്വന്തമുപത്തെക്കണ്ടു ഭ്രാന്തു പിടിച്ചവനാണു്; അങ്ങനെയൊരു നൂറാരോപണം! പക്ഷേ അവരുടെ ആരോപണങ്ങളിൽ സാധുവായതു് ഒന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കവിതകൾ വായിച്ചു മനസ്സിലാക്കാൻ വിഷമംതന്നെയായിരുന്നു. എൽസാടയോലെയുടെ അഭിപ്രായം ഇതാണു്, "മാതൃഭാഷപോലെ ഇന്നു സ്ഫടികസ്ഫുടമായ ഈ കവിതകൾ അന്നു് അങ്ങനെയായിരുന്നില്ല. പോരെങ്കിൽ മയാക്കോവ്സ്കിയുടെ ആദ്യത്തെ കവിതകൾ, 1912 ലേതു്, ഒട്ടും മനസ്സിലാകാത്തവയാണു്.....മയാക്കോവ്സ്കിയുടെ കവിതയിലെ പ്രത്യേകതകൾ മനസ്സിലാക്കുവാൻ ഒരു പ്രത്യേകപരിശ്രമം നടത്താത്തവരു് ഒട്ടും ദഹിക്കാത്തതായിരുന്നു." 1913-14 കാലങ്ങളിൽ പത്രങ്ങൾ മയാക്കോവ്സ്കിയെപ്പറ്റി എഴുതിയതു്, അദ്ദേഹത്തെ അവഹേളിക്കുവാൻ മാത്രമായിരുന്നു.

വിപ്ലവത്തോടുകൂടി മയാക്കോവ്സ്കിയുടെ നില നന്നാകുമെന്നാണദ്ദേഹം പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ വിപ്ലവാനന്തരം അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളെപ്പറ്റി എൽസാടയോലെതന്നെ പറയട്ടെ, "സാഹിത്യമ

ണ്ഡലങ്ങളിൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ എല്ലാ ഘട്ടങ്ങളിലും അദ്ദേഹത്തിനു നിരവധി ശത്രുക്കൾ ഉണ്ടായിരുന്നു. ഫ്യൂച്ചറിസത്തിനെതിരായ പ്രസ്ഥാനങ്ങൾ; സാഹിത്യം പുഷ്കിന്റെയും ടോൾസ്റ്റോയിയുടേയും കാലത്തേയ്ക്കു തിരിച്ചുപോകണമെന്നു വാദിക്കുന്നവർ; പിന്നെ പ്രോലറേറിയൻ എഴുത്തുകാരെമാത്രം അംഗീകരിക്കുന്നവരും. വിപ്ലവപരവും രാഷ്ട്രീയവുമായ (അഥവാ സാമൂഹ്യ)കവിതകൾ അദ്ദേഹമെഴുതി എന്നാക്ഷേപിക്കുന്നവർ; മറ്റുള്ളവർക്ക് മനസ്സിലാകാത്തതുപോലെ അദ്ദേഹത്തിന്റെ കവിതകൾ മയാക്കോവ്സ്കിക്കുതന്നെയും മനസ്സിലാകുന്നില്ലെന്നുപറയുന്നവർ ചിലർ അദ്ദേഹത്തിന്റെ ഭാവഗീതങ്ങളേയും പ്രേമഗാനങ്ങളേയും അപലപിച്ചു. അവരുടെ അഭിപ്രായത്തിൽഅവ ബഹുജനങ്ങൾക്ക് നിഷ്പ്രയോജനമാണത്രേ. പിന്നെ ചിലർ അദ്ദേഹത്തിന്റെ പാർട്ടിയോടുള്ള ഭക്തിയെ അധിക്ഷേപിച്ചു; അദ്ദേഹം പാർട്ടിയിൽ ചേരാത്തതിനു മറ്റു ചിലരും. അദ്ദേഹത്തിന്റെ കാലം കഴിഞ്ഞെന്നും, കഴിവുകൾ തീർന്നെന്നും, അദ്ദേഹത്തിനു പ്രതിഭയുടെ ലാഞ്ഛനപോലുമില്ലെന്നും പറഞ്ഞവരും ഉണ്ട്. അവർക്ക് എത്ര നല്ലൊരു മറുപടിയാണ് അദ്ദേഹം അവസാനം പ്രസിദ്ധപ്പെടുത്തിയ 'ശബ്ദകോലാഹലത്തോടെ' എന്ന കവിതയും, അഭൗമമായ പരിപൂർണ്ണതയുള്ള മരണാനന്തരപ്രസിദ്ധീകരണങ്ങളും. പിന്തിരിപ്പന്മാരുണ്ടായിരുന്നു, കക്ഷിപിടുത്തക്കാരുണ്ടായിരുന്നു; വെറും അസൂയാലുക്കളും!!

കമ്മ്യൂണിസ്റ്റുനേതാക്കന്മാരുടെ കണ്ണിൽ മയാക്കോവ്സ്കി ഒരു ഭ്രാന്തനായിരുന്നു. കവിതയായാലും മ

റെന്തായാലും ഒറ്റനോട്ടത്തിൽ മനസ്സിലാവുന്നതായിരി ക്കണമെന്ന് ശഠിച്ചുകൊണ്ട് അവർ മയാക്കോവ്സ്കിയെ പിന്തിരിപ്പനായി തള്ളി. റഷ്യയിൽ സോഷ്യലിസ്റ്റ്റീയ ലിസം ഏകവും അപ്രമാദവുമായ സാഹിത്യവിശ്വാസ പ്രമാണമായി അംഗീകരിക്കപ്പെട്ടതോടുകൂടി മയാക്കോ വ്സ്കി ചീയൽപ്രസ്ഥാനക്കാരൻ എന്ന പേരും സമ്പാ ദിച്ചു. ലെനിൻതന്നെ അദ്ദേഹത്തിന്റെ ഒരു കവിതമാ ത്രമേ പുകഴ്ത്തിയിട്ടുള്ളൂ. അതും അദ്ദേഹം കമ്മ്യൂണിസ്റ്റു കാരെ കളിയാക്കിക്കൊണ്ടെഴുതിയ കവിതയാണു്. ലെനി ന്റെ മയാക്കോവ്സ്കിയുടെ ചേഷ്ടകളം വെറുപ്പായിരുന്നു. തനിക്കു മയാക്കോവ്സ്കിയുടെ ചേഷ്ടകളം മനസ്സിലാകു ന്നില്ലെന്നും, തനിക്കു് അദ്ദേഹം ഒരു കിറുക്കനാണെന്നു തോന്നുന്നുവെന്നും, എങ്കിലും സാഹിത്യത്തെപ്പറ്റി തനി ക്കു് നല്ല നിശ്ചയമില്ലാത്തതുകൊണ്ടു് അക്കാര്യമെല്ലാം ഗോക്കിക്കു വിട്ടുകൊടുത്തിരിക്കുന്നുവെന്നും ലെനിൻ ഒരി ക്കൽ പറഞ്ഞു. മയാക്കോവ്സ്കി മരിച്ചുകഴിഞ്ഞിട്ടും അവർ അദ്ദേഹത്തെ ദ്രോഹിച്ചു. അദ്ദേഹത്തിന്റെ കൃ തികളം ചുരുങ്ങിയ പതിപ്പുകളെ അച്ചടിക്കുകയുള്ളൂ. അ ദ്ദേഹത്തിന്റെ ഛായാപടങ്ങളും പുസ്തകങ്ങളും വായന ശാലകളിൽനിന്നു നീക്കംചെയ്യപ്പെട്ടു. എൽസാടയോ ലെയുടെ ഒരു ലേഖനത്തിൽനിന്നു് മയാക്കോവ്സ്കിയുടെ പേർ ഏതോ നീചവസ്തുവെന്നതുപോലെ ഒരു സാഹിത്യ ഉദ്യോഗസ്ഥൻ വെട്ടിക്കളഞ്ഞു. 1934-ൽ മോസ്കോവിൽ നടന്ന ഒരു സാഹിത്യസമ്മേളനത്തിൽവെച്ചു് അവർ അ തിനെ പ്രതിഷേധിച്ചു. അതിനു് അവർക്കുകിട്ടിയ മറു പടി ഇതായിരുന്നു, "ഇവിടെ ഒരു മയാക്കോവ്സ്കി

ആരാധനയുണ്ട്; ഞങ്ങൾ അതിനെതിരായി സമരം ചെയ്യുകയാണ്.” മരണംവരെ അദ്ദേഹത്തിന് ദ്രോഹികളോടും വിഡ്ഢികളോടും സമരംചെയ്യേണ്ടിവന്നു. മയാക്കോവ്സ്കി പാർട്ടിഅംഗത്വം ഉപേക്ഷിച്ചു സാഹിത്യപ്രവർത്തനം തുടങ്ങുകയാണ് ചെയ്തതെന്ന് ഇവിടെ ഒർമ്മിക്കേണ്ടതാണ്. അതിശക്തിയായ പ്രേരണയുണ്ടായിരുന്നിട്ടും അദ്ദേഹം പിന്നീടൊരിക്കലും പാർട്ടിയിൽ ചേർന്നില്ല. എന്നതന്നെയല്ല, എന്തോ ഭയങ്കരമായ സംഘട്ടനങ്ങളുടെ ധ്വനി അദ്ദേഹത്തിന്റെ അവസാനകവിതയിൽ കാണുന്നുമുണ്ട്.

ഒരുകണക്കിൽപറഞ്ഞാൽ ഈ ശത്രുത മയാക്കോവ്സ്കി സ്വയം വരുത്തിവെച്ചതായിരുന്നു. നീതീകരിപ്പാൻ വയ്യാത്ത പലതും അദ്ദേഹം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്വഭാവവും ജീവിതരീതിയും സാധാരണക്കാരുടെ ക്ഷമാശക്തിയെ പരീക്ഷിക്കുന്നതായിരുന്നു. മറ്റു കലാകാരന്മാർക്ക് കാണാവുള്ള ബലഹീനതകളും കുറവുകളും മയാക്കോവ്സ്കിയെ ബാധിച്ചിരുന്നു, “ഉച്ചയൂണു കഴിക്കുകയും, കാപ്പിക്കടകളിലും രാത്രിസങ്കേതങ്ങളിലും ഒരു ബാധയായിത്തീരുകയും ചെയ്യുന്ന ഈ സോവിയറ്റ് കവിയെ നിങ്ങൾ എങ്ങനെയാണ് നിങ്ങളുടെ നാട്ടിൽ വെച്ചുപൊറുപ്പിക്കുന്നത്? അദ്ധ്വാനിക്കാത്തവൻ ഭക്ഷണം കഴിക്കരുത് എന്നല്ലേ പ്രമാണം. ശരി, നോക്ക് നല്ല ഒരു മാതൃക!” പാരീസിൽവന്ന താമസിച്ച മയാക്കോവ്സ്കിയെപ്പറ്റി പാരീസുകാർ എൽസായോട് ചോദിച്ചതാണ്. ഒട്ടധികം സമയം മയാക്കോവ്സ്കി യുവതികളുടെ പുറകേ നടന്നു കഴിച്ചുകൂട്ടി. സാധാരണയായി അദ്ദേഹ

ത്തിന്റെ പെരുമാറ്റം വളരെ ദയാമസൃണമായിരിക്കും. പക്ഷേ ഒരു യുവതി അദ്ദേഹത്തെ നിരസിച്ചാൽപിന്നെ ഒരു തീവണ്ടിഎൻജിൻപോലെയാണു് പുറപ്പാടു് എന്നാണു് എൽസാടിയോലെ പറയുന്നതു്. അവളെ പിടിച്ചടക്കുന്നതുവരെ ഒരു പോക്കൊട്ടു നില്ക്കുകയില്ലതാനും. "സ്നേഹിതന്മാരോടു് അദ്ദേഹം വഴക്കാളിയും, അസൂയാലുവും, അക്രമിയും പൊരുത്തപ്പെടാൻ കൂടാത്തവനുമായിരുന്നു." നിസ്സാരകാര്യങ്ങളെപ്പറ്റി തെറ്റിദ്ധരിച്ചു് അനാവശ്യമായി കലഹിക്കുന്ന സ്വഭാവമായിരുന്നു, അദ്ദേഹത്തിന്റേതു്. പണംചോദിച്ചാൽ കൊടുക്കാത്തവരോടു് അദ്ദേഹം പിണങ്ങും. പ്രതീക്ഷിക്കുന്നതിലധികം കൊടുത്താൽ നിങ്ങളെ അതിരറ്റു പുകഴ്ത്തും. ഇങ്ങനെ പലതരത്തിലും സ്വഭാവവൈഷമ്യങ്ങൾ ഉണ്ടായിരുന്നെങ്കിലുമായാക്കോവ്സ്കിക്കു സ്നേഹിതന്മാർ ഉണ്ടായിരുന്നു. അവരേയും അമ്പരിപ്പിച്ച ചില പ്രത്യേകതകളാണു് മയാക്കോവ്സ്കിയുടെ ജീവിതത്തെ ദുരന്തമാക്കിത്തീർത്തതു്.

കമ്മ്യൂണിസ്റ്റ് അക്കാഡമിയിൽവെച്ചു് മയാക്കോവ്സ്കിയുടെ ഓർമ്മയ്ക്കുവേണ്ടി കൂടിയ ഒരു യോഗത്തിൽ എ. വി. ല്യൂണാ ചാഴ്സ്കി മയാക്കോവ്സ്കിയുടെ ദ്വിവ്യക്തിത്വത്തെ എടുത്തുകാണിച്ചു. പരസ്പരവൈരുദ്ധ്യമുള്ള രണ്ടു സ്വഭാവങ്ങൾ മയാക്കോവ്സ്കിയിലുണ്ടായിരുന്നു. അതനുസരിച്ചു് അദ്ദേഹത്തിന്റെ പെരുമാറ്റങ്ങൾ സന്ദർഭാനുസരണം മാറിക്കൊണ്ടിരുന്നു. ഒരുവശത്തു്, സ്വന്തം പ്രതിഭയിൽ അതിരറ്റു വിശ്വസിച്ചിരുന്ന അദ്ദേഹം പാർട്ടിനേതാക്കന്മാരുടെ സാഹിത്യശാസനങ്ങളെ തുണവൾഗന്നിച്ചു. എന്നാൽ അദ്ദേഹം പ്രായോഗികമാ

യി ചെയ്തതധികവും പാർട്ടിയുടെ പ്രചരണാവശ്യങ്ങൾക്കുവേണ്ടിയായിരുന്നു. ഒരു നല്ല ചിത്രകാരനാകാൻ കഴിവുണ്ടായിരുന്ന അദ്ദേഹം വരച്ചതെല്ലാം വെറും പോസ്റ്ററുകൾ മാത്രമായിരുന്നു. അന്നു ഗ്രന്ഥത്തിനായിരുന്നില്ല, എണ്ണത്തിനായിരുന്നു പ്രധാന്യം. ഇത്ര അധികം ഭക്തിയോടുകൂടി പാർട്ടിയെ സേവിച്ചെങ്കിലും അദ്ദേഹം അതിൽ അംഗമായില്ല. അതിൽ എന്തോ ഒരു കുറവ്ബോധവും അദ്ദേഹത്തിനുണ്ടായിരുന്നു. ഈ വൈരുദ്ധ്യം, റഷ്യവിദേശശക്തികളോടു യുദ്ധംചെയ്തുകൊണ്ടിരുന്നപ്പോൾ അത്ര കാര്യമായിരുന്നില്ല. ഇടക്കാലിടൽയുദ്ധത്തിൽ വിജയിയായതിനുശേഷമാണു് റഷ്യൻഅധികാരികൾ ശാസ്ത്രജ്ഞന്മാരുടേയും കലാകാരന്മാരുടേയും ജീവിതത്തിലും പ്രവൃത്തിയിലും കൈയിടാൻ തുടങ്ങിയതു്. മയാക്കോവ്സ്കിയുടെ മരണശേഷംപോലും അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായനശാലകളിൽനിന്നു മാറ്റിയെന്നു പറയുമ്പോൾ ഈ വൈരുദ്ധ്യത്തിന്റെ ഗൌരവം മനസ്സിലാവുന്നതാണല്ലോ. അദ്ദേഹത്തിന്റെ മരണംപോലും പാർട്ടിക്കു് ഒരു കീറാമുട്ടിയായിത്തീർന്നു. അവരതിൽ കുപിതരായതിൽ അത്ഭുതമില്ലല്ലോ.

ഇടപ്പള്ളി രാഘവൻപിള്ളയേപ്പോലെ (ഏതാണ്ടു് ആ കാലത്തുതന്നെ) മയാക്കോവ്സ്കിയും ആത്മഹത്യയ്ക്കുമുമ്പായി ഒരു യാത്രക്കുറിപ്പു് എഴുതി. ആ കവിതയുടെ ഗദ്യപരിഭാഷ താഴെ കൊടുക്കുന്നു:—

"എല്ലാവരോടും: ഞാൻ ഇതാ മരിക്കുന്നു. ആരേയും കുറ്റപ്പെടുത്തേണ്ട. എണ്ണിപ്പെറുക്കലും ആവശ്യമില്ല. മരിച്ച മനുഷ്യൻ അതെല്ലാം വെറുത്തിരുന്നു.

അമ്മേ, എന്റെ സഹോദരികളേ, സഖാക്കളേ, എനിക്കു മാപ്പു് തരു. ഇതൊരു പോംവഴിയല്ല. (ഞാൻ അതാക്കും ഉപദേശിക്കുന്നുമില്ല.) പക്ഷേ എനിക്ക് ഇതല്ലാതെ ഗതിയില്ല.

ലിലീ, എന്നെ സ്നേഹിക്കു.

ലിലീ ബ്രിക്ക്, അമ്മ, എന്റെ സഹോദരികൾ, വെറോനിക്കാ വിറേറാഡോവ്നാ പോളെൻസ്ക്കായാ—ഇവരാണു് എന്റെ കുടുംബം. സഖാവ് സക്കാരേ, അവരുടെ ജീവിതഭാരം അല്പമൊന്നു ലഘൂകരിക്കുമെങ്കിൽ, നന്ദി.

എഴുതിത്തുടങ്ങിയ കവിതകൾ അവ ബ്രിക്കുകൾക്കു കൊടുത്തയയ്ക്കുക. അവർ അവയിൽ അവരെത്തന്നെ കണ്ടെത്തും.

ഒരു ചൊല്ലുള്ളതുപോലെ,

"സകലതും നിവൃത്തിയായിരിക്കുന്നു."

പ്രേമനൈരാശ്യദൈനംദിനജീവിതത്തിന്റെ പാറമേൽ മുട്ടിത്തകർന്നു. ഞാൻ ജീവിതത്തിന്റെ കണക്കുതീർത്തു. വിമർശനം പാഴാണു്,

ദുഃഖങ്ങൾ,

ദൌർഭാഗ്യങ്ങൾ,

പരസ്പരദ്രോഹങ്ങൾ; എന്നിവയും.

സന്തോഷമായിരിക്കു."

വി. എം.

മയാക്കോവ്സ്കി ഈ കവിതയെഴുതിയതും ആത്മഹത്യ ചെയ്തതും അതിപ്രധാനമായ വസ്തുതകളാണ്. വിപ്ലവം കഴിഞ്ഞ 13 വർഷത്തിനുശേഷമാണ് മയാക്കോവ്സ്കി അതു ചെയ്തത്. രാഷ്ട്രീയമായി, പരാജയമനോഭാവത്തിന് അന്നു കാരണമുണ്ടായിരുന്നില്ല. പ്രേമനൈരാശ്യംകൊണ്ടാണെന്നു കവിതയിൽ കാണുന്നുണ്ടെങ്കിലും അതും ഒരു ശരിയായ കാരണമല്ല. വിവാഹം ഒരു സാമ്പത്തികകാര്യമായിമാത്രം പരിഗണിക്കപ്പെട്ടുന്ന ഒരു മുതലാളിത്തരാജ്യത്തു രണ്ടാമതൊരു സ്ത്രീയെ സ്വപ്നംകാണുകപോലും ചെയ്യാത്ത ഇടപ്പള്ളി രാഘവൻപിള്ള ആത്മഹത്യ ചെയ്തതും ചങ്ങമ്പുഴ അതോടു വിലപിച്ചതും ശിക്ഷാർഹമാണെങ്കിൽ ലൈംഗികമായി വളരെ സ്വതന്ത്രമായ ജീവിതം നയിച്ചിരുന്ന മയാക്കോവ്സ്കി ഒരു സോഷ്യലിസ്റ്റുരാജ്യത്തുവെച്ച് പ്രേമനൈരാശ്യത്തിനു് ആത്മഹത്യ ചെയ്തുവെന്നു് വിശ്വസിക്കാൻ വിഷമമാണു്. വാസ്തവം അതാണെങ്കിൽ കമ്യൂണിസ്റ്റുകാർ അതിൽ കുപിതരായതിൽ അത്ഭുതത്തിനവകാശമില്ല. ചിലരുടെ അഭിപ്രായപ്രകാരം, നിരന്തരമായി പാർട്ടിയുമായുള്ള സമരത്തിൽ ഏർപ്പെട്ടു തളർന്നിരുന്നപ്പോഴാണു് എന്തോ ചെറിയ കാരണത്തിന്റെമുമ്പിൽ മയാക്കോവ്സ്കി തളർന്നുപോവുകയാണു ചെയ്തതു്. പാർട്ടി അനുഭാവികളായ സകല കലാകാരന്മാരും ഈ പ്രശ്നം നേരിടേണ്ടിവന്നിട്ടുണ്ടു്. ലോകത്തിലേയ്ക്കു് ഏറ്റവും പൂജിതനായ കമ്മ്യൂണിസ്റ്റുകലാകാരൻ പിക്കാസ്സോയ്ക്കു് കേരളത്തിലെ കമ്യൂണിസ്റ്റുകാർ എഴുതിക്കൊടുത്ത സർട്ടിഫിക്കറ്റു് നോക്കുക.

ഈ പ്രശ്നങ്ങളൊക്കെ നേരിടേണ്ടിവന്നെങ്കിലും മയാക്കോവ്സ്ക്കി വിജയിച്ചു. നേതാക്കന്മാർ മയാക്കോവ്സ്ക്കിയെ ദ്രോഹിച്ചെങ്കിലും, സോവിയറ്റ് ജനത അദ്ദേഹത്തെ മാനിച്ചു. സാഹിത്യത്തിനെന്നതുപോലെ സംഗീതത്തിനും ഒരു ശക്തിയുണ്ട്; പദങ്ങളില്ലെങ്കിലും, ആശയങ്ങളെ പ്രകടിപ്പിക്കാൻ കഴിവുണ്ട്. മയാക്കോവ്സ്ക്കി കവി എന്നതിനേക്കാൾ കൂടുതലായി പാട്ടുകാരനായിരുന്നു. അദ്ദേഹത്തിന്റെ ഗാനമാധുരി കവിതയുടെ പ്രചരണോപാധിയായിരുന്നു. അനേകായിരം യോഗങ്ങളിൽ അദ്ദേഹം പാടിക്കേൾപ്പിച്ചു. അപ്പോൾ അവ്യക്തമായിരുന്നതു വ്യക്തമായി; ഗ്രഹിക്കാൻ വയ്യാത്തതു ലളിതവും. അങ്ങനെ മയാക്കോവിസ്ക്കി പ്രചരിച്ചു, സ്വയം പ്രചരിപ്പിച്ചു. ഏതു കവിതയാണെങ്കിലും മയാക്കോവ്സ്ക്കിയേപ്പോലുള്ള ഒരു ഗായകനിൽക്കൂടി വന്നാൽ പ്രചരിക്കാതിരിക്കയില്ല.

മയാക്കോവ്സ്ക്കിയെ വാഴ്ത്തണമെന്നോ താഴ്ത്തണമെന്നോ ഉദ്ദേശിച്ചുള്ള ഇതുയുമെഴുതിയതു്. ഉദ്ദേശിച്ചാൽത്തന്നെ അതു നിവൃഹിക്കുന്നതിൽ റഷ്യൻഭാഷ വശമില്ലാത്ത ഒരുവനു വളരെയധികം പരിമിതിയുണ്ട്. പരിഭാഷകളെ ആശ്രയിച്ചു് അഭിപ്രായം രൂപീകരിക്കുന്നതു് എപ്പോഴും നീതിയായിരിക്കുകയില്ല. മയാക്കോവ്സ്ക്കിയുടെ കാര്യത്തിൽ അതു പ്രത്യേകിച്ചും വാസ്തവമാണു്. ഇതുയധികം ശബ്ദപ്രാധാന്യമുള്ള ഒരു കവിയുടെ കൃതികൾ ഇംഗ്ലീഷിൽ വായിച്ചു് ഒരു തീരുമാനമെഴുതുന്നതു് അത്ര പന്തിയല്ല. അദ്ദേഹത്തിന്റെ ഇംഗ്ലീഷ് പരിഭാഷകനായ ഐവർ മൊണ്ടേഗ് പറയുന്നതു് മൂലത്തിലെ

സൌന്ദര്യത്തിന്റെ ഒരംശംപോലും തനിക്കു പരിഭാഷപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നാണു്.

മലയാളവിവർത്തനത്തിന്റെ കഥ പറയുകയേ വേണ്ട. സാധാരണ ഇംഗ്ലീഷ് ഗദ്യംപോലും വായിച്ചാൽ മനസ്സിലാകാത്തവർ എഴുതിക്കൂട്ടുന്നതു് മയാക്കോവ്സ്കിയെ അവഹേളിക്കുവാനല്ലാതെ മറെറാന്നിനും ഉതകുകയില്ലല്ലോ. അതുകൊണ്ടു് ഇവിടെ ഒരു സാഹിത്യവിമർശനത്തിനുതന്നെ മുതിരുന്നില്ല. മയാക്കോവ്സ്കി എന്ന മനുഷ്യനെപ്പററി ചില വാസ്തവങ്ങൾ മൂണ്ടിക്കാണിക്കുക മാത്രമാണു് ഇവിടുത്തെലക്ഷ്യം. ഇതു പണിപ്പെട്ടു്, ആവശ്യത്തിനു തികയാത്ത വസ്തുതകളും വെച്ചുകൊണ്ടു്, ഒരു പരിശോധന നടത്തിയേ തീരൂ എന്നുണ്ടോ? ഉണ്ടു്. തീച്ചയായും ഉണ്ടു്. പ്രത്യേകിച്ചു് അതിനൊരു അവശ്യം നേരിട്ടിട്ടുള്ളതുകൊണ്ടാണു് ഇതുയും എഴുതിയതു്. കമ്മ്യൂണിസത്തിന്റെപേരിൽ തോന്നിയതെന്തും എഴുതിക്കൂട്ടാമെന്നു് ഒരുവകക്കാർ ധരിച്ചുവെച്ചിട്ടുണ്ടു്. തൊഴിലാളിപ്രവർത്തനത്തിനോ കാർഷികസമരങ്ങൾക്കോ കൊള്ളുന്നതാത്ത സകല അനുഭവികളേയും 'സാഹിത്യമുന്നണി'യിലേക്കു തിരിഞ്ഞുതള്ളുന്ന ഒരു പതിവും കമ്മ്യൂണിസ്റ്റു പാർട്ടി വശമാക്കിയിട്ടുണ്ടു്. പണം പിരിക്കാനും 'ചുള്ള'വിൽ പ്രസിദ്ധരാകാനും ഇതാണവസരമെന്നുകണ്ടു് ഈ നയത്തിനു് കുഴലൂതാൻ തയ്യാറാകുന്നവരും ഉണ്ടാകും. വിപ്ലവപ്രസ്ഥാനങ്ങൾക്കും മലയാളസാഹിത്യത്തിനും ഒരുപോലെ അപമാനമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഇക്കൂട്ടർ പ്രഖ്യാപിച്ചിരിക്കുകയാണു്, മയാക്കോവ്സ്കിയെ ആരാധിക്കുകയെന്നതു പുരോഗമനത്തിന്റെ അവശ്യചിഹ്നമാ

ന്നെന്നു്. മലയാളത്തിലുള്ള സകലകവികളേയും അടച്ചു തല്ലുന്നതിനുള്ള വടിയായിട്ടും ഇവർ ഉപയോഗിക്കുന്നതു മയാക്കോവ്സ്കിയെത്തന്നെയാണു്. അതുകൊണ്ടു് ഇവക്കു മയാക്കോവ്സ്കിയെപ്പറ്റി എന്തറിയാം എന്ന നേപഷിക്കുന്നതിനു പുറമെ, ഈ സാഹിത്യദൈവത്തിന്റെ യഥാർത്ഥ വിഗ്രഹത്തെ എടുത്തു പരിശോധിക്കേണ്ടതും ഒരാവശ്യമായിത്തീർന്നിരിക്കുന്നു. മയാക്കോവ്സ്കിയുടെ ജീവിതാനുഭവങ്ങളേയും ലോകവീക്ഷണത്തേയുംപറ്റി പഠിക്കുവാൻമാത്രം വിവരങ്ങൾ ലഭ്യമാണുതാനും. ചോദ്യംചെയ്യപ്പെടാത്ത കേന്ദ്രങ്ങൾ മാത്രമേ അതിനാസ്പദമായി അംഗീകരിക്കുന്നുമുള്ളൂ. ഈ ലേഖനത്തിലെ മിക്ക വസ്തുക്കൾക്കും ആധാരം മയാക്കോവ്സ്കിയുടെ പ്രഥമകാമുകിയും ഇന്നു പ്രഞ്ചുകമ്മ്യൂണിസ്റ്റുകവിയായ ലൂയി ആരഗണിന്റെ ഭാര്യയുമായ എൽസാട്രയോലെയുടെ ഒരു ലേഖനമാണു്. മയാക്കോവ്സ്കിക്കു കുറെ മഹിമയുണ്ടായിരുന്നു. പക്ഷേ ചങ്ങമ്പുഴയേയും ഇടപ്പള്ളിയേയും തല്ലാൻ അദ്ദേഹത്തെ ഉപയോഗിക്കരുതു് എന്നു കണ്ടുകഴിഞ്ഞു; പോരെങ്കിൽ, കമ്മ്യൂണിസ്റ്റുകാക്കു് അതിനവകാശമില്ലെന്നും.

വാല്മീകിയും ആശാനും
എൻ. എസ്. കൃഷ്ണനും

കലാസ്വാദനം മൂന്നുനിലകളിലായി കാണുന്നുണ്ട്. ഒരറ്റത്ത് എൻ. എസ്. കൃഷ്ണനും അനുയായികളും നില്ക്കുന്നു. ആ മനുഷ്യന്റെ ഗോഷ്ഠികളിൽ കലയോ, സത്യമോ, സൗന്ദര്യമോ എന്തെങ്കിലുമുണ്ടെന്നു് ഒരു വിമർശകനും പറയാൻ ധൈര്യപ്പെടുകയില്ല. ജനക്രൂട്ടത്തെ കലയുടെ വിധികർത്താക്കളാക്കണമെന്നു വാദിക്കുന്ന സ്നേഹിതന്മാർപോലും എൻ. എസ്. കൃഷ്ണന്റെ ജനസ്വാധീനത്തെ എടുത്തു കാണിക്കുമ്പോഴേ ചൂളിപ്പോവുകയാണു്. അവർതന്നെ ആ ഗോഷ്ഠികളിൽ രസിക്കുന്നുണ്ടെന്നുവരാം. പക്ഷേ അവരതു പുറത്തു പറയുകയില്ല. കൃഷ്ണനെ ലക്ഷ്മീകാന്തം കേസിൽനിന്നു മോചിപ്പിക്കുവാൻ നടത്തുന്ന മഹായോഗങ്ങളിൽ ആളുകൾ ഇരച്ചുകൂടുകയും ചെയ്യും. ഈ വാസ്തവങ്ങളുടെ മുമ്പിൽ എന്താണു കല എന്നു ചോദ്യം ഒരിക്കൽക്കൂടി ഉയർന്നുവരും. അവിടെ ധൈര്യമായി സത്യം പറയാൻ വിഷമമുണ്ടു്. എങ്കിലും പറയാതെ ഗത്യന്തരമില്ല. നമ്മുടെ ജനതു സാംസ്കാരികമായി, കാട്ടാളദശയിൽതന്നെയാണു കിടക്കുന്നതു്. അവക്കു സത്യവും സൗന്ദര്യവുമൊന്നും പ്രശ്നങ്ങളല്ല. രസത്തിൽനിന്നു ഭിന്നമായ സൗന്ദര്യമില്ല. അവക്കു് അവരുടെ സത്യം ഭക്ഷണമാണു്. കള്ളും കലയും ഒരുപോലെതന്നെ. കാമത്തിനപ്പുറമുള്ള പ്രേമത്തിലും അവർ വിശ്വസിക്കുന്നില്ല. ഈ

നിലവാരമാണു കലാസപ്രദനത്തിലെ ആദ്യത്തെ തട്ട്. ആ നിലവാരത്തിനുവേണ്ടിയാണു്, പാവകളിയും, മുടിയേറും, ഗരുഡൻതൂക്കലും, സിനിമാപോസ്റ്ററും എല്ലാം. സാധാരണ കാണാറുള്ള നാടകങ്ങളും നഗ്നചിത്രങ്ങളുമെല്ലാം ഈയിനത്തിൽത്തന്നെ പെടുത്തേണ്ടതാണു്. ഇതു കലയേയല്ല, കലാഭാസമാണു്. പക്ഷേ ഈ ഇനത്തിലുള്ളതാണു് ഇന്നു കലയെന്നപേരിൽ പ്രചരിക്കുന്നതു്. സിനിമായും നാടകവും സംഗീതവും ചിത്രകലയുമെല്ലാം പ്രചാരത്തിനുവേണ്ടി ഇന്നു വ്യഭിചരിക്കപ്പെടുകയാണു്. അധപ്പതിക്കുന്ന ഒരു സമുദായത്തിൽ കലയുടെ നില ഇങ്ങനെയിരിക്കുന്നതിലത്ഭുതമില്ല. പക്ഷേ ഈ നില മാറുവാനും ജനങ്ങളെ ഈ അധപ്പതനത്തിൽനിന്നു് ഉയർത്തുവാനും ചുമതലയുള്ളവർ അങ്ങനെ ചെയ്യുന്നതിനു പകരം ആ വികൃതകലാബോധത്തെ വാഴ്ത്തുന്നതു നിർഭാഗ്യകരമാണു്. സാഹിത്യത്തിൽ ഒരു വിഭാഗം എന്നും ഈ നിലയിലാണിരുന്നിട്ടുള്ളതു്. ഇന്നും ആ നിലയ്ക്കു മാറ്റമൊന്നും വന്നിട്ടില്ല. ഈ പ്രശ്നത്തിനു പരിഹാരം കാണുന്നതു് അത്തരം കലയെ അടിച്ചൊതുക്കിയല്ല; അതിലും ഉൽകൃഷ്ടകലയിലേയ്ക്കു മനുഷ്യരെ ആകർഷിക്കുന്നതുകൊണ്ടാണു്. ചുരുങ്ങിയ ഒരു കാലഘട്ടത്തിനുള്ളിൽ ചെയ്തീർക്കാവുന്ന ഒരു ചുമതലയല്ല ഇതു്. എല്ലാ സാംസ്കാരിക പുരോഗതിയും സാവധാനത്തിലാണു നടക്കുന്നതു്.

എന്തിലേയ്ക്കാണു ജനതയെ ആകർഷിക്കേണ്ടതു്. ഉത്തമകല എന്നു് സാധാരണയായി വ്യവഹരിക്കപ്പെടുന്ന കല സാധാരണക്കാരനു മനസ്സിലാക്കുവാൻ വിഷമമായിട്ടാണു കാണുന്നതു്. അതുകൊണ്ടാണല്ലോ അവർ കൂടെക്കൂടി ലളിതമായ രൂപങ്ങളുടെ പുറകേ പോകുന്നതു്.

ഉദാഹരണമായി ആശാന്റെ കവിതകളെടുക്കാം. സാധാരണക്കാരനു മനസ്സിലാക്കാൻ വിഷമമുള്ളവയാണവ. ഇതാണു കലയിലെയും കലാസാഹിത്യത്തിലെയും രണ്ടാമത്തെ നിലവാരം. ഇത്തരം കലാസൃഷ്ടികളെ പൊതുവേ വിഭാഗീയമെന്നും, അസ്പഷ്ടമെന്നും മറ്റും വിളിക്കാറുണ്ട്. പക്ഷേ ലോകത്തിലെ കലാസൃഷ്ടികളിൽ ഭൂരിഭാഗവും ഇത്തരമാണ്. അവ അഭ്യസ്തവിദ്യരും, ഒരിടത്തരം സാംസ്കാരികപാരമ്പര്യമുള്ളവരുമായ വിഭാഗത്തിനു മാത്രം രസിക്കുന്നവയാണ്. അവ മനസ്സിലാക്കുവാനും രസിക്കുവാനും അനുവാചകൻ പ്രത്യേകമൊരു പരിശ്രമം നടത്തേണ്ടതാണെന്നും ഓമ്മിക്കണം. ഈ വിഭാഗത്തിലുള്ള കലാകാരന്മാർ പൊതുവേ പുരോഗമനവാദികളാണ്. പക്ഷേ അവരെപ്പോഴും രാഷ്ട്രീയനേതാക്കന്മാരുമായി കലഹത്തിലകപ്പെട്ടും. ജനങ്ങളെപ്പോലെതന്നെ നേതാക്കന്മാക്കും ഇവരുടെ കല മനസ്സിലാകുന്നില്ലെന്നതുതന്നെ കാരണം. പകൽ നടക്കുന്ന പു. സാ. സമ്മേളനത്തിൽ വേണ്ടത്ര പുരോഗമനവാദിയല്ലാത്ത കലാകാരനെ കയ്യേറ്റം ചെയ്യാൻ തയ്യാറാവുന്ന ഒരുവൻ രാത്രിയിൽ എൻ. എസ്. കൃഷ്ണന്റെ ഗോഷ്ടികൾകണ്ടു രസിക്കുന്നതു സംഭവ്യമായ ഒരു കാര്യമാണ്. ഇതിനു പരിഹാരമായി മറ്റൊരു വഴിയുണ്ട്. കലയുടെ നിലവാരം കുറേക്കൂടി ഉയർത്തുകയെന്നതാണതു്. അങ്ങനെ ചെയ്യുമ്പോൾ എത്തുന്നതു് ഏറ്റവും ഉയർന്ന കലയുടെ രംഗത്താണ്. അവിടെ ഹോമറും വാല്മീകിയും, നടരാജപ്രതിമയും കഥകളിയും എല്ലാമുണ്ടായിരിക്കും. ഈ നിലവരെ കല ഉയർന്നുകഴിയുമ്പോൾ അത്ഭുതകരമായ ഒരു മാറ്റം സംഭവിക്കുന്നുണ്ട്. ഇതിനു മുമ്പിലത്തെ തട്ടിൽവച്ചു മനസ്സിലാകാതി

രുന്ന കലയെല്ലാം ഇവിടെ സുവ്യക്തമാകും. ഏറ്റവും താഴ്ന്ന നിലയിൽ മനസ്സിലാകായ്ക ഒന്നുമില്ലായിരുന്നു, ശരിയാണ്. പക്ഷേ അവിടെ മനസ്സിലാക്കാനുമൊന്നുമുണ്ടായിരുന്നില്ല. ഇവിടെയാകട്ടെ മനസ്സിലാക്കാൻ ഒട്ടേറെയുണ്ട്, മനസ്സിലാവാൻ വിഷമവുമില്ല. വെറും പാമരനും, ഏറ്റവും ഉയർന്ന പണ്ഡിതനും രസിക്കാൻ അതിലുണ്ട്. ഇതാണ് ഏറ്റവും ഉത്തമമായ കലയുടെ സ്വഭാവം. കലാസൃഷ്ടികളെല്ലാം ഈ രീതിയിലുള്ളവയായിരുന്നെങ്കിൽ കലാസ്വാദനം ഒരു പ്രശ്നമായിത്തീരുകയില്ലായിരുന്നു. കലാഭാസങ്ങൾ കലയുടെ വേഷമണിഞ്ഞു പ്രചരിക്കുകയുമില്ലായിരുന്നു. ജനങ്ങളുടെ പക്ഷത്തുനിന്നു സംസാരിക്കുന്നവൻ കലാകാരനോട് ആജ്ഞാപിച്ചേക്കും, ഇത്തരം കലാസൃഷ്ടികൾതന്നെ ചെയ്യണമെന്ന്. കാര്യം നല്ലതാണ്, നടക്കുമായിരുന്നെങ്കിൽ. പക്ഷേ ഇതു് അങ്ങനെ പതിവായി പ്രതീക്ഷിക്കാവുന്ന ഒരു വിളവല്ല. അതു ഗ്രഹിക്കാഞ്ഞിട്ടല്ല, പരിശ്രമിക്കാഞ്ഞിട്ടുമല്ല. എന്തുകൊണ്ടോ ഹോമർമാർ ദിവസവും ജനിക്കുന്നില്ല. അതു സാമൂഹ്യവ്യവസ്ഥിതിയുടെ ഫലമാണെന്നും വിചാരിക്കാൻ ന്യായം കാണുന്നില്ല. സാമൂഹ്യവ്യവസ്ഥിതി നന്നായാൽത്തന്നെ ഇവിടെ ഇടത്തരമെന്നു പറഞ്ഞതരത്തിലുള്ള കലാസൃഷ്ടികളാണു സാധാരണയായി ഉണ്ടാവുന്നതു്. വിപ്ലവാനന്തര റഷ്യയിൽ ടോൾസ്റ്റോയിയുടെ നിലയിലേയ്ക്ക് ഏതെങ്കിലും സാഹിത്യകാരൻ ഉയർന്നിട്ടുണ്ടെന്നു തോന്നുന്നില്ല. അതു വിപ്ലവത്തിന്റെ കുറവല്ല, അതിന്റെ സ്വഭാവവുമല്ല. ഉത്തമകലാസൃഷ്ടികൾ അപൂർവ്വമായേ ഉണ്ടാകുന്നുള്ളുവെന്നു മാത്രം. അതുകൊണ്ടു ബോധപൂർവ്വമായ കലാസൃഷ്ടിയിൽ ഉത്തമകലാസൃഷ്ടികൾമാ

രുമേ ഉല്പാദിപ്പിക്കാവൂ എന്നൊന്നും നിയമം വച്ചുകൂടാ. കഴിയുമെങ്കിൽ വാല്മീകിയെപ്പോലെ എഴുതുക, ഇല്ലെങ്കിൽ; എല്ലാവക്കും മനസ്സിലായാലും ഇല്ലെങ്കിലും സൃഷ്ടിക്കുന്നതു കലയായിരിക്കുമെന്നു വ്രതമെടുക്കുക. സകല മനുഷ്യനും മനസ്സിലാകുന്ന കലമാത്രമേ ഉണ്ടാക്കൂ എന്നൊരു വ്രതം കലാകാരൻ എടുക്കേണ്ട ആവശ്യമില്ല. യാതൊരു പരിശ്രമവുംകൂടാതെ കല രസിക്കണമെന്നുള്ളവന്റെ കലാവിമർശം അംഗീകരിക്കുവാനോ, അവനെ രസിപ്പിക്കുവാനോ കലാകാരൻ ബാധ്യസ്ഥനല്ല. കലയുടെ രസത്തിനപ്പുറം യാതൊരു ലക്ഷ്യവുമില്ലെന്നു വിശ്വസിക്കുന്ന കലാകാരൻ ചെയ്യുകൊള്ളും. ഉത്തരവാദിത്വമുള്ള സാധാരണക്കാരൻ ചെയ്യേണ്ടതു സ്വന്തം കലാസ്വാദനത്തിലുള്ള കുറവുകളെ നികത്തുകയും അർത്ഥഗർഭമായ് കലയെ മനസ്സിലാക്കി രസിക്കാൻ ബോധപൂർവ്വമായ പരിശ്രമം നടത്തുകയുമാണു്. കണക്കുകൂട്ടുവാനും, കല്ലുപൊട്ടിക്കുവാനും, രാഷ്ട്രീയപ്രവർത്തനത്തിനും, അഭിരുചിയും അഭ്യാസവും വേണമെങ്കിൽ കലയ്ക്കും അതാവാമല്ലോ.

കല മനുഷ്യജീവിതത്തിനു സഹികാര്യമായ ഒരു സംസ്കാരമാണെന്നഭിപ്രായമില്ലെങ്കിൽ, അതു് ഒരു പ്രചരണോപാധിയെന്നതിൽ കവിഞ്ഞു് അർത്ഥമില്ലാത്തതാണെന്നു ഗണിക്കുന്നെങ്കിൽ, കല കേവലം ഒരു രസംമാത്രമാണെങ്കിൽ ഇപ്പറഞ്ഞതെല്ലാം തെറ്റാണു്.

★

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
2 DEC 1994		
30 SEP 1995		

ചെറുകഥകൾ

DC Library
000004594
T64 T36

അണിയറ—പൊൻകുന്നം വക്കി			
അന്തരംഗം—വെട്ടൂർ രാമൻനായർ			
അന്തിത്തിരി—പൊൻകുന്നം വക്കി			
അസ്സ്റ്റോളജർ—കാരൂർ			
അമ്മവീട്ട്—കെ. എം. തേവര			
അഹരന്റെ അന്തകൻ—റാഹി			
ഇങ്കുബിലാബ്—തകഴി			
ഇറാലിയിലെ കഥകരം—മാക്സിംഗോക്കി	1	4	0
കറവിസ്മാരകഥകരം—വി മാധവൻനായർ	1	8	0
ഒഴിവുകാലം—റാഹി	1	4	0
ഒരുപിടി മണ്ണ്—കാരൂർ	1	4	0
ഒമ്പതു ഹ്രസ്വകഥകരം—എ. ബാലകൃഷ്ണപിള്ള	1	8	0
കനത്തമതിൽ—കെ. സരസ്വതി അമ്മ	1		0
കഥയല്ല—കാരൂർ	1		0
കാമുകന്റെ കത്ത്—കേശവദേവ്	0	10	0
കാരൂർകഥകരം—കാരൂർ	1	4	0
കിളിവാതിലിലൂടെ—അന്തർജ്ജനം	1	0	0
കുമ്പേട്ടക്കുന്ന മണ്ണ്—പി. സി. കുട്ടികൃഷ്ണൻ	1	8	0
കൊടുങ്കാറ്റിൽനിന്ന്—അന്തർജ്ജനം	1	4	0
ഗൃഹനായിക—കാരൂർ	1	0	0
ചിരിക്കുന്ന കാട്ടാറ്—മേരിജോൺ	1	0	0
ചുമട്ടുകാരന്റെ പെണ്ണ്—പുളിമൂട്ടിൽ	1	4	0
ചുവന്നകഥകരം—മാക്സിം ഗോക്കി	0	12	0
ജപാലയും പൂവും—കൃഷ്ണൻചന്ദർ	1	8	0
ഡെമൊക്രസി—പൊൻകുന്നം വക്കി	2	4	0
തകർന്തലമുറ—അന്തർജ്ജനം		4	0
തകഴിയുടെ കഥകരം—തകഴി ശിവശങ്കരപ്പിള്ള	1		0
തേങ്ങപാട്ട്—കാരൂർ	1	8	0
തൊപ്പിയും തട്ടവും—എൻ. പി മുഹമ്മദ്	1		0
നാളത്തെ ലോകം—കമുകറ	0		0
നാം കാടന്മാരാണ്—കൃഷ്ണൻചന്ദർ	1		0
നിവേദനം—പൊൻകുന്നം വക്കി	1		0
നീലമല—പി. സി. കുട്ടികൃഷ്ണൻ	1	0	0
ഭാവിവരൻ—കേശവദേവ്	1	4	0

NATIONAL BOOKSTALL, POST BOX 40, KOTTAYAM